20. ദി കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റ്മെന്റ്) ആക്ട് 2005 (2005-ലെ 41-ാം ആക്ട്).

21. ദി കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് ആക്ട് 2005 (2005-ലെ 42-ാം ആക്ട്).

22. ദി കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെന്റ്മെന്റ്) ആക്ട് 2005 (2005-ലെ 43-ാം ആക്ട്).

23. 2005-ലെ കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെനേഴ്സ് ഓഫ് ലെജിസ്ലേച്ചർ (അമെന്റ്മെന്റ്) ആക്ട് (2005-ലെ 44-ാം ആക്ട്).

24. 2005-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സിവറേജ് അമെന്റ്മെന്റ് ആക്ട് (2005-ലെ 45-ാം ആക്ട്).

25. 2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ട് (2005-ലെ 46-ാം ആക്ട്).

VI. ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ എം. മുരളി, പി. കെ. അബ്ദുറബ്ബ്, വി. കെ. ചന്ദ്രൻ എന്നിവരെ XI-ാം കേരള നിയമസഭയുടെ XIV-ാം സമ്മേളനത്തിലേക്കുള്ള ചെയർമാന്മാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

[ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കടവൂർ ശിവദാസൻ : സർ, "2006 ഫെബ്രുവരി 3-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കടവൂർ ശിവദാസൻ : സർ, യു. ഡി. എഫ്. ഗവൺമെന്റിന് എക്കാലത്തും കേരളത്തിന്റെ ക്ഷേമമെന്ന ഒരേയൊരു ലക്ഷ്യവും കേരളത്തിന്റെ വികസനമെന്ന ഒരേയൊരു പദ്ധതിയുമേയുണ്ടായിരുന്നുള്ളൂ. ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ യു. ഡി. എഫ്. ഗവൺമെന്റിന് കഴിഞ്ഞു. വികസനം വരണമെങ്കിൽ വൈദ്യുതി, വെള്ളം, റോഡ്, റെയിൽ, എയർവേ തുടങ്ങിയ ഗതാഗത സൗകര്യങ്ങളുൾപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. അതുപോലെ ഉയർന്ന വിദ്യാഭ്യാസ സൗകര്യം വിദ്യാസമ്പന്നർ, സാങ്കേതിക വിദ്യയിൽ പ്രാഗൽഭ്യമുള്ളവർ

LIBRARY ARCHIVES Kerala Legislative Assembly.

ഇതിനെല്ലാം ഉപരിയായി നിക്ഷേപത്തിനുള്ള അനുകൂല സാഹചര്യവും നിലവിലുണ്ടായേ മതിയാകൂ. ഈ സൗകര്യങ്ങളെല്ലാം സൃഷ്ടിച്ച് ഈ രാജ്യത്ത് നിക്ഷേപ സൗഹൃദ അന്തരീക്ഷമൊരുക്കി സമസ്ത രംഗത്തും വികസനം വരുത്തിയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട നേട്ടം. ചുരുക്കിപ്പറഞ്ഞാൽ ബഹുമാനപ്പെട്ട ഗവർണ്ണർ തന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് ഇതും ഇതിനെത്തുടർന്ന് ചെയ്യാൻ പോകുന്ന പ്രധാനപ്പെട്ട വികസനങ്ങളുമാണ്. ഗവൺമെന്റിന്റെ എല്ലാ വികസന പദ്ധതികളേയും അക്രമസമരത്തിലൂടെ എതിർത്ത് തോൽപ്പിക്കുകയെന്നുള്ളതാണ് പ്രതിപക്ഷം ഇതുവരെ സ്വീകരിച്ച നയം. ഇതിൽ ഞങ്ങൾ അൽഭുതമൊന്നും കാണുന്നില്ല. എക്കാലത്തും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയം ഇതുതന്നെയാണ്.' 1960-ൽ യന്ത്രവൽക്കരണത്തെ എതിർത്തതുവഴി കാർഷിക മേഖലയിലെ വികസനത്തിന് അവർ തുരങ്കം വച്ചു. യന്ത്രവൽക്കരണത്തിന്റെ ഫലമായി ഈ രാജ്യത്ത് ട്രാക്ടർ ഉൾപ്പെടെയുള്ള സൗകര്യം വന്നപ്പോൾ അത് തകർത്തതിന്റെ ഫലമായി നമ്മുടെ നെൽകൃഷി ഇന്നത്തെ അവസ്ഥയിലെത്തി. അന്ന് 15 ലക്ഷം ടൺ നെല്ലുൽപ്പാദനമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് അഞ്ച് ലക്ഷം ടൺ നെല്ലായി കുറഞ്ഞു. പരമ്പരാഗത മേഖലയിൽ കയർ നിർമ്മാണ രംഗത്ത് ചകിരി യന്ത്രങ്ങൾ നശിപ്പിച്ചു. അതുമൂലം ഇൻഡസ്ട്രി തകർന്നുയെന്ന് മാത്രമല്ല, അത് മൈഗ്രേറ്റ് ചെയ്ത് ആ വ്യവസായം തമിഴ്നാട്ടിലേക്ക് പോകാനും തുടങ്ങി. 1980-കളിൽ കൂട്ടനാട്ടിലെ മെതിയന്ത്രത്തെ അവർ എതിർത്തു. 1970-കളിൽ ഹൈദരാബാദ് ബംഗാളിൽ നിന്ന് പകർത്തി വ്യവസായത്തെ തകർത്തു. 1980-കളിൽ കമ്പ്യൂട്ടർവൽക്കരണത്തെ തടസ്സപ്പെടുത്തി. രാജ്യാന്തര ഭീകരനെന്ന് കമ്പ്യൂട്ടറിനെ വിശേഷിപ്പിച്ചു. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തെപ്പോലും എതിർക്കുകയാണുണ്ടായത്. ഇതിനെയെല്ലാം അതിജീവിച്ച് അൽഭുതകരമായ നേട്ടങ്ങളാണ് വികസന രംഗത്ത് ഓരോ മേഖലയിലും ഈ സർക്കാർ നടപ്പാക്കിയത്. സംപൂജ്യനായ രാഷ്ട്രപതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 'വിഷൻ-2010' പദ്ധതി നടപ്പിലാക്കാൻ 13,495 കോടി രൂപയുടെ കർമ്മ പദ്ധതി ഈ ഗവൺമെന്റ് തയ്യാറാക്കി. വികസനോന്മുഖമായ ഒത്തരീക്ഷമുണ്ടായാൽ ഈ രാജ്യത്ത് നിക്ഷേപത്തിന് പ്രയാസമുണ്ടാകില്ല. വലിയ വലിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ വിശ്വാസം. കഴിഞ്ഞ മൂന്ന് വർഷമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതെ ചരിത്രത്തിലാദ്യമായി വൈദ്യുതി നിരക്ക് കുറച്ചു. ഭരണത്തിന്റെ ഒരു താരതമ്യപഠനം നടത്തുകയാണെങ്കിൽ, ഇത്തരം കാര്യങ്ങളിൽ നോക്കുകയാണെങ്കിൽ 2001-02 വരെ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കെ. എസ്. ഇ. ബി.-യുടെ റവന്യൂ കമ്മി 1318 കോടി രൂപയായിരുന്നു. അത് ക്രമാനുഗതമായി കുറച്ചു. ഈ നാല് വർഷവും വിറ്റുവരവ് നഷ്ടമില്ലാത്ത അവസ്ഥയിലെത്തി. ഇത് അൽഭുതകരമായ ഒരു നേട്ടമാണെന്ന് മാദ്ധ്യമങ്ങൾ പോലും പറയുന്നു. അതുപോലെ 20 ലക്ഷം വൈദ്യുതി കണക്ഷനുകൾ കൊടുക്കാനും ദരിദ്ര വിഭാഗക്കാർക്ക് ഏറ്റവും കൂടുതൽ കണക്ഷനുകൾ കൊടുക്കാനും സാധിച്ചു. അതുപോലെ വളരെ വികസിതമായ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ മാത്രം നിലനിൽക്കുന്ന മൊബൈൽ സിസ്റ്റം അതായത് ഒരു ഫ്യൂസ് പോയാൽ '912' എന്ന നമ്പരിൽ വിളിച്ചാൽ 20 മിനിറ്റിനകം നന്നാക്കുന്ന ഒരു പദ്ധതി പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. എൽ. ഡി. എഫ്. ഭരണം എന്താണെന്നും ഓരോ രംഗത്തേയും യു. ഡി. എഫ്. ഭരണമെന്താണെന്നും ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കെ. എസ്. ആർ. ടി. സി.-യിൽ ദൈനംദിന വരുമാനം 1.6 കോടി രൂപ എന്നത് 2.62 കോടി രൂപയാക്കാനും കോർപ്പറേഷന്റെ പ്രതിമാസ നഷ്ടം 18 കോടിയിൽ നിന്ന് 6 കോടി രൂപയാക്കാനും യു. ഡി. എഫ്. ഗവൺമെന്റിന് കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റെ നേട്ടമാണെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. അതുപോലെ കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ. എസ്. ടി. പി.) പ്രകാരം 1650 കോടി രൂപയുടേയും എൻ. എച്ച്. റോഡ് വികസനത്തിൽ 3053 കോടി രൂപയുടേയും വികസനം നടന്നു വരുന്നു. അങ്ങനെ റോഡ് വികസനത്തിന്റെ കാര്യത്തിൽ വൻ പുരോഗതിയുണ്ടായി. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ പുരോഗതിയാണ് ഗതാഗത സൗകര്യങ്ങളിലുണ്ടായത്. നമ്മുടെ രാജ്യത്ത് വ്യവസായം വരണമെങ്കിൽ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാകണം. അതാണ് ഞാൻ നേരത്തെ ഇലക്ട്രിസിറ്റിയുടേയും വെള്ളത്തിന്റെയും കാര്യം പറഞ്ഞത്. അതിന് ഇലക്ട്രിസിറ്റി ഉണ്ടാകണം, വെള്ളമുണ്ടാകണം. അതുപോലെ വ്യോമ ഗതാഗതത്തിൽ വൻ വിപ്ലവത്തിന് വഴിതുറക്കുന്ന തിരുവനന്തപുരം-കോഴിക്കോട് വിമാനത്താവളങ്ങളുടെ വികസനം, കണ്ണൂരിൽ പുതിയ വിമാനത്താവളം ആരംഭിക്കാനുള്ള നടപടി, വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനും മറ്റുമുള്ള മുന്നേറ്റം വികസനത്തിനാവശ്യമായ അടിസ്ഥാന ഗതാഗത സൗകര്യത്തിലെ വിപ്ലവകരമായ പുരോഗതിയാണ്. ഇതെല്ലാം കേരളത്തിന്റെ വികസന മുന്നേറ്റത്തിന്റെ കുതിച്ചുചാട്ടമാണ്. വികസനമുണ്ടായി എന്നുമാത്രമല്ല കൂടുതലായി നിക്ഷേപകരെ ആകർഷിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കിയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. മറ്റൊരു പ്രധാനപ്പെട്ട രംഗം വിദ്യാഭ്യാസ രംഗമാണ്. മറ്റ് രാഷ്ട്രങ്ങളിൽ ഉദ്യോഗം കിട്ടുന്നതിനുള്ള സാദ്ധ്യതകളെല്ലാം കണക്കിലെടുത്ത് വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് നടത്തിയ വിപ്ലവകരമായ മാറ്റം എല്ലാവരുടേയും സാർവ്വജനീയമായ അംഗീകാരം നേടിയതാണ്. പരക്ഷ പ്രതിക്ഷം ഇതിനെയൊക്കെ എതിർക്കും. വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ മാറ്റത്തിന് നാന്ദി കുറിച്ച ഒരു ഗവൺമെന്റാണ് ഇത്.

8 മെഡിക്കൽ കോളേജുകൾ, 55 എഞ്ചിനീയറിംഗ് കോളേജുകൾ, 6 ബി.ഡി.എസ്. കോളേജുകൾ, 18 ഫാർമസി കോളേജുകൾ, 41 നഴ്സിംഗ് കോളേജുകൾ, 15 എം.ബി.എ. കോളേജുകൾ, 29 എം. സി. എ. കോളേജുകൾ, 1569 പ്ലസ് 5 സ്കൂളുകൾ എന്നിവ ഈ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതാണ്. ഞാൻ ചോദിക്കട്ടെ, ഗവൺമെന്റുകൾ മാറിമാറി വരുമ്പോൾ തുടർച്ചയായി ഭരിച്ച പ്രതിപക്ഷത്തിന് ഒരു മെഡിക്കൽ കോളേജോ ഒരു നഴ്സിംഗ് കോളേജോ ഉണ്ടാക്കാൻ കഴിഞ്ഞില്ല. എങ്കിലും എന്തെല്ലാം കാര്യങ്ങൾ പറഞ്ഞാണ് ഇവിടെ സമരങ്ങളും ബഹളങ്ങളും ഉണ്ടായത്? 18,000 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ് വിദേശത്ത് ജോലി ചെയ്യുന്ന കേരളീയരുടെ മാസവരുമാനം. അതിന്റെ ഏക ദേശം പകുതിയാണ് ഇവിടെ ഉള്ളത്. നഴ്സിംഗ് കോളേജിൽനിന്നും ഒരു വിദ്യാർത്ഥിക്ക് വിദേശത്ത് ജോലി കിട്ടിയാൽ ഒരു ലക്ഷം രൂപ മാസം കിട്ടും. വിവാഹം കഴിച്ച് ഭർത്താവുമായി അവിടെ താമസിച്ചാൽ അയാൾക്ക് ജോലി, കുടുംബാംഗങ്ങൾക്ക് ജോലി. ഈ രാജ്യത്ത് വ്യവസായ വികസനം നിഷേധാത്മകമായ നിലപാടുകൾമൂലം തകർന്നു എങ്കിൽപോലും വിദ്യാഭ്യാസ വിപ്ലവത്തിലൂടെ അത് വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് വാസ്തവം. ഇതിലൂപരി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപവും സഹകാര മേഖലയിൽ 10,000 കോടി രൂപയുടെ നിക്ഷേപവും ഈ കാലഘട്ടത്തിൽ കേരളത്തിന് നേടാനായി. ചുരുക്കത്തിൽ കേരളം ഇന്ന് വികസന വിസ്ഫോടനത്തിന്റെ പടിവാതിൽക്കലാണ്. പ്രതിപക്ഷത്തിന് ഈ കണക്കുകൾ വെറും വരവു ചെലവ് കണക്കുകളായി തോന്നുന്നുണ്ടെങ്കിൽ അത് അവരുടെ വീക്ഷണ വിശേഷവും നയവൈകല്യവുമായിരിക്കാം. മഞ്ഞക്കാമല ബാധിച്ച ആളുകൾക്ക് അവരുടെ കാഴ്ചയുടെ ദോഷം പറഞ്ഞിട്ട് കാര്യമില്ല. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വികസനം എന്നാൽ സാമ്പത്തിക വളർച്ച മാത്രമല്ല മനുഷ്യമുഖം കൂടിയാണ്. രാജ്യത്തെ പാവപ്പെട്ട, നിർദ്ധനരായ ആളുകളുടെ ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ് കൂടണം, അത് വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകിയ മറ്റൊരു മേഖലയാണ് ദാരിദ്ര്യ നിർമ്മാർജ്ജനം. ഈ നയപ്രഖ്യാപനത്തിന്റെ ആധാരശില എന്നുപറയുന്നത് കോൺഗ്രസ്സും മറ്റ് സഖ്യകക്ഷികളും ഇന്ത്യയിൽ ഉടനീളം എക്കാലവും ഉയർത്തിപ്പിടിച്ച 'ഗരീബി ഹഠാവോ' എന്ന സമീപനമാണ്. ഈ ഗവൺമെന്റും അത് നിലനിർത്തുകയും തുടർന്ന് കൊണ്ടുപോകുകയും ചെയ്യുന്നു. എന്നാൽ എൽ. ഡി. എഫ്.-ന് ദരിദ്രരുടേയും പാവപ്പെട്ടവരുടേയും കാര്യങ്ങൾ ഒരു പ്രശ്നമേയല്ല. ദാരിദ്ര്യ ഉച്ചാടനം അവരുടെ അജണ്ടയിൽ ഇല്ലാത്ത വിഷയമാണ്. അതുകൊണ്ടായിരിക്കാം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം അപമാനകരമാണെന്ന് അവർ പറയുന്നത്. എൽ. ഡി. എഫ്.-ന് ഇതൊരു വിഷയം അല്ലെങ്കിൽപ്പോലും പട്ടിണി കിടക്കുന്നവർക്ക് ആഹാരമെന്നുപറയുന്നത് ദൈവത്തേക്കാൾ വലുതാണ്. വിശക്കുന്നവനുമുമ്പിൽ ദൈവം പ്രത്യക്ഷപ്പെടുന്നത് ആഹാരമായിട്ടാണ്. കേരളത്തിൽ 20.48 ശതമാനം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരാണ്, അവർക്ക് ഒരു കിലോഗ്രാമിന് മൂന്ന് രൂപ നിരക്കിൽ 25 കിലോഗ്രാം അരി പ്രതിമാസം നൽകാനുള്ള ഗവൺമെന്റിന്റെ തീരുമാനം സർവ്വജനീയമായ പ്രശംസ പിടിച്ചു പറ്റിയതാണ്. നിങ്ങൾ എത്രതാക്കെ പറഞ്ഞാലും ഈ ആനുകൂല്യം പറ്റുന്ന സാധാരണക്കാർ ഈ സർക്കാരിനോടൊപ്പം ഉണ്ടാകും. ഈ രാജ്യത്തെ പാവപ്പെട്ട ആളുകളെ അവരുടെ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിന്, സ്ത്രീ ശാക്തീകരണത്തിന്, അവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനെല്ലാംവേണ്ടി നടപ്പിലാക്കിയ കുടുംബശ്രീ സംവിധാനം പടർന്ന് പന്തലിച്ച് ഒരു വടവൃക്ഷംപോലെ കിടക്കുന്നുവെന്ന് പറയുന്നില്ല; അനേകം വടവൃക്ഷംപോലെ ഈ രാജ്യത്ത് പടർന്ന് പന്തലിച്ച് ശക്തമാക്കി അത്തരത്തിൽ അവർക്ക് സഹായം നൽകാൻ ഗവൺമെന്റിന് കഴിഞ്ഞു. ദാരിദ്ര്യ നിർമ്മാർജ്ജനവും നിർദ്ധനരായ ആളുകളെ സഹായിക്കുന്നതും ഈ പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായിട്ടാണ്. 1,61,753 അയൽക്കൂട്ടങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ഉള്ളത്. അതിൽ 32,54,073 കുടുംബങ്ങൾ ഇതിന്റെ ഗുണം അനുഭവിക്കുന്നു എന്ന് നമുക്ക് അറിയാം. 591.53 കോടി രൂപ ത്രിഫ്റ്റ് ആയും 1360.4 കോടി രൂപ ഗ്രാന്റായും അവർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിൽ ഒന്നും ചെയ്തില്ലായെന്നാണല്ലോ ഇവിടെ ഉണ്ടായ ആക്ഷേപം. ഉല്പാദനം നടക്കുന്ന കശുവണ്ടിയുടെ കണക്ക് എക്സ്പോർട്ടിന്റെ കണക്കിൽക്കൂടിയാണ് വരിക. ഏറ്റവും കൂടുതൽ എക്സ്പോർട്ട് നടന്നിട്ടുള്ളത് ഈ കാലഘട്ടത്തിലാണ്. ഔദ്യോഗിക കണക്ക് അനുസരിച്ച് 25 ശതമാനത്തിൽ കൂടുതലാണ് അതിന്റെ ഉല്പാദന വർദ്ധനവ്. വാല്യൂവിന്റെ വർദ്ധനവ് 50 ശതമാനത്തിൽ കൂടുതലാണ്. ലാ ആന്റ് ഓർഡറിനെക്കുറിച്ച് ഏറ്റവും അവസാനം ഇവിടെ പറയുന്നത് അരാജകത്വം ഉണ്ട് എന്നാണ്. എന്ത് സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ അരാജകത്വം ഉണ്ടെന്ന് പറയുന്നത്? ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും ആരും ചോദ്യം ചെയ്തിട്ടില്ലാത്തതുമായ കണക്കുകൾ അനുസരിച്ച് രാഷ്ട്രീയ സംഘട്ടനം 8421-ൽനിന്നും 3588 ആയി കുറഞ്ഞിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങൾ 72-ൽനിന്നും 42 ആയി കുറഞ്ഞിട്ടുണ്ട്. മാനഭംഗം 2677-ൽ നിന്ന് 1862 ആയി കുറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല. ഏതായാലും തേങ്ങയ്ക്ക് 2 രൂപ ഉണ്ടായിരുന്ന് 14 രൂപവരെയായി, ഇപ്പോൾ 8 രൂപയായത് ഗവൺമെന്റിന്റെ കുറ്റമാണ്, അപമാനമാണ് എന്നാണ് പറയുന്നത്. റബ്ബറിന് 25 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 75 രൂപയായത് നിങ്ങളുടെ ദൃഷ്ടിയിൽ അപമാനമാണ്.

<u>ശ്രീ. പി. സി. ജോർജ്ജ്</u> : റബ്ബറിന് 25 രൂപ ഉണ്ടായിരുന്നത് 75 രൂപയായി എന്ന് അങ്ങ് പറയുകയുണ്ടായി. കാപ്പിക്കുരുവിന് 120 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 30 രൂപയായി കുറഞ്ഞു. കുരുമുളകിന് 267 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 85 രൂപയായി. ഏലത്തിന്റേയും വാനിലയുടേയും ഗതി അതുതന്നെ. റബ്ബറിന് വില കൂടിയത് നിങ്ങളുടെ സർക്കാരിന്റെ ഗുണംകൊണ്ടാണോ?

<u>ശ്രീ. കടവൂർ ശിവദാസൻ</u> : വില കൂട്ടാവുന്ന കാര്യത്തിലെല്ലാം കൂട്ടിയിട്ടുണ്ട്. കാപ്പിക്കുരുവിന് വില നിശ്ചയിച്ച് ഗവൺമെന്റ് സംഭരിച്ചു. നെല്ല് സംഭരിക്കുന്നതിന് നിങ്ങളുടെ കാലത്തേക്കാൾ കൂടുതൽ വില നിശ്ചയിച്ചു. ഇരട്ടിപ്പണം കൊടുത്ത് നെല്ല് സംഭരിച്ചു. ഇതൊക്കെ വിസ്താരഭയംകൊണ്ട് പറഞ്ഞില്ലെന്നേയുള്ളൂ. സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകേണ്ട അവകാശങ്ങൾ നൽകുകയും ബാക്കി ഫെബ്രുവരിയിൽ കൊടുക്കാമെന്ന് പറഞ്ഞിട്ടും ഉടൻ അവകാശ സമരം പ്രഖ്യാപിച്ചു. ആരും അക്ഷമരാകണ്ട. ഇതെല്ലാം ഈ ഗവണ്മെന്റ് ചെയ്തതാണ്. നിങ്ങൾ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. എ. കെ. ആന്റണി ഗവൺമെന്റ് വന്ന ദിവസം മുതൽ ഈ രാജ്യത്ത് എന്തൊക്കെയോ ദുരന്തം നടന്നുവെന്ന് വരുത്തിത്തീർക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. ആക്രമണ സമരത്തിന്റെ വേലിയേറ്റമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്. ഭരണത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ അതിലൊക്കെ ആക്രമണങ്ങളുടെ മുഖ കുത്തി ശത്രുതയുടേയും വൈരത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇത് അശ്വത്ഥാമാവ് കോംപ്ലക്സാണ്. അതായത് അശ്വത്ഥാമാവിന്റെ ഭരണകാലത്ത് യുദ്ധത്തിൽ തോറ്റ എല്ലാപേരേയും കൊന്നൊടുക്കി, അവസാനം ഉത്തരയുടെ ഗർഭത്തിൽക്കിടക്കുന്ന കുഞ്ഞിനെപ്പോലും കൊല്ലാൻ ശ്രമിച്ചു. ഈ രാജ്യത്ത് ചിരഞ്ജീവിയായ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും പ്രതീകമായി നടക്കുന്ന അശ്വത്ഥാമാവിന്റെ പ്രേതം എപ്പോൾ കമ്മ്യൂണിസ്റ്റ് ഇതര ഗവൺമെന്റ് വരുമ്മോ അപ്പോഴൊക്കെ പിടികൂടും. ആ പ്രേതവുമായി നിങ്ങൾ ഇങ്ങനെ നടക്കുകയാണ്. ഇതിനൊരു മറുവശംകൂടിയുണ്ട്. എവിടെയും ആരോട് കൂട്ടുപിടിച്ചിട്ടായാലും ചർദ്ദിച്ചത് കഴിച്ചിട്ടായാലും വേണ്ടുകയില്ല അധികാരത്തിൽ കയറണമെന്ന് മാത്രമേയുള്ളൂ. നിങ്ങൾ ഇതെല്ലാം എതിർത്തു. എന്നിട്ട് ഒരു ദിവസം രാവിലെ നിങ്ങൾ പ്ലേറ്റ് മാറ്റി പറയുന്നു. ഇതിനെ സംബന്ധിച്ച് നിങ്ങൾ മൂന്ന് ദിവസത്തെ വികസന സെമിനാർ നടത്തി. ആ സെമിനാറിൽ നിങ്ങൾ പറയുന്നു സ്വാശ്രയ കോളേജ് വേണം, വിദേശ നിക്ഷേപം വേണം, എ. ഡി. ബി. സഹായം വേണം, കരിമണലുകാരുടെ സഹായം വേണം എന്ന്. ചുരുക്കിപ്പറഞ്ഞാൽ എതിർത്തതെല്ലാം നിങ്ങൾ അനുകൂലിച്ച് ശരിയാണെന്ന് പറഞ്ഞു. പക്ഷേ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു ഇനിയും കൂട്ടിച്ചേർക്കാൻ കാര്യങ്ങളുണ്ട് എന്ന്. എന്താണാവോ കൂട്ടിച്ചേർക്കാൻ? വിദേശ വായ്പ വാങ്ങിച്ചാൽ കൊടുക്കില്ല. സ്മാർട്ട്സിറ്റി വന്നാൽ ക്യാൻസൽ ചെയ്യും. അങ്ങനെയൊക്കെ നിങ്ങൾ വിദേശ നിക്ഷേപത്തെ കാണുന്നു. ഏറ്റവും പ്രധാനം എല്ലാ 365 ദിവസത്തിനുള്ളിലും 120-ഉം 130-ഉം ദിവസങ്ങൾ സമരങ്ങൾകൊണ്ട് രാജ്യത്തെ സ്തംഭിപ്പിക്കുന്ന പരിപാടി നിർത്തി വയ്ക്കും എന്ന് നിങ്ങൾ പറഞ്ഞില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രസിഡന്റ് സംസാരിച്ചപ്പോൾ അദ്ദേഹം രണ്ടുപാട് കാര്യങ്ങൾ പറഞ്ഞതിൽ പ്രധാനം ഇവിടെ Continued production ഉണ്ടാക്കണമെന്നാണ്. ഞങ്ങളൊക്കെ കയ്യടിച്ചു. നിങ്ങൾ കയ്യടിച്ചില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു, Why don't you clap.... അതാണ് കേരളത്തിന്റെ പൊസിഷൻ. നിങ്ങൾ വികസനത്തെ അംഗീകരിച്ച് ചർദ്ദിച്ചതെല്ലാം ഭക്ഷിച്ചതിനുശേഷവും പിറ്റേ ദിവസംതൊട്ട് സമരം ഒഴിഞ്ഞ കളക്ടറേറ്റോ, ഒരു സെക്രട്ടേറിയറ്റോ, വഴി നടയോ ഉണ്ടായിട്ടുണ്ടോ? ഈ രാജ്യത്തെ കൃഷി ഇരട്ടിപ്പിക്കണമെന്ന് പറഞ്ഞു. കൃഷി, യന്ത്രവൽക്കരണം തൊട്ട് ഇങ്ങോട്ട് വന്ന് സകല സ്ഥലത്തും വെട്ടി നികത്തി തകർത്തതിനുശേഷം വികസിപ്പിക്കണം എന്ന് പറയുമ്പോൾ ഞാൻ ചോദിക്കുന്നത് ഈ വെട്ടി നിരത്തുന്നത് ജനാധിപത്യ വ്യവസ്ഥയാണോ? ഭരണഘടനയിലെ ഏത് വ്യവസ്ഥ പ്രകാരമാണ് കൃഷിക്കാരന്റെ മുമ്പിൽ വെട്ടി നിരത്തുന്നത്? വഴി നടപ്പുകാരനെ തടയുന്നത്? നിങ്ങളുടെ പാർട്ടി തീരുമാനിച്ചാണ് കടകമ്പോളങ്ങൾ അടിച്ചുതകർത്ത് ബന്ദ് നടത്തുന്നത്, കളക്ടറേറ്റിനെ സ്തംഭിപ്പിക്കുന്നത്, സെക്രട്ടേറിയറ്റ് നിർത്തുന്നത്. ബംഗാളിൽ ഭരിക്കുന്ന ബുദ്ധദേവ് ഭട്ടാചാര്യ പറയുന്നത് ഗാന്ധിസമാണ് ഇവിടെ വരേണ്ടത് എന്നാണ്. അതിന് ഉപോത്ബലകമായി അദ്ദേഹം പറഞ്ഞതെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

Grievance ഉണ്ടെങ്കിൽ സമാധാനപരമായി പരിഹരിക്കണം എന്നാണ്. ജനാധിപത്യം Rule of Law ആണ്. നിങ്ങളുടെ പ്രശ്നമെന്താണെന്ന് എനിക്കറിയാം. നിങ്ങൾ ഒരു വിപ്ലവ പ്രസ്ഥാനമാണെന്ന് സ്വയം വിശേഷിപ്പിക്കുന്നു. നിങ്ങളുടെ പാർട്ടിയുടെ പരിപാടിയിൽ ഇപ്പോഴും ഒരു ചണ്ഡികയിൽ അത് എഴുതി വച്ചിട്ടുണ്ട്. ജനാധിപത്യം നിങ്ങൾ സ്വീകരിച്ചു. എന്നാൽ ജനാധിപത്യത്തിന്റെ നിയമവാഴ്ച നിങ്ങൾ സ്വീകരിച്ചില്ല. വിപ്ലവം നടത്താൻ നിങ്ങൾക്ക് കഴിയുന്നില്ല. വിപ്ലവം അക്രമമാക്കി ഈ രാജ്യത്തെ അടിച്ചു തകർക്കുന്നത് നിങ്ങൾക്കും നാശം 'വരണ്ട നീ തുലയുന്നു വിളക്കും നീ കെടുത്തുന്നു' എന്നാണ്. എന്നിട്ടും അതിനെ അതിജീവിച്ച് വികസനത്തിന്റെ വിസ്ഫോടനത്തിലേക്ക് ഞങ്ങൾ എത്തിച്ചതിന്റെ കഥയാണ് ഞാൻ നിങ്ങളോട് പറഞ്ഞത്. ഇപ്പോൾ നിങ്ങൾ ഇതെല്ലാം പറഞ്ഞത് വാസ്തവത്തിൽ ഒരു കുമ്പസാരമായിരുന്നു. നിങ്ങൾ ഈ നാലരക്കൊല്ലക്കാലം ചെയ്തതെല്ലാം തെറ്റ് എന്നൊരു കുമ്പസാരമായിരുന്നു. കുമ്പസാര രഹസ്യം പറയാൻ പാടില്ല എന്നുള്ളതുകൊണ്ട് സമഗ്ര വികസനത്തെപ്പറ്റി ആലോചിക്കുമെന്ന് നിങ്ങൾ പറയുന്നു. ഇപ്പോൾ എ. ഡി. ബി.-ക്ക് ഉപതി അടികൊണ്ട് ജയിലിൽ പോയ അണികളോട് നിങ്ങൾ എന്ത് പറയും? ഈ നിന്ന നിലയിലുള്ള മലക്കം മറിച്ചിൽ എങ്ങനെ അവരെ ബോദ്ധ്യപ്പെടുത്തും? ഈ നാലര കൊല്ലംകൊണ്ട് നിങ്ങൾ വികസനത്തിനെതിരായി നിന്നതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ നഷ്ടം, കൃഷിക്കാരന് ഉണ്ടായ നഷ്ടം, വികസനത്തിൽ ഉണ്ടായ നഷ്ടം ഈ രാജ്യത്ത് പണം നിക്ഷേപിക്കാൻ വന്നവരെ അടിച്ചോടിച്ചതുകൊണ്ടുണ്ടായ നഷ്ടം ഇതൊക്കെ നിങ്ങളുടെ കുമ്പസാരം കൊണ്ട് നടക്കുമോ? നിങ്ങളുടെ അണികളെ ബോദ്ധ്യപ്പെടുത്താനായിരിക്കാം നിങ്ങൾ ശ്രീ. പിണറായി വിജയന്റെ മാർച്ച് നടത്തിയത്. ആ മാർച്ച് യഥാർത്ഥത്തിൽ ഒരു മാപ്പ് പറഞ്ഞുകൊണ്ടുള്ള മാർച്ചാണ്. നാലര കൊല്ലം ഈ രാജ്യത്തിന്റെ വികസനത്തെ തകർത്ത് ഈ രാജ്യത്ത് അക്രമമുണ്ടാക്കിയതിന് ജനങ്ങളോട് മാപ്പ് പറഞ്ഞ് ഒരു യാത്ര പിണറായി വിജയൻ നടത്തേണ്ടതല്ലേ. ഈ രാജ്യത്ത് എൻട്രൻസ് എക്സാമിനേഷൻ എഴുതി ഒന്നാമതായി കയറിയവനെ ഇവിടത്തെ കവല ചട്ടമ്പിയും തെമ്മാടിയും അടിച്ച് പോലീസ് ഇറക്കി അവസാനം അപഹരിച്ചു വേണ്ടിവന്നു. എന്നിട്ട് എന്തുണ്ടായി? അവസാനം നിങ്ങൾ പറയുന്നു സാമ്രാജ്യ കോളുജുകൾ വരണം. നിങ്ങൾ ഇപ്പോഴും സ്വന്തം മനസ്സാക്ഷിയോടുള്ള വഞ്ചനയല്ലേ നടത്തുന്നത്? എ. ഡി. ബി.-യെക്കുറിച്ച് ഈ നിയമസഭയിൽ അപ്പുറത്തും ഇപ്പുറത്തും രണ്ട് കൂട്ടരും കൂടി ഇരുന്ന് എന്തൊക്കെ വർത്തമാനമാണ് പറഞ്ഞത്. എ. ഡി. ബി. വായ്പാ പദ്ധതി നിങ്ങളുടെ അക്കൗണ്ടന്റ് ജനറൽപോലും ഉദ്ഘാടനം ചെയ്തു. വല്ലവന്റേയും കൊച്ചിനെയെടുത്ത് ഉമ്മ വയ്ക്കുന്നതുപോലെ വികസനത്തിന്റെ സ്നേഹിതനാണേ..... മാർഗ്ഗം ഒന്നേയുള്ളൂ. അത് ബംഗാളിൽ ആയാലും ചൈനയിലായാലും കേരളത്തിലായാലും ഒരു മാർഗ്ഗമേയുള്ളൂ. അത് നിങ്ങൾക്ക് അറിയില്ലേ? ചൈനയിൽ ചെയ്യുന്നത് ശരി, ബംഗാളിൽ ചെയ്യുന്നത് ശരി അത് കേരളത്തിൽ ചെയ്താൽ തെറ്റ് എന്ന് പറയുന്നതിന്റെ പൊരുത്തക്കേട് മാർക്സിസ്റ്റ് പാർട്ടി വിശദീകരിക്കണം. ഈ അഭ്യാസത്തിൽ വീഴുന്നവരല്ല മലയാളികൾ.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ നിക്ഷേപവും വിദേശ മൂലധനവും... World Trade Organisation (WTO)-ന്റെ കരാറിൽ ചൈന, റഷ്യ, ഇന്ത്യ... എല്ലാവരും ഒപ്പുവച്ചിരുന്നു? അതുകൊണ്ട് വ്യവസായത്തിന്റെയും കൃഷിയുടേയും കച്ചവടത്തിന്റെയും രംഗത്ത് മത്സരം അനിവാര്യമല്ലേ? അത് ഒഴിവാക്കാനൊക്കുമോ? അപ്പോൾ ആ മത്സര രംഗത്ത് തയ്യാറാകുകയല്ലേ നമ്മൾ ചെയ്യേണ്ടത്? അവസാനം ചൈന പറഞ്ഞത് നിങ്ങൾ കമ്മ്യൂണിസ്റ്റ് രാജ്യം എന്നാണ്. കമ്മ്യൂണിസത്തിന്റെ അടിസ്ഥാന തത്വം സ്വകാര്യ സ്വത്തിന്റെ നിഷേധമാണ്. ചൈന ഭരണഘടന തിരുത്തി സ്വകാര്യ സ്വത്ത് ആകാമെന്ന് പറഞ്ഞു. പത്തുപേരാണ് അതിനെ എതിർത്തത്. 1600-ഓളം പേർ ഇതിനെ എതിർത്തില്ല. അതാണ് ലോകത്തിന്റെ പോക്ക്. അതുകൊണ്ട് സ്വകാര്യ സംരംഭകരെ ആകർഷിക്കാൻ നിങ്ങൾകൂടി സഹകരിക്കണം എന്നേ ഞാൻ പറയുന്നുള്ളൂ. എന്തുപറഞ്ഞാലും ഇവിടെ വികസനം തളിരിട്ടത് യു. ഡി. എഫ്-ന്റെ കാലത്താണ്. എന്ന് നിങ്ങൾക്ക് സമ്മതിക്കാതെ തരമില്ല. നിങ്ങളുടെ മന്ത്രിമാരും അമേരിക്കയിൽ പോയി ചായ കുടിച്ച് തിരിച്ചുവന്നു. ഇപ്പോൾ എങ്ങനെയാണോ? ഇപ്പോൾ മന്ത്രിമാർ പോയി പ്രോഗ്രാമുകളുമായി വന്നു. കൊച്ചി നിക്ഷേപത്തിന്റെ രംഗമായി, വികസനത്തിന്റെ രംഗമായി മാറിയിരിക്കുന്നു. കേരളത്തിലെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് കണ്ടാണല്ലോ ഇതെല്ലാം നിങ്ങൾ പറയുന്നത്. കേരളം ഒരു അഗ്നിപരീക്ഷ നേരിടുകയാണ്. എപ്പോഴും മതേതരത്വത്തിൽ മാത്രം ഉറച്ചു നിന്നിട്ടുള്ള ഒരു പാർട്ടിയാണ് കോൺഗ്രസ്. മതേതരത്വത്തിന് കോൺഗ്രസിൽ ക്ഷീണം വരുന്നുവെന്നാൽ മതേതരത്വ സംസ്കാരത്തിന് ക്ഷീണം വരുന്നു എന്നാണ് അർത്ഥം. അങ്ങനെ വന്നാൽ രാഷ്ട്രീയമൂല്യങ്ങൾ ക്ഷയിക്കുകയും ജനാധിപത്യത്തിന്റെ വേരുകൾ തകരുകയും ചെയ്യും എന്നാണ് അതിന്റെ അർത്ഥം. ഇങ്ങനെ എതിർക്കുകയല്ലാതെ ബദൽ പരിപാടി എന്തെങ്കിലും നിങ്ങൾക്കുണ്ടോ? യു. ഡി. എഫ്. തൊട്ടതെല്ലാം അബദ്ധം എന്ന് പറയുന്നവർക്ക് സുബദ്ധം എന്ന് പറയാൻ എന്തെങ്കിലുമുണ്ടോ? അവസാനം ഈ ഗവൺമെന്റിന്റെ തൊപ്പിയിലെ ഏറ്റവും മനോഹരമായ തൂവലായി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്. എല്ലാവർക്കും സ്വീകാര്യമായ, എല്ലാവർക്കും സന്തോഷപ്രദമായ, സംഘർഷരഹിതമായ ഒരു സാമൂഹ്യ അന്തരീക്ഷം ഉണ്ടാക്കുന്ന തീരുമാനം ഉണ്ടായപ്പോൾ അതും നിങ്ങൾ അനുകൂലിക്കുന്നോ അതോ എതിർക്കുന്നോ? കുതിര അമ്മാവന്റെ കഥപോലെ, കുതിര ഉണ്ടോ ഇല്ലയോ എന്നുപറയാൻ അമ്മാവൻ കസേരയിൽ വന്ന് ഇരുന്നതിനുശേഷം ഇല്ല എന്നുപറയുന്നതുപോലെ നിങ്ങൾ ഭരണത്തിൽ ആയാൽ പരമദയനീയമാണ്. നിങ്ങളുടെ ഭരണ കാലഘട്ടത്തിൽ എന്തായിരുന്നു? മാസത്തിൽ 25 ദിവസം ഖജനാവ് കാലിയാക്കി ട്രഷറി ബാൻ ഉണ്ടാക്കിയതോ, ക്രമസമാധാന നില തകർത്തതോ, ആരെ പ്രതിയാക്കണം എന്ന് ലോക്കൽ കമ്മിറ്റി തൊട്ട് സെക്രട്ടേറിയേറ്റ് വരെ തീരുമാനമെടുത്ത് നിയമസമാധാനം തകർത്തതോ, അഴിമതി നടമാടിയതോ, എക്സൈസ് വകുപ്പിൽ മണിച്ചൻ പിൻസീറ്റിലിരുന്ന് മന്ത്രിയെ മുൻസീറ്റിലിരുത്തി ഡ്രൈവ് ചെയ്തതോ? എസ്. എൻ. സി. ലാവ്‌ലിൻ അഴിമതികളിൽ കോടികൾ കാണാനില്ല; പരമ്പരാഗത വ്യവസായങ്ങൾ തകർത്തതോ, പുതിയ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങൾ വരാനുള്ള സൗകര്യം തകർത്തതോ, സമസ്ത മേഖലയിലും ഗുണ്ടായിസം നടമാടി. ഉപമാധ്യം, പണിമുടക്ക് ഇതിന്റെ പേരിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ഇരട്ടത്താപ്പ്, എ. ഡി. ബി. അതിൽ ഇരട്ടത്താപ്പ്, കൊക്കകോള, അതിൽ ഇരട്ടത്താപ്പ്, ജനകീയാസൂത്രണം അതിൽ തമ്മിൽ തർക്കം. എന്നിട്ട് മാർക്സിസം പറയുന്നു, അസൽ ക്യാപിറ്റലിസം വളർത്തുന്നു. ശ്രീ. പിണറായിയുടെ പ്രാതലിന്റെ കൂടുതൽ തെളിവൊന്നും വേണ്ട. അദ്ദേഹത്തിന്റെ പ്രാതലിൽ ആരൊക്കെയാണ് പങ്കെടുത്തത്. സ്വർണ്ണപാദുകങ്ങളും വജ്രകടുക്കനുമിട്ട ആശ്രയൻമാരല്ലാതെ വിയർപ്പിന്റെ ഗന്ധമുള്ളവർ ഇല്ലായിരുന്നു. ചങ്ങമ്പുഴ പറയുമല്ലോ

ഉണ്ണാനില്ല ഒരുനേരം
ഉടുക്കാനില്ലി പ്രാണഗന്ധത്തിൻ
കരളലിയും വറുതിയിലും

അതിന് ഞങ്ങൾ അരി കൊടുത്തു. അങ്ങനെ ആ പാവപ്പെട്ടവർക്ക് ഞങ്ങൾ അരി കൊടുത്തു. ഇലക്ട്രിസിറ്റിയുടെ വില കുറച്ചു, പാവപ്പെട്ടവന് 33 രൂപ കൊടുത്താൽ വിവിധ മേഖലയിൽ ഒരു ലക്ഷം രൂപയുടെ ചികിൽസാ പദ്ധതികൾ അനുവദിക്കുന്ന ആരോഗ്യ രക്ഷാ പദ്ധതി നടത്തിയ ഒരു ഗവൺമെന്റ് ജനകീയ മനസ്സാക്ഷിയുണ്ടെങ്കിൽ ഈ രാജ്യത്ത് അധികാരത്തിൽ വരില്ലേ? എ. കെ. ജി.-യുടെ ആ പ്രാതൽ സംസ്കാരം നിങ്ങൾക്ക് എവിടെനിന്ന് കിട്ടി? എ. കെ. ജി.-യോ ഇ. എം. എസ്സോ ഈ പ്രാതൽ സംസ്കാരം നടത്തിയിട്ടുണ്ടോ? അവർക്ക് ചുറ്റും കൂടുന്നവർക്ക് വിയർപ്പിന്റെ ഗന്ധം ഉണ്ടായിരുന്നില്ല? ഇത് അമേരിക്കയിലെ ഡെമോക്രാറ്റിക് പാർട്ടി, അവരുടെ തെരഞ്ഞെടുപ്പിന് മുമ്പുള്ള പ്രീമിയറിന് ഫണ്ട് ശേഖരിക്കാൻ വേണ്ടി നടത്തുന്നതാണ്. തൊഴിലാളിവർഗ്ഗത്തിന്റെ രക്ഷയും ക്യാപ്പിറ്റലിസം ലക്ഷ്യമായി സ്വീകരിച്ച നിങ്ങളുടെ അജണ്ടയിലില്ല. അമേരിക്കൻ മുതലാളിത്തത്തിന്റെ തെരഞ്ഞെടുപ്പ് മാർഗ്ഗമാണ് പ്രാതൽ; അവിടെയാണെങ്കിൽ പാവപ്പെട്ടവന്റെ ഗന്ധംപോലുമില്ല. ഇറാനെതിരായി തീരുമാനമെടുത്തതിന് ഇന്ത്യാ ഗവൺമെന്റിനെ തടയുന്നു എന്നുപറയുന്ന നിങ്ങൾ ഇന്ത്യ തീരുമാനം എടുക്കുന്നതിന് അഞ്ചുദിവസം മുമ്പ് ചൈന ഇറാനെതിരായി തീരുമാനം എടുത്തിരുന്നു. ചൈന ഒപ്പിട്ടു. ഞാൻ പറയുന്നു പ്രകാശ് കരാട്ടുമായി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ആലോചിച്ചിട്ടാണ് അവിടെ അമേരിക്കയുമായി കൂടി നിൽക്കാൻ ചൈന തീരുമാനിച്ചത്. അതേ കാരാട്ട് ഇവിടെ വന്ന് ഇവിടെ ഒരു വിഭാഗം ആളുകളുടെ വോട്ട് നേടാൻ ഈ കപട നാടകം എന്തിന് നടത്തുന്നു എന്ന് ഞാൻ ചോദിക്കുന്നു. ഈ രാജ്യത്ത് വരാൻ പോകുന്ന തെരഞ്ഞെടുപ്പ് ചരിത്രം തിരുത്തിക്കുറിക്കും എന്ന് നിങ്ങൾക്കറിയാം. അപ്പോൾ ഈ രാജ്യത്ത് ആരോഗ്യരക്ഷ, അരിവിതരണം, ഇലക്ട്രിസിറ്റി ഈ മേഖലകളിലൊക്കെ നടന്ന വികസ പ്രവർത്തനത്തിന്റെ തുടർച്ച വേണോ, അതോ 2001-ൽ അവസാനിച്ച നിങ്ങളുടെ ഭരണത്തിന്റെ അപമാനത്തിന്റേയും തട്ടിപ്പിന്റേയും അക്രമത്തിന്റേയും കൊലപാതകത്തിന്റേയും നിയമ സമാധാന വാഴ്ചയുടേയും ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

ധ്വംസനത്തിന്റേയും തുടർച്ച വേണോ? ഒരു സംശയവുമില്ല. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റ് കൊണ്ടുവന്ന വികസനം തുടരാൻ തന്നെ വിധിയെഴുതും എന്നുള്ള തിൽ ഞങ്ങൾക്ക് തർക്കമില്ല.

[ചെയറിൽ മി. സ്പീക്കർ]

VIII. അറിയിപ്പ്

പ്രൊഫസർ എസ്. ഗുപ്തൻ നായരുടെ നിര്യാണം

മി. സ്പീക്കർ: സമാദരണീയനായ അദ്ധ്യാപകൻ, പ്രഗൽഭ വാഗ്മി, ഭാഷാ പണ്ഡിതൻ, ഗ്രന്ഥകാരൻ, സർവ്വോപരി സാംസ്കാരിക രംഗത്തെ ആചാര്യനും, എഴുത്തച്ഛൻ പുരസ്ക്കാര ജേതാവുമായ പ്രൊഫ. എസ്. ഗുപ്തൻ നായർ അൽപ്പ സമയത്തിനു മുമ്പ് നിര്യാതനായ ദുഃഖ വിവരം അറിയിക്കുകയാണ്. അദ്ദേഹത്തോടുള്ള ആദരസൂചകമായി നമുക്ക് ഒരു മിനിട്ട് എഴുന്നേറ്റ് നിന്ന് മൗനമാചരിക്കാം.

(പ്രമേയത്തോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ ഒരു മിനിറ്റ് എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

നന്ദിപ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

സർവ്വശ്രീ. എൻ. രാജൻ, മാമ്മൊട്ട് മാധാകൃഷ്ണൻ, പി. എസ്. സുപാൽ, ബിനോയ് വിശ്വം, പി. നാരായണൻ, എം. കുമാരൻ, കെ. പി. രാജേന്ദ്രൻ, കെ. പി. മോഹനൻ, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, ജോണി നെല്ലൂർ, മഞ്ഞളാംകുഴി അലി, കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, എം.വി. ഗോവിന്ദൻ മാസ്റ്റർ, കെ. കെ. ജയേന്ദ്രൻ, പി. ജയരാജൻ, എം. വി. ജയരാജൻ, കെ. വി. കുഞ്ഞിരാമൻ, വി. കെ. സി. മമ്മത്കോയ, മത്തായി ചാക്കോ, പിരപ്പൻ കോട് മുരളി, എം. പ്രകാശൻ മാസ്റ്റർ, കെ. രാധാകൃഷ്ണൻ, രാജു എബ്രഹാം, ടി. പി. രാമകൃഷ്ണൻ, സാജുപോൾ, കെ. പി. സതീശ് ചന്ദ്രൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ഡോ. തോമസ് ഐസക്, എ. സി. മൊയ്തീൻ, പി. സി. ജോർജ്ജ് എന്നീ അംഗങ്ങൾ നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.

[ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, നന്ദിപ്രമേയത്തെ അതിശക്തമായി എതിർക്കുകയാണ്. നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ശ്രീ. കടവൂർശിവദാസൻ നടത്തിയപ്രസംഗം ഈ സഭ മാത്രമല്ല, സഭയ്ക്ക് പുറത്ത് കേരളത്തിൽ ഉള്ള ജനങ്ങളും ശ്രദ്ധിച്ചിരിക്കും. ആത്മാർത്ഥതയുടെ ഒരു കണികയെങ്കിലും അദ്ദേഹത്തിന്റെ അത

LIBRARY ARCHIVES Kerala Legislative Assembly

മണിക്കൂർ നീണ്ട പ്രസംഗത്തിൽ ഉണ്ടായില്ല എന്നു മാത്രമല്ല, യു. ഡി. എഫ്. ഗവൺമെന്റിനെ ഡിഫന്റ് ചെയ്യുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞില്ല. അതിനുപകരം എൽ. ഡി. എഫി.നെയും, എൽ. ഡി. എഫിന്റെ കഴിഞ്ഞകാല ഗൺമെന്റിനെയും ആക്രമിക്കുക എന്ന ഒരു സമീപനമാണ് ഈ പ്രസംഗത്തിൽ ഉടനീളം എടുത്തിട്ടുള്ളത്. ആരംഭംമുതൽക്ക് കുറെ വാക്കുകൾ അദ്ദേഹം ഉപയോഗിച്ചു. ഒരു 25 തവണയെങ്കിലും വികസനത്തിൽ വിപ്ലവം, വിദ്യാഭ്യാസത്തിൽ വിപ്ലവം, ആരോഗ്യത്തിൽ വിപ്ലവം അങ്ങനെ വികസനത്തിൽ സ്പോടനാത്മകമായ വിപ്ലവംകൊണ്ട് അഭിഷേകം നടത്തിയ ഒരു പ്രസംഗമായി അദ്ദേഹത്തിന്റെ പ്രസംഗം മാറി. എന്തുകൊണ്ടാണ് ഇങ്ങനെ വിപ്ലവാത്മകമായ ഒരു പ്രസംഗം അദ്ദേഹത്തിൽനിന്നു വന്നത് എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. വേറെ ഒരു കാര്യം, ഭരണപക്ഷത്തുള്ളവർ പോലും വേണ്ടത്ര ശ്രദ്ധിച്ചില്ല. ഭരണപക്ഷത്തുള്ളവർക്ക് ഒരു താല്പര്യവും ഉണ്ടായിരുന്നില്ല. അങ്ങയുടെ പ്രസംഗം ശ്രദ്ധിക്കാൻ ട്രഷറി ബെഞ്ചിൽ ഉള്ളവർപോലും തയ്യാറായിട്ടില്ല എന്നുള്ളത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ എന്നുള്ളത് എനിക്കറിയില്ല. ഈ ഗവൺമെന്റ് ജനങ്ങളേയും നാടിനേയും മറന്നുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ്. അത് മറച്ചുവയ്ക്കുന്നതിനുവേണ്ടി പൊടിപ്പും തൊങ്ങലും വച്ച് കുറെ കാര്യങ്ങൾ പറഞ്ഞു എന്നുള്ളതിനപ്പുറം ഈ പ്രസംഗത്തിൽ ഒരു കാമ്പും കഴമ്പും നമുക്ക് കാണാൻ കഴിയില്ല. ഈ സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റ് വളരെ വളരെ ദുർബലമാണെന്ന് ജനങ്ങൾ പറയാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. വളരെ ദുർബലമാണെന്നുമാത്രമല്ല, എന്തിനെങ്കിലും യു.ഡി. എഫ്. ഗവൺമെന്റിന് സ്ഥിരത എന്നത് ഒന്നുണ്ടോ? 100 പേരുടെ പിൻതുണയോടുകൂടി ഭരണം തുടങ്ങിയവരല്ലേ നിങ്ങൾ, ഇപ്പോൾ എത്ര പേരുടെ പിൻതുണ നിങ്ങൾക്കുണ്ട്?

സാങ്കേതികമായി എണ്ണം പറയാഞ്ഞെങ്കിലും മനസാക്ഷി അനുസരിച്ച് പരിശോധിച്ചാൽ അപ്പുറത്ത് നിൽക്കുന്ന ഭരണപക്ഷത്തുള്ള എത്ര എം. എൽ. എമാർ ഈ ഗവൺമെന്റിന് പിന്തുണ കൊടുക്കുന്നുണ്ട്? പലരും പിന്തുണ കൊടുക്കുന്നില്ല. യഥാർത്ഥത്തിൽ മാനസികമായിട്ടുള്ള പിന്തുണ പിൻവലിച്ചവരാണ് ഒരു നല്ല ശതമാനം ഭരണപക്ഷത്തിരിക്കുന്നവരെന്ന് നാം കാണണം. ഇന്ന് നമ്മുടെ സംസ്ഥാനത്ത് 10 മണ്ഡലങ്ങളെ പ്രതിനിധീകരിക്കാൻ എം. എൽ. എമാരില്ല. ശ്രീമാൻ എ. കെ. ആന്റണി ഉൾപ്പെടെയുള്ള 11 പേർ ഇപ്പോൾ ഇല്ല. ഈ വിടവ് നികത്താനും ആ മണ്ഡലങ്ങളിലെ ജനങ്ങൾക്ക് ജനപ്രതിനിധികളുടെ സഹായം ലഭ്യമാക്കാനും എന്തുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തിയില്ല. അപ്പോൾ തിരഞ്ഞെടുപ്പ് നടത്തിയാൽ എന്താണ് ഉണ്ടാകാൻ പോകുന്ന അനുഭവം എന്നത് ഒരഞ്ചു തവണയെങ്കിലും ഈ കേരളത്തിൽ അനുഭവിച്ചവരല്ലേ നിങ്ങൾ? ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സ് ജനഹിതം മാനിക്കാൻ തയ്യാറായിട്ടുണ്ടോ? ഇല്ല. ജനവിധി മാനിക്കുന്നവരാണോ ഇവർ? ഇല്ല. അഞ്ചു കൊല്ലത്തിനുള്ളിൽ അഞ്ചുതവണ ഇൻഡ്യ ഉറ്റുനോക്കുന്ന പ്രധാനപ്പെട്ട തിരഞ്ഞെടുപ്പ് നടന്നില്ലേ? ആ

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പിൽ ഇവർക്കുണ്ടായ അനുഭവമെന്താണ്? ശ്രീ. കടവൂർ ശിവദാസന്റെ കൂടെ വാക്കുകൾ ഇവിടെ കേട്ടല്ലോ, പാലും തേനും ഒഴുക്കും. ഞാൻ ഓർക്കുകയാണ്, ബഹുമാനപ്പെട്ട മുൻ ധനകാര്യവകുപ്പ് മന്ത്രി ഇവിടെ ഇല്ലെന്നു തോന്നുന്നു. അദ്ദേഹം ഗവർണ്ണറായിട്ട് പോയോ എന്ന് അറിയില്ല. ശ്രീ. ശങ്കരനാരായണൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു, കേരളത്തിലെ 25 ലക്ഷം കുഞ്ഞുങ്ങൾക്ക് ഒരു കപ്പ് പാലും ഒരു ഷേക്ക്ഹാന്റും, അപ്പോൾ ഇപ്പുറത്തുനിന്ന് പലരും എന്തിനാണ് ഈ ഷേക്ക് ഹാൻറ് എന്നു ചോദിച്ചു, അപ്പോൾ പറഞ്ഞു. കുഞ്ഞുങ്ങൾ പാൽ കുടിച്ചു കഴിഞ്ഞാൽ ഒരു അഭിനന്ദനം ഏതെങ്കിലും സ്ക്കൂളിലെ ഒരു കുഞ്ഞിന് ഒരു കപ്പ് പാൽ കൊടുക്കാൻ കഴിയാതെ പരാജയപ്പെട്ടുപോയ ഒരു ഗവൺമെന്റല്ലേ നിങ്ങളുടേത്. തിരുവനന്തപുരത്ത് വോകസഭാ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ ഒരു പ്രഖ്യാപനം വന്നു. ഞങ്ങൾ ഇനി പാലല്ല കൊടുക്കുന്നത് സ്ക്കൂളിലെ കുട്ടികൾക്ക് ഒരു മുട്ട കൊടുക്കാൻ പോകുന്നു എന്ന്. നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ അവതരിപ്പിച്ച നയ പ്രഖ്യാപന പ്രസംഗത്തിൽ പറയുന്നതെന്താണെന്ന് അറിയാമോ? കേരളത്തിലെ കുഞ്ഞുങ്ങൾക്ക് മുട്ടയും, പഴവും കൊടുക്കും. പോഷകാഹാരക്കുറവ് നികത്താൻ കേരളത്തിലെ കുഞ്ഞുങ്ങൾക്ക് മുട്ടയും, പഴവും എപ്പോൾ? ഇവിടെ 24-ാം മണിക്കൂറിന് ഒരു മിനിറ്റുപോലും ബാക്കിയില്ല. രണ്ടു മാസം പോലും അവശേഷിക്കാൻ ബാക്കിയില്ലാത്ത ഈ സന്ദർഭത്തിൽ ഇവിടെ മുട്ടയും, പഴവും കൊടുക്കുമെന്നു പറഞ്ഞ് കേരളത്തിലെ അമ്മമാരുടെ മനസ്സിനെ സ്വാധീനിക്കാനുള്ള കാപട്യമല്ലേ നിങ്ങൾ ഈ കാണിക്കുന്നത്. കണ്ണൂർ ജില്ലയ്ക്കകത്തും വയനാട് ജില്ലയ്ക്കകത്തും ഈ കഴിഞ്ഞ ദിവസങ്ങളിൽ എത്ര തവണ.....

ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി (ശ്രീ വക്കം പുരുഷോത്തമൻ) ഇപ്പോൾ മുട്ടയും മുട്ട കഴിക്കാത്തവർക്ക് പഴവും കിട്ടുന്നുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഒരിടത്തും കിട്ടുന്നില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: കിട്ടുന്നില്ലെങ്കിൽ ടീച്ചർ പറഞ്ഞാൽ, നാളെ കൊടുക്കുമെന്ന് മാത്രമല്ല കൊടുക്കാത്തതിന്റെ പേരിൽ അച്ചടക്ക നടപടിയെടുക്കും, ആക്ഷനെടുക്കും.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഇവിടെ ഗവൺമെന്റ് പറയുന്നതെല്ലാം നാളെ നടപ്പിലാക്കുമെന്നാണ്. പല പദ്ധതികൾ പ്രഖ്യാപിക്കുന്നു. പുതിയ പുതിയ പ്രഖ്യാപനങ്ങൾ, പുതിയ പുതിയ വികസന പദ്ധതികൾ ഇവിടെ ഞാൻ പറഞ്ഞുകൊണ്ടുവരുന്നത്, കണ്ണൂർ ജില്ലയിൽ ഈ അടുത്ത ദിവസം മൂന്നു കുഞ്ഞുങ്ങൾ പോഷകാഹാരമില്ലാതെ മരിച്ചുവീണു. കണ്ണൂർ, വയനാട്, പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിൽ ആദിവാസി മേഖലകളിൽ മുറുമുറെ പട്ടിണിയാണ്. കുഞ്ഞുങ്ങൾക്ക് സ്ക്കൂളിൽ പോകാൻ കഴിയുന്നില്ല. പട്ടിണിമരണമാണ് നടക്കുന്നത്. ഈ പട്ടിണി മരണം നടക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ ഗതികേടും ദുരിതവും കാണാതെ, കണ്ടില്ല എന്നു നടിച്ചുകൊണ്ട് അപ്പുറത്ത് നമ്മുടെ ബഹുമാനപ്പെട്ട ശ്രീ. കടവൂർ ശിവദാസൻ നടത്തിയ പ്രസംഗം അനോചകമെന്ന് മാത്രമേ പറയാൻ കഴിയൂ. കേട്ടിരിക്കാൻ അതീവം ക്ഷമ ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതുകൊണ്ട് മാത്രം ആ പ്രസംഗം ഞങ്ങൾ കേട്ടിരിക്കുന്നു. അതായിരുന്നു ആ പ്രസംഗത്തിന്റെ അവസ്ഥ. അഞ്ചു കൊല്ലത്തിനിടയിൽ അഞ്ചു തിരഞ്ഞെടുപ്പ് നടന്നില്ലേ. നിങ്ങൾ പറഞ്ഞതല്ലോ, എൽ. ഡി. എഫിനോടും സി. പി. എമ്മിനോടുമാണ് വിരോധം. ഇവരുടെ ദേശീയ സമ്മേളനത്തിൽ ഒരു പ്രമേയം പാസ്സാക്കി. കേന്ദ്ര ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന 61 പേരുടെ പിൻതുണ പിൻവലിച്ചാൽ മൻമോഹൻസിംഗ് ഉണ്ടാകില്ല. പക്ഷെ അവിടെവെച്ച് പാസ്സാക്കിയ പ്രമേയം എന്താണെന്നറിയാമോ? ഞങ്ങളുടെ മുഖ്യശത്രു സി. പി. എം. അപ്പോൾ ബി. ജെ. പിയല്ല. വർഗ്ഗീയതക്കെതിരായി സംസാരിക്കുക എന്നിട്ട് പ്രമേയം പാസ്സാക്കുന്നത് ഞങ്ങളുടെ മുഖ്യശത്രു സി. പി. എം. അപ്പോൾ ഇപ്പുറത്ത് ബി. ജെ. പി. പ്രമേയം പാസ്സാക്കുന്നു. എന്താണ് ബി. ജെ. പി. യുടെ പ്രമേയം? അവരുടേയും മുഖ്യശത്രു സി. പി. എം. ആണ്. അപ്പോൾ കോൺഗ്രസ്സും ബി. ജെ. പി. യും തമ്മിൽ നടത്തിയിട്ടുള്ള ഒരു കളി ഈ തിരുവനന്തപുരം ജില്ലക്കാർ കണ്ടതല്ലേ, കേരളം കണ്ടതല്ലേ, എത്ര തിരഞ്ഞെടുപ്പ് നടന്നു. ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് ജനങ്ങളെ വഞ്ചിക്കുന്ന കാപട്യം പുണ്ട ഒരു ഗവൺമെന്റാണെന്ന് തിരിച്ചറിയാൻ ഒരു കൊല്ലം പോലും വേണ്ടിവന്നില്ല. എറണാകുളത്തെ നിങ്ങളുടെ നേതാവ് അന്തരിച്ചുപോയ മുൻ എം. പി. യുടെ ഒഴിവ് നികത്താൻ നടന്ന ലോകസഭാ ഉപതിരഞ്ഞെടുപ്പിൽ അഡ്വക്കേറ്റ് സെബസ്റ്റ്യൻ പോൾ എത്ര വോട്ടിനാണ് വിജയിച്ചത്. ഓർമ്മയില്ലേ. അതു കഴിഞ്ഞ് ലോകസഭാ തിരഞ്ഞെടുപ്പ് നടന്നു. നിങ്ങളുടെ ഏതെങ്കിലും കോൺഗ്രസ്സിന്റെ ഒരു കൂട്ടി മതുന്നിന് പേർക്കാൻ നിങ്ങൾക്ക് ലോകസഭയിലയ്ക്കയക്കാൻ കഴിഞ്ഞോ? കാശായ കാശെല്ലാം ഒഴുക്കി നേതൃത്വം കൊടുക്കാൻ നിങ്ങൾ ഇവിടെയുണ്ട്. നിങ്ങൾ സകല സംവിധാനവും അവിടെയൊരുക്കി, കേരളത്തിലെ 18 മണ്ഡലങ്ങളിൽ നിങ്ങൾ മത്സരിച്ചു. കുറച്ചൊന്നുമല്ല. ആ 18 മണ്ഡലങ്ങളിലും തോറ്റു തുന്നം പാടി ലജ്ജയില്ലാതെ ഇപ്പോൾ കേരളത്തിൽ എല്ലാത്തിനും തടസ്സം നിൽക്കുന്നത് എൽ. ഡി. എഫും, സി. പി. എമ്മും ആണെന്നു പറയുന്ന നിങ്ങളുടെ ആ ചങ്കൂറ്റവും ആ തൊലിക്കട്ടിയും അപാരമെന്നേ ഇത് സംബന്ധിച്ച് എനിക്ക് പറയാനുള്ളൂ. ആയില്ല ലോകസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം നടന്ന തിരഞ്ഞെടുപ്പ് ഏതാണ്? ഏറ്റവും പ്രധാനപ്പെട്ട രണ്ടു തിരഞ്ഞെടുപ്പുകൾ, കണ്ണൂർ ജില്ലക്കകത്ത് അഴീക്കോട്ടും കുത്തുപറമ്പു നിയമസഭാ മണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പ്. സഖാവ് ശ്രീ. പി. ജയരാജൻ ഇവിടെയിരിക്കുന്നു. നിങ്ങളുടെ നേതാവ് തോൽപ്പിക്കാൻ സുപ്രീം കോടതിവരെ പോയില്ലേ, അവസാനം ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ ബി. ജെ. പി. യെ കൂട്ടുപിടിച്ചുകൊണ്ട് അന്യോന്യം കരാറിലെത്തി അവർ അവിടെ മത്സരിച്ചില്ല. മത്സരിക്കാതെ അവരുടെ വോട്ട് കോൺഗ്രസ്സിന് കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടി പോയി. നിങ്ങൾക്ക് കിട്ടിയ വോട്ടിനേക്കാൾ വലിയ ഭൂരിപക്ഷമാണ് സഖാവ് ശ്രീ. പി. ജയരാജന് കിട്ടിയത്. അത് മനസ്സിലാക്കണം. ഞങ്ങൾ ആരോടൊപ്പമാണ് പാതു. സി. എച്ച്. മുഹമ്മദ് കോയക്കായിരുന്നു ഏറ്റവും വലിയ ഭൂരിപക്ഷം. ആ റെക്കോർഡ് ഭേദിച്ചുകൊണ്ടാണ് കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്തവിധം 48,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ സഖാവ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ ഇന്ന് ഈ സഭയിൽ ഇരിക്കുന്നത്. നിങ്ങൾ പഠിക്കണം. പക്ഷെ നിങ്ങൾ പഠിക്കില്ല. നിങ്ങൾ തെറ്റും തിരുത്തില്ല. തെറ്റുതിരുത്താനുള്ള ആർജ്ജവം നിങ്ങൾക്കില്ല. അതുകഴിഞ്ഞു ആ രണ്ടു ഉപതിരഞ്ഞെടുപ്പ് കഴിഞ്ഞശേഷമല്ലേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ നിങ്ങൾ ശ്രമിച്ചത്. ബഹുമാനപ്പെട്ട കുട്ടി അഹമ്മദ്കുട്ടി പറഞ്ഞു എന്തായാലും ഞങ്ങൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തും മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തുമെന്ന്. അദ്ദേഹം പറഞ്ഞപ്പോഴും അതിനു പിന്നിൽ ഒരു കള്ളിയുണ്ടായിരുന്നു. ഈ കേരളത്തിലെ ജനങ്ങളുടെ അതിശക്തമായ സമ്മർദ്ദം ഉണ്ടായിരുന്നില്ലെങ്കിൽ ആ തെരഞ്ഞെടുപ്പ് നടക്കില്ലായിരുന്നു. കേരളത്തിൽ നിങ്ങൾക്ക് എത്ര സീറ്റാണ് കിട്ടിയത്. എത്ര ജില്ലാ പഞ്ചായത്താണ് നിങ്ങൾക്കുള്ളത്. എത്ര ബ്ലോക്ക് പഞ്ചായത്താണ് നിങ്ങൾക്കുള്ളത്. എത്ര മുൻസിപ്പാലിറ്റിയാണ്. അഞ്ചു കോർപ്പറേഷനുള്ളതിൽ അഞ്ചും എൽ. ഡി. എഫിനല്ലേ. അല്ല എന്നുപറയാൻ നിങ്ങൾക്ക് കഴിയുമോ? സി. പി. എമ്മിന്റെ നേതൃത്വത്തിൽ ഉള്ളതിൽ അമ്മല്ല ഭരിക്കുന്നത്. അപ്പോൾ ജനങ്ങൾ അവരുടെ സമ്മതിദാനാവകാശം എൽ. ഡി. എഫിനും സി. പി. എമ്മിനും തന്നാൽ ദുഖിച്ചിട്ട് കാര്യമില്ല. കേവലം 15 ശതമാനം പോലും, കേരള ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള അതി ദയനീയമായ പരാജയം, ഏറ്റവും വലിയ പ്രഹരം കേരളത്തിലെ ജനങ്ങൾ യു. ഡി. എഫിനു നൽകിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിലൂടെയായിരുന്നു.

ആകെ ഇപ്പോൾ നിങ്ങൾക്ക് എത്ര മണ്ഡലങ്ങളാണുള്ളത്? കണക്കെടുത്ത് നോക്കണം. നിങ്ങളും കണക്ക് പഠിച്ചിട്ടുണ്ടാകുമല്ലോ? 24 മണ്ഡലങ്ങളിലായി ഒതുക്കപ്പെട്ടവരാണ് ഈ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്നത്. 100 പേരുടെ പിന്തുണയോടുകൂടി അധികാരത്തിൽ വന്നവർ; 24 പേരുടെ പിന്തുണ മാത്രമുള്ള ഒരു ഗവൺമെന്റാണിത്. ആ ഗവൺമെന്റിന് ഇങ്ങനെയൊരു നന്ദി പ്രമേയ പ്രസംഗം നടത്താൻ അവകാശമില്ല. ഈ നന്ദി പ്രമേയ പ്രസംഗം ബഹുമാനപ്പെട്ട ഗവർണ്ണറെകൊണ്ട് നടത്തിക്കാനോ അതിനെ അടിസ്ഥാനപ്പെടുത്തി ഒരു

12.00 Noon] നന്ദി പ്രമേയ പ്രസംഗം നടത്താനോ നിങ്ങൾക്ക് യോഗ്യതയില്ല, അവകാശമില്ല എന്ന് നിങ്ങൾ തിരിച്ചറിയണം. യഥാർത്ഥത്തിൽ ജനപിന്തുണയും ജനഹിതവും എല്ലാം നഷ്ടപ്പെട്ടവരാണ്, വിശ്വാസം നഷ്ടപ്പെട്ടവരാണ് നിങ്ങളെന്ന് നിങ്ങൾ മനസ്സിലാക്കണം. എത്രയെത്ര മന്ത്രിമാർ? 45 മന്ത്രിമാർ ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. ഇങ്ങനെ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? എത്രയെത്ര മുൻ മന്ത്രിമാർ. മുൻമന്ത്രിമാരെ ചവിട്ടാതെനടക്കാൻ പറ്റുന്നുണ്ടോ? എന്തിനാണ് ഇതൊക്കെ നടത്തിയത്? ആരാണ് ഉത്തരവാദി? 100 പേരുടെ പിന്തുണയോടുകൂടി വന്നവർ, രണ്ടു മുഖ്യമന്ത്രിമാർ. സാമ്പത്തിക പ്രതിസന്ധിയിലേക്ക് മൂക്കുകുത്തിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനത്ത് മൂന്നുമാസത്തേക്ക് ഒരു മന്ത്രി. ബഹുമാനപ്പെട്ട എ. സുജനപാൽ എവിടെപ്പോയി? അപ്പോഴാണ് ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്ക് രാജി വയ്ക്കേണ്ടിവന്നത്. പാപി ചെല്ലുന്നിടമെല്ലാം പാതാളംപോലെ, ഇടിത്തീ വീണവന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലിൽ പാമ്പ് കടിച്ചതുപോലെ ഇങ്ങനെ മാതോരോ ആപത്ത് ഈ ഗവൺമെന്റിന് വന്നുകൊണ്ടിരിക്കുകയാണ്. ആരാ കാരണം? താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ. ഈ കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം നാടിനെ മറന്ന്, ജനങ്ങളെ മറന്ന് പ്രവർത്തിച്ചവർക്കുള്ള സമ്മാനമാണ് ഈ മന്ത്രി സഭാ മാറ്റവും മുഖ്യമന്ത്രി മാറ്റവും. ലോകായുക്തയെ തള്ളിപ്പറയുന്ന ഒരു ഗവൺമെന്റിനെക്കുറിച്ച് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ലോകായുക്ത ജസ്റ്റിസെന്നു പറയുന്നത് ഹൈക്കോടതി ജഡ്ജിക്ക് തുല്യമല്ലേ? അവരെ തള്ളിപ്പറയുക എന്നിട്ടദ്ദേഹം..... ഞാൻ അത് പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർഭാഗ്യവശാൽ ഇവിടെ ഇല്ല. അദ്ദേഹത്തെക്കുറിച്ച് ഇപ്പോൾ പറയുന്നത് ശരിയല്ല. അദ്ദേഹത്തെക്കുറിച്ച് ജസ്റ്റിസ് എന്താണ് പറഞ്ഞത്? കേരളത്തിലെ മുഴുവൻ ജനങ്ങളും വായിച്ചില്ലേ? എന്തിനാണ് അങ്ങനെ പറയിക്കാൻ ഇടയാക്കിയത്? സുപ്രീം കോടതിയുടെ വിമർശനം വന്നില്ലേ? കേരള ഹൈക്കോടതിയുടെ വിമർശനം വന്നില്ലേ? എന്നിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു ഞാൻ ചുടുവെള്ളത്തിൽവീണ പൂച്ചയാണ് എന്ന്. ഞാൻ അന്തംവിട്ടുപോയി. ശ്രീ. കെ. പി. വിശ്വനാഥനെക്കൊണ്ട് രാജിവെപ്പിക്കാൻ പാടില്ലായിരുന്നു. ഇതെല്ലാം ജനങ്ങൾ കാണുന്നില്ലേ? കേരളത്തിലെ ജനങ്ങൾ ഇതെല്ലാം നോക്കി കാണുകയല്ലേ? ചന്ദനമോഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു എന്ന് കോടതി കുറ്റപ്പെടുത്തിയ ശ്രീ. കെ. പി. വിശ്വനാഥന് രാജി വയ്ക്കേണ്ടിവന്നില്ലേ? എന്നു മാത്രമല്ല, രാജി വയ്ക്കേണ്ടി വന്ന ശ്രീ. കെ. പി. വിശ്വനാഥനുവേണ്ടി 24 മണിക്കൂർകൊണ്ട് സുപ്രീം കോടതിയിലേക്ക് ഗവൺമെന്റ് ചെലവിൽ പോയില്ലേ? (..... ബഹളം .....)

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> പോയിന്റ് ഓഫ് ഓർഡർ. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ മുൻമന്ത്രി ശ്രീ. കെ. പി. വിശ്വനാഥനെക്കുറിച്ച്-ലോകായുക്ത-ഹൈക്കോടതി, ചന്ദനമോഷിയുമായി ചേർത്തുപറഞ്ഞത് രേഖയിൽനിന്നും നീക്കം ചെയ്യണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പോയിന്റ് ഓഫ് ഓർഡർ ഒന്നും ഇല്ല. ബഹുമാനപ്പെട്ട മെമ്പർക്ക് സംസാരിക്കാം.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:</u> ലോകായുക്ത വിധിക്കെതിരെ പോലീസ് അന്വേഷണം നടത്താൻ ഉത്തരവിട്ട ഗവൺമെന്റല്ലേ ഈ ഗവൺമെന്റ്? അപ്പോൾ ലോകായുക്ത എന്തിന്? ഹൈക്കോടതി എന്തിന്? ഇവരുടെ തീരുമാനം അനുസരിച്ച് പോയാൽ പോരേ? എന്നിട്ടും സുപ്രീംകോടതിവരെ പോയിട്ട് എന്തായി? ബഹുമാനപ്പെട്ട കെ. പി. വിശ്വനാഥൻ ഇവിടെ ഇരിക്കുന്നുണ്ടല്ലോ? സുപ്രീം കോടതി പറഞ്ഞു. നിങ്ങൾ രാജിവെച്ചതുകൊണ്ട് നന്നായി. ഇല്ലെങ്കിൽ ഞങ്ങൾക്ക് രാജിവെപ്പിക്കേണ്ടി വരുമായിരുന്നു എന്ന്. ഈ മുന്നണിയിൽ പരസ്പരം മത്സരമാണ്. കോൺഗ്രസ് നേതൃത്വം എന്നു പറയുന്നത്, ഇങ്ങനെ ഒരു കിടമത്സരം നടക്കുന്ന (..... ബഹളം .....)

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അവസാനത്തെ സമ്മേളനമാണ്. ശാന്തമായി രണ്ട് വശവും കേട്ടുകൊണ്ടിരിക്കണം. പ്ലീസ്.

ശ്രീമതി പി .കെ ശ്രീമതി ടീച്ചർ: കേരളത്തെ തകർച്ചയിൽനിന്നും തകർച്ചയിലേക്ക് നയിച്ച ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സ് നേതാക്കൾക്ക് പൊള്ളും. ഉള്ളതുപറഞ്ഞാൽ ഉറിയും ചിരിക്കും. ഈ ഗവൺമെന്റിന്റെ ആരംഭകാലത്ത് എൽ. ഡി. എഫ്. ഗവൺമെന്റ് കടംവരുത്തിവെച്ചെന്ന് ആക്ഷേപിച്ച ..... ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയണം. അമ്പത്തയ്യായിരം കോടി രൂപയുടെ കടത്തിലേയ്ക്കല്ലേ കേരളം മുങ്ങിത്താണുകൊണ്ടിരിക്കുന്നത്. പുതിയ ധവളപത്രം ഇറക്കണം. എവിടെയാണ് ഇത് ചെലവഴിച്ചത്? പരമ്പരാഗത വ്യവസായ മേഖലയിൽ ഒരു ചില്ലിക്കാശ് കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ബാബുദിവാകരൻ മിനിസ്റ്റർ പറഞ്ഞല്ലോ? 500 കോടി രൂപ പ്രഖ്യാപിക്കുക, 50 കോടി രൂപ ബഡ്ജറ്റിൽ വയ്ക്കുക, 5 കോടി രൂപ ചെലവഴിക്കാൻ കൊടുക്കുക. അതിൽ എത്ര ശതമാനം അവർക്ക് കിട്ടി എന്ന് പരിശോധിക്കുക. എത്ര ശതമാനം അവർക്ക് കിട്ടി? കാരണം അഴിമതി എന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. 5 കോടി രൂപ ചെലവഴിച്ചു എന്നുപറഞ്ഞാൽ 5 കോടി രൂപയും പരമ്പരാഗത വ്യവസായ മേഖലയിൽ കിട്ടി എന്ന അഭിപ്രായമൊന്നും നമുക്കില്ല. ഈ ഗവൺമെന്റ് നാലേമുക്കാൽ വർഷം തികച്ചില്ലേ? എന്തെല്ലാം വാഗ്ദാനങ്ങളാണ് ജനങ്ങൾക്ക് കൊടുത്തത്. എത്രയെത്ര പദ്ധതികൾ. ബഹുമാനപ്പെട്ട രാഷ്ട്രപതി വന്നപ്പോൾ 10 ദൗത്യങ്ങൾ. അപ്പോൾതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, എന്റെ വക മൂന്നുംകൂടി. അതുകഴിഞ്ഞ് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് വന്നപ്പോൾ പത്തുംകൂടി. അതുകഴിഞ്ഞ് ലോകസഭാ ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ ഒരു അഞ്ചുംകൂടി. ഇങ്ങനെ നോക്കിയാൽ പദ്ധതികൾകൊണ്ടുള്ള വേദി സത്യത്തിൽ പരിഹാസം തോന്നി. ഇത് മൂഴുവനും ഞാൻ വായിച്ചു നോക്കിയിട്ടും നടപ്പിലാക്കിയ ഒരു പദ്ധതിയെക്കുറിച്ചുമില്ല; നടപ്പിലാക്കും. ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ സംസാരിച്ചപ്പോഴും നാളെ ഞങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞു. ഏത് നാളെ? നാളെ നാളെ പുനെ പുനെ ആണെന്ന് അറിയാമോ? ക്രമസമാധാനത്തെക്കുറിച്ച് രണ്ടു വാക്കു പറഞ്ഞല്ലോ? വളരെ ഔചിത്യപൂർവ്വം ശ്രീ. കടവൂർ ശിവദാസൻ ആ വിഷയം ടച്ചാസ് ചെയ്തു. ക്രമസമാധാനം; എന്താണ് ഇത്ര വലിയ പ്രശ്നം? നിങ്ങൾ ഓർക്കുന്നുണ്ടോ? കേരളത്തിന്റെ ചരിത്രത്തിൽ ഇതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം നെയ്യാറ്റിൻകര ബിഷപ്പ് ഹൗസ് ആക്രമണവുമായി ബന്ധപ്പെട്ടുകൊണ്ട് ആരെങ്കിലും നാടകത്തെക്കുറിച്ച് ഓർക്കുന്നുണ്ടോ? ആരാണ് ആ ആക്രമണത്തിന് നേതൃത്വം കൊടുത്തത്? നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച് തോറ്റമ്പിയിട്ടുള്ള സജിൻ ലാൽ എന്നുപറയുന്ന കോൺഗ്രസ് ഐ-യുടെ ഗുണ്ടയാണ് ബിഷപ്പ്ഹൗസിലുള്ള ജറാൾഡ് എന്ന അച്ചനെ ആക്രമിക്കാൻ നേതൃത്വം കൊടുത്തത്. നിഷേധിക്കാമോ? കഴിയില്ല. അവസാനം എല്ലാ പേരും പോയി. കെ.പി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ള എല്ലാപേരും പോയി പത്രസമ്മേളനം നടത്തി പറഞ്ഞു, അക്രമികളെ പിടികൂടണം ആരാണെന്നറിഞ്ഞില്ല. കെ. പി. സി. സി. യുടെ പ്രസിഡന്റ് വന്ന് പത്ര സമ്മേളനം നടത്തുകയാണ്. എന്നിട്ട് പറയുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ആക്രമണത്തിനു പിന്നിൽ സി. പി. ഐ. (എം)-ന്റെ ഗുണ്ടകളാണെന്ന് ഞാൻ സംശയിക്കുന്നു. കെ. പി. സി. സി. പ്രസിഡന്റ് രമേശ് ചെന്നിത്തലയുടെ വാക്കും കീറച്ചാക്കും ഒന്നുപോലെയാണെന്നതു ഇത് സംബന്ധിച്ച് പറയാനുള്ളൂ. അവസാനം എവിടെവരെയെത്തി? സജിൻ ലാൽ എന്നു പറയുന്ന ആൾ കൃഷ്ണദാസെന്നു പറയുന്ന ആളെ ചവിട്ടിക്കൊന്നതിന് ദൃക്സാക്ഷിയായ ജറാൾഡ് എന്ന വൈദികനെ സജിൻ ലാൽ കൊല്ലാൻ പോകുകയായിരുന്നു. എന്നിട്ടും ബാംഗ്ലൂരിൽ കൊണ്ടുപോയി തിരുവനന്തപുരം തെമ്മെഞ്ചേടുപ്പെത്തിയപ്പോൾ 10 ദിവസം താമസിപ്പിച്ചു. നുണതെളിയിക്കാൻ പത്ത് ദിവസം വേണോ? എന്തൊക്കെയാണ് ഇവിടെ നടക്കുന്നത്? ഞാൻ ഒരു കാര്യം ചോദിക്കട്ടെ? ജോബ് ചിറ്റിലപ്പള്ളി വധം എവിടെവരെയായി? വൈദികന്റെ കേസുമായി ബന്ധപ്പെട്ട പ്രശ്നം എന്തായി? പെൺവാണിഭകേസുകൾ ഒന്നാലോചിച്ചു നോക്കണം. സകല പെൺവാണിഭ കേസുകളുടെയും നേതൃത്വത്തിലുള്ള കുറ്റവാളികളെ, ക്രിമിനലുകളെ സംരക്ഷിക്കുന്നവരായി ഭരണ നേതൃത്വം മാറിയില്ലേ? ഏതെങ്കിലും ഒരു കേസ് തെളിയിച്ചോ? ഇത് ഞങ്ങൾ തെളിയിച്ചു. എന്ന് പറയാൻ കഴിഞ്ഞോ? സൂര്യനെല്ലിയിലെ പെൺകുട്ടിയുടെ കേസിൽപോലും സുപ്രീം കോടതിയിലേക്ക് പോകാൻ മൂന്നുമാസം എടുത്തില്ലേ?

ഈ ഗവൺമെന്റിന്റെ പബ്ലിക് പ്രോസിക്യൂട്ടർ പ്രതികളെ പരസ്യമായി അനുകൂലിക്കുന്ന സമീപനമല്ലേ സ്വീകരിച്ചിരിക്കുന്നത്? ഇവിടെ ഏത് കേസാണ് തെളിയിച്ചിട്ടുള്ളത്? കിളിരൂരിലെയും കവിയൂരിലെയും പെൺകുട്ടികളുടെ കേസ് തെറ്റുമാറ്റ് സി. ബി. ഐ.-ക്ക് കൊടുത്തു. സി. ബി. ഐ.-ക്ക് എങ്ങനെ തെളിയിക്കാൻ പറ്റും? ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നവരോടൊപ്പം നിൽക്കുന്ന പോലീസുകാർ ആ തെളിവുകളെല്ലാം തെറ്റുമാറ്റുവെച്ചിട്ട് സി. ബി. ഐ.-ക്ക് കൊടുത്തു. ജനങ്ങളെ പറ്റിക്കാൻ. ഏത് കേസ്സാണ് തെളിയിച്ചിട്ടുള്ളത്? തൊപ്പിംപടി കേസ് തെളിഞ്ഞിട്ടുണ്ടോ? കവിയൂർ, കിളിരൂർ കേസുകൾ തെളിയുമോ? ഐസ്ക്രീം പാർലർ കേസ് പോയില്ലേ? സൂര്യനെല്ലി കേസിൽ ആ പെൺകുട്ടിയുടെ പേഴ്സണലായിട്ടുള്ള കേസ് ഇപ്പോൾ കോടതിയിൽ എടുക്കുമ്പോൾ ഗവൺമെന്റ് ഏൽപ്പിച്ചിരിക്കുന്നത് ബീരാൻകുട്ടിയെയാണ്. അയാൾ ജയിക്കാൻ പോകുന്നില്ല. അഡീഷണൽ ജനറൽ ഹരികൃഷ്ണനെ ഏൽപ്പിച്ചു. എന്താണ് അദ്ദേഹം ചെയ്യുന്നതെന്ന് നമുക്ക് പറയാൻ പറ്റില്ല. പി. ജെ. കുര്യന് വേണ്ടി വാദിക്കാൻ സുപ്രീം കോടതിയിലെ ഒന്നാം നമ്പർ വക്കീലിനെയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ക്രമസമാധാനം ഇതുപോലെ തകർന്ന ഒരു കാലഘട്ടമുണ്ടായിട്ടില്ല. മോഷണം, പിടിച്ചുപറി, ഭവനഭേദനം തുടങ്ങിയ എല്ലാ വൃത്തികേടുകളും ഈ കേരളത്തിൽ നടക്കുകയാണ്. കുറ്റവാളികൾ പോലീസുകാരാവുകയാണ്. കേരളമാകെ കുറ്റവാളികളുടെ കേന്ദ്രമാകുന്നു. ബോംബെയിലെ കുപ്രസിദ്ധി നേടിയ അധോലോക സംഘങ്ങളെപ്പോലും നാണിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. അവർക്ക് കൂട്ടുനിൽക്കുന്നതും സംരക്ഷണം നൽകുന്നതും ആരാണ്? ഡി. വൈ. എസ്. പി.-മാർ, സി. ഐ. മാർ അവരെ ആരാണ് സംരക്ഷിക്കുന്നത്? ഗവൺമെന്റ്. ഈ കേരളത്തെ ക്രമസാധാന തകർച്ചയിലേക്കും അരാജകത്വം നിലനിൽക്കുന്ന ഒരു സംസ്ഥാനമായിട്ടും മാറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന് കൂട്ടുനിൽക്കുന്നവരായി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

മാറുകയാണ്. കേരളത്തിനകത്ത് കൊലയും കൊള്ളിവയ്പും മോഷണവുമില്ലാത്ത ഒരു ദിവസമുണ്ടോ? എതെങ്കിലും കേസ് തെളിഞ്ഞിട്ടുണ്ടോ? പോലീസുകാരാകെ അഴിമതിയുടെ മേലെയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ആരാണ് ഇങ്ങനെ അഴിച്ചുവിട്ടത്? ലോക്കപ്പുകൾ കൊലപാതക കേന്ദ്രങ്ങളാകുന്നു. 77 ലോക്കപ്പ് കൊലപാതകം നിങ്ങളുടെ കാലത്ത് നടന്നു. ഇതിനെ ഉരുട്ടിക്കൊന്നത് ആരാണ്? ആ ഉരുട്ടിക്കൊന്നവരെ സംരക്ഷിക്കാൻ നേതൃത്വം കൊടുത്തത് ആരാണ്? നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കണം. തൊഴിലാളികളെ രക്ഷിക്കണം. എന്നും എക്കാലവും ഈ കേരളത്തിലെ സാമൂഹ്യമാറ്റത്തിന് വേണ്ടി നിലകൊണ്ടത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. 15 വർഷക്കാലം മാത്രമേ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി എന്നുള്ള നിലയിൽ ഭരണം നടത്തിയിട്ടുള്ളൂ. ആ കാലങ്ങളിലൊക്കെ ഈ കേരളത്തിൽ അഭിമാനകരമായ നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ജനങ്ങളെ സംബന്ധിച്ചിടത്തോളം യു. ഡി. എഫ്. ഗവൺമെന്റ് ഒരു ശാപമാണ്. ഈ ശാപത്തിൽ നിന്ന് മോക്ഷം കിട്ടണം. ആ മോക്ഷം കിട്ടണമെങ്കിൽ സമഗ്ര വികസനത്തിലൂന്നിയ, അദ്ധ്വാനിക്കുന്നവരെയും പാവപ്പെട്ടവരെയും സഹായിക്കുന്ന, സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന ഒരു സമ്പ്രദായം നടപ്പിലാക്കുന്ന ഒരു നേതൃത്വം കേരളത്തിൽ അധികാരത്തിൽ വരണം. കേരളത്തെ രക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മാത്രമേ കഴിയൂ. വിദേശ നയത്തിൽപോലും വെള്ളം ചേർത്തു. ഇറാന്റെ പ്രശ്നം ഇവിടെ പറഞ്ഞല്ലോ? ഇന്ത്യയുടെ ഏറ്റവും വലിയ സുഹൃത് രാഷ്ട്രമായ, ഇസ്ലാമിക രാഷ്ട്രമായ ഇറാനെതിരെ ഇന്ത്യയുടെ നേതൃത്വം നിലകൊള്ളുമ്പോൾ പെട്രോളിയം വകുപ്പ് മന്ത്രി മണിശങ്കർ അയ്യരെ ആ വകുപ്പിൽ നിന്ന് എടുത്തുമാറ്റി മൻമോഹൻസിംഗിന്റെ നേതൃത്വത്തിൽ ആക്കിയപ്പോൾ തന്നെ മനസ്സിലായി. അമേരിക്കൻ സാമ്രാജ്യത്വത്തിന് വിടുപണി ചെയ്യുന്ന ഈ പണി കോൺഗ്രസ്സുകാർ നിർത്തണം; ഈ രാജ്യത്തെയും സംസ്ഥാനത്തെയും രക്ഷിക്കണം. നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മാത്രമേ കഴിയൂ എന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ആ വിശ്വാസവുമായി ജനങ്ങൾ മുന്നോട്ട് പോവുകയാണ്. അതുകൊണ്ട് മാർച്ചിനെയും പിണറായിയുടെ പ്രഭാത ഭക്ഷണത്തെയും കുറിച്ചൊന്നും പരിഹസിച്ചിട്ട് കാര്യമില്ല. സുകുമാർ അഴീക്കോടിനെയാണോ അങ്ങ് ഉദ്ദേശിച്ചത്? ചില വൈദികന്മാർ അങ്ങനെ വന്നു. അവരെയാണോ ഉദ്ദേശിച്ചത്? ഈ വില കുറഞ്ഞതരത്തിലുള്ള വർത്തമാനവും ജൽപ്പനങ്ങളും പരിഹാവനമായ ഈ സഭക്കകത്ത് എന്തിനാണ് നടത്തുന്നത്. അത് അങ്ങേയറ്റം മോശമായി പോയി. ശ്രീ. കടവൂർ ശിവദാസന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. അദ്ദേഹം ഉജ്ജ്വല പ്രാസംഗികനായിരുന്നു. ഇന്ന് അദ്ദേഹത്തിന് എന്തുപറ്റി? ആർക്കോ വേണ്ടി ഓക്കാനിക്കുന്നതുപോലെ കുറേ കാര്യങ്ങൾ പറഞ്ഞു. ഒന്നും ക്ലച്ച് പിടിക്കില്ല. നിങ്ങൾ പറഞ്ഞ ഒരു കാര്യവും ക്ലച്ച് പിടിക്കാൻ പോകുന്നില്ല. ഈ നാട് മാറ്റത്തിനുവേണ്ടി ആഗ്രഹിക്കുകയാണ്. ആ മാറ്റം അധികം വൈകാതെ ഇവിടെ നടക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണി വരും നാളുകളിൽ ഈ കേരളം ഭരിക്കും. നിങ്ങൾ കണ്ടോളൂ. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ചെയറിൽ മി. സ്പീക്കർ]

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ശ്രീമതി ടീച്ചർ പ്രസംഗം നന്നായി നടത്തുന്ന ഒരു മഹിളാ നേതാവാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ഈ സഭയിൽ ഇന്നുവരെ നടത്തിയതിൽ വച്ച് ശരിയായ ഒരു പ്രസംഗമല്ല ശ്രീമതി ടീച്ചർ നടത്തിയത്. ശ്രീ. കടവൂർ ശിവദാസൻ വളരെ നന്നായിട്ട് എല്ലാ കാര്യങ്ങളും അവതരിപ്പിച്ചു. അത് ടീച്ചർക്ക് ദേശം പൊള്ളിയമാതിരിയുണ്ട്. ശ്രീ. കടവൂർ ശിവദാസൻ മാർക്കിടാനാണ് ടീച്ചർ മുഴുവൻ സമയവും ചെലവഴിച്ചത്. ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നതിന് പല പ്രധാനപ്പെട്ട കാരണങ്ങളുണ്ട്. കേരള നിയമസഭയുടെ ചരിത്രത്തിൽ കഴിഞ്ഞ 48 വർഷത്തിന് ശേഷം ഏറ്റവും സുപ്രധാനമായ ഒരു സംഭവം നടന്നതിനു ശേഷമാണ് ഈ സെഷൻ ഇവിടെ സമ്മേളിച്ചിട്ടുള്ളത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് കേരള ഗവൺമെന്റെടുത്ത തീരുമാനം കഴിഞ്ഞ അര നൂറ്റാണ്ട് കാല ഘട്ടത്തിനിടയിൽ കേരളത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട ഒരു ചരിത്ര സംഭവമാണ്. ഇനിയൊരിക്കലും പിന്നോക്ക ന്യൂനപക്ഷങ്ങൾക്ക് സംവരണാടിസ്ഥാനത്തിൽ ലഭ്യമാകേണ്ടുന്ന ഒരു തസ്തികയും നഷ്ടമാകില്ല എന്നുറപ്പുവരുത്തുന്ന ദേഗതികളും തീരുമാനങ്ങളുമാണ് ബഹുമാനപ്പെട്ട ഉമ്മർചാണ്ടിയുടെയും കുഞ്ഞാലിക്കുട്ടിയുടെയും നേതൃത്വത്തിലുള്ള ഗവൺമെന്റ് എടുത്തത്. സംവരണ സമുദായത്തിൽപ്പെട്ട ഒരംഗത്തിന് ജോലി നൽകുന്ന സന്ദർഭത്തിൽ ആ ജോലിക്ക് സംവരണ സമുദായത്തിൽപ്പെട്ട ആളെ കിട്ടാതപക്ഷം അത് കിട്ടുന്നതുവരെ അതിനുവേണ്ടിയുള്ള പരിശ്രമം നടത്തുമെന്നും ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുമെന്നും പ്രഖ്യാപിച്ച തീരുമാനം വളരെയേറെ സ്വാഗതാർഹമായ ഒരു സംഗതിയാണ്. സംവരണസമുദായങ്ങൾക്ക് ലഭ്യമാകേണ്ടുന്ന എല്ലാ തസ്തികകളും അവർക്ക് ലഭ്യമാകുന്നുണ്ടോയെന്ന് നിരന്തരമായി പരിശോധിക്കുന്നതിനുവേണ്ടി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചത് ഏറ്റവും ശരിയായ നടപടിയാണ്. അതുപോലെതന്നെ വിദ്യാഭ്യാസ മേഖലയിൽ ..... (ബഹളം) .....

അവർ എന്തെങ്കിലും പറഞ്ഞോട്ടെ. Empty vessles make the greatest sound. കാലിപാത്രങ്ങളാണ് വലിയ ഒച്ചയുണ്ടാക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പിന്നോക്ക സമുദായങ്ങൾക്ക് മാത്രമല്ല മുന്നോക്ക സമുദായത്തിലെ പിന്നോക്കക്കാർക്കും സംവരണം നൽകാനുള്ള തീരുമാനവും അനുയോജ്യമായ ഒന്നാണ്. ബാക്ക്ലോഗ് നികത്തുന്നതിന് ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടില്ലെന്ന കാരണം കൊണ്ടാണ് ഇതിനൊക്കെ കുവി ആർക്കുന്നത്. വാസ്തവത്തിൽ ഈ ബാക്ക്ലോഗ് എന്നുപറയുന്നത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തലുണ്ടായിരുന്ന കഴിഞ്ഞ 5 വർഷം കൊണ്ടുണ്ടായതല്ല, Baklog means it starts from 1957-ലെ കേരളത്തിലെ ആദ്യ ഗവൺമെന്റ് മുതൽ ഈ കാലംവരെ നഷ്ടപ്പെട്ട തസ്തികകൾ മുഴുവൻ നികത്താൻ ഈ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി എന്നൊരു കേസാണ് ഇവർക്ക് പറയാനുള്ളത്. ഈ നിയമസഭയിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് നടന്ന ഒരു ചർച്ചയിലും സത്യസന്ധമായി ശരിയായ ഒരു അഭിപ്രായം രേഖപ്പെടുത്താത്തവരാണ് ഇവർ. പണ്ട് ഒരു കാരണവരുടെ മോതിരം കളഞ്ഞുപോയി. അദ്ദേഹം വീടിന്റെ മുറ്റത്തിറങ്ങി

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞുകൊണ്ടിരിക്കുകയാണ്. അപ്പോൾ പരിസരവാസികളൊക്കെ അദ്ദേഹത്തിന്റെ പുറകെ കൂടി, എന്താണ് തിരയുന്നത് എന്ന് ചോദിച്ചു. സ്വർണ്ണമോതിരം പോയി എന്നു പറഞ്ഞു. എവിടെയാണ് പോയതെന്ന് ചോദിച്ചു. പോയത് തട്ടിൻ പുറത്താണ് അവിടെ ഇരുട്ടാണ്, ഇവിടെ വെളിച്ചമുള്ളതുകൊണ്ട് ഇവിടെ തിരയുന്നു എന്നു പറഞ്ഞു. അതു പോലെയാണ് ബാക്ക്‌ലോഗിന്റെ കാര്യവും. 1957 മുതലുള്ള ബാക്ക്‌ലോഗാണ്. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ കേരളസർക്കാർ എടുത്ത തീരുമാനം മോശമാണെന്ന രീതിയിൽ വിലകുറച്ച് ചിത്രീകരിക്കാൻ വേണ്ടി നടത്തുന്ന ഇവരുടെ എല്ലാ സംരംഭങ്ങളും, എല്ലാ ശ്രമങ്ങളും ജനങ്ങൾ തിരിച്ചറിയണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. സാമൂഹിക നീതിയും സമഗ്രവികസനവും ലക്ഷ്യമാക്കി കൊണ്ട് ബഹുമാനപ്പെട്ട സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കാസർഗോഡ് നിന്ന് ആരംഭിച്ച .....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> പിന്നാക്ക സമുദായക്കാർക്ക് കിട്ടേണ്ടിയിരുന്ന ആനുകൂല്യം കിട്ടിയില്ല എന്നതിന്റെ പേരിലാണ് നരേന്ദ്രൻ കമ്മിഷനെ വെച്ചത്. എന്നാൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വരുന്നതിന് മുമ്പ് തന്നെ യു. ഡി. എഫി-ന്റെ manifesto-യ്ക്കകത്ത് പിന്നാക്ക സമുദായക്കാർക്ക് നഷ്ടപ്പെട്ടുപോയിട്ടുള്ള സവർണ പ്രകാരമുള്ള ആനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് പറയാനുള്ള കാരണമെന്താണ്? അങ്ങനെയാണെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണമെന്ന് മുസ്ലീം ലീഗ് പറഞ്ഞത് എന്തിനായിരുന്നു? നടക്കാൻ കഴിയാത്ത ഒരു കാര്യമായിരുന്നെങ്കിൽ നിങ്ങൾ എന്തിനാണ് ആ ഡിമാന്റ് മുന്നോട്ട് വെച്ചത്?

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ എന്താണ് ഇവരുടെ അഭിപ്രായമെന്നു ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇതുവരെ പറഞ്ഞിട്ടില്ല. അങ്ങനെ ഒരു അഭിപ്രായം പറയാത്ത ഒരാളോട് ഞാൻ എന്തിനാണ് വെറുതെ ഒരു കാര്യത്തിന് വിശദീകരണം കൊടുക്കേണ്ടത്. അതിന്റെ ആവശ്യമില്ല. മാത്രമല്ല നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്നുപറയുന്നത്, വസ്തുതാ പഠനകാര്യങ്ങൾ മാത്രമാണ്, അതിനകത്ത് ഒരു ശുപാർശയില്ല. മാത്രമല്ല ഒരു കാലത്തും ഒരു സംവരണ സമുദായത്തിന് അർഹതപ്പെട്ട ലിസ്റ്റിക നഷ്ടപ്പെടുകയില്ല എന്ന് ഉറപ്പു വരുത്തിയത് ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ മഹാൽഭുത സംഭവമാണെന്നു പറയാതിരിക്കാൻ ഒരു നിർവ്വാഹവുമില്ല. ബഹുമാനപ്പെട്ട പിണറായി വിജയൻ കാസർകോട്ട് നിന്ന് തിരുവനന്തപുരത്തേക്ക് സമഗ്രവികസനം, സാമൂഹ്യനീതി എന്ന മുദ്രാവാക്യവുമായി ഒരു ജാഥ നടത്തി. അത് നല്ല കാര്യമാണ്. ആ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട ഒരു മഹാ സംഗതി നടന്ന സന്ദർഭത്തിലും സാമൂഹ്യ നീതിക്കു വേണ്ടി ജാഥ നടത്തിയ ആളുകൾ അതിനെ അനുകൂലിക്കുന്നില്ല എന്ന് പറയുന്നത് എത് നിർഭാഗ്യകരമായ സംഗതിയാണ്. വികസനത്തെ മുഴുവൻ എതിർക്കുക സാമൂഹ്യനീതി നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുമ്പോൾ അതിനെ എതിർക്കുക. മറ്റൊരു സന്ദേശത്തിലുണ്ട്. സന്ദേശം കൊണ്ടുപോകുന്ന മതിൽ ഒരു ക്രിമിനൽ പ്രക്രിയയാണെന്നു ഞാനാണെന്നു കരി ആഗ്രഹിക്കുന്നതുകൊണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

"കണ്ടാലാർക്കും കൃതകപതംഗം തന്നെയാണെന്നതല്ലാ–
തുണ്ടാകൊല്ലാ മനമതിൽ മറിച്ചെണ്ണമൗവണ്ണമായി
മിണ്ടാതെ കണ്ടതിനുമുകളിൽ ചേർന്നു ചേണാർന്ന നിന്നെ–
ക്കൊണ്ടോടും കണ്ടിമുകരയിലും നോക്കി നിൽക്കുന്ന ലോകം"

എന്ന് കവി പറയിച്ചിട്ടുണ്ട്. മയൂര സന്ദേശത്തിൽ ഒരു കൃത്രിമ പക്ഷിയാണെന്നു തോന്നുന്ന രീതിയിൽ ആ വഞ്ചിയുടെ കൊമ്പത്തിരുന്നുവേണം നീ

"വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുറത്തേക്കു പോകും
വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി
വഞ്ചിക്കേണം വളരെ മരനീരുള്ളിലുണ്ടാകമൂലം
വൻ ചിത്രഭ്രാന്തെഴുമരയരാം നാവികക്കയ്യമേ നീ"

അതുപോലെ ജനങ്ങളെ വഞ്ചിക്കുന്നതിനുവേണ്ടി ഒരു കൃത്രിമപക്ഷിയാണെന്നു തോന്നത്തക്ക രീതിയിൽ സാമൂഹ്യനീതി, സമഗ്രവികസനം എന്നു പറഞ്ഞ് ഇങ്ങനെ തിരുവനന്തപുരത്തേക്ക് വന്ന ആളുകൾ ഒരു സാമൂഹ്യ നീതി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറായപ്പോൾ അതിനെ കണ്ടില്ലായെന്നു നടിക്കുന്നത് ജനങ്ങൾക്ക് പൊറുക്കാൻ കഴിയാത്ത ഒരു കാര്യമാണ്. അതുപോലെതന്നെ..... എനിക്ക് സമയം ഇല്ല.....

മി. സ്പീക്കർ: അദ്ദേഹത്തിന്റെ പ്രസംഗത്തെ ഡിസ്റ്റർബ്ബ് ചെയ്യരുത്. Sit down ..... പ്ലീസ് ..... പ്ലീസ് .....

ശ്രീ. കെ. എൻ. എ. ഖാദർ: അതുപോലെതന്നെ അവർ ശക്തമായിട്ട് എതിർത്ത ഒരു പ്രധാനപ്പെട്ട സംഭവമാണ് ഇപ്പോൾ എറണാകുളത്ത് നടന്ന ആഗോള വിദ്യാഭ്യാസ സമ്മേളനം. ഇന്റർനാഷണൽ എഡ്യൂക്കേഷണൽ മീറ്റ് എറണാകുളത്ത് നടന്നു. ആഗോള വിദ്യാഭ്യാസ സംഗമം എറണാകുളത്ത് നടന്നപ്പോൾ അതിനെ എതിർത്തു. 17 രാഷ്ട്രങ്ങളിൽ എങ്ങനെയാണ് വിദ്യാഭ്യാസം കൊടുക്കുന്നത്, ഏതൊക്കെ കോഴ്സുകളാണ് പഠിപ്പിക്കുന്നത്. ബയോ ടെക്നോളജിയിലും ഇൻഫർമേഷൻ ടെക്നോളജിയിലും ഉണ്ടായിട്ടുള്ള ശാസ്ത്ര സാങ്കേതിക വികാസം ഏത് വിധത്തിലാണ് വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുന്നതെന്ന് മനസ്സിലാക്കാനും പരസ്പരം അറിയാനും ഒരു ആഗോള മീറ്റ് നടത്തിയപ്പോൾ ഒന്നും അറിയാതെ അതിനെ ശക്തമായിട്ട് എതിർത്തു. എതിർത്തു കഴിഞ്ഞപ്പോൾ ആഗോള സംഗമത്തിന്റെ തീരുമാനം ഇന്നു പത്രങ്ങളിൽ വന്നപ്പോൾ ഇവർ അന്തം വിട്ടിരിക്കുകയാണ്. സ്വകാര്യ കോളേജുകളെ നിയന്ത്രിക്കണം സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കണമെന്നുവരെ അവിടെ പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. അപ്പോൾ സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കുന്നതിന് ഇവർ എതിരാണോ. നമ്മുടെ സംസ്ഥാനത്തിന്റെ മഹത്തായ വികാസത്തിനുവേണ്ടി സഹായകരമായ ഒരു നിലപാടാണ് കഴിഞ്ഞ കാലത്ത് ഈ ഗവൺമെന്റ് സ്വീകരിച്ചത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് യു. ഡി. എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ നാല് നാലേമുക്കാൽ വർഷക്കാലത്തെ വസ്തുനിഷ്ഠമായ വിലയിരുത്തൽ ശരിയായ രീതിയിൽ നിങ്ങളോട് പറയാൻ നമുക്ക് സാധിച്ചിട്ടില്ലയെന്നുള്ള ഒരു സത്യം വിമർശനം ഞാൻ ഉന്നയിക്കുകയാണ്. വസ്തുനിഷ്ഠമായിൽ ഇടതുപക്ഷക്കാരുടെ [illegible]ത്യകത, അവർക്ക് ഒരു കോംപ്ലക്സായിട്ടാണിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കോഴി രണ്ട് മൂപ വിലയുള്ള മുട്ടയെ ഇടുകയുള്ളു. ഇത് ഒരു പത്ത് വീട്ടുകാർ അറിയുന്ന രീതിയിൽ കൊക്കക്കോ ..... കൊക്കക്കോ ..... ഞാൻ മുട്ടയിട്ടിരിക്കുന്നു എന്ന് കൊക്കിപ്പറയും. പക്ഷെ നമ്മുടെ ഒരു ആന പ്രസവിച്ചാലും അക്കാര്യം പുറത്ത് പറയാത്തവരാണ് ഐക്യജനാധിപത്യ മുന്നണിയുടെ ആളുകൾ അതുകൊണ്ട് അവർ നടക്കാത്ത കാര്യങ്ങൾ നടന്നുയെന്നു വരുത്തിതീർക്കാൻ ശ്രമിക്കുമ്പോൾ നമ്മൾ അങ്ങനെ പറയാറില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരുപാട് പ്രധാനപ്പെട്ട സംഗതികൾ നടന്നിട്ടുണ്ട്. അതെല്ലാം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വന്നിട്ടുണ്ട്. ഇപ്പോൾ പ്രവാസി വോട്ടവകാശം നടപ്പിലാക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കാൻ വേണ്ടി പോവുകയാണ്. പ്രവാസി വോട്ടവകാശം വേണമെന്നു ഈ നിയമസഭ പ്രമേയം അവതരിപ്പിച്ച് ഏകകണ്ഠമായി പാസ്സാക്കിയെടുത്തു. അത് ഇവിടെ നടപ്പിലാക്കാൻവേണ്ടി പോകുന്നു. അതുപോലെ കോഴിക്കോട് വിമാനത്താവളത്തിന് അന്താരാഷ്ട്രപദവി, അത് അംഗീകരിച്ച യു. പി. എ. ഗവൺമെന്റ് അഭിനന്ദനാർഹമായ നടപടിയാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ നമ്മുടെ ഗവൺമെന്റിന്റെ സമ്മർദ്ദം കൊണ്ടാണ് ഇത് നടന്നത്. കണ്ണൂരിൽ പുതിയ വിമാനത്താവളം വരാൻ പോകുന്നു. എത്രയെത്ര മഹത്തായ കാര്യങ്ങളാണ് ഇവിടെ നടന്നത്. കുടുംബശ്രീപോലെയുള്ള ജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികളുടെ ആസൂത്രണം ഈ ഗവൺമെന്റാണ് ആരംഭിച്ചത്. 25 ലക്ഷം കുടുംബങ്ങളെ ലക്ഷ്യമിട്ട സമഗ്രമായ ഇൻഷ്വറൻസ് പദ്ധതി വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള നിക്ഷേപ അനുകൂലമായ അന്തരീക്ഷം, എൽ. എൻ. ജി. ടെർമിനൽ, പ്രകൃതിവാതക പൈപ്പ് ലൈൻ, സ്മാർട്ട് സിറ്റി, പ്രെട്രോകെമിക്കൽ കോംപ്ലക്സ്, ടെക്നോ സിറ്റി, വല്ലാർപ്പാടം, ഐ. സി. ടി. ടി. വിഴിഞ്ഞം കണ്ടെയിനർ ടെർമിനൽ, തുറമുഖ വികസന പദ്ധതികൾ, മെട്രോ റെയിൽവേ, ബയോടെക്നോളജി പാർക്ക്, കൊച്ചി ഇൻഫ്രാ പാർക്ക്, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ഡേറ്റാ കേന്ദ്രം, ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ച്ചർ, വീഡിയോ കോൺഫറൻസിംഗ് സംവിധാനങ്ങൾ, ഇങ്ങനെ തുടങ്ങി ഭക്ഷ്യസുരക്ഷിതത്വം, 67 ലക്ഷം കുടുംബങ്ങളെ ലക്ഷ്യമിട്ടിട്ടുള്ള സുരക്ഷിതത്വ പദ്ധതികൾ 5 ലക്ഷം കുടുംബങ്ങൾക്ക് 3 രൂപക്ക് അരി കൊടുക്കാൻ ആദ്യം തീരുമാനിച്ചു. പിന്നെ 14 ലക്ഷം കുടുംബങ്ങൾക്ക് വ്യവസായത്തെയും സർവ്വകലാശാലയെയും ബന്ധിപ്പിക്കുന്ന പദ്ധതികൾ, പോലീസ് സ്റ്റേഷൻ നവീകരണം അതുപോലെ കെ. എസ്. ആർ. ടി. സി. 1469 പുതിയ ബസ്സുകൾ പുറത്തിറക്കി. ഇപ്പോൾ നഷ്ടം കുറഞ്ഞു. റോഡ് സുരക്ഷാ അതോറിറ്റി വന്നു. കെ. എസ്. ഇ. ബി. താരിഫ് കുറച്ചു. 7 ലക്ഷം പുതിയ കണക്ഷനുകൾ കൊടുത്തു. പവർകട്ട് ഇല്ലാതായി. സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം നൽകി. സമഗ്ര റോഡ് നയം വന്നു. റെയിൽവേ ഓവർ ബ്രിഡ്ജുകൾ വന്നു. ജലസേചന പദ്ധതികൾ പുതിയത് വന്നു. റിപ്പയർ, റിനോവേഷൻ, റെസ്റ്റോറേഷൻ പദ്ധതി വന്നു. ട്രഷറികളുടെ കമ്പ്യൂട്ടറൈസേഷൻ വന്നു. 86,500 പേർക്ക് പുതുതായി പട്ടയം കൊടുത്തു. പതിനായിരം ആളുകൾക്ക് അവകാശ രേഖ കൊടുത്തു. 2,11,087 പരാതി തീർപ്പാക്കിയ റവന്യു അദാലത്ത് നടന്നു. ഫ്ളോർ ലെവൽ മിനിമം വേജസ് എന്ന പദ്ധതി ലേബർ വകുപ്പിൽ നടപ്പിലാക്കി. പഞ്ചായത്ത് രാജിൽ കേരള സർക്കാരിന് ഒന്നാം സമ്മാനം കിട്ടി. അതുപോലെ പതിയാരം

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജിൽ 4 കോടി രൂപ ചെലവാക്കി. മൾട്ടിപർപ്പസ് ഇന്റേൺസീവ് കെയർ യൂണിറ്റ് വരുന്നു. ഇങ്ങനെ എത്തെല്ലാം സംഗതികൾ വരുന്നു. അര മണിക്കൂർ തന്നാൽ എല്ലാം പറയാമായിരുന്നു. എത്ര എത്ര സംഗതികൾ നടപ്പിലാക്കിയ ഒരു നല്ല ഗവൺമെന്റാണിത്. കേരളത്തിന്റെ പ്രയോറിട്ടി നിശ്ചയിക്കുന്നതിൽ ആദ്യം തെറ്റുപറ്റിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ഗവൺമെന്റായതുകൊണ്ടാണ് ഈ കേരളത്തിന് സംഭവിച്ച ശാപം എന്നു ഞാൻ പറയും. ആ ഗവൺമെന്റ് അന്നുമുതൽ നിശ്ചയിച്ചത് കേരളത്തിന്റെ സമഗ്രവികസനത്തിന് സഹായകരമായിട്ടുള്ള ലൈനായിരുന്നില്ല. ആ സമഗ്രവികസനത്തിന് സഹായകരമായ ഒരു ലൈൻ സ്വീകരിക്കാതെ ഇനി മുന്നോട്ട് പോകാൻ സാധ്യമല്ല. ലോകം മാറി. 1994 ഏപ്രിൽമാസം 15-ാം തീയതി മൊറോക്കോ എന്നുപറയുന്ന രാജ്യത്ത് മറാക്കേഷ്യ എന്നു പറയുന്ന സ്ഥലത്ത് 116 രാജ്യങ്ങൾ ചേർന്നു ഒപ്പുവെച്ച ജനറൽ എഗ്രിമെന്റ് ഓൺ താരിഫ് ആന്റ് ട്രേഡ് എന്നു പറയുന്ന ഗാട്ട് എഗ്രിമെന്റ് വന്നു. ഇതിൽ 193 രാഷ്ട്രങ്ങളിൽ 163 രാജ്യങ്ങൾ അംഗീകരിച്ചകതാണ് ട്രേഡ് റിലേറ്റഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് എന്നു പറയുന്ന "ട്രിപ്പ്" ബൗദ്ധിക സ്വത്ത് അവകാശം നടപ്പിൽ ആയി ട്രേഡ് റിലേറ്റഡ് ഇൻവെസ്റ്റുമെന്റ് മെഷേഴ്സ് എന്നു പറയുന്ന മൂലധന നിക്ഷേപ വ്യവസ്ഥകൾ വന്നു. അതുപോലെ ഗാട്ട് വന്നു. ജനറൽ എഗ്രിമെന്റ് ട്രേഡിംഗ് സർവ്വീസ് എന്നു പറയുന്നത് വന്നു. അങ്ങനെ ലോകത്തിലെ രാഷ്ട്രങ്ങൾ എല്ലാം ഒരു കൊടുംകാറ്റുപോലെ പുതിയ ഒരു വികസനത്തിന്റെ മാർഗ്ഗത്തിലൂടെ മുന്നോട്ട് പോകുമ്പോൾ സോഷ്യലിസ്റ്റ് സാമൂഹിക ക്രമങ്ങളും സാമ്പത്തിക ക്രമങ്ങളും മണ്ണടിഞ്ഞുപോകുമ്പോൾ ലോകത്തിലെ അവശേഷിക്കുന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾപോലും വിയറ്റ്നാം അതുപോലെ ക്യൂബയും വരെയുള്ള രാജ്യങ്ങൾ ഈ മാർഗ്ഗം സ്വീകരിക്കുമ്പോൾ ചൈന മാർഗ്ഗം സ്വീകരിക്കുമ്പോൾ ഇന്ത്യ ആ വഴിക്ക് പോകാതെ വേറെ ഏത് വഴിക്ക് പോകണം. കേരളം എന്താ ഒരു വെള്ളരിക്ക പട്ടണമോ? കേരളം ഇന്ത്യയുടെ ഭാഗമല്ലേ, ലോകത്തിന്റെ ഭാഗമല്ലേ, കേരളത്തിന്റെ സമഗ്രവികസനത്തിനു വേറെ മാർഗ്ഗങ്ങളില്ല. ഈ യു. ഡി. എഫ്. പറഞ്ഞതുതന്നെയാണ് വഴി, വേറെ ഒരു തരത്തിൽ യോഗംവിളിച്ചല്ലേ കേരള പഠന കോൺഗ്രസ്സിൽ പറഞ്ഞത്. നമ്മൾ കഴിഞ്ഞ കാലത്ത് എന്തൊക്കെ ചെയ്തുവോ അത് അല്ലാതെ ഒരു ബദൽ സംവിധാനം അവർക്ക് പറയാനുണ്ടോ, അതാണ് ഞാൻ പറയുന്നത്. യാതൊരു നിവൃത്തിയുമില്ല. ഈ രീതിയിലെ കേരളത്തിന് മുന്നോട്ട് പോകാൻ പറ്റുകയുള്ളൂ. കേരളത്തിൽ 3 കോടി 20 ലക്ഷം ആളുകൾക്ക് പുതിയ ഒരു വികസനത്തിന്റെ മാർഗ്ഗം വെട്ടിത്തുറന്നു കൊടുത്ത ഒരു ഗവൺമെന്റാണ് കേരളത്തിലെ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ്. ആ ഗവൺമെന്റിനെ ആക്ഷേപിക്കുന്നതിനും പരിഹസിക്കുന്നതിനും ശ്രമിക്കുന്ന ആളുകൾ ഈ കേരളത്തെ പുറകോട്ട് അടുപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് ശ്രമിക്കുന്നതെന്നു പറയാതിരിക്കാൻ വയ്യ. ഞാൻ പറയുന്നത് നേരത്തെ പറഞ്ഞ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ബാക്ക്ലോഗ് നികത്തണമോ, ആയിക്കോട്ടെ. ബാക്ക്ലോഗ് നികത്തുന്നത് എങ്ങനെയാണെന്ന് തീരുമാനിക്കാൻ ഒരു സർവ്വകക്ഷി സമ്മേളനം വിളിക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി സമ്മേളനം വിളിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ബാക്ക്‌ലോഗ് എങ്ങനെ നികത്തണമെന്ന് ഇവർ പറയുമല്ലോ, അപ്പോൾ നാല് മാലോകർ അറിയുമല്ലോ, എന്താണ് ബാക്ക്‌ലോഗ് എന്നും അത് എങ്ങനെയാണ് നികത്തേണ്ടതെന്നും അതിൽ മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം എന്താണെന്നും അറിയാമല്ലോ, ഇപ്പോൾ എല്ലാം ശരിയായി പുതിയ ഗവൺമെന്റ് വരാൻവേണ്ടി പോവുകയാണ്. ഇടതുപക്ഷത്തിന്റെ ഗവൺമെന്റ് വരാൻവേണ്ടി പോവുകയാണെന്ന രീതിയിലാണ് ഇവർ നടക്കുന്നത്. അങ്ങനെയൊന്നും നടക്കണ്ട വഴിപോക്കർ അഭിപ്രായം പറയേണ്ടായെന്നാണ് വെളിയൻ ഭാർഗ്ഗവൻ പറഞ്ഞിട്ടുള്ളത്. വഴിപോക്കർ അഭിപ്രായം പറയേണ്ടായെന്നു പറഞ്ഞിട്ടുണ്ട്. പരസ്പരം തമ്മിലടിക്കുന്ന ഒരു അവസ്ഥയിൽ ഇപ്പോൾ ശ്രവീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതി വിശേഷമാണ് വാസ്തവത്തിൽ ഇടതുപക്ഷത്തുള്ളത്. കേരളത്തിലെ ഇടതുപക്ഷത്തോടൊപ്പം നിൽക്കുന്ന മറ്റ് ഇടതുപക്ഷ പാർട്ടികൾ മനസ്സിലാക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ബംഗാളിൽ സുദീർഘമായ ഒരു ഭരണം നടന്നു. ഈ സുദീർഘമായ കാലം മാർക്സിസ്റ്റ് പാർട്ടി ഭരിച്ചതുകൊണ്ട് അവിടെ മൂന്ന് ദുരന്തങ്ങളുണ്ടായി. ഒന്ന് അവിടുത്തെ വലതുപക്ഷ പ്രസ്ഥാനമായ ബി. ജെ. പി. ശക്തിപ്പെട്ടു. രണ്ട് തീവ്ര ഇടതുപക്ഷ നെക്സലറ്റുകൾ ശക്തിപ്പെട്ടു. മൂന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ കൂടെ നിൽക്കുന്ന ചെറിയ ഇടതുപക്ഷ കക്ഷികളുടെ സാമൂഹിക അടിത്തറ തകർന്നു. ഈ മൂന്നു കാര്യങ്ങളാണ് സംഭവിച്ചത്. എന്തിനാണ് അതിന് വഴി ഒരുക്കുന്നത്. അപ്പോൾ മറ്റ് ഇടത് പക്ഷ കക്ഷികൾ ആലോചിക്കണം. ഇവിടെയും അങ്ങനെയൊരു സുസ്ഥിരമായ ഭരണം മാർക്സിസ്റ്റ് പാർട്ടി ഉണ്ടാക്കാൻ ശ്രമിച്ചാൽ അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. നിങ്ങൾ ലോകത്ത് നടക്കുന്ന സംഭവങ്ങളൊന്നും കണ്ടില്ല എന്നു നടിക്കുന്നതിൽ ഒരു ന്യായം ഇല്ല. അത് ഒട്ടകപക്ഷിയുടെ നയമാണ്. തല മണ്ണിൽ പൂഴ്ത്തി വെച്ചിരിക്കുകയാണ്. ഇപ്പോൾ എക്പ്രസ്സ് ഹൈവേയെ അനുകൂലിക്കുന്ന 12 എം. എൽ. എ. മാർ, 8 എം. എൽ. എ. മാർ എതിർ. വടക്കു ഭാഗത്തുള്ളവർ അനുകൂലം തെക്ക് ഭാഗത്തുള്ളവർ എതിർ. സി. പി. ഐ. (എം)-ൽ തന്നെ. അപ്പോൾ എക്സ്പ്രസ്സ് ഹൈവേയെക്കുറിച്ച് എ. ഡി. ബി. യുടെ കാര്യത്തിൽ എല്ലാ കേർപ്പറേഷനുകളും വന്നില്ലേ, ഇപ്പോൾ എ. ഡി. ബി. യെപ്പറ്റി എന്താണ് പറയുന്നത്, ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ പറഞ്ഞു. ചർദ്ദിച്ചത് എന്താണ്, ചർദ്ദിച്ചത് ഇതാണെന്നു വരാൻ വേണ്ടിയാണ് അങ്ങനെ ചോദിച്ചത് അപ്പോൾ അത് കടവൂരിനെക്കൊണ്ട് പറയിപ്പിച്ചു. എ.ഡി.ബി. വായ്പയുടെ കാര്യത്തിൽ ബ്രിട്ടണുകളുടെ ഇരട്ടകൾ എന്നറിയപ്പെടുന്ന ലോക ബാങ്ക് ഇന്റർ നാഷണൽ മോണിട്ടറിംഗ് ഫണ്ടൊക്കെ എങ്ങനെ ഉണ്ടായതാണ്. അത് 1945-ൽ രണ്ടാംലോക മഹായുദ്ധത്തിൽ തകർന്നുപോയ മുതലാളിത്ത രാഷ്ട്രങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി 1948 ജനുവരി ഒന്നിനാണ് ബ്രിട്ടണുകളുടെ ഇരട്ടകളുണ്ടായത്. ഈ ഗാട്ട് എഗ്രിമെന്റ് അന്നേയുണ്ട്. എഗ്രിമെന്റ് ഈ രീതിയിൽ ആയിരുന്നില്ല എന്നു മാത്രം. ഈ രീതിയിൽ അല്ലായിരുന്നു എഗ്രിമെന്റ് എട്ടു തവണ പുതുക്കിയിട്ട് അവസാനം വന്ന ഉറുഗ്വേ റൗണ്ടിലാണ് ഇപ്പോഴുള്ള എഗ്രിമെന്റ് ഉണ്ടായത്. 23 രാജ്യങ്ങൾ മാത്രം ഈ എഗ്രിമെന്റിന്റെ ഭാഗമായ കാലത്തും ഇന്ത്യ അതിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറായിരുന്നു. ഇന്ത്യ ഒരു പുതിയ മെമ്പറല്ല. ഈ പോളിസി നരസിംഹറാവു ഉണ്ടാക്കിയതല്ല. 1948-ലെ ഗാട്ട് എഗ്രിമെന്റിൽ ഇന്ത്യയുണ്ട്. ആ എഗ്രിമെന്റ് എട്ടു തവണ പുതുക്കിയിട്ടുണ്ട്. എട്ടാമത്തെ പുതുക്കലിലാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള എഗ്രിമെന്റ് വന്നത്. ലോകം മുഴുവൻ ആ വഴിക്ക് പോകുന്നു. മറെറാരു സാമ്പത്തിക മാർഗ്ഗവുമില്ല. വേറെ ഒരു വഴിയില്ല. ചൈനയിൽ എന്താണ് നടക്കുന്നത്? ചൈനയിൽ സമരമില്ല. ചൈനയിൽ പ്രക്ഷോഭമില്ല. ജനാധിപത്യമില്ല. സ്വതന്ത്രമായ പത്രങ്ങളില്ല. പ്രതിപക്ഷ ജാതകളില്ല. അവിടെ ഒന്നും നടത്താൻ സമ്മതിക്കുകയില്ല. കേരളത്തിലെ ജനങ്ങളോട് ഇതിലേറെ വലിയ ഒരു തെറ്റ് എന്താണ് ചെയ്യാനുള്ളത്? നമ്മുടെ ചെറുപ്പക്കാർക്ക് എങ്ങനെയാണ് പണികിട്ടുന്നത്? നമ്മുടെ ചെറുപ്പക്കാർക്ക് ജോലികിട്ടണമെങ്കിൽ ഒരു വികസന മാർഗ്ഗം സ്വീകരിക്കലെല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ല. ഇപ്പോൾ കരിമണലിനെപ്പറ്റി വലിയ ബഹളമുണ്ടാക്കിയിരുന്ന ആളുകൾ കരിമണലുകാരന്റെ, കരിമണൽ ഖനനം നടത്തുന്ന കമ്പനിക്കാരന്റെ പരസ്യം വാങ്ങിയിട്ടാണ് പഠന കോൺഗ്രസ്സിൽ പുസ്തകം പ്രസിദ്ധീകരിച്ചത്. അതിന് വിശദീകരണം കൊടുത്തത് എന്താണ്? അങ്ങനെ ഞങ്ങൾ പരസ്യവും വാങ്ങും; പിന്നെ അവർക്കെതിരായി നിൽക്കുകയും ചെയ്യുമെന്ന് പറഞ്ഞു. അങ്ങനെയുള്ള ലോക മര്യാദ വേറെ എവിടെയെങ്കിലും ഉണ്ടോ? ആർക്കാണ് ഇതൊക്കെ അറിഞ്ഞുകൂടാത്തത്? വെറുതെ വർഷക്കാലത്ത് കടൽത്തിരകൾ കൊണ്ടു വന്ന് ഡെപ്പോസിറ്റ് ചെയ്യുന്ന മണൽ വാരാൻ പാടില്ല എന്നു പറഞ്ഞാൽ, വാരിയില്ല എങ്കിൽ കടൽ തിരിച്ചു കൊണ്ടുപോകും. വേണമെങ്കിൽ വാരും. പക്ഷെ അവിടെ പോയി നോക്കിയാൽ അറിയാം. തൂത്തുകുടിയിൽ ചെട്ടിയാർ എല്ലാ ദിവസവും അവിടെ നിന്ന് മണൽ വാരിക്കൊണ്ട് പോകുന്നുണ്ട്. അത് വാങ്ങിക്കൊടുക്കുന്ന, അത് കയറ്റിക്കൊടുക്കുന്ന ആൾ അതിനു പൈസ വാങ്ങുന്നുണ്ട്. അതുപോലെ ഈ വിഷയത്തിലെല്ലാം കേരള സംസ്ഥാനത്തിന് മുന്നോട്ട് പോകണമെങ്കിൽ ഇതല്ലാതെ മാർഗ്ഗങ്ങളില്ല. പുതിയ മർഗ്ഗങ്ങൾ നമ്മുടെ മുമ്പിലില്ല. ഒരു ബദൽ സമർപ്പിക്കുവാൻ ഇവരുടെ കയ്യിൽ വേറെ ആയുധങ്ങളുമില്ല. ഇതൊക്കെ യു. ഡി. എഫിനെ കുറ്റംപറഞ്ഞ് അവസാനിപ്പിച്ചിട്ട് എന്താണ് കാര്യം. യു. ഡി. എഫി.-നെപ്പോലെ ഒരു വിഷൻ ഉള്ള ഗവൺമെന്റ് വേറെ വന്നിട്ടില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതി എ. പി. ജെ. അബ്ദുൾകലാം, അന്ന് പത്ത് പദ്ധതികൾ ഇവിടെ പ്രസ്തവിച്ചപ്പോൾ കേരളം നടപ്പിലാക്കണമെന്നും പറഞ്ഞ്, കേരളത്തിൽ ഒരു അജണ്ട നിശ്ചയിച്ചുതന്നപ്പോൾ അതോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്ന് അജണ്ട കൂടി കൂട്ടിച്ചേർത്തു. എത്ര പരിഹാസ്യമായിട്ടാണ് അതിനെ ഇവിടെ ചിത്രീകരിച്ചത്? നിങ്ങൾ എന്താണ് നടത്താൻ പോകുന്നത്? നിങ്ങൾ ഭരണത്തിൽ വന്നു വെന്ന് വയ്ക്കുക. നിങ്ങൾ ബാക്ക്‌ലോഗ് നികത്തുമോ? സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമോ? നിങ്ങൾ എക്സ്പ്രസ് വൈവ ഉണ്ടാക്കുമോ? നിങ്ങൾ ഈ സംഗതികളിലൊക്കെ എന്തുനയം സ്വീകരിക്കും? നിങ്ങൾ ഭരണത്തിൽ വന്നാൽ എന്താണ് ചെയ്യാൻ പോകുന്നത്? ജനങ്ങളോട് തുറന്ന് പറയുക. ജനങ്ങളുടെ മുമ്പിൽ കാര്യമെല്ലാം മറച്ചു വെച്ചിട്ടാണ് നിങ്ങൾ മുന്നോട്ട് പോകുന്നത്. നിങ്ങൾ എന്താണ് ചെയ്യുക. ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയാണ് നടത്തേണ്ടതെന്ന് ഞങ്ങൾ തീരുമാനിച്ചുകൊള്ളാം. അതുകൊണ്ട് ജനങ്ങളുടെ മുമ്പിൽ എല്ലാ കാര്യങ്ങളും മറച്ചുവെച്ചുകൊണ്ട് മുന്നോട്ട് പോകുന്ന ഈ സമീപനം ഒരിക്കലും സ്വീകാര്യമല്ല. നിങ്ങൾ ജനങ്ങളെ വഞ്ചിക്കുകയാണ്. അതൊടൊപ്പം ബംഗാളിലെ സംവരണമൊന്നും പറയല്ലേ. ശ്രീ. മോയിൻകുട്ടി, ബംഗാൾ എന്നു പറയുന്ന സംസ്ഥാനത്ത് സംവരണമേയില്ല. അവിടുത്തെ ഉദ്യോഗങ്ങളിൽ മത ന്യൂനപക്ഷങ്ങൾ, പ്രത്യേകിച്ചും മുസ്ലീങ്ങൾ ഉള്ളത് ഒരു ശതമാനമാണ്. അതും മെറിറ്റിൽ വന്നതാണ്. വേറെ ആരും വന്നിട്ടില്ല. വേറെ ഒരു സംവരണവുമില്ല. സിദ്ധാർത്ഥ ശങ്കർ റേ പശ്ചിമബംഗാൾ മുഖ്യമന്ത്രി ആയിരുന്ന കാലത്ത് ഓരോ പോലീസ് സ്റ്റേഷനിലും മിനിമം ഒരു മുസ്ലീം വേണമെന്ന് ഒരു തീരുമാനമെടുത്തിരുന്നു. അദ്ദേഹം പോയി. മുപ്പത്തുകൊല്ലം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഭരിച്ചു. ഒരു മുസ്ലീം പോലീസുകാരനെ ഇതുവരെ വച്ചിട്ടില്ല. യാതൊരു സംവരണവും അവിടെ നടപ്പിലാക്കിയിട്ടില്ല. അറിടെ 'ആനന്ദ നഗർ' എന്നു പറയുന്ന വലിയ ചേരി പ്രദേശത്ത് വണ്ടി വലിക്കുന്നവരും റിക്ഷാ വലിക്കുന്നവരും ചെരുപ്പു കുത്തുന്നവരുമൊക്കെയായിട്ട് ലക്ഷോപലക്ഷം മത ന്യൂനപക്ഷക്കാരും പിന്നോക്ക സമുദായങ്ങളും കഷ്ടപ്പെടുകയാണ്. ആ ബംഗാളിലെ സുഖം കൊണ്ടല്ലേ ഈ കുട്ടനാട്ടിൽ വന്നിട്ട് നൂറ് മുപ്പത് പാടം കൊയ്യുന്നത്. ബംഗാളികളായിട്ടുള്ള ആളുകൾ അവിടെ ജീവിക്കുവാൻ നിവൃത്തിയുണ്ടെങ്കിൽ ഈ കായകളുത്തെ ഇഷ്ടിക കമ്പനികളിൽ വരുമോ? കൊല്ലത്തെ ഇഷ്ടിക കമ്പനികളിൽ വരുമോ? ബംഗാളിൽ നിന്നുംപാടം കൊയ്യാൻ വരുമോ? ഇതൊക്കെ ഒന്നു ആലോചിച്ചുനോക്കൂ. ആ സംസ്ഥാനത്ത് എത്രകാലം നിങ്ങൾ ശ്രമിച്ചാലും എത്ര കാലം നിങ്ങൾ ഭരിച്ചാലും ഒരു മാറ്റം വരുത്താൻ സാധിക്കുകയില്ല. മാത്രമല്ല ഈ വക വിഷയങ്ങളിലൊക്കെ ഈ കേരളത്തിൽ നടപ്പിലാക്കുന്ന കാര്യങ്ങളെക്കുറിച്ച് എന്തിനാണ് പിടക്കുന്നത്? നിങ്ങൾക്ക് അവസരം കിട്ടുമ്പോൾ ബംഗാളിൽ നടപ്പിലാക്കുന്നുവെന്നു പറഞ്ഞ കാര്യങ്ങൾ, ...

ഫിബ്രവരി 29-ാം തീയതി ..... (ബഹളം).....

മി. സ്പീക്കർ: ജയരാജൻ ..... പ്ലീസ് ..... (ബഹളം)

ശ്രീ. കെ. എൻ. എ. ഖാദർ: ..... അഖിലേന്ത്യാ പണിമുടക്ക് നടക്കുമ്പോൾ ..... (ബഹളം).....

മി. സ്പീക്കർ: ടേക്ക് യുവർ സീറ്റ്.....

ശ്രീ. കെ. എൻ. എ. ഖാദർ: അഖിലേന്ത്യാ പണിമുടക്ക് നടക്കുന്ന സന്ദർഭത്തിൽ പണിമുടക്കിയ തൊഴിലാളികൾ ജാഥ നടത്തിയിട്ട് ബുധനാഴ്ച ഉച്ചയ്ക്കുശേഷം തടഞ്ഞു. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും കൂടി ഒരു കാറിൽ പോയിക്കൊണ്ടിരിക്കുമ്പോൾ പണിമുടക്കിയ ജീവനക്കാർ തടഞ്ഞു. അദ്ദേഹം പറഞ്ഞത് എന്താണെന്ന് അറിയാമോ? പണിമുടക്കാനുള്ള അവകാശം പോലെതന്നെ പണിയെടുക്കാനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്. പണിമുടക്കുവാനുള്ള അവകാശം മാത്രമല്ല എന്നുപറഞ്ഞു. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പാന കോൺഗ്രസ്സിൽ വന്ന് എന്താണ് പ്രസംഗിച്ചത്? കേരളത്തിൽ ഇന്ന് നമ്മുടെ യു. ഡി. എഫ്. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അതേ നയ പരിപാടികളെ അനുകൂലിക്കുന്ന പ്രസംഗമാണ് ബഹുമാനപ്പെട്ട ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ട്ടോചാര്യ അവിടെ നടത്തിയത്. ഇത് മനസ്സിലാക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ശരിയായമർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാനുള്ള സംരംഭത്തിൽ ഈ സഭയിലെ മുഴുവൻ അംഗങ്ങളും കക്ഷി രാഷ്ട്രീയ ഭേദമന്യേ ഒരുമിച്ചു നിന്നു പ്രവർത്തിക്കുകയും ലോകം പോകുന്ന വഴിയേ, ഇന്ത്യ പോകുന്ന വഴിയേ കേരളത്തെ മുന്നോട്ടു കൊണ്ടുപോകാൻ പരിശ്രമിക്കുകയും വേണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: മി. ബാലൻ ഒരു കാര്യം പറയാം. ഇവിടെ ചർച്ചകൾ നടക്കുമ്പോൾ സംസാരിക്കുവാനുള്ള അവകാശമുണ്ട്. സംസാരം കേൾക്കുമ്പോൾ ജനങ്ങൾക്ക് അധികാരമുണ്ട്. നിങ്ങൾ ഡിസ്റ്റർബ് ചെയ്തത് മാന്യതയല്ല. ജനാധിപത്യവുമല്ല. ബഹളം കൊണ്ട് ആളുകളെ അടിച്ചിരുത്താൻ പാടില്ല. അത് ശരിയല്ല ..... പ്ലീസ് കണ്ടിന്യൂ ..... ബിനോയ് വിശ്വം.

ശ്രീ. ബിനോയ് വിശ്വം : സർ, ബഹുമാനപ്പെട്ട ശ്രീ. കടവൂർ ശിവദാസൻ ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഗവർണറുടെ പ്രസംഗത്തിന്റെയും നന്ദിപ്രമേയത്തിന്റേയും ഉള്ളടക്കത്തിലേക്കൊന്നും ദീർഘമായി കടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് കേരളത്തിലെ പ്രധാനപ്പെട്ട ഒരു പത്രത്തിൽ ഒരു കുറിപ്പുണ്ട്. ശ്രദ്ധേയമായ ഒരു ലേഖനം അതിൽ എഴുതിയിരുന്നു. ഗവർണ്ണർമാർ ഇവിടെ ചെയ്ത നയപ്രഖ്യാപനത്തിലെ സത്യവും മിഥ്യയും; അതാണ് വിഷയം. തുടക്കത്തിലേ ലേഖനം പറയുന്നുണ്ട്, നയപ്രഖ്യാപനങ്ങളുടെ ഉള്ളടക്കത്തിൽ കാര്യമായ ചോർച്ച ഉണ്ടാകുന്നുണ്ട്. ഗൗരവം കുറഞ്ഞ് വരുന്നു. നയത്തെപ്പറ്റിയോ ലക്ഷ്യത്തെ പറ്റിയോ ഭാവിയെപ്പറ്റിയോ പറയാൻ ഗവർണർമാരെ സർക്കാർ അനുവദിക്കുന്നില്ല എന്നാണ് ലേഖകൻ സമർത്ഥിക്കുവാൻ ശ്രമിക്കുന്നത്. ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സഭ ഒന്നടങ്കം പരിഗണിക്കേണ്ട ഒരു വിഷയമായിട്ട് ഞാൻ അതിനെ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ശ്രീ. ഉമ്മൻചാണ്ടി നയിക്കുന്ന ഗവൺമെന്റ് ഗവർണ്ണറെക്കൊണ്ട് ഇവിടെ എന്താണ് ചെയ്യിച്ചത്? ശരിക്കു പറഞ്ഞാൽ നയപ്രഖ്യാപനത്തിന്റെ പേരിലുള്ള, എന്നാൽ അതിന്റെ കണികപോലും ഇല്ലാത്ത ഒരു പ്രസംഗം ഇവിടെ വായിപ്പിക്കുകയാണ് ചെയ്തത്. നയമില്ലാത്ത, നെറിയില്ലാത്ത, നേരില്ലാത്ത, ഗതിയില്ലാത്ത ഒരു ഗവൺമെന്റ് ഗവർണ്ണറെക്കൊണ്ട് ചെയ്യിപ്പിച്ചത് ശരിക്ക് പറഞ്ഞാൽ ഒരു നിഷ്ഫലമായ വ്യായാമം അല്ലായിരുന്നോ? പി. ആർ. ഡി. പ്രസിദ്ധീകരിക്കുന്ന വലിയ പുസ്തകത്തിലെ കാര്യങ്ങൾപോലെ ശ്രീ. ഖാദർ ഇവിടെ കുറേക്കാര്യങ്ങൾ വായിച്ചല്ലോ? ശ്രീ. ഖാദർ കാണിച്ച ആ വായനയിലെ സാമർത്ഥ്യംപോലുമില്ലാത്ത രീതിയിൽ അങ്ങേയറ്റം വിരസമായിട്ടുള്ള ഒരു പ്രസംഗം എഴുതിക്കൊടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

അത് വായിപ്പിക്കുവാൻ യു. ഡി. എഫ്. ഗവൺമെന്റ് കാണിച്ച ശ്രമത്തിന്റെ അർത്ഥം ഗവൺമെന്റിന് വാസ്തവത്തിൽ ഒന്നും പറയാനില്ല, ഒന്നും ചെയ്യാനില്ല. കാരണം നാടിനെ മുഴുവൻ വഞ്ചിച്ച ഗവൺമെന്റാണ് ഇത്. നാലേമുക്കാൽ കൊല്ലത്തോളം നമ്മുടെ ജനങ്ങളെ വഞ്ചനയുടെ അദ്ധ്യായങ്ങൾ മാത്രം കാണിച്ച് പ്രലോഭിപ്പിച്ച് അവരെ ഏറ്റവും തെറ്റായ വഴിയിലേക്ക് നയിച്ച ഗവൺമെന്റാണ്.

ഇവിടെ എല്ലാവരും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പറയുകയുണ്ടായി. ശ്രീ. കടവൂർ ശിവദാസനും ശ്രീ. കെ. എൻ. എ. ഖാദറും പറയുകയുണ്ടായി. വാസ്തവത്തിൽ എത്ര വലിയ കണ്ണുകെട്ടി കളിയാണ് യു.ഡി. എഫ്. നടത്തിയത്. ഇവിടെ കെ. എൻ. എ. ഖാദർ പറഞ്ഞില്ലേ, ഏതോ ഒരു മോതിരം കാണാതെ പോയി എന്ന്. തട്ടിൻമുകളിൽ കാണാതെ പോയ മോതിരം ഇവിടെ തപ്പിയത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണ്. ഇവിടെ ശ്രീ. കുട്ടി അഹമ്മദ് കുട്ടിയെ കാണുന്നില്ല. ഇ. ടി.-യും കുട്ടിയും കൂടി ഇവിടെ, ഈ സഭയിൽ ആ മോതിരം തപ്പിനോക്കി. ശ്രീ. പി. കെ. കെ. ബാവയും തപ്പി. കാണാതെ പോയ മോതിരത്തിന്റെ പേര് എന്താണെന്ന് അറിയാമോ? സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നായിരുന്നു. ആ മോതിരം നോക്കിയിട്ട് നിങ്ങൾ പറഞ്ഞു അത് കിട്ടാതെ ലീഗ് അടങ്ങില്ല എന്ന്. ഞങ്ങൾ എല്ലാം ഓർക്കുന്നുണ്ട്. മഞ്ചേശ്വരത്ത് നിന്ന് യൂത്ത് ലീഗിനെക്കൊണ്ട് ജാഥ ആരംഭിച്ചു. അപ്പോഴും, ഈ ജാഥ തെക്കോട്ട് എത്തി തലസ്ഥാനം ആകുമ്പോഴെക്കും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പൂർണ്ണമായും നടപ്പിലാക്കിയിരിക്കും എന്ന് പ്രസ്താവിച്ചില്ലേ? ആ വർത്തമാനം ഇപ്പോഴില്ല. ശരിക്കു പറഞ്ഞാൽ പിന്നോക്ക ജനവിഭാഗങ്ങളെ കബളിപ്പിക്കാൻ വേണ്ടി മുസ്ലീം ലീഗ് നടത്തിയ ഒരുപാട് അധമവ്യായാമങ്ങളുടെ പതനമാകളിൽ ഏറ്റവും നെറികെട്ടതായിരുന്നു ഈ പ്രഖ്യാപനങ്ങളെല്ലാം. ഇപ്പോൾ അതിനെപ്പറ്റി മിണ്ടാട്ടമില്ല. എന്നിട്ട് പറയുകയാണ് ഡയറക്ടറായി റിക്രൂട്ട് ചെയ്യുമെന്ന്. എന്താണ് ഉണ്ടായിട്ടുള്ളത്? യഥാർത്ഥത്തിൽ സപ്ലിമെന്ററി പട്ടികയ്ക്ക് അഞ്ച് മടങ്ങ് നീളം കൂട്ടുമെന്ന് പറയുന്നു. അതുകൊണ്ട് എന്താണ് കാര്യം? അഞ്ച് മടങ്ങ് നീളമുള്ള സപ്ലിമന്ററി പട്ടിക വന്നതുകൊണ്ട് പാവങ്ങൾക്ക് എന്ത് മെച്ചമാണുള്ളത്? നിയമം ഇല്ലാതെ നിയമ നിർമ്മാണം ഇല്ലാതെ നടപ്പിലാക്കാൻ കഴിയാത്ത ഏതോ ഒരു പ്രലോഭനീയമായ വാദം മുന്നോട്ട് വച്ചുകൊണ്ട് വീണ്ടും മുസ്ലീങ്ങളേയും പിന്നോക്ക വിഭാഗങ്ങളേയും കബളിപ്പിക്കാനുള്ള നീക്കത്തിലാണ് ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്. ആ കബളിപ്പിക്കലിന് അന്ത്യമുണ്ടാകാൻ പോവുകയാണ്. നിങ്ങളെ ജനങ്ങൾ വെറുതെ വിടാൻ പോകുന്നില്ല. യു. ഡി. എഫ്.-ന്റെ വഞ്ചന ജനങ്ങൾ കാണുകയാണ്. എപ്പോഴൊക്കെ അവർക്ക് അവസരം കിട്ടിയോ അപ്പോഴെല്ലാം പുറംകാൽകൊണ്ട് യു. ഡി. എഫ്.-നെ തട്ടിയെറിഞ്ഞവരാണ് ജനങ്ങൾ. ആ ജനങ്ങൾ യു. ഡി. എഫ്.-നെ വീണ്ടും ഇവിടെ കുഴിച്ചുമൂടാൻ പോവുകയാണ്. സംശയം വേണ്ട. വരാൻ പോകുന്ന തെരഞ്ഞെടുപ്പിന്റെ ജനവിധി ഉറപ്പായിരിക്കും. യു. ഡി. എഫ്.-ന് തലപൊക്കാനാവാത്തവിധം ജനങ്ങൾ യു. ഡി. എഫ്.-നെ പരാജയപ്പെടുത്തും. ഒരുപക്ഷേ അഞ്ചോ പത്തോ സീറ്റുപോലും കിട്ടാൻ പ്രയാസപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്.-നെയായിരിക്കും നാം കാണാൻ പോകുന്നത്. ആ യു. ഡി. എഫ്.-ന്റെ മരണപ്പിടച്ചിൽ നമ്മെളെല്ലാം കാണുകയാണ്. അതിന്റെ ഭാഗമായി ഇനി ബാക്കിയുള്ള മൂന്ന് ആഴ്ചകൊണ്ട് എല്ലാം ചെയ്യാമെന്ന് പറയുകയാണ്. ഇവിടെ ശ്രീ. വക്കം പുരുഷോത്തമൻ പറയുകയുണ്ടായി; ടീച്ചർ പറയൂ, എന്താണ് ചെയ്യേണ്ടതെന്ന്. ശ്രീ. വക്കം പുരുഷോത്തമൻ എന്തും പ്രഖ്യാപിക്കും എന്തും ചെയ്യും. പക്ഷേ ചെയ്യാൻ പോകുന്ന കാര്യങ്ങളെല്ലാം കബളിപ്പിക്കൽ മാത്രമാണെന്ന് വക്കത്തിനും അറിയാം, ഉമ്മൻചാണ്ടിക്കും അറിയാം, എല്ലാവർക്കും അറിയാം. ഭരണപക്ഷ ബഞ്ചുകളിലെ എല്ലാവരും ചേർന്നുകൊണ്ട്, മാറിമാറി വന്ന മന്ത്രിമാർ, എത്രവട്ടം മാറി എന്ന് എനിക്കറിയില്ല. 'വരും ഓരോ മന്ത്രി വന്നപോലെ പോം' എന്നു പറയുന്നതുപോലെയാണ്. ഇന്ന് മന്ത്രി, നാളെ മന്ത്രി അല്ല. ഇതെല്ലാം നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചയല്ലേ?

ഇവിടെ ഇപ്പോൾ ആദിവാസി സ്നേഹത്തെപ്പറ്റി ഭയങ്കരമായി പറഞ്ഞു. ദയവായി അത് ആവർത്തിക്കരുത്. ആദിവാസിക്ക് വെടി കൊടുത്ത ഗവൺമെന്റാണ് ഇത്. യു. ഡി. എഫ്. ഗവൺമെന്റ് അല്ലാതെ ഒരു ആദിവാസിയെ വെടിവച്ച് കൊന്ന ഗവൺമെന്റ് ഏതാണ്? വെടിയേറ്റ് വീണ ആദിവാസി ജോഗിയുടെ മകൾ സീത ഒരു ജോലിക്കുവേണ്ടി അപേക്ഷ കൊടുത്തു. ആ അപേക്ഷ വാങ്ങി മന്ത്രിയുടെ കയ്യിൽ കൊണ്ടുപോയി കൊടുത്തത് ഞാനാണ്. മന്ത്രി പരിഗണിക്കാമെന്ന് പറഞ്ഞു. ബി. എ. പാസ്സായ ആ പെൺകുട്ടി ഒരു ജോലിക്കുവേണ്ടി കാത്തിരിക്കുയാണ്. ഈ കുടുംബം അനാഥമാണ്. ഇവിടെ പറഞ്ഞില്ലേ നിങ്ങൾ എല്ലാ പാവങ്ങളേയും സ്വർഗ്ഗത്തിൽ കൊണ്ടുപോകുമെന്ന്. ആ പെൺകുട്ടിക്ക് ജോലി കൊടുക്കാൻ കഴിയുമോയെന്ന് ദയവായി ബന്ധപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയണം. അതുപോലുള്ള എല്ലാ കാര്യങ്ങളിലും പാവങ്ങളോട്, ആദിവാസികളോട് ഈ ഗവൺമെന്റ് കാണിച്ചത് വഞ്ചന മാത്രമല്ലേ? സംവരണ മണ്ഡലം മറിച്ചിലിൽ മുസ്ലീം ലീഗിനെ പിന്താങ്ങിയത് എൻ. ഡി. എഫ്. മാത്രമാണ്. സംവരണ കാര്യത്തിൽ ലീഗ് കാണിച്ച നയത്തോട് അനുകൂല പൂർവ്വമായ ഉത്തരം പറഞ്ഞത് ഒറ്റ പ്രസ്ഥാനം മാത്രമാണ്. കേരളത്തിലെ തീവ്രവാദത്തിന്റെ കുത്തകയുള്ള എൻ. ഡി. എഫ്. മാത്രമാണ് ലീഗിനെ പിന്താങ്ങിയത്. മറ്റാരും അവരെ പിന്താങ്ങിയിട്ടില്ല. ഇക്കാര്യവും ലീഗ് കാണണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. സുനാമി പുനരധിവാസ കാര്യത്തിൽ ഗവൺമെന്റ് ചെയ്യാവുന്ന എല്ലാം ചെയ്തു എന്ന് ഇവിടെ പറയുകയുണ്ടായി. സുനാമി ക്യാമ്പുകളിൽ പാവപ്പെട്ട എത്രയോ മനുഷ്യർ പുഴുക്കളെപ്പോലെ കഴിയുകയാണ്. അവർക്ക് കൊടുക്കുമെന്ന് പറഞ്ഞതൊന്നും ഈ ഗവൺമെന്റ് കൊടുത്തില്ലല്ലോ. സുനാമി ഫണ്ടിനേയും മുഖ്യമന്ത്രിയുടെ ഫണ്ടിനേയും കൂടി കൂട്ടിക്കുഴച്ചു. വകുപ്പ് മാറ്റി ചെലവഴിച്ചു. ഹൈക്കോടതി പറഞ്ഞു, ലോകായുക്ത പറഞ്ഞു. നിങ്ങൾ ഇപ്പോൾ ഹൈക്കോടതിയേയും ലോകായുക്തയേയും എല്ലാം തുള്ളിപ്പറയുകയാണ്. വാസ്തവത്തിൽ ഗവൺമെന്റ് കാണിച്ചത് സാമ്പത്തികമായ കൃത്യവിലോപങ്ങളല്ലേ? തെറ്റുകളല്ലേ? എന്തിനാണ് ഫണ്ടുകൾ കൂട്ടിക്കുഴച്ചത്; വകമാറ്റി ചെലവഴിച്ചത്? കൃത്യമായ കണക്കുകൾ പറയുന്നതിനാണ് ഇൻഫർമേഷൻ കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകൃതമായത്. സുനാമി ഫണ്ടിന്റെ വരവിന്റെയും ചെലവിന്റെയും കൃത്യമായ കണക്ക് വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇൻഫർമേഷൻ കമ്മീഷന് ഞാൻ ഒരു കത്ത് കൊടുത്തു. ഇൻഫർമേഷൻ ആക്ടിന്റെ ഏഴാം വകുപ്പിൽ പറയുന്നത് മുപ്പത് ദിവസത്തിനകം ബന്ധപ്പെട്ട ആളിന് വിവരം നൽകണമെന്നാണ്. മുപ്പത് ദിവസവും കഴിഞ്ഞു, നാൽപത് ദിവസവും കഴിഞ്ഞു. എനിക്ക് ഇന്നോളം വിവരം കിട്ടിയിട്ടില്ല. ഈ ഗവൺമെന്റിന് വിവരങ്ങളെ ഭയമാണ്. ഇൻഫർമേഷനെ ഭയമാണ്. സത്യത്തെ ഭയമാണ്. ഇൻഫർമേഷൻ കമ്മീഷനെ ഒരു നോക്കുകുത്തിയാക്കി ഏതോ ഒരു മൂലയിൽ കൊണ്ടു പോയി ചാരുന്ന അവസ്ഥ നാം കാണുകയാണ്. ഈ ഗവൺമെന്റിന് സുനാമി ഫണ്ടിന്റെ വരവിന്റെയും ചെലവിന്റേയും കൃത്യമായ കണക്കുകൾ വയ്ക്കാൻ ഇനി യെങ്കിലും ധൈര്യമുണ്ടോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. അതിന് തന്റേടമുണ്ടോ? ഉണ്ടെങ്കിൽ പറയട്ടെ. എങ്കിൽ ഉമ്മൻചാണ്ടി ഗവൺമെന്റ് കാണിച്ച നെറികേടിന്റെയും വഞ്ചനാറ്റലിന്റെയുമെല്ലാം നൂറുനൂറായിരം കാര്യങ്ങൾ അപ്പോൾ അറിയാം.

ആരോഗ്യ രംഗത്തെ കാര്യം എന്താണ്? നിങ്ങൾ പറയുകയുണ്ടായി 33 രൂപ കൊടുത്താൽ എല്ലാപേർക്കും ചികിത്സ കിട്ടാൻ പോകുന്നു എന്ന്. ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞു ലക്ഷം രൂപയ്ക്ക് ചികിത്സ കിട്ടാൻ പോകുന്നു എന്ന്. എന്തിനാണ് ശ്രീ. കടവൂർ ശിവദാസൻ ഈ കള്ളവെല്ലാം പറയുന്നത്? വാസ്തവത്തിൽ ലോകത്തിന് മുഴുവൻ മാതൃകയായി കാണിച്ചുകൊടുത്ത ആരോഗ്യ പദ്ധതിയല്ലേ കേരളത്തിലെ ആരോഗ്യ പദ്ധതി? ആ രംഗം തകരാൻ പോകുകയല്ലേ? കേരളത്തിലെ പൊതുജനാരോഗ്യ രംഗത്തെ തകർത്തെറിഞ്ഞുകൊണ്ട് നിങ്ങൾ ഏതോ ഒരു സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയുമായുള്ള ബന്ധം സ്ഥാപിച്ചുകൊണ്ട് കുറെ സ്വകാര്യ ആശുപത്രികളുമായുള്ള 'ടൈ അപ്' ഉണ്ടാക്കി. നിങ്ങൾ പാവങ്ങളെ കബളിപ്പിക്കുകയല്ലേ? ഞങ്ങൾ വായിക്കുന്നുണ്ട്. സർക്കാരിന്റെ ആശുപത്രികളിൽ അണലിയാണ് പാർക്കുന്നത്. എസ്. എ. ടി.-യിൽ ഡോക്ടറെ കടിച്ചത് അണലിപ്പാമ്പാണ്. പാവങ്ങൾക്ക് അവിടെ മരുന്നില്ല. ആശുപത്രികളിൽ പാമ്പുകളേയും കുറുക്കന്മാരേയും കള്ളന്മാരേയും ഏൽപ്പിക്കുന്നു. എന്നിട്ട് നിങ്ങൾ പഞ്ചനക്ഷത്ര സൗകര്യങ്ങളുള്ള ആശുപത്രികൾക്കു വേണ്ടി എല്ലാമെല്ലാം ദാനം കൊടുക്കുന്നു. ഗവണ്മെന്റ് പൊതുവിദ്യാഭ്യാസത്തെ തകർക്കുകയാണ്. സ്വാശ്രയത്വത്തിന്റെ പേരുപറഞ്ഞുകൊണ്ട് പൊതു വിദ്യാഭ്യാസ മേഖലയിലെ കൊള്ളയ്ക്കുവേണ്ടി കൂട്ടുപിടിക്കുകയല്ലേ? ഞങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് 6000 രൂപയായിരുന്നത് നിങ്ങൾ 36,000 രൂപയാക്കി. മെഡിക്കൽ കോളേജുകളിലെ ഫീസ് 11,000 രൂപയായിരുന്നത് നിങ്ങൾ 1,13,000 രൂപയാക്കി. നിങ്ങൾ പറയുന്നു, 'എന്തതിശയമേ സ്വാശ്രയ സ്നേഹം എത്ര മനോഹരമേ' എന്ന് എല്ലാവരും കൂടി പാടുക എന്ന് ഞങ്ങൾക്ക് ആ പാട്ട് പാടാൻ മനസ്സില്ല എന്ന് ഞാൻ പറയുകയാണ്. നിങ്ങൾ വിദ്യാഭ്യാസ രംഗത്തെ വമ്പന്മാർക്കും കൊള്ളക്കാർക്കും വേണ്ടി മാറ്റിവയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ, ഞാൻ ചോദിക്കട്ടെ അങ്ങയുടെ പ്രസംഗത്തിൽ ഒരു വാക്കുപോലും ബി. ജെ. പി.-യെപ്പറ്റി മിണ്ടിയോ? രാഷ്ട്രീയമാണ് എനിക്കറിയാം. പക്ഷെ നിങ്ങൾ മിണ്ടാത്തത് മനഃപൂർവ്വമാണ്. കാരണം കേരളത്തിൽ യു. ഡി. എഫ്.-ബി. ജെ. പി. ബന്ധം ഉണ്ടായിക്കൊണ്ടിരിക്കുയാണ്. അത് എപ്പോഴും ഉണ്ടായിരുന്നു. ഇപ്പോൾ അത് മറ നീക്കി രംഗത്തുവന്നുകഴിഞ്ഞു. ഇവിടെ ശ്രീ. കെ. എൻ. എ. ഖാദറിന്റെ നീണ്ടുപോയ പ്രസംഗത്തിൽ ഇറാനെപ്പറ്റി ഒരു വാക്കുപോലും മിണ്ടിയില്ലല്ലോ. ഇറാനിലെ ജനതയ്ക്കുനേരെ അമേരിക്കൻ സാമ്രാജ്യ മേധാവിത്വം യുദ്ധത്തിന്റെ തോക്ക് തിരിച്ച് പിടിക്കുമ്പോൾ ലീഗിന്റെ പ്രതിനിധിക്ക് ഇറാനുവേണ്ടി ഒരക്ഷരം മിണ്ടാൻ നാക്ക് പൊങ്ങുന്നില്ല. എന്തുകൊണ്ട്? ഇന്ന് ബി. ജെ. പി.-യുമായി ചങ്ങാത്തമുണ്ടാക്കാൻ ശ്രമിക്കുന്ന മുസ്ലീം ലീഗിനും യു. ഡി. എഫ്.-നും കോൺഗ്രസ്സിനും അങ്ങനെയൊന്നും മിണ്ടാൻ പറ്റുകയില്ല. ഞാൻ ഉറപ്പിച്ചു പറയുന്നു ഞങ്ങൾ സാമ്രാജ്യവിരുദ്ധ നയത്തിന്റെ ഭാഗത്ത് നിൽക്കുന്നവരാണ്. ഈ രംഗത്ത് ഞങ്ങൾ ഗാന്ധി, നെഹ്റു പാരമ്പര്യങ്ങളെ മാനിക്കുന്നവരാണ്. അതുകൊണ്ട് ഞങ്ങൾ പറയുന്നു ഇവിടെ ഇപ്പോൾ രൂപംകൊള്ളാൻ പോകുന്നത് ഒരു പ്രതിലോമതരം ഉൽപ്രേക്ഷയാണ്. നമുക്ക് അത് ഓർമ്മയുണ്ടല്ലോ, "മറ്റൊന്നിൻ ധർമ്മ യോഗത്താൽ അത് താനല്ലയോ ഇത് എന്ന് വർണ്യത്തിൽ ആശങ്ക ഉൽപ്രേക്ഷാഖ്യായലംകൃതി". ഞങ്ങൾ ഇപ്പോൾ കാണുന്നത് രാഷ്ട്രീയ ഉൽപ്രേക്ഷയാണ്. ഈ ഉൽപ്രേക്ഷയിൽ "അധികാരക്കൊതിതൻ ധർമ്മ യോഗത്തിൽ കോൺഗ്രസിന്റെ കൈപ്പത്തിതാൻ അല്ലയോ ബി. ജെ. പി.യുടെ താമര എന്ന് വർണ്യത്തിൽ ആശങ്കയല്ല യാഥാർത്ഥ്യമായ ബോധ്യമാണ്" എന്നാണ് പറയുന്നത്. ഞങ്ങൾ ഇതിനെ സന്ദർഭോചിതമായി കുഴിച്ച് മൂടും. കേരളമണ്ണിൽ കോൺഗ്രസ്സ്-ലീഗ്-ബി. ജെ. പി. കൂട്ടുകെട്ട് വീണ്ടും തഴച്ചാൻ പോകുകയാണ്. സംശയം ഉണ്ടെങ്കിൽ നമുക്ക് കാണാം. തീർച്ചയായിട്ടും കാണാം. ജനങ്ങൾക്ക് ഇതെല്ലാം അറിയാം ആ ജനങ്ങൾ തീരുമാനിക്കുന്നുണ്ട് എന്താണ് ചെയ്യേണ്ടതെന്ന്.

ഒരു കാര്യം കൂടി പറയട്ടെ, നമ്മുടെ പോലീസിന്റെ കാര്യം ഒരുപാട് പറയാനുണ്ട്. പക്ഷെ ഒറ്റവാക്ക് പറയട്ടെ, ഒരു പോലീസ് ഡി. ഐ. ജി. എസ്. പി. പാവം ഒരു ചെറുപ്പക്കാരന്റെ കഴുത്തറുത്ത് മാറ്റി, കുഴിച്ച് മൂടി. കാല് അറുത്തുമാറ്റി ഇവിടെ കുഴിച്ചുമൂടും. കൈ അറുത്ത് മാറ്റി വേറെ എവിടെയെങ്കിലും കുഴിച്ചുമൂടും. അത് ഡി. ഐ. എസ്. പി.യാണ്. ആ ഡി. ഐ. എസ്. പി.-ക്ക് മരണത്തിലെ വമ്പന്മാരുമായി ബന്ധമില്ലേ? ഒരു സി. ഐ.-യെ അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം കോഴിക്കോട് നിന്ന് കൈക്കൂലി വാങ്ങിക്കുമ്പോൾ കയ്യോടെ പിടികൂടി അയാളെ കോടതിയിൽ കൊണ്ടുപോകാതെ ജാമ്യത്തിൽ വിട്ടു. എന്താ കാരണം? പ്രധാനപ്പെട്ട ഒരു മന്ത്രിക്ക് വേണ്ടപ്പെട്ട ആളാണ് കൈക്കൂലി വാങ്ങിയ സി. ഐ. അതാണ് പോലീസ് ഭരണം. കേരളത്തിലെ പോലീസ് അധോലോകത്തിന്റെ നടത്തിപ്പുകാരായി മാറിക്കൊണ്ടിരിക്കുകയാണ്.. തട്ടിപ്പറിക്കൽ, കൊള്ള, മോഷണം, പിടിച്ചുപറി, ബലാൽസംഗം സ്ഥിരമായി നാം വായിക്കുന്ന വാർത്തയാണ്. പണ്ടൊരിക്കൽ വോറാ കമ്മീഷൻ പറഞ്ഞു ഒരു സമാന്തര ഗവൺമെന്റ് രൂപം കൊള്ളുകയാണ് എന്ന്. അധോലോകവും ഭരണാധികാരികളും

LIBRARY ARCHIVES Kerala Legislative Assembly

ബ്യൂറോക്രസിയും കൂടിച്ചേർന്ന സമാന്തര വാഴ്ചയെപ്പറ്റി പറഞ്ഞ വോറ കമ്മീഷന്റെ മുന്നറിയിപ്പ് ഈ കേരളത്തിൽ യാഥാർത്ഥ്യമാവുകയാണ്. യു. ഡി. എഫ്-ന്റെ മന്ത്രിമാരും അധോലോക തമ്പുരാന്മാരും ബ്യൂറോക്രസിയിലെ കുറേപേരും കൂടി ചേർന്ന സമാന്തര ഗവൺമെന്റ് കേരളത്തിന്റെ എല്ലാ പാരമ്പര്യങ്ങളെയും വെല്ലുവിളിക്കുകയാണ്. അത് കാണുന്ന ജനങ്ങൾ പറയുന്നു, ഈ അധോലോക വാഴ്ചയ്ക്ക് അന്ത്യം കുറിക്കാൻ പോകുകയാണ്. യു. ഡി. എഫ്.-ന് മാപ്പ് ഇല്ലേയില്ല. നമ്മുടെ നാടിന്റെ ശോഭനമായ ഭാവിക്ക് വേണ്ടി എൽ. ഡി. എഫ്. മാത്രമേയുള്ളൂ. ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെപ്പറ്റി ഇവിടെ പറഞ്ഞു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വേണ്ടാത്തതുകൊണ്ട് പാർട്ടി ഗൂഢാലോചന പറഞ്ഞയച്ച ആളാണ് പറയുന്നത്, ഇവിടുത്തെ ഏറ്റവും വലിയ കുറ്റം കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യമായി ഭരിച്ചതാണെന്ന്. ഞാൻ അഭിമാനപൂർവ്വം പറയട്ടെ 1957-ൽ ആദ്യമായി ഭരിച്ച കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് കേരളത്തിന്റെ വികസനത്തിന് വേണ്ടിയുള്ള യഥാർത്ഥമായ പാത ആദ്യമായി വെട്ടി തെളിച്ചത്. ഞങ്ങൾ ഇല്ലാത്ത വികസനം ഉണ്ടോ ഈ കേരളത്തിൽ? ഞങ്ങൾ ഇല്ലാത്ത നേട്ടവും ഇല്ല. ഈ കേരളത്തിൽ ഞങ്ങൾ പറയാത്ത, ഞങ്ങൾ പൂണ്ടിക്കാണിക്കാത്ത ഒരു പുരോഗതിയും ഒരു വികസനവും ഉണ്ടായിട്ടില്ല. ഉണ്ടാകാനും പോകുന്നില്ല. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ ഇടതുപക്ഷക്കാർ, ഞങ്ങളാണ് ഈ കേരളത്തിന്റെ ഭാവിക്കുവേണ്ടി യഥാർത്ഥമായ വഴിതെളിച്ചത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. വക്കം പുരുഷോത്തമൻ</u>) : അച്ചുതമേനോന്റെ ഗവൺമെന്റല്ലേ ഏറ്റവും കൂടുതൽ ചെയ്തത്.

<u>ശ്രീ ബിനോയ് വിശ്വം</u> : അച്ചുതമേനോൻ കമ്മ്യൂണിസ്റ്റുകാരനാണ്. ഞങ്ങളുടെ അഭിമാനമാണ്. എല്ലാവരും കേൾക്കാൻവേണ്ടി പറയുന്നു, ശ്രീ. വക്കം പുരുഷോത്തമൻ കേൾക്കാൻവേണ്ടി പറയുന്നു കമ്മ്യൂണിസ്റ്റുകാർ പങ്ക് വഹിക്കാത്ത, ഞങ്ങൾ ഇല്ലാത്ത ഒരു പുരോഗതിയും മുന്നേറ്റവും ഉണ്ടായിട്ടില്ല. ഉണ്ടായി എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അവർക്ക് ചരിത്രവും, സത്യവും അറിയില്ല. ഞാൻ എന്റെ വാക്കുകൾ ചുരുക്കുംമുമ്പ് ഉത്തരം പറയാൻ പോകുന്ന ഗവൺമെന്റിന്റെ ഭാഗത്തുള്ള മന്ത്രിമാർ ആരാണെങ്കിലും അവർക്ക് ഉത്തരം പറയാൻ വേണ്ടി നാല് പേപ്പർ മേശപ്പുറത്ത് വയ്ക്കുകയാണ്. അത് അങ്ങ് കേൾക്കണം. ഒന്നാമത്തേത് ഒരു സാധുവായ സ്ത്രീയുടേതാണ്. ഷീല എന്നുപേരായ ഒരു സ്ത്രീ. അവർ പറയുന്നത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെപ്പറ്റിയാണ്. അത്ഭുതങ്ങൾ ഉണ്ടാക്കി ആ പരിപാടി! ആ പരിപാടിയിൽ അവർ കൊടുത്ത കത്തിന്റെ കോപ്പിയാണ് ഇത്. ആ സ്ത്രീയുടെ സഹോദരൻ എന്നെ വന്ന് കണ്ട് തന്നതാണ്. ഇതിൽ പറയുന്നത് ഒരു പോലീസ് ഓഫീസർ പാവം സ്ത്രീയെ വീട്ടിൽ കിടന്നുറങ്ങാൻ സമ്മതിക്കുന്നില്ലെന്നാണ്, നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് ജീവിക്കേണ്ടേ? അന്തപ്പെങ്കമാർക്ക് കിടന്നുറങ്ങണ്ടേ? ആ സ്ത്രീ പറയുകയാണ്. 12 വയസ്സും 7 വയസ്സും പ്രായമുള്ള രണ്ട് മക്കളുമായി ഒറ്റയ്ക്ക് ജീവിക്കുന്ന യുവതിയാണ് ഞാൻ. എന്റെ ഭർത്താവ് ദാസൻ വിദേശത്താണ്. ഈ വിഷയവുമായി

LIBRARY ARCHIVES Kerala Legislative Assembly

അവർ ചെന്നുമുട്ടാൻ ഇനി ആരുംതന്നെ ബാക്കിയില്ല. വനിതാ കമ്മീഷൻ, നിയമസഭാ കമ്മിറ്റി, മനുഷ്യാവകാശ കമ്മീഷൻ, ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ ഇവരെ എല്ലാവരെയും കണ്ടിട്ടാണ് ആ സ്ത്രീ അവസാനം മുഖ്യമന്ത്രിയെ കാണാൻ പോകുന്നത്. എല്ലാത്തിനും നിമിഷം കൊണ്ട് പരിഹാരം കൽപിക്കുന്ന മുഖ്യമന്ത്രി അത് വാങ്ങിച്ചിട്ട് ശരിയാക്കാം എന്നുപറഞ്ഞു. ഇത് പറയുന്നത് നവംബർ മാസം 24-ാം തീയതി, അയച്ച കത്തിൽ പറയുകയാണ് 15 ദിവസത്തിനകം തീർപ്പ് ഉണ്ടാക്കണം എന്ന്, തീർപ്പു ണ്ടാകാത്ത ഈ പ്രശ്നം പറഞ്ഞുകൊണ്ട് ആ സ്ത്രീ എന്നെ ഏൽപ്പിച്ച ഈ ഹർജി ഞാൻ ഇതാ ഈ സഭയുടെ മുൻപാകെ വയ്ക്കുന്നു. (ഹർജി സഭയുടെ മേശപ്പുറത്തു വച്ചു) രണ്ടാമത്തേത് ചീഫ് ഇൻഫർമേഷൻ കമ്മീഷന് ഈ സഭയിലെ ഒരു അംഗം കൂടിയായ ഞാൻ കൊടുത്ത കത്താണ്. 21-12--ൽ കൊടുത്ത ഈ കത്തിന് ഇതുവരെയും മറുപടി പോലും കിട്ടിയിട്ടില്ല. സുനാമി ഫണ്ട് സംബന്ധിച്ച ഈ കത്ത് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു. മൂന്നാമത്തെ കത്ത് മിശ്ര വിവാഹിതരായിട്ടുള്ള ദമ്പതിമാരുടെ കാര്യമാണ്. ആദിവാസികളും ഹരിജനങ്ങളുമായ എസ്. സി./എസ്. ടി.-കാരായ മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങളുടെ കാര്യത്തിൽ ഇതുവരെയും അച്ഛന്റെയും അമ്മയുടേയും ജാതി പരിഗണിക്കപ്പെടുമായിരുന്നു. ആദിവാസി പ്രേമത്തെപ്പറ്റി വളരെ പറയുന്ന യു. ഡി. എഫ്. അധികാരം കയ്യാളുമ്പോൾ, സുപ്രീം കോടതി വിധിയുടെ മറപറ്റിക്കൊണ്ട് അമ്മയുടെ ജാതി പരിഗണിക്കപ്പെടാൻ പറ്റില്ല എന്ന ആദിവാസികൾക്ക് എതിരായിട്ടുള്ള സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു ഹർജിയാണ്. ഞാൻ ഈ ഹർജി മൂന്നാമതായി മേശപ്പുറത്ത് വയ്ക്കുന്നു. നാലാമതായി സുനാമി ഫണ്ടിന്റെ ദുരിതങ്ങളെല്ലാം ഏറ്റുവാങ്ങി ജീവിക്കുന്ന ഒരു പാവം പിടിച്ച മനുഷ്യന്റെ അപേക്ഷയാണ്. ഹർജികൾ ഉത്തരം കിട്ടാൻവേണ്ടി.....

[ചെയറിൽ ശ്രീ. എം. മുകുളി]

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ.....

വി. ഡി. സതീശൻ : എല്ലാ എം. എൽ. എ.-മാരുടേയും കയ്യിൽ അതാത് നിയോജകമണ്ഡലങ്ങളിൽനിന്നും കിട്ടിയ ഒരുപാട് ശുപാർശകളും ഹർജികളും ഇരിപ്പുണ്ട്. ഞങ്ങളെല്ലാവരും തിങ്കളാഴ്ച രാവിലെ ഇതുമായിട്ടാണ് എത്തിയിരിക്കുന്നത്. ഇതെല്ലാം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് ഓർഡറിലാണോ? ..... ബഹളം .....

മി. ചെയർമാൻ : ജനപ്രതിനിധികളുടെ കയ്യിലുള്ള നിവേദനങ്ങൾ മന്ത്രിമാർക്ക് അല്ലെങ്കിൽ മുഖ്യമന്ത്രിക്ക് നേരിട്ട് കൊടുക്കേണ്ടതിന് പകരം ചർച്ചാ വേളയിൽ മേശപ്പുറത്ത് വയ്ക്കുന്നത് ഒരു പുതിയ കീഴ്വഴക്കമാണ്.

ശ്രീ. കെ. വി. രാജേന്ദ്രൻ : ഇത് പൊതു പ്രാധാന്യമുള്ളതാണ്. അങ്ങയുടെ അനുവാദത്തോടെ വയ്ക്കാമല്ലോ?

മി. ചെയർമാൻ : ചെയറിന്റെ അനുവാദത്തോടുകൂടി മാത്രമേ ഈ പേപ്പർ മേശപ്പുറത്ത് വയ്ക്കാനൊക്കുകയുള്ളൂ ..... ബഹളം .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഒരു പൊതു പ്രാധാന്യമുള്ള വിഷയം സഭയ്ക്ക് അറിയാൻ അവകാശമില്ലേ?

ശ്രീ. ബിനോയ് വിശ്വം : ഞാൻ ഈ 4 പേപ്പർ വയ്ക്കുന്നെന്ന് പറഞ്ഞപ്പോൾ അങ്ങ് എന്നോട് അനുകൂലമായും പറഞ്ഞില്ല, പ്രതികൂലമായും പറഞ്ഞില്ല. ഞാനിത് വച്ചപ്പോഴേക്കും നൊവുന്ന മന്ത്രിമാർ, ഭയപ്പെടുന്ന ഗവൺമെന്റ് പറയുന്നു ഇതെല്ലാം അപരാധമാണെന്ന്. ഞങ്ങൾ പറയുന്നു ഇതെല്ലാം സത്യമാണെന്ന്. ഇത് ജനങ്ങൾക്ക് അറിയേണ്ട കാര്യമാണ്. അതുകൊണ്ട് നാണമുണ്ടെങ്കിൽ ഗവൺമെന്റ് ഉത്തരം പറയട്ടെ. അല്ലാതെ സാങ്കേതികമായ വാദങ്ങൾ പറഞ്ഞുകൊണ്ട് സത്യത്തിന്റെ വായ് മൂടിക്കെട്ടാൻ ശ്രമിക്കുന്നത് യു. ഡി. എഫ്-ന് ഭൂഷണമല്ല. അതുകൊണ്ട് ഞാനിതാ എല്ലാ ആദരവോടുംകൂടി ഈ നാല് രേഖകളും സഭയുടെ മുൻപാകെ വയ്ക്കുന്നു. അങ്ങ് അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ..... ബഹളം ..... ബഹളം .....

മി. ചെയർമാൻ : ദയവായി അങ്ങ് പ്രസംഗം അവസാനിപ്പിക്കൂ. ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. കീഴ്വഴക്കങ്ങൾ നോക്കി ചെയർ ഒരു തീരുമാനം എടുക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ കയ്യിൽ കിട്ടിയിട്ടുള്ള രേഖ ഗവൺമെന്റിന് കൊടുത്തത് സംബന്ധിച്ചുള്ള ഒരു പ്രശ്നമാണ് ഉന്നയിച്ചത്. ഇത് സംബന്ധിച്ച് ഗവൺമെന്റ് ശ്രദ്ധിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ഇത് സഭയുടെ മേശപ്പുറത്ത് വച്ചത്. സഭയുടെ മേശപ്പുറത്ത് രേഖ വയ്ക്കുന്നതിന് ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങൾ അനുസരിച്ചുകൊണ്ട് ഒരു മെമ്പർക്ക് രേഖ മേശപ്പുറത്ത് വയ്ക്കാം. അങ്ങനെ രേഖ മേശപ്പുറത്ത് വച്ചുകഴിഞ്ഞാൽ അത് സഭയുടെ പൊതു സ്വത്തായിട്ട് മാറും. ഇത് അങ്ങ് പരിശോധിച്ചുകൊണ്ട് ഗവൺമെന്റിന് പരിശോധിക്കാനുള്ള അവസരം കൊടുക്കാനുള്ള വിധത്തിൽ ഒരു തീരുമാനം കൈക്കൊള്ളണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : മേശപ്പുറത്ത് വയ്ക്കുന്ന എല്ലാ പേപ്പറുകളും സഭയുടെ രേഖയാകില്ല. ആവശ്യമില്ലാത്ത കീഴ്വഴക്കങ്ങൾ ഉണ്ടാക്കേണ്ട. അങ്ങ് പരിശോധിച്ചിട്ട് തീരുമാനമെടുക്കണം.

ശ്രീ. ബിനോയ് വിശ്വം : സർ, അങ്ങ് ഉചിതമായ, ന്യായമായ തീരുമാനം കൈക്കൊള്ളുക. ഈ സഭ ജനങ്ങളുടെ വികാര-വിചാരങ്ങൾ പ്രതിഫലിപ്പിക്കേണ്ടുള്ളതാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

മി. ചെയർമാൻ : പ്രതിപക്ഷ ഉപനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശൻ പോയിന്റ് ഓഫ് ഓർഡറിൽ ചൂണ്ടിക്കാണിച്ചതുപോലെ ഇക്കാര്യത്തിൽ സഭയുടെ കീഴ്വഴക്കവും
1.00 p.m. റൂൾസും പരിശോധിച്ചുകൊണ്ട് ചെയർ ഒരു തീരുമാനമെടുക്കും പക്ഷേ, ഒരുകാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ചർച്ചകൾ നടക്കുമ്പോൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ തർക്കവിതർക്കങ്ങളുണ്ടാകുമ്പോൾ രേഖ മേശപ്പുറത്ത് വയ്ക്കാൻ ഒരു മെമ്പർക്ക് ആവശ്യപ്പെടാം. അപ്പോൾ ചർച്ചയിൽ പങ്കെടുക്കുന്ന അംഗം രേഖ മേശപ്പുറത്ത് വയ്ക്കാറുണ്ട്. അതുപോലെ തന്നെ ഇവിടെയുള്ള കീഴ്വഴക്കങ്ങൾ പരിശോധിച്ചുകൊണ്ട്, ബന്ധപ്പെട്ട റൂൾസ് പരിശോധിച്ചുകൊണ്ട് ഇക്കാര്യത്തിൽ ചെയർ ഒരു തീരുമാനം എടുക്കും.

<u>ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി</u> : സർ, യു. ഡി. എഫ്. സർക്കാരിന്റെ നയപരിപാടികൾ പ്രഖ്യാപിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ സഭയിൽ ചെയ്ത പ്രസംഗത്തിന് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഈ സർക്കാരിന്റെ വികസന പ്രഖ്യാപനങ്ങളെ പിന്തുണയ്ക്കുന്നതിന് അങ്ങേയറ്റം ചാരിതാർത്ഥ്യമുണ്ട്. സംസ്ഥാനം മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വികസന നവോത്ഥാനത്തിനാണ് നാം ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ജനക്ഷേമത്തിനും സമസ്ത മേഖലയേയും സ്പർശിക്കുന്ന വികസനവുമായി അവിശ്രമം പണിയെടുക്കുന്ന ഒരു മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഊർജ്ജസ്വലമായ ഒരു സർക്കാരും സംസ്ഥാനത്തിന് നേടിത്തരുന്ന നേട്ടങ്ങൾ പ്രശംസനീയമാണ്. അഞ്ച് വർഷങ്ങൾക്ക് മുമ്പ് ശുഷ്കമായ ഖജനാവ് ഏറ്റെടുത്ത് ശക്തമായ ധനകാര്യ മാനേജ്മെന്റിലൂടെ ഇത്രയും കാര്യങ്ങൾ ചെയ്തു എന്നുള്ളത് ഈ സർക്കാരിന്റെ മഹത്വം നിലനിർത്തുന്നതാണ്. വികസനം എന്നാൽ ധൂർത്ത് എന്ന പഴയ മുദ്രാവാക്യത്തിൽനിന്ന് സാമ്പത്തികസുസ്ഥിരത കൈവരിക്കുന്നതിന് അൽപം ത്യാഗം ചെയ്യുന്നതിന് ചില വിഭാഗങ്ങളെ പ്രേരിപ്പിച്ചുവെങ്കിലും അതുവഴി സംസ്ഥാനം നേടിയെടുത്ത വിശ്വാസ്യത അളവറ്റതാണ്. 500 രൂപയുടെപോലും ഒരു ട്രഷറി ചെക്ക് മടങ്ങിയ അന്നത്തെ സാഹചര്യത്തിൽനിന്നും സംസ്ഥാനം കൈവരിച്ച ഉയർത്തെഴുന്നേൽപ്പ് വിസ്മരിക്കാവുന്നതല്ല. കോടിക്കണക്കിന് രൂപ കരാറുകാർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന ആ കാലത്തുനിന്നും മരാമത്ത് പണികൾ മുൻപ്രഖ്യാപിച്ച തീയതിക്കുതന്നെ പൂർത്തീകരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്യുന്ന നിലയിലേക്ക് സംസ്ഥാനത്തെ മാറ്റാൻ കഴിഞ്ഞു എന്നുള്ളത് ചെറിയ നേട്ടമല്ല. സംസ്ഥാനം ഈ കാലയളവിൽ നേടിയ വായ്പാതുക എങ്ങനെ ചെലവഴിച്ചു എന്ന് ചില കേന്ദ്രങ്ങളിൽ നിന്നും ചോദ്യം ഉന്നയിച്ചിട്ടുണ്ട്. കേരളത്തിൽ തെക്കുവടക്ക് യാത്ര ചെയ്യുന്ന ഇവർക്ക് നവീന രീതിയിലുള്ള റോഡുകളും പണി തീർക്കപ്പെട്ട പുതിയ പാലങ്ങളും പദ്ധതികളും നവീകരിക്കപ്പെട്ട ഓഫീസുകളും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പുതിയ വികസനങ്ങളും കാണാൻ കഴിയുന്നില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. വികസനം എന്നതിന് പുതിയ നിർവ്വചനം ജനമനസ്സിൽ നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. പ്രത്യയശാസ്ത്രപരമായ കടുംപിടുത്തങ്ങളിലെ നിരർത്ഥകത ജനം മനസ്സിലാക്കിക്കഴിഞ്ഞു. മുമ്പ് എതിർക്കപ്പെട്ട ആശയഗതികളെ ഇപ്പോൾ സ്വീകരിക്കുന്ന ഇടതുപക്ഷത്തിന്റെ ശൈലി ജനങ്ങൾ അറിഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രപതി ഈ സഭയിൽ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽനിന്നും പ്രചോദനം സ്വീകരിച്ച് അഞ്ചുവർഷക്കാലം കൊണ്ട് പൂർത്തിയാക്കുന്നതിനായിട്ടുള്ള ഒരു പദ്ധതി ഈ സർക്കാർ വിഭാവനം ചെയ്തിരിക്കുകയാണ്. രാഷ്ട്രപതിയുടെ നിർദ്ദേശങ്ങളെ വളരെ ആത്മാർത്ഥതയോടുകൂടി വിശകലനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യാൻ ശ്രമിക്കുകയാണ് ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. സമൂഹത്തിലെ അധഃസ്ഥിതർക്കുവേണ്ടി വെറുതെ അധരവ്യായാമം ചെയ്യുന്നതിന് പകരം അവരുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷ ലക്ഷ്യമാക്കി കുടുംബശ്രീ, ആശ്രയ, പ്രത്യാശ, മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ സ്തുത്യർഹമാണ്. സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 25 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനംചെയ്യുന്ന ഒരു പദ്ധതി സർക്കാരിന് അടിസ്ഥാന വിഭാഗങ്ങളോടുള്ള പ്രതിബദ്ധതയ്ക്ക് ഉദാഹരണമാണ്. റവന്യൂ വകുപ്പിന്റെ കീഴിൽ സർക്കാർ വളരെയേറെ നല്ല കാര്യങ്ങൾ സംസ്ഥാന ജനതയ്ക്ക് ചെയ്യാൻ സാധിച്ചു. സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ സർക്കാർ വളരെ പ്രാധാന്യത്തോടുകൂടി നടപ്പിലാക്കി. പുനരധിവാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് രൂപീകരിക്കുകയും മറ്റുപ്രധാനമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ട് സുനാമിബാധിതരുടെ ജീവിതവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുവാൻ സാധിച്ചു. കടൽഭിത്തി നിർമ്മാണം, വനിതാ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കടലിലെ ജീവൻരക്ഷാ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വളരെ പ്രാധാന്യം നൽകി സർക്കാർ നടപ്പിലാക്കി വരികയാണ്. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുകയും പരിഷ്കാരങ്ങൾ നടപ്പിലാക്കുകയും നിയമസംഹിതകൾക്ക് കാലാനുസൃതമായ മുഖച്ഛായ നൽകുന്നതിനുമുള്ള നടപടികൾ നിയമങ്ങളുടെ വാഴ്ചയ്ക്കും വ്യാഖ്യാനങ്ങൾക്കും പുതിയ മുഖം നൽകി എന്നുള്ളത് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കപ്പെട്ട റവന്യൂ അദാലത്തുകൾ സാധാരണക്കാരന്റെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും അതുവഴി സാധാരണ ഒരു പൗരന് സർക്കാരിനോടുള്ള വിശ്വാസ്യത വർദ്ധിപ്പിക്കാനും കഴിഞ്ഞു. 86,500-ൽ അധികം പട്ടയവും 10,000-ൽ അധികം കൈവശ രേഖയും അനുവദിച്ച് സാധാരണ കൈവശക്കാർക്ക് ആശ്വാസം എത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. കാർഷിക മേഖലയിൽ സർക്കാർ സ്തുത്യർഹങ്ങളായ നേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്. കാർഷിക മേഖലയിലെ വായ്പാ പലിശ നിരക്ക് കുറച്ചു. കിസാൻ ക്രഡിറ്റ് കാർഡ് നടപ്പിലാക്കൽ, കൃഷി ഇൻഷുറൻസ് പദ്ധതി, വയനാട് ജില്ലയിലുള്ള പ്രത്യേക പാക്കേജ്, ജൈവകൃഷി പ്രോത്സാഹന പദ്ധതി, പഴങ്ങൾ പച്ചക്കറികൾ മുതലായവയുടെ കയറ്റുമതിക്കുള്ള പ്രത്യേക മേഖലകൾ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, പ്രധാനപ്പെട്ട കാർഷിക വിളകൾക്കുള്ള ഇൻഷുറൻസ് പദ്ധതി മുതലായ സർക്കാർ ഏറ്റെടുത്ത പ്രത്യേക നേട്ടങ്ങളാണ്. നെല്ല് സംഭരണത്തിന് ഈ സർക്കാർ വിളവെടുപ്പിന് കാത്തു നിൽക്കാതെ മുൻകൂട്ടി സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഞാൻ പ്രതിനിധീകരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അപ്പർ കുട്ടനാട് പ്രദേശങ്ങളടക്കം കേരളത്തിലെ സകല നെൽകർഷകർക്കും വളരെ ആശ്വാസകരമായ ഒരു നടപടിയാണ് ഇത്. ഈ നടപടിക്ക് സർക്കാരിനെ എത്ര പ്രകീർത്തിച്ചാലും മതിയാകില്ല. കാരണം കൊയ്ത്തുസമയത്ത് നെൽകൃഷിക്കാർ നെല്ല് വിറ്റഴിക്കാൻ അനുഭവിക്കുന്ന പ്രയാസങ്ങൾക്കുള്ള ഈ സർക്കാരിന്റെ മുൻകൂട്ടിയുള്ള പരിഹാരം ഏറ്റവും പ്രശംസനീയമാണ്. സംസ്ഥാന ചരിത്രത്തിലാദ്യമായിട്ട് ഒരു സർക്കാർ വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക് കുറയ്ക്കാൻ ഒരു തീരുമാനം കൈക്കൊണ്ടിരിക്കുകയാണ്. ജനക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു സർക്കാരിനു മാത്രമേ ഇത്തരം നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. രാഷ്ട്രീയ കൊലപാതകങ്ങൾ ഇപ്പോൾ 5 വർഷത്തിലധികം പഴക്കമുള്ള ഓർമ്മകൾ മാത്രമാണ്. കുറ്റകൃത്യങ്ങൾക്ക് ഫലപ്രദമായ അന്വേഷണവും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാനും ശിക്ഷിക്കാനും ഈ കാലയളവിൽ സാധിച്ചുയെന്നുള്ളത് ഈ സർക്കാരിന്റെ സ്തുത്യർഹമായ ഒരു നേട്ടമാണ്. തുറന്ന സമീപനത്തോടുകൂടിയും സമവായത്തിലൂടെയും സമുദായസ്പർദ്ധ ഒഴിവാക്കി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനുള്ള തുടർ നടപടികൾ ഈ സർക്കാർ സാന്ദർഭികമായി നടപ്പിലാക്കിയത് എല്ലാ വിഭാഗങ്ങളിൽ നിന്നും പ്രശംസ നേടാൻ ഈ സർക്കാരിന് കഴിഞ്ഞു. നേട്ടങ്ങളിൽ നിന്ന് നേട്ടങ്ങളിലേക്ക് കുതിച്ചുപായുന്ന ഈ സർക്കാരിന് എല്ലാ പിന്തുണയും നൽകിക്കൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഒരു ഗവൺമെന്റിന്റെ പ്രവർത്തനത്തെ പ്രധാനമായും വിലയിരുത്തുന്നത് ആ രാജ്യത്തിലുള്ള ജനങ്ങളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും, കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്നതിനും വിജയിച്ചോ പരാജയപ്പെട്ടോ എന്നതിനെ വിലയിരുത്തിയാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കുന്ന മേഖല കാർഷിക മേഖലയാണ്. മാരോ വർഷം കൂടുന്തോറും കാർഷിക മേഖലയിൽ നിലവിലുണ്ടായിരുന്ന തൊഴിൽ കുറഞ്ഞുവരുന്നുവെന്ന് ഗവൺമെന്റുമായി ബന്ധപ്പെട്ട ഔദ്യോഗിക കണക്കുകൾപോലും വ്യക്തമാക്കുന്നു. കാർഷിക മേഖല കഴിഞ്ഞാൽ പരമ്പരാഗത വ്യവസായ മേഖലകളിലും, കശുവണ്ടി, കയർ, കൈത്തറി, ബീഡി തുടങ്ങിയ മേഖലകളിലെല്ലാം കഴിഞ്ഞ കാലത്തുണ്ടായതിനേക്കാളും തൊഴിൽ കുറഞ്ഞുവരുന്നു. അങ്ങനെ എല്ലാ മേഖലകളിലും പ്രതിസന്ധിയാണ്. പിന്നീടുള്ളത് വ്യവസായ മേഖലയാണ്. ഓരോ ജില്ലയിലും വ്യവസായ ശാലകൾ പൂട്ടരുതെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ പ്രക്ഷോഭണങ്ങൾ നടത്തുന്നു. അപ്പോൾ ഞാൻ വ്യക്തമാക്കുന്നത് ഒരു ഗവൺമെന്റിനെ വിലയിരുത്തുന്നതിന്റെ പ്രധാന ഘടകം ആ ഗവൺമെന്റ് ഭരിക്കുന്ന അവസരത്തിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സാധിച്ചോ, അതോ നിലവിലുള്ള തൊഴിൽ സാധ്യതകൾ കുറയാനിടയായോ എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. യു. ഡി. എഫ്. ഗവൺമെന്റിനെ സംബന്ധിച്ച് നിലവിലുള്ള തൊഴിൽ സാധ്യതകൾ കുറയാനിടയായി എന്ന് വസ്തുനിഷ്ഠമായി വ്യക്തമാക്കാൻ സാധിക്കും. ഇവിടെ പറയാനുള്ള 2

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങളിൽ ഒന്നാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ചുള്ളത്. പക്ഷേ ഞാൻ അതിനെ സംബന്ധിച്ച് വിശദമായി പറയുന്നില്ല. എല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലം തൊട്ട് ഈ നിയമസഭയ്ക്കകത്തും, പുറത്തും മുസ്ലീം ലീഗിന്റെ നേതാക്കന്മാർ ജോലിയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാത്ത വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പ്രാതിനിധ്യം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതാണ്. ഇന്നവർതന്നെ നമ്മളോട് ചരിത്രപരമായ ഒരു നിയമനിർമ്മാണം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഇല്ലാത്ത നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന് മുകളിൽ എടുത്തിരിക്കുന്നുയെന്ന് പറയുമ്പോൾ ജസ്റ്റീസ് നരേന്ദ്രൻ പോലും പരിഹസിച്ചിരിക്കുന്ന ഒരു അവസ്ഥയുണ്ടാകും.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിന് സാധ്യമല്ലായെന്ന് പറഞ്ഞിട്ടുള്ളത് അറിയാമോ ശ്രീ. സി. കെ. നാണുവിന്. അങ്ങനെ പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. കെ. നാണു : ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ എങ്ങനെ റിക്രൂട്ട്മെന്റ് വേണം. അല്ലെങ്കിൽ ഇതെങ്ങനെ പരിഹരിക്കണം എന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ലായെന്ന താങ്കളുടെ വാദഗതി ഉൾക്കൊണ്ടുകൊണ്ട് ഞാൻ ചോദിക്കുകയാണ്, അങ്ങ് സ്പീക്കറായിരുന്നപ്പോഴും, ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴും ഈ നിയമസഭയിൽ ഉത്തരവാദപ്പെട്ട മുസ്ലീം ലീഗിന്റെ നേതാക്കൾ പ്രസംഗിക്കുന്നതും, പുറത്ത് അവർ പ്രക്ഷോഭണങ്ങൾ നടത്തിയതും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയില്ലായെന്ന് പറഞ്ഞ് ഒന്നാമത്തെ കക്ഷിയിൽ ഇരുന്നുകൊണ്ട് വികാരപ്പെട്ട മുസ്ലീംലീഗിന്റെ നേതാക്കളേയും അങ്ങ് കണ്ടതാണല്ലോ. ഒരു ഭരണകക്ഷി എന്ന നിലയ്ക്കുതന്നെ ഒരു പക്ഷേ ഇവർ പറയുന്നപോലെ സാധ്യമല്ലാത്തതായിരിക്കാം. പക്ഷേ കേരളത്തിന്റെ പിന്നോക്ക വിഭാഗത്തിന്റെ പേരിൽ ജോലി ലഭിക്കാത്തവരെ അണി നിരത്തിക്കൊണ്ട് പ്രക്ഷോഭം നടത്തിയിട്ട് അവസാനം തെരഞ്ഞെടുപ്പ് അടുത്ത ഘട്ടത്തിൽ കേരളത്തിലെ മുസ്ലീം മത ന്യൂനപക്ഷ സമുദായവുമായി ബന്ധപ്പെട്ട് തെറ്റായ ഒരു പ്രചരണം കാസർകോട് മുതൽ പാറശ്ശാലവരെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി പ്രചാരണം നടത്തി വോട്ട് നേടാൻ ശ്രമിച്ച ഒരു തന്ത്രമുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾതന്നെ ഉണ്ടാക്കിയ 2-3 തെരഞ്ഞെടുപ്പുകൾ കഴിഞ്ഞശേഷം ചിലപ്പോൾ അതിന്റെയും സ്വീധീനതകൊണ്ടാകാം തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. അതിനുശേഷം നിങ്ങൾ പ്രക്ഷോഭത്തിലേക്ക് നയിച്ച ജനവിഭാഗത്തോട് പറഞ്ഞത് നമ്മൾ വിജയിച്ചിരിക്കുന്നുയെന്ന്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതും, അതിനുവേണ്ടി പ്രക്ഷോഭണങ്ങൾ നടത്തിയതും ഈ രാജ്യം കണ്ടതാണ്. കേരള നിയമസഭയിൽ ഒരുപക്ഷേ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വരുന്നതിനേക്കാളും മുമ്പ് റിസർവേഷനുണ്ടായ സംസ്ഥാനമാണ് നമ്മുടേത്. അപ്പോൾ സംവരണം പരീക്ഷിക്കുന്നതിനെ സംബന്ധിച്ചുള്ള ചരിത്രങ്ങളൊക്കെ പരിശോധിക്കുമ്പോൾ ദീർഘിച്ച പാരമ്പര്യം കേരള നിയമസഭയ്ക്കുണ്ട്. അതിനെയൊക്കെ ചെറുതാക്കിക്കൊണ്ട് നിങ്ങൾ പരാജയപ്പെട്ടു എന്ന് ഞാൻ പറയുന്നില്ല. നിങ്ങളിന്ന് പ്രധാനമായി

LIBRARY ARCHIVES Kerala Legislative Assembly

ഇത് അംഗീകരിക്കാതെ നിങ്ങൾ എടുത്ത തീരുമാനത്തെ അത് ശരിയാണെന്ന് പറയാനുള്ള നിങ്ങളുടെ അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ആ നിലപാട് സ്വീകരിച്ചത് ശരിയാണെന്ന് നിങ്ങൾക്ക് മരണകക്ഷി എന്ന നിലയിൽ അംഗീകരിക്കാം.

ശ്രീ. പി. ജെ. ജോയി : നരേന്ദ്രൻ കമ്മീഷനെ ഭാഗികമായെങ്കിലും അംഗീകരിക്കാൻ കഴിഞ്ഞെന്നുള്ള വസ്തുത സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. സി. കെ. നാണു : ഞാൻ ബഹുമാനപ്പെട്ട അംഗത്തോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇവിടെ ജനറലായി, നമ്മൾ സംവരണം അർഹിക്കുന്ന വിഭാഗത്തിന് ജോലി ലഭിച്ചു എന്ന് പറയുന്നത് മെറിറ്റിൽ ലഭിച്ച സീറ്റുകൾപോലും ചേർത്തുകൊണ്ടാണ് പറയുന്നതെന്ന് ജസ്റ്റീസ് നരേന്ദ്രൻപോലും വ്യക്തമാക്കിയ സംഭവങ്ങളുണ്ട്. നിങ്ങളിതിനെ സംബന്ധിച്ച് എവിടെ ഫലപ്രദമായ ചർച്ച നടത്തി?

ശ്രീ. എ. എൻ. രാജൻ ബാബു : ബഹുമാനപ്പെട്ട മെമ്പർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികളെ സംബന്ധിച്ച് ഏതെങ്കിലും കാര്യത്തിൽ അങ്ങേക്ക് എതിർപ്പുണ്ടോ?

ശ്രീ. സി. കെ. നാണു : എന്റെ സംശയം ഈ നിയമസഭയിൽ നിങ്ങൾ ചർച്ച ചെയ്തു, നിങ്ങൾ ഓരോ കക്ഷിയോടും അഭിപ്രായം ആരാഞ്ഞു. എന്തിനുവേണ്ടി? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നു. നടപടികൾ സ്വീകരിച്ചോയെന്ന് വ്യക്തമാക്കേണ്ടത് നിങ്ങളാണ്. എല്ലാ കക്ഷികളും പറഞ്ഞു, ഞാനന്ന് കണ്ടതാണ്. ഇവിടെ സി. പി. ഐ. (എം)-ന്റെ അഭിപ്രായം സി. പി. ഐ. (എം) പറഞ്ഞു. ഞങ്ങളുടേത് പറഞ്ഞു. എനിക്ക് സമയമില്ലാത്തതുകൊണ്ട് ഞാൻ ആ ഭാഗത്തേക്ക് പോകുന്നില്ല. രണ്ടാമത്തെ പ്രശ്നം വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യാ രാജ്യത്ത് കേരളംപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിന്ന ഒരു സംസ്ഥാനമുണ്ടായിരുന്നു. നിങ്ങൾ ഈ വിദ്യാഭ്യാസ മേഖലയെ കച്ചവടക്കാർക്ക് എറിഞ്ഞുകൊടുത്തു. എന്നിട്ട് താങ്കൾ പറയുകയാണ് കേരളത്തിൽ ഏറ്റവും നല്ല അഭിമാനകരമായ ഒരു കാര്യം ചെയ്തുവെന്ന്. ഞാൻ ഒരു കാര്യം കൂടി ഓർമ്മിപ്പിക്കുന്നു. 19-ാം നൂറ്റാണ്ട് തുടങ്ങി 1970 വരെ അമേരിക്കയിൽ ഉന്നത വിദ്യാഭ്യാസമടക്കം സൗജന്യ മേഖലയിലായിരുന്നു. അമേരിക്കയിലെ ചില ധനാഢ്യർ പറയുന്നത് അമേരിക്കയെ സാമ്പത്തികമായി ഈ ഉന്നത നിലവാരത്തിലെത്തിച്ചതിന്റെ പ്രധാനപ്പെട്ട കാരണം 1970 വരെ ഉന്നത മേഖലയിലടക്കം വിദ്യാഭ്യാസം സൗജന്യമാക്കിയതിന്റെ ഫലമായിട്ടാണെന്നാണ്. ആ രൂപത്തിൽ എല്ലാ സാമൂഹ്യ സംഘടനകളും സഹായിച്ചതിന്റെ ഫലമായി ഇന്ത്യയിലെ മറ്റേതൊരു സ്റ്റേറ്റിനേക്കാളും വിദ്യാഭ്യാസ മേഖലയിൽ ഉയർന്നുനിന്ന

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ, പാവപ്പെട്ടവർക്ക് പഠിക്കാൻ കൂടുതൽ സൗകര്യമുണ്ടായപ്പോൾ ഇവിടുത്തെ വിദ്യാഭ്യാസ മേഖലയെ പണക്കാർക്ക് എറിഞ്ഞുകൊടുത്ത ശേഷം താങ്കൾ ഇങ്ങൊരു വലിയ നേട്ടമാണെന്ന് പറയുകയാണ് ഈ രാജ്യത്തെ പ്രധാനപ്പെട്ട.....

ശ്രീ. കടവൂർ ശിവദാസൻ : സർ, ഞങ്ങൾ ഇവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെതെങ്കിലും നിർത്തിയോ? സ്വാശ്രയ കോളേജ് കൊണ്ടുവന്നു. അന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. പിന്നീട് ഒരു സുപ്രീം കോടതി വിധി വന്നു. അത് ശ്രീ. നാണുവേട്ടന് ബാധകമല്ലേ? ഹൈക്കോടതി ജഡ്ജി ഇത് പ്രോസ്പ്പസ് ചെയ്യണമെന്നാണ് സുപ്രീംകോടതി പറഞ്ഞത്. അതിനുശേഷം കെ. ടി. തോമസ് കമ്മീഷൻ വന്നു. കേന്ദ്ര ഗവൺമെന്റ് അത് ക്വാഷ് ചെയ്തുകൊണ്ട് തീരുമാനമുണ്ടായി. ഇനിയിപ്പോൾ ഇവിടെ വരാൻ പോകുന്നതും അതുതന്നെയാണ്. പകുതി ഫീസിലും പകുതി മെറിറ്റിലും അതാകും. അതുപോകട്ടെ, ഇവിടെയുള്ള എ. കെ. ജി. സെന്ററിൽ നടന്ന സെമിനാറിൽ സ്വാശ്രയ കോളേജ് വേണമെന്ന് പറഞ്ഞുവെന്നുള്ളത് അങ്ങേക്കറിയാമോ? അതെല്ലാം മറന്നിട്ടാണ് പറയുന്നത്.

ശ്രീ. സി. കെ. നാണു : ഞാൻ പറയുന്നത് ഇവിടെ ഒരൊറ്റ പ്രശ്നമേയുള്ളൂ. നമ്മുടെ സംസ്ഥാനം പണത്തിന്റെ സ്വാധീനമില്ലാതെ പാവപ്പെട്ടവനെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തിച്ചതിന്റെ തോത് കുറയ്ക്കുന്നവിധം, അതും പണമുള്ളവനു മാത്രം, അതും ഉയർന്ന ജാതിയിലുള്ളവർക്ക് പഠിക്കാൻ ഇടയാക്കുന്ന ഒരു സാഹചര്യം നിങ്ങളുണ്ടാക്കി. ഈ നാലര കൊല്ലത്തിനിടയ്ക്ക് കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ മാനേജുമെന്റിനോട് ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അവർക്ക് നൽകിയ വാഗ്ദാനങ്ങൾപോലും പാലിക്കാൻ സാധിക്കാതെ നിങ്ങൾ ഈ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെ തകർത്തവരാണ്. ഞാൻ എന്റെ വാക്കുകൾ പൂരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഈ പ്രമേയത്തിൽ പ്രതിപക്ഷത്തുനിന്നും ചർച്ച ആരംഭിച്ച ബഹുമാന്യയായ ശ്രീമതി പി. കെ. ശ്രീമതി ടീച്ചറോടുള്ള എല്ലാ ആദരവോടുകൂടിയും ഞാൻ പറയട്ടെ ഒരു മൈതാനപ്രസംഗത്തിനാണ് ഈ വേദി തെരഞ്ഞെടുത്തത്. ഈ പ്രസംഗത്തിന്റെ കണ്ടന്റിനേക്കാൾ ഒരു തെരഞ്ഞെടുപ്പ് പ്രചരണ യോഗത്തിന്റെ പ്രതീതിയാണ് ആ പ്രസംഗം സഭയിൽ ഉളവാക്കിയത്. ഗവർണ്ണറുടെ പ്രസംഗം ഞങ്ങളെ സംബന്ധിച്ച് സംതൃപ്തിയുള്ള പ്രസംഗമാണ്. 13-ാം കേരള നിയമസഭയ്ക്ക് ഇനി മൂന്നുമാസം മാത്രമേ കാലാവധിയുള്ളൂ. നാലേമുക്കാൽ കൊല്ലം ഭരിച്ച കേരളത്തിലെ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ, ചെയ്യാൻ ആരംഭിച്ച കാര്യങ്ങൾ, പൂർത്തിയാക്കിയ കാര്യങ്ങൾ പറയാൻ ഗവർണ്ണർക്ക് കഴിഞ്ഞു. കേരളത്തിന്റെ വികസനത്തിന് ഒരു പുതിയ ദിശാബോധം കൊടുക്കാൻ കഴിഞ്ഞ സംതൃപ്തി ഈ ജനാധിപത്യ മുന്നണിക്കുണ്ട്. പ്രസംഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്പറ്റിയുള്ള പ്രതിപക്ഷ നേതാക്കളുടെ കമന്റ് ഞാൻ വായിച്ചുനോക്കി. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞിരിക്കുന്നത് ഈ പ്രസംഗം അരസികമായ ആവർത്തനമാണെന്നാണ്. ഞാൻ ഒരു കൗതുകത്തിനുവേണ്ടി കഴിഞ്ഞ കൊല്ലത്തെ പ്രസംഗത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം വായിച്ചുനോക്കി. അന്ന് അദ്ദേഹം പറഞ്ഞത് ആവർത്തന വിരസമെന്നാണ്. കഴിഞ്ഞ കൊല്ലം ആവർത്തന വിരസം, ഈ കൊല്ലം അരസികമായ ആവർത്തനം. ഗവർണ്ണറുടെ പ്രസംഗമല്ല അദ്ദേഹത്തിന്റെ പ്രതികരണമാണ് അരസികമായ ആവർത്തനമായി മാറിയിട്ടുള്ളത്. 2003 ജൂലൈയിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് ഈ പ്രസംഗത്തിൽ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പരാമർശിക്കുന്നില്ല എന്നാണ്. 2001 ജൂലൈയിലെ പ്രസംഗത്തിൽ 10 പേജ് സാമ്പത്തിക മേഖലയെപ്പറ്റിയായിരുന്നു. ഇത്തവണ ഒരു പേജിലും ഒരു വാക്കും അതുസംബന്ധിച്ച് ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അതിന്റെ ആവശ്യമില്ല. 2001-ലെ സാമ്പത്തിക നിലയല്ല 2006-ൽ. നിങ്ങൾ തെറ്റിദ്ധരിക്കരുത്, എന്തിനാണ് ശ്രീ. ബിനോയ് വിശ്വം കണ്ണടച്ച് ഇരുട്ടാക്കുന്നത്? 2001-ൽ ഞങ്ങൾ ഭരണത്തിൽ വരുമ്പോൾ എന്തായിരുന്നു കേരളത്തിലെ അവസ്ഥ? സാമ്പത്തികമായി ആകെ തകർന്ന ഒരു കാലഘട്ടമായിരുന്നില്ലേ അത്? വികസന പ്രവർത്തനങ്ങളാകെ മുരടിച്ചില്ലേ? ഇവിടെ തകർച്ചയുടെ നെല്ലിപ്പലകയിലേക്കുപോയ അവസ്ഥയാണ്. മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് അന്ന് ഡൽഹിക്കുപോകാൻ ഒരു വിമാന ടിക്കറ്റ് കൊടുക്കാൻ എയർ ട്രാവൽ കമ്പനി തയ്യാറായില്ല. മന്ത്രിമാർക്ക് ചായ കൊടുക്കണ്ട കോംപ്ലിമെന്റ് ഹൗസിൽ ഇനി പണം തന്നില്ലെങ്കിൽ ചായ തരത്തില്ലെന്ന് അവർ പറഞ്ഞു. ഞങ്ങൾ ആരംഭിച്ചതേ ആ തകർച്ചയുടെ നെല്ലിപ്പലകയിൽനിന്നുമാണ്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെയില്ല. മുൻ ഗവൺമെന്റിന്റെ അവസാന കാലത്താണ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ എന്റെ നാട്ടുകാരനായ ഒരു കോൺട്രാക്ടർ അദ്ദേഹത്തിന് പി. ഡബ്ലിയു. ഡി. കൊടുത്ത ഒരു ചെക്ക് മാറാതെവന്നതുകാരണം ആത്മഹത്യ ചെയ്തത്. അന്ന് കേരളത്തിൽ വണ്ടിച്ചെക്കിന്റെ പ്രളയമായിരുന്നു. എം. എൽ. എ.-മാർക്ക് അറിയാമല്ലോ വണ്ടിച്ചെക്കിന്റെ ഫോട്ടോ കോപ്പിയുമായി ആളുകൾ നമ്മെ കാണാൻ വരും. എന്തിന്? ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു കത്തുതരണം, ചെക്ക് മാറുന്നില്ല എന്നുപറഞ്ഞിട്ട്. ഇന്ന് നിങ്ങളെ ആരെങ്കിലും ചെക്കുമായി കാണുന്നുണ്ടോ? ഒരൊറ്റയാളും ഇവിടെ ചെക്കുമായി വരുന്നില്ലല്ലോ? കാരണം ഇത് കൊടുക്കാനുള്ള സാമ്പത്തിക ശേഷി കേരളത്തിനുണ്ടായി. നാലേമുക്കാൽ കൊല്ലം കഴിഞ്ഞപ്പോൾ ഭദ്രമായ ഒരു സാമ്പത്തിക അടിത്തറ കേരളത്തിനുണ്ടായി. ഇന്നിവിടെ ശ്രീ. പി. സി. ജോർജ്ജിനെ കാണുന്നില്ല. ശ്രീ. എ. കെ. ആന്റണി കേരളത്തിൽ ഭരണമേൽക്കുമ്പോൾ റബ്ബറിന്റെ വില കിലോക്ക് 22-23 രൂപ. ഇന്ന് റബ്ബറിന്റെ വില 82-83 രൂപ. കാർഷിക മംഗത്ത് മാറ്റമുണ്ടായിട്ടില്ലേ? ചലനങ്ങളുണ്ടായിട്ടില്ലേ? അന്ന് ശ്രീ. പി. സി. ജോർജ് സഹായിച്ച ഒരു എം. പി. ഡൽഹിയിൽ പോയി റബ്ബർ ഷീറ്റുകൊണ്ട് ശയനപ്രദക്ഷിണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തി. കുറേ എം. പി.-മാർ റബ്ബർ ഷീറ്റുടുത്ത് നാണം മറച്ചുകൊണ്ട് പ്രകടനം നടത്തി. വേറെ ഒരു പാർട്ടിക്കാർ കോട്ടയത്ത് റബ്ബർ ഷീറ്റ് കൂട്ടിയിട്ട് കത്തിച്ച് അഗ്നികുണ്ഡമുണ്ടാക്കി. ഇന്ന് നിങ്ങൾക്ക് ഒരു ഷീറ്റ് കിട്ടുമോ? ചോദിച്ചാൽ ആളുകൾ നിങ്ങളെ തല്ലിയോടിക്കും. റബ്ബറിന് പൊന്നിന്റെ വിലയായി. അത്തരം സാഹചര്യങ്ങളുണ്ടായത് നാലേമുക്കാൽ കൊല്ലം കേരളം ഭരിച്ച ഗവൺമെന്റിന്റെ നേട്ടമാണ്. ഇവിടെ ഈ പ്രസംഗത്തെപ്പറ്റി കേരളത്തിലെ മാധ്യമങ്ങൾ വിലയിരുത്തി. ഞാൻ എല്ലാ പത്രവും വായിക്കുന്നില്ല. കേരള കൗമുദി മാത്രം ഞാൻ വായിക്കുന്നു. കേരള കൗമുദി പറയുന്നത്, "നിരവധി വെല്ലുവിളികളുണ്ടായിട്ടും സംസ്ഥാനത്തെ വളർച്ചയുടെ പാതയിലൂടെ ഏറെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞുവെന്ന സർക്കാരിന്റെ അവകാശവാദം ഒരു പരിധി വരെ അംഗീകരിക്കേണ്ടതുണ്ട്. ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നിട്ടില്ലെന്ന് ആർക്കും പറയാനാവില്ല. അതുപോലെ ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ കൈവരിച്ച ഭൗതിക വളർച്ചയും എടുത്തുപറയേണ്ടതാണ്" എന്നാണ്. ഞങ്ങളെ അനുകൂലിക്കുന്ന പത്രമല്ല കേരള കൗമുദി. ഇതാണ് കേരളത്തിന്റെ പൾസ്. ഇതാണ് കേരളത്തിന്റെ ബഹുജന വികാരം. എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, സാധാരണഗതിയിൽ ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, ബഡ്ജറ്റിന് ഒരു ആക്ഷൻ ടേക്കൺ വരാറുണ്ട്, ബജറ്റിന്റെ സ്ക്രൂട്ടിണി സബ്ജക്ട് കമ്മിറ്റിക്കാർ നടത്താറുണ്ട്. അതുപോലെ കമ്മിറ്റി പരിശോധിക്കാറുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുകൂടി ആറ് മാസം കഴിയുമ്പോൾ ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ടുണ്ടാക്കണം. അങ്ങനെ ചെയ്യുമ്പോൾ ഈ പ്രസംഗത്തിൽ പറയുന്ന വാഗ്ദാനങ്ങൾ എന്തെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞു എന്ന് പറയാൻ സാധിക്കും. അങ്ങനെ പറഞ്ഞാൽ പ്രതിപക്ഷത്തിന്റെ പൊള്ളത്തരം വെളിച്ചത്ത് കൊണ്ടുവരാൻ കഴിയും. ഞങ്ങൾ ഈ വാഗ്ദാനം പാലിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. സമസ്ത മേഖലകളിലും കഴിഞ്ഞ നാലരക്കൊല്ല കാലംകൊണ്ട് വന്നിച്ച മാറ്റമുണ്ടായി. അതുപോലെ പി. ഡബ്ല്യു. ഡി.-യുടെ പ്രവർത്തനം, ഈ നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ കാണണ്ടേ? ഈ സംസ്ഥാനത്ത് എല്ലാ മേഖലകളിലും സമഗ്രമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ട് നിങ്ങളെന്താണ് പറയുന്നത്? കെ. എസ്. ടി. പി., ലോകബാങ്ക്, അതൊക്കെ നിങ്ങൾക്ക് പഥ്യമാണ്. സഹായം വാങ്ങിക്കാൻ പാടില്ല. പരേക്ഷ സംസ്ഥാന ബജറ്റിലെ പണംകൊണ്ട് ഈ റോഡിന്റെ പണി നടക്കുമോ? വളരെ ചെറിയ തുകയാണല്ലോ ലഭിക്കുന്നത്. അതുകൊണ്ടാണ് കിട്ടാവുന്ന മേഖലകളിൽനിന്ന്, നബാർഡിൽനിന്നാണെങ്കിലും ലോകബാങ്കിൽ നിന്നാണെങ്കിലും എ. ഡി. ബി.-യിൽ നിന്നാണെങ്കിലും വായ്പ വാങ്ങി പണി നടത്തുന്നത്. കേരളത്തിൽ വന്നിച്ച മാറ്റങ്ങളുണ്ട്. വൈദ്യുതി ബോർഡിനെക്കുറിച്ച് നേരത്തെ പറഞ്ഞല്ലോ? രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ് യോജന പൂർത്തിയാകുമ്പോൾ രണ്ട് കൊല്ലംകൊണ്ട് കേരളത്തിൽ എല്ലാവർക്കും വൈദ്യുതി കണക്ഷൻ ലഭിക്കും. അതൊരു ചെറിയ കാര്യമാണോ? കോർപ്പറേഷനിൽ 99-ലെ സ്കീം വച്ചാണ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ കൊടുക്കുന്നത്. ആറ് കൊല്ലംവരെ കണക്ഷനുവേണ്ടി കാത്തിരിക്കണം. പക്ഷേ രണ്ട് കൊല്ലംകൊണ്ട് അതിയേഴ്സ് പൂർത്തിയാക്കാൻ പോകുന്നു. ഇവിടെ മാർക്സിസ്റ്റ് പാർട്ടി വികസനത്തെക്കുറിച്ച് പറഞ്ഞു. നിങ്ങളുടെ നയം ഇരട്ടത്താപ്പല്ലേ? നിങ്ങൾ എന്നും ഡബിൾ റോളല്ലേ കളിച്ചിട്ടുള്ളത്. എക്സ്പ്രസ്സ് ഹൈവേ കൊണ്ടുവന്നു. നിങ്ങൾ പറഞ്ഞു കേരളത്തെ ഇതാ രണ്ടായി വെട്ടിമുറിക്കാൻ പോകുന്നു എന്ന്. എന്തെല്ലാം പ്രചരണങ്ങളായിരുന്നു മാതൃഭൂമിയും വീരേന്ദ്രകുമാറും മാർക്സിസ്റ്റ് പാർട്ടിയും ചേർന്ന് നടത്തിയത്. എക്സ്പ്രസ്സ് ഹൈവേ വികസനത്തിനെതിരാണെന്നുവരെ പറഞ്ഞു. സമ്പന്ന വർഗ്ഗത്തിനുവേണ്ടിയാണെന്നായിരുന്നു വാദം. ഇപ്പോഴും പറയുന്നു. ശ്രീ. വെളിയം ഭാർഗ്ഗവന്റെ അനുകൂലികൾ ഈ സഭയിലുണ്ട്. ഇന്നും അവർ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എക്സ്പ്രസ്സ് ഹൈവേ കേരളത്തിനുവേണ്ടെന്ന് പറയുന്ന സി. പി. എം. ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. ബിനോയ് വിശ്വവുമൊക്കെ പ്രാഗിലും ബുഡാപെസ്റ്റിലുമൊക്കെ പോയില്ലേ? നിങ്ങൾക്ക് കാണണ്ടേ മോസ്കോയിലെ മാറ്റം? ബൾഗേറിയയിലെ മാറ്റം? നിങ്ങൾ പറയുന്നു കേരളത്തിൽ വികസനം പാടില്ല എന്ന്. എക്സ്പ്രസ്സ് ഹൈവേ പാടില്ല എന്ന്. മലയാള മനോരമ എക്സ്പ്രസ്സ് ഹൈവേ വേണമെന്ന് പറഞ്ഞ് എഴുതി. സി. പി. ഐ. (എം)-ലെ മൂന്ന് എം. എൽ. എ.-മാർ പറഞ്ഞു എക്സ്പ്രസ്സ് ഹൈവേ വേണമെന്ന്. ആരൊക്കെയാണെന്നോ? ശ്രീ. പി. ജയരാജൻ, ശ്രീ. എം. വി. ജയരാജൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ. വൈകിയാണെങ്കിലും വിവേകമുണ്ടായല്ലോ? അത്രയും നല്ല കാര്യം. ശ്രീ. എം. വി. ജയരാജന്റെ കാര്യം നല്ല രസമാണ്. എക്സ്പ്രസ്സ് ഹൈവേ എന്ന രാക്ഷസീയ പേര് മാറ്റിയാൽ എക്സ്പ്രസ്സ് ഹൈവേ കൊണ്ടുവരുന്നതിൽ തെറ്റില്ല എന്നാണ് പറയുന്നത്. ആ പേര് മാറ്റി ബൈപ്പാസ് എന്നാക്കി മാറ്റിയാൽ പ്രശ്നമില്ല എന്നാണ് പറയുന്നത്. വേറെയാതൊരു മാറ്റവും വേണ്ട, പേര് ബൈപ്പാസ് എന്നാക്കിയാൽ മതി. ഇത്രയും പരിഹാസ്യമായ വാദം പറയാമോ?

<u>ശ്രീ. കെ. ബാബു</u> : മാർക്സിസ്റ്റ് പാർട്ടി ഇപ്പോഴും അതേ നയംതന്നെയാണ് അവലംബിക്കുന്നത്. പണ്ട് പ്രീഡിഗ്രി ബോർഡിനെതിരായി സമരം നടത്തുകയും പിന്നീട് +2 എന്ന പേരിൽ അതുകൊണ്ടുവരികയും ചെയ്തത് മാർക്സിസ്റ്റുകാരാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u> : ഇവർ എന്നും ഡബിൾ റോളാണ് വഹിക്കുന്നത്. ഇരട്ടത്താപ്പ് നയമാണ് തുടരുന്നത്. എ. ഡി. ബി. വായ്പ നിങ്ങൾക്ക് സ്വീകാര്യമല്ലെന്ന് ഇവിടെ പറഞ്ഞല്ലോ. നിങ്ങൾ എം. ജി. പി.-ക്കാരെ സെക്രട്ടേറിയറ്റിൽ പോയി തല്ലിയോടിച്ചില്ലേ? കോഴിക്കോട് കോർപ്പറേഷനിൽ പോയി തല്ലിയോടിച്ചില്ലേ? ഡി. വൈ. എഫ്. ഐ.-ക്കാർ എ. ഡി. ബി. വായ്പക്കാരെ തിരുവനന്തപുരം കോർപ്പറേഷനിൽ വച്ച് തല്ലിയോടിച്ചില്ലേ? ഇപ്പോൾ എന്തുപറ്റി? ദയവായി ഇനി സംസാരിക്കുന്ന സി. പി. എം. മെമ്പർമാർ ഒരു കാര്യം പറയണം. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകൾ വായ്പ വാങ്ങാൻ സഹായകരമായ തരത്തിൽ എ. ഡി. ബി.-യുടെ വ്യവസ്ഥകളിൽ എന്ത്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റമാണ് വരുത്തിയിട്ടുള്ളത്. ഞങ്ങൾക്ക് അറിയണം. ശ്രീ. പിണറായി വിജയൻ പറയുന്നത് എ. ഡി. ബി. വായ്പയുടെ വ്യവസ്ഥയിൽ മാറ്റം വരുത്തി എന്നാണ്. ഇവിടെ യാതൊരു മാറ്റവും വരുത്തിയില്ല. ആകെ മാറ്റം വരുത്തിയത് .....(ബഹളം)..... ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ആദ്യം ഒരു അഭിപ്രായമുണ്ടാകട്ടെ. നിങ്ങൾക്ക് നാല് സ്വരമാണല്ലോ? നിങ്ങളുടെ മുഖംമൂടികൾ ഓരോന്നായി അഴിഞ്ഞ് വീഴുന്നു. നിങ്ങളുടെ പൊയ്മുഖം അഴിഞ്ഞുവീഴുന്നു. ശ്രീ. പിണറായി വിജയൻ ഒരു ജാഥ നടത്തി, സമഗ്ര വികസനം, സാമൂഹ്യനീതി. എന്താണ് സാമൂഹ്യ നീതിയെപ്പറ്റി പറയുന്നത്? കേരളത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ വിഷയം, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്, നിങ്ങൾക്ക് അഭിപ്രായമില്ല. 2005 മാർച്ച് മാസം 10-ാം തീയതി നമ്മുടെ സഭ ഈ റിപ്പോർട്ട് ചർച്ച ചെയ്തു. അന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിരിക്കുന്നത് പിന്നോക്ക സമുദായക്കാർക്ക് മതിയായ പ്രാതിനിധ്യം എങ്ങനെ കൊടുക്കാൻ സാധിക്കുമെന്നും, അതിന് എന്ത് മാനദണ്ഡമാണ് സ്വീകരിക്കാൻ പോകുന്നത് എന്നതുസംബന്ധിച്ച ഗവൺമെന്റിന്റെ അഭിപ്രായം പറയണം എന്നാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സഭയിൽവച്ചു. കമ്മീഷൻ റിപ്പോർട്ട് എങ്ങനെ നടപ്പിലാക്കും? നിങ്ങൾക്ക് അഭിപ്രായമുണ്ടോ? നിങ്ങൾ പറയുന്നു, ഗവൺമെന്റ് പറയണമെന്ന്. നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? ഭാവിയിൽ നിലവിലുള്ള കുറവ് എത്രയെന്ന് കണക്കാക്കി അതെങ്ങനെ നികത്താമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു പ്രൊപ്പോസൽ തയ്യാറാക്കണം. വഴിയിൽ ഒരു പട്ടി ചത്തുവീണാൽപ്പോലും നിങ്ങൾ സെക്രട്ടേറിയറ്റ് കൂടി അഭിപ്രായം പറയുമല്ലോ? ഇപ്പോൾ എന്തുകൊണ്ട് മിണ്ടുന്നില്ല. ശ്രീ. പിണറായി വിജയന്റെ കേരള മാർച്ചിൽ, അദ്ദേഹം കോട്ടയത്തുവച്ച് പറഞ്ഞിരിക്കുന്നു, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ സർക്കാർ നിലപാട് അറിഞ്ഞതിനുശേഷം പ്രതികരിക്കും എന്ന്. വണ്ടി പോയിട്ട് കൈ കാണിക്കണമോ? നിങ്ങൾ അഭിപ്രായം പറയേണ്ടത് സർക്കാർ തീരുമാനത്തിനുമുമ്പാണ്. ചർച്ചയ്ക്ക് എല്ലാവരെയും വിളിച്ചു കൂട്ടി. നിങ്ങൾക്ക് അഭിപ്രായമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ വീണ്ടും പറഞ്ഞിരിക്കുന്നു. സമചിത്തതയോടുകൂടി പറയേണ്ട പ്രശ്നമായതുകൊണ്ട് ഗവൺമെന്റ് അഭിപ്രായം പറയുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു ചർച്ചയ്ക്ക് അന്തരീക്ഷമുണ്ടാക്കാം. ഇന്നുവരെ ഉണ്ടായിട്ടില്ല 'കമാ' എന്നൊരക്ഷരം പറഞ്ഞിട്ടില്ല. ശ്രീ. പിണറായി വിജയൻ പറഞ്ഞിരിക്കുന്നു ഞങ്ങളുടെ തീരുമാനം തെരഞ്ഞെടുപ്പ് സ്റ്റണ്ടാണ് എന്ന്. കേരളത്തിലെ എല്ലാവർക്കും പൂർണ്ണമായും സ്വീകാര്യമല്ലെങ്കിലും, തൊട്ടാൽ പൊള്ളുന്ന ഒരു വിഷയത്തിൽ കേരളത്തിലെ ഗവൺമെന്റ് ഒരു കൺസെൻസസ് ഉണ്ടാക്കി. പക്ഷേ ഭരണകക്ഷിയായ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് പലതിനും വിട്ടുവീഴ്ച കാണിച്ചു. പലതിനും ത്യാഗം അനുഷ്ഠിച്ചു. പക്ഷേ കേരളത്തിൽ സാമുദായിക സംഘർഷമുണ്ടാക്കാൻ സഹായകമാകുമായിരുന്ന ഒരു വലിയ കാര്യത്തിന് ഞങ്ങൾ യാതൊരു പൊട്ടിത്തെറിയുമില്ലാതെ, യാതൊരു തർക്കങ്ങളുമില്ലാതെ, എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പരിഹാരമുണ്ടാക്കി. അത്

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ കാര്യമൊന്നുമല്ല. എന്റെ സുഹൃത്ത് ശ്രീ. ബിനോയ് വിശ്വം കുറെ കടലാസ്സുകൾ കൊണ്ടുവന്നുവച്ചു. മുഖ്യമന്ത്രി 14 ജില്ലകളിലും പോയി. അദ്ദേഹത്തിന് ആയിരക്കണക്കിന് നിവേദനങ്ങൾ ലഭിച്ചു. ഞാൻ കണ്ണൂരിൽ ഉണ്ടായിരുന്നു. രാവിലെ എട്ട് മണി മുതൽ രാത്രി ഒമ്പത് പത്ത് മണി വരെ ജലപാനംപോലും കഴിക്കാതെ അദ്ദേഹം അവിടെ നിന്ന് നിവേദനങ്ങൾ വാങ്ങി. നടപടികൾ സ്വീകരിച്ചു. തീരുമാനങ്ങളെടുത്തു. പക്ഷേ ശ്രീ. ബിനോയ് വിശ്വത്തിന് കേരളം മുഴുവൻ പരിശോധിച്ചിട്ടും ആകെ കിട്ടിയത് ഒരു കടലാസ് മാത്രമാണ്. തീർച്ചയായും ഞങ്ങളുടെ കയ്യിൽ മാന്ത്രികവിദ്യയൊന്നുമില്ല. പരിഹരിക്കാൻ പ്രശ്നങ്ങൾ ഉണ്ടാകും. പക്ഷേ വിഷമങ്ങൾ പരിഹരിക്കാൻ, പരമാവധി ആത്മാർത്ഥത കാണിക്കാൻ, ശ്രീ. ഉമ്മൻചാണ്ടിയും ഈ ഗവൺമെന്റും ശ്രമിച്ചിട്ടുണ്ട്. അത് ഞങ്ങളുടെ ആത്മാർത്ഥതയുടെ ഒരു അളവുകോലാണ്. ഞങ്ങൾ ശ്രമിക്കുന്നുണ്ട്. തീർച്ചയായും പോരായ്മകളുണ്ടാകാം. പക്ഷേ തിരുത്താതെ നിവൃത്തിയില്ല. കേരളത്തിന്റെ സമഗ്രമായ വികസനം അതാണല്ലോ നിങ്ങൾ പറഞ്ഞ മുദ്രാവാക്യം. ഈ നാട്ടിൽ ആരാണ് വികസനത്തെ തടസ്സപ്പെടുത്തിയത്? 1967-ലെ ഗവൺമെന്റിൽ ഇ. എം. എസ്. ആയിരുന്നു അന്നത്തെ മുഖ്യമന്ത്രി. നിങ്ങൾ അന്ന് സഖാവ് ടി. വി. തോമസിനെ ജപ്പാനിലേക്ക് അയച്ചു. അദ്ദേഹത്തിന്റെ പ്രസംഗം എന്റെ കയ്യിലുണ്ട്. നാടിനുവേണ്ടി, കേരളത്തിന്റെ ഇരുമ്പയിര് ഉപയോഗിച്ചുള്ള വ്യവസായത്തിന്റെ സാദ്ധ്യതകൾ പഠിക്കാൻ വേണ്ടി. അദ്ദേഹം മടങ്ങിവന്നു. ടി. വി. തോമസ് കേരളം കണ്ട പ്രഗത്ഭനായ ഒരു വ്യവസായ മന്ത്രിയായിരുന്നു. അദ്ദേഹം ഒരു റിപ്പോർട്ട് കൊടുത്തു നിങ്ങളുടെ എൽ. ഡി. എഫ്. ഗവൺമെന്റിൽ. നിങ്ങൾ എന്തുചെയ്തു? നിങ്ങൾ ടി. വി. തോമസ്സിനെ ജപ്പാൻ ചാരനായി മുദ്രകുത്തി ആ പദ്ധതിയെ പൊളിച്ചു. ഞാൻ ആ പ്രസംഗം വായിക്കുന്നില്ല. നിങ്ങൾ അന്നുമുതൽ ഈ വ്യവസായത്തെ തകർക്കാൻ ശ്രമിച്ചു. ഇവിടെ കുട്ടനാട്ടും പാലക്കാടും അതുപോലുള്ള മറ്റ് പാടശേഖരങ്ങളിൽ പണിയെടുക്കാൻ ആളില്ലെന്ന് ഇവിടെ പറഞ്ഞല്ലോ. ഇവിടെ ട്രാക്ടർ കൊണ്ടുവന്നു, മെതിയന്ത്രം കൊണ്ടുവന്നു. നിങ്ങൾ സമ്മതിക്കില്ല. നിങ്ങൾ അതെല്ലാം തല്ലിപൊട്ടിച്ചു. നിങ്ങൾക്കറിയാം ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് എസ്. എസ്. എൽ. സി. പരീക്ഷയുടെ കമ്പ്യൂട്ടറൈസേഷനുവേണ്ടി ഡി. പി. ഐ. ഓഫീസിൽ രണ്ട് കമ്പ്യൂട്ടർ കൊണ്ടുവന്നപ്പോൾ നിങ്ങൾ ആ പെട്ടി പൊട്ടിക്കാൻ സമ്മതിച്ചോ? സമ്മതിച്ചില്ല. നിങ്ങൾ പറഞ്ഞു 'automation anti-nation' എന്ന്. കമ്പ്യൂട്ടറൈസേഷൻ തൊഴിലില്ലായ്മയുണ്ടാക്കുമെന്ന് പറഞ്ഞ് നിങ്ങൾ ആ പദ്ധതിയെ തകർത്തു. ഇന്ന് എ. കെ. ജി. സെന്ററടക്കം സി. പി. എം.-ന്റെ എല്ലാ ഓഫീസുകളിലും അത്യന്താധുനിക സൗകര്യങ്ങളുള്ള ഇന്റർനെറ്റും അതുപോലുള്ള മറ്റ് ഫെസിലിറ്റീസെല്ലാമുണ്ട്. അപ്പോൾ ഇത് കാപട്യമല്ലേ? നിങ്ങൾക്ക് വിവരമുണ്ടാകാൻ താമസമുണ്ടാകും. നിങ്ങൾ എന്നും കാൽ നൂറ്റാണ്ട് പിന്നിലാണ്. നിങ്ങൾ തടസ്സമുണ്ടാക്കിയിരുന്നില്ലെങ്കിൽ കേരളത്തെ എത്രയോ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമായിരുന്നു. രാജീവ് ഗാന്ധിയാണ് ഇന്ത്യയിൽ ആ രംഗത്ത് ഒരു മാറ്റമുണ്ടാക്കിയത്. ഒരു പുതിയ നൂറ്റാണ്ടിലേക്ക് ഇന്ത്യയെ നയിക്കാൻ പോയപ്പോൾ നിങ്ങൾ അതിനെ എതിർത്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നിങ്ങൾ പറയുന്നതുപോലെയാണെങ്കിൽ ഞങ്ങളുടെ പാർട്ടിക്ക് വലിയ സ്വാധീനമില്ലാത്ത യു. പി.-യും ബീഹാറും നന്നാകണ്ടേ. അവിടെ നിങ്ങളല്ലേ ഭരിച്ചുകൊണ്ടിരിക്കുന്നത്. കർണ്ണാടകയും ആന്ധ്രാ പ്രദേശും നന്നായോ? ഇവിടെ നമ്മളെക്കൊണ്ടാണോ നാട് നന്നാകാതെ പോയത്?

ശ്രീ. കെ. സി. ജോസഫ് : ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കരുത്. ഇന്ദിരാഗാന്ധിയുടെ കാലത്ത് ടി. വി. കൊണ്ടുവന്നപ്പോൾ ഇന്ത്യയിലെ ഗ്രാമങ്ങളിൽ കുടിവെള്ളമില്ല, അടിസ്ഥാന സൗകര്യങ്ങളില്ല ഇന്ദിരാഗാന്ധി ഇതാ സമ്പന്നർക്കുവേണ്ടി ടി. വി. കൊണ്ടുവന്നിരിക്കുന്നുവെന്ന് പറഞ്ഞു. ഇന്ന് നിങ്ങളുടെ വീട്ടിലും ടി. വി. ഇല്ലേ? ഉണ്ട്. നിങ്ങൾ ഗ്ലോബലൈസേഷന് എതിരാണ്, നിങ്ങൾ കമ്പ്യൂട്ടറൈസേഷന് എതിരാണ്. പക്ഷേ ഗ്ലോബലൈസേഷൻകൊണ്ട് അതുപോലെ ലിബറലൈസേഷൻ കൊണ്ട് നിങ്ങൾക്ക് കൈരളി ചാനലും പീപ്പിൾസ് ചാനലും ആരംഭിക്കാൻ സാധിച്ചു. ഒരു ഭാഗത്ത് എതിർ പറയുക മറുഭാഗത്ത് ആനുകൂല്യങ്ങൾ കൈനീട്ടി വാങ്ങുക. ഇത് നിങ്ങളുടെ നയവൈകല്യമാണ്. ഇത് നിങ്ങളുടെ പാളിച്ചയാണ്. ബഹുമാനപ്പെട്ട ആന്റണിയുടെ ഗവൺമെന്റ് എറണാകുളത്ത് ഒരു ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തി. എന്തിനുവേണ്ടിയായിരുന്നെന്നാ? നിക്ഷേപകരെ ക്ഷണിക്കാൻവേണ്ടി. ശ്രീ. കോടിയേരി ബാലകൃഷ്ണനും ഗൾഫിൽപോകുന്നുണ്ടല്ലോ. ഗൾഫിലെ മലയാളികളായ സമ്പന്നരായ വ്യവസായികൾ ഇവിടെ വരാൻ തയ്യാറാണ്. യൂറോപ്പിലേയും അമേരിക്കയിലേയും വ്യവസായികൾ വരാൻ തയ്യാറാണ്. ഇവരുടെ ആഗ്രഹം കേരളത്തിൽ പണം മുടക്കണം. ഞങ്ങൾ ആഗ്രഹിക്കുന്നത് ഇവിടെ ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷമുണ്ടാക്കണം എന്നുള്ളതാണ്. അതിനുവേണ്ടി ഞങ്ങൾ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് വിളിച്ചുകൂട്ടി. അപ്പോൾ ഡി. വൈ. എഫ്. ഐ. പറഞ്ഞു, ഞങ്ങൾ തടയുമെന്ന്. നിങ്ങൾ തടഞ്ഞു. എറണാകുളത്ത് തടയാൻ ശ്രമിച്ചു. കഴിഞ്ഞ ദിവസം എറണാകുളത്ത് നടത്തിയ വിദ്യാഭ്യാസ സെമിനാർ തടയാൻ പോയില്ലേ? ശ്രീ. കെ. പി. രാജേന്ദ്രൻ ഇന്നലത്തെ മാതൃഭൂമി പത്രം നോക്കണം. എ. ഐ. എസ്. എഫ്.-ന്റെ സമരമാണ്. എറണാകുളത്ത് നടത്തിയ ആ വിദ്യാഭ്യാസ സമ്മേളനം എന്തിനുവേണ്ടിയായിരുന്നു. കേരളത്തിൽ മാറ്റങ്ങളുണ്ടാകണം. കേരളം ഉന്നത വിദ്യാഭ്യാസത്തിന്റെ destination point ആയി മാറണം. ഇന്ന് ഒരു കൊല്ലം മണ്ടായിരം കോടി രൂപയാണ് കേരളത്തിലെ കുട്ടികൾ ഉപരിപഠനത്തിനായി മംഗലാപുരത്തും മണിപ്പാലിലും ഹൈദരാബാദിലും ചെലവാക്കുന്നത്. ആ പണം അങ്ങോട്ട് പോകുന്നു. എന്താണ് കാരണം? കേരളത്തിൽ സൗകര്യങ്ങളില്ല. നിങ്ങൾ ആരും അതിന് സമ്മതിക്കില്ല. സർക്കാർ പണം മുടക്കത്തില്ല, മുടക്കാൻ സമ്മതിക്കില്ല. പുൽത്തൊട്ടിയിലെ പട്ടിയെപ്പോലെയാണ്. പട്ടി പുല്ല് തിന്നുകയുമില്ല അത് ആരേയും തീറ്റിക്കുകയുമില്ല. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വന്നിച്ച മാറ്റങ്ങളുണ്ടായി. ഇതെല്ലാം കേരളത്തെ മുന്നോട്ട് നയിക്കാനുള്ള ശരിയായിട്ടുള്ള കാഴ്ചപ്പാടാണ്. നിങ്ങൾ തടസ്സമുണ്ടാക്കിയിരുന്നില്ലെങ്കിൽ, നിങ്ങൾ ശകുനം മുടക്കിയില്ലായിരുന്നെങ്കിൽ കേരളം വളരെ മുന്നോട്ടുപോകുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്, വികസന കാര്യത്തിലെങ്കിലും consensus വേണം. കേരളം ആര് ഭരിച്ചാലും പൊതുവായ ഒരു സമീപനമുണ്ടാകണം. ഞങ്ങൾ ഭരിക്കുമ്പോൾ നിങ്ങൾക്ക് പിടിക്കില്ല. നിങ്ങൾ എന്നും സമരമാണ്. അഞ്ച് കൊല്ലക്കാലം കേരളത്തിൽ എത്ര സമരങ്ങളാണുണ്ടായിട്ടുള്ളത്. ഈ തലസ്ഥാന നഗരിയിൽ എന്നും സമരങ്ങളായിരുന്നില്ലേ. കാലം മാറുമ്പോൾ നിങ്ങളും മാറണം. അല്ലെങ്കിൽ കാലം നിങ്ങളെ ചവിട്ടിത്തെറുപ്പിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

അറിയിപ്പ്

ഒരംഗത്തിന് രേഖ സഭയിൽ വയ്ക്കാനുള്ള അനുവാദം സംബന്ധിച്ച്

മി. ചെയർമാൻ : ശ്രീ. ബിനോയ് വിശ്വം അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ നാല് രേഖകൾ സഭയിൽ വയ്ക്കാനുള്ള അനുവാദം ചെയറിനോട് ചോദിക്കുകയുണ്ടായി. അദ്ദേഹം അതുസംബന്ധിച്ച് ഒരു കത്തും ചെയറിന് തന്നിട്ടുണ്ട്. അത് വിശദമായി പരിശോധിച്ചു. നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവർ (295) അനുസരിച്ച് If a Minister quotes in the Assembly a despatch or other State paper which has not been presented to the assembly, he shall lay the relevant paper on the Table : ഇവിടെ മിനിസ്റ്റർക്കാണ് റൂൾ 295 അനുസരിച്ച് അവകാശമുള്ളത്. റൂൾ 296 (1) "A paper or document to be laid on the Table shall be duly authenticated by the member presenting it". ഇവിടെ മെമ്പർ എന്നത് കൺസേൺഡ് മിനിസ്റ്ററാണ്. മറ്റൊരു കാര്യം കൂടി ചൂണ്ടിക്കാണിക്കട്ടെ പാർലമെന്റിന്റെ ഡയറക്ടീവ് 117 അനുസരിച്ച് A private member may lay a paper on the Table of House when he is authorised to do so by the Speaker എന്നാണ്. പാർലമെന്റിൽ ഒരു പ്രൈവറ്റ് മെമ്പർക്ക് ഒരു പേപ്പർ അദ്ദേഹത്തിന്റെ പ്രസംഗവേളയിൽ സമർപ്പിക്കാവുന്നതാണ് only with the previous permission of the Speaker. പാർലമെന്റിൽ ഡയറക്ടീവ് 117 അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടെ മാത്രമേ മെമ്പർക്ക് പേപ്പർ പ്രസന്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇവിടെ അതിനുള്ള അധികാരം മിനിസ്റ്റർക്ക് മാത്രമാണ്. പ്രൈവറ്റ് മെമ്പർക്കില്ല. അതുകൊണ്ട് അങ്ങയുടെ പ്രസംഗത്തിന്റെ അവസാന വേളയിൽ സമർപ്പിക്കാനാഗ്രഹിച്ച പേപ്പറുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ മറ്റ് മിനിസ്റ്റേഴ്സിനോ ഒരു നിവേദനമായി നൽകാവുന്നതാണ്.

ശ്രീ. എ. എൻ. രാജൻ ബാബു : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. കേരളത്തിൽ നിലവിൽ വന്ന ഗവൺമെന്റുകളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും അവശതയനുഭവിക്കുന്നവർക്കും സാമൂഹിക സംരക്ഷണ നടപടികൾ ഉറപ്പാക്കിയ കാരണങ്ങളാലും വികസനത്തിന്റെ കാര്യത്തിലാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധനവിന്റെ കാര്യത്തിലാണെങ്കിലും മൂലധന നിക്ഷേപം ഉണ്ടാക്കുന്ന കാര്യത്തിലാണെങ്കിലും കാർഷിക മംഗത്തും വിദ്യാഭ്യാസ രംഗത്തും വരുത്തിയ മാറ്റങ്ങളുടെ അടിസ്ഥാനത്തിലും ഐ. ടി. ടൂറിസം മംഗങ്ങളിൽ വരുത്തിയ കുതിച്ചുചാട്ടം എടുത്തുപരിശോധിച്ചാലും കേന്ദ്രത്തിൽനിന്നും സാമ്പത്തിക സഹായം തേടുന്ന കാര്യത്തിലായാലും ഇതുപോലൊരു ഗവൺമെന്റ് കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിരുന്നില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഉണ്ടായിട്ടുള്ള വികസന പ്രവർത്തനങ്ങളിൽ ശ്രീ. കെ. എൻ. എ. ഖാദർ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ താഴെക്കിടയിൽ ഉള്ളവർക്കും ദാരിദ്ര്യം അനുഭവിക്കുന്നവർക്കും അവരുടെ അവശത മാറ്റുന്നതിനുവേണ്ടി വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം തുടങ്ങി സർക്കാർ നടപ്പിലാക്കിയിട്ടുള്ള എല്ലാ പെൻഷൻ പദ്ധതികളും കുടിശ്ശിക കൂടാതെ കൊടുക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. 25 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം വരുന്ന രീതിയിൽ ആരോഗ്യ രംഗത്ത് ഉണ്ടായിട്ടുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ഏതാണ്ട് പത്തൊൻപതര ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം വരുത്തുന്ന ക്ഷേമ-സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന തരത്തിൽ ഒരു കിലോഗ്രാം അരിക്ക് മൂന്ന് രൂപ എന്ന നിരക്കിലുള്ള പദ്ധതി നടപ്പിലാക്കിയതും ഈ ഗവൺമെന്റാണ്. 3802 ഗിരിവർഗ്ഗ കുടുംബങ്ങൾക്ക് ഏതാണ്ട് 5903 ഏക്കർ ഭൂമി പതിച്ച് വിതരണം ചെയ്തതും ഈ ഗവൺമെന്റാണ്. കാർഷിക മംഗത്ത് ഇതുപോലൊരു മാറ്റം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. കൃഷിയോട് ഒരു ആഭിമുഖ്യം, കാർഷിക രംഗത്ത് ഒരു നവജീവൻ. വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനെക്കുറിച്ച് ഞാൻ ആവർത്തിക്കേണ്ടതില്ല. കേന്ദ്ര മന്ത്രി ശ്രീ. ശരദ് പവാറിനെക്കൊണ്ടുപോലും പാർലമെന്റിൽ പറയിപ്പിച്ച ഒരു കാര്യം ഉണ്ടായിരുന്നു. കേരളത്തിലെ കർഷകന് നഷ്ട പരിഹാരം കിട്ടുന്നതിൽ പ്രയോജനമുള്ള മാനദണ്ഡം നിലവിലില്ലെന്ന് ഇത്രയും കാലത്തെ പ്രവർത്തനംകൊണ്ട് മനസ്സിലാക്കി 70 ശതമാനം വരുന്ന കർഷകർക്ക് പ്രയോജനം വരുന്ന രീതിയിൽ നഷ്ടപരിഹാരത്തിന്റെ മാനദണ്ഡം മാറ്റുന്നതിന് ഈ ഗവൺമെന്റ് ശ്രീമതി കെ. ആർ ഗൗരിയമ്മയുടെ നേതൃത്വത്തിൽ നടപടി എടുത്തതിന്റെ ഫലമായിട്ടാണ് കേരളത്തിന്റെ ചരിത്രത്തിൽ 106 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചത്. അതുപോലെ കിസാൻ കാർഡ് ആണെങ്കിലും ക്രെഡിറ്റ് കാർഡ് ആണെങ്കിലും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ മുതലായ കർഷക സംഘടനകൾ ആയാലും കാർഷിക രംഗത്ത് മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ കയർ രംഗത്തും മാറ്റങ്ങൾ ഉണ്ടായി. ഇതുവരെ കൈകൊണ്ട് കയർ പിരിച്ചിരുന്ന പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം കൊടുക്കുകയും റാട്ട് കൊടുക്കുകയും അതുവഴി ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കാനും കഴിഞ്ഞു. പരിശീലനം കിട്ടിയവർക്ക് സെൽഫ് ഗ്രൂപ്പുകൾ ഉണ്ടാക്കി വർക്കിംഗ് ക്യാപ്പിറ്റലും

ഷെഡ്ഡും വൈദ്യുതിയുമൊക്കെ നൽകി പരമ്പരാഗത വ്യവസായ രംഗത്ത് മാറ്റം വരുത്താൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. കശുവണ്ടി തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം 233 ദിവസത്തെ ജോലി കൊടുത്തുകൊണ്ട് റിക്കാർഡ് സൃഷ്ടിച്ചു. അതുപോലെ ഇതുവരെ ഉണ്ടായിരുന്ന സാമ്പത്തിക മാന്ദ്യം മാറ്റുന്നതിന് 106 കോടി രൂപയുടെ ബാദ്ധ്യതയാണ് ഈ ഗവൺമെന്റ് എടുത്തത്. അതുപോലെതന്നെ മറ്റ് പല രംഗങ്ങളും. വൈദ്യുതി രംഗത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതെ 20 പൈസ കുറയ്ക്കുകയും ബോർഡിന്റെ നഷ്ടം ആയിരത്തിൽപ്പരം കോടി രൂപയിൽനിന്ന് 307 കോടിയോളം രൂപയായി കുറച്ചുകൊണ്ടുവരാനും സാധിച്ചു. ട്രാൻസ്പോർട്ട് വകുപ്പിൽ ഒരു കോടി അറുപത് ലക്ഷം രൂപ വരുമാനം ഉണ്ടായിരുന്ന സ്ഥാനത്ത് രണ്ട് കോടി അറുപത്തിരണ്ട് ലക്ഷം രൂപയുടെ ദിവസ വരുമാനം ഉണ്ടാക്കാൻ സാധിച്ചു. 18 കോടി രൂപ മാസം നഷ്ടം ഉണ്ടായിരുന്ന സ്ഥാനത്ത് 8 കോടി രൂപയായി അത് കുറയ്ക്കാൻ കഴിഞ്ഞു. ഞാൻ മറ്റ് വികസന പ്രവർത്തനങ്ങളിലേക്ക് കടക്കുന്നില്ല. 3000 കോടി രൂപയുടെ നിക്ഷേപത്തിലൂടെ വിദ്യാഭ്യാസ രംഗത്തെയാകെ മാറ്റി. 51 എഞ്ചിനീയറിംഗ് കോളേജുകൾ, 8 മെഡിക്കൽ കോളേജുകൾ, 41 നഴ്സിംഗ് കോളേജുകൾ, 15 എം. ബി. എ. കോളേജുകൾ 29 എം. സി. എ. കോളേജുകൾ എല്ലാംകൂടി 60,000-70,000 പേർക്ക് ജോലി കൊടുക്കുകയും ഉന്നത വിദ്യാഭ്യാസത്തിൽ സാമൂഹിക നീതി നടപ്പിലാക്കണമെന്ന ഉദ്ദേശത്തോടുകൂടി 50 ശതമാനം മെറിറ്റും 50 ശതമാനം മാനേജുമെന്റ് ക്വാട്ടയും ഏർപ്പെടുത്തിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അതിനു മുമ്പ് ഭരിച്ചിരുന്ന എ. എൽ. ഡി. എഫ്. ഗവൺമെന്റ് ഒരു ഹരിജൻ വിദ്യാർത്ഥിക്കു പോലും ഉന്നത വിദ്യാഭ്യാസത്തിന് അവസരം കൊടുക്കാത്തവർ മറുനാട്ടിൽനിന്ന് ഇത്രയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലേക്ക് പറിച്ചുനട്ടപ്പോൾ അവർക്ക് മദ്രാസിലേയും കർണ്ണാടകയിലേയും ഭാഷയിലുള്ള സംസാരമായി. അങ്ങനെ ഉദ്ദേശശുദ്ധിയോടുകൂടി ഉന്നതവിദ്യാഭ്യാസത്തിൽ സാമൂഹിക നീതി വേണമെന്നുള്ളതുകൊണ്ടാണ് 50 ശതമാനം മെറിറ്റ് ആക്കിയത്. നരേന്ദ്രൻ കമ്മീഷന്റെ കാര്യത്തിൽ സമവായം ഉണ്ടാക്കിക്കൊണ്ട് എറ്റെടുത്തിട്ടുള്ള നടപടികൾ വളരെയധികം സ്വാഗതാർഹമാണ്. അതിൽ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും എതിർപ്പ് ഉണ്ടായെന്ന് ചോദിച്ചിട്ടുപോലും പ്രതിപക്ഷത്തിന് മറുപടിയില്ല. റൂൾ 14 എ എന്നുള്ളത് കുഴപ്പങ്ങൾ ഉണ്ടാക്കുന്നുണ്ട്. അപ്പോയിന്റ്മെന്റ് 20 യൂണിറ്റ് എടുക്കുന്നതുകൊണ്ട് അതുകൂടി മാറ്റാനുള്ള നടപടികൾ സ്വീകരിക്കണം. ഇപ്പോൾ സി. പി. ഐ. (എം) സാമൂഹിക നീതിയും വികസനവും എന്നുള്ള മുദ്രാവാക്യവുമായി രംഗത്ത് വന്നിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന 1950 മുതൽ 56 വർഷക്കാലം കമ്മ്യൂണിസ്റ്റ് പാർട്ടി സാമൂഹിക നീതി എന്നുള്ള മുദ്രാവാക്യം എടുക്കാൻ മറന്നുപോയി. സാമൂഹിക നീതി എന്ന മുദ്രാവാക്യം എടുക്കുന്നതിന് 56 കൊല്ലങ്ങൾ കഴിയേണ്ടിവന്നു. എന്റെ പാർട്ടി രൂപം കൊണ്ടപ്പോൾ സാമ്പത്തിക നീയിയിലും സാമ്പത്തിക സമത്വത്തിലും അടിസ്ഥാനപ്പെടുത്തി സോഷ്യലിസം എന്നുപറഞ്ഞപ്പോൾ ജാതിപ്പാർട്ടിയെന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപിച്ചവർ ഇപ്പോൾ സാമൂഹിക നീതിയുമായി രംഗത്ത് വന്നിരിക്കുകയാണ്. ശ്രീമതി കെ. ആർ. ഗൗരിയമ്മയെ ആലപ്പുഴ വികസന ഏജൻസിയുടെ ചെയർപേഴ്സൺ ആക്കിയതിന്റെ പേരിൽ പുറത്താക്കിയവർ ഇപ്പോൾ വികസന മുദ്രാവാക്യവുമായി വന്നിരിക്കുകയാണ്. ഒരു ഭാഗത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യം പറയുകയും മറുഭാഗത്ത് അതിന് തുരങ്കം വയ്ക്കുകയും ചെയ്തത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അതിന് തുരങ്കംവച്ചതുകൊണ്ടാണ് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രി ആയിരുന്ന കാലത്ത് അദ്ദേഹത്തെ സ്റ്റേജിൽവച്ചുകൊണ്ട് മഹാനായ കേരള കൗമുദി പത്രാധിപർ പിന്നോക്കക്കാരന് മുഖത്തടിക്കുന്ന രീതിയിലുള്ള നടപടികളാണ് 1957-ലെ ഭരണപരിഷ്കരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ. എം. എസ്. സ്വീകരിച്ചിട്ടുള്ളതെന്ന് പറഞ്ഞത്. ആ കാലഘട്ടം മുതൽ സംവരണത്തെ തുരങ്കം വയ്ക്കാൻ ശ്രമിച്ചവരാണ് ഇപ്പോൾ 'ഏഴ് രാത്രി'യിലെ പാഷാണം വർക്കിയെപ്പോലെ സാമൂഹിക നീതിയുമായി വരുന്നത്. ഹിന്ദുവിന്റെ വീട്ടിൽ ചെല്ലുമ്പോൾ ഗുരുവായൂരപ്പന്റെ ലോക്കറ്റും ക്രിസ്ത്യാനിയുടെ വീട്ടിൽ ചെല്ലുമ്പോൾ ഗീവർഗ്ഗീസ് പുണ്യാളന്റെ ലോക്കറ്റും കാണിച്ചുകൊണ്ട് ഭിക്ഷ തേടാൻ ശ്രമിക്കുന്ന പാഷാണം വർക്കിയാണ് ഇവർ. സാമ്പത്തിക സംവരണം വേണമെന്ന് ഒരു ഭാഗത്ത് പറയുകയും മറുഭാഗത്ത് അഭിപ്രായം പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുകയാണ്.

<u>ശ്രീ. ടി. കെ. ദേവകുമാർ</u> : ബഹുമാനപ്പെട്ട രാജൻ സാർ, ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ അപദാനങ്ങളെ വാഴ്ത്തിപ്പാടുകയാണ്. ഏറ്റവും ആദരണീയനായ വെള്ളാപ്പള്ളി നടേശൻ ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് നൽകിയ രേഖകൾ കണ്ട് മുഖ്യമന്ത്രി ഞെട്ടിയ സംഭവത്തിൽ ബഹുമാന്യനായ രാജൻ ബാബു സാറിന്റെ അഭിപ്രായം എന്താണ്?

<u>ശ്രീ. എ. എൻ. രാജൻ ബാബു</u> : ഞാൻ ആ രേഖകൾ കണ്ടിട്ടില്ല. ഇവിടെ കടം കൂട്ടിവച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ കടം എന്തിന് ചെലവഴിച്ചു എന്നാണ് ചോദ്യം. നിങ്ങൾ ഇവിടെനിന്ന് പോയപ്പോൾ എത്രയാണ് ബാധ്യത? 1999 മുതൽ നിയമിച്ച പതിനായിരക്കണക്കിന് വരുന്ന ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരുടെ ശമ്പളം കുടിശ്ശികയായിരുന്നു. 2000-ൽപ്പരം കോൺട്രാക്ടർമാർക്ക് പണം കുടിശ്ശികയുണ്ടായിരുന്നു. അതുപോലെ ഹൗസിംഗ് ബോർഡിന് കൊടുക്കാൻ 500-ഓളം കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. കേരള ഇലക്ട്രിസിറ്റി ബോർഡിന് കോടികൾ കൊടുക്കാനുണ്ടായിരുന്നു. ജീവനക്കാർക്ക് കേന്ദ്ര പാരിറ്റി നിശ്ചയിച്ചതിനുശേഷം ഒരു നയാ പൈസ പോലും കൊടുക്കാതെ ഇറങ്ങിപ്പോയവരാണ്. കഴിഞ്ഞ രണ്ട് ആഴ്ചയ്ക്കുമുമ്പ് ഒരു സമരം നടത്തി. മുഖ്യമന്ത്രി പുതിയ ശമ്പളം മാർച്ച് 31-ന് മുമ്പ് കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. കേന്ദ്ര പാരിറ്റി കൊടുക്കാൻ നിശ്ചയിച്ചശേഷം ഒരു പൈസപോലും കൊടുക്കാതെ പിന്നീടുവന്ന ഗവൺമെന്റിന്റെ ചുമലിലേക്ക് സാമ്പത്തിക ഭാരം മുഴുവൻ മാറ്റിവച്ച് നിങ്ങൾ ഇറങ്ങിപ്പോയി. ആ ബാധ്യത തീർക്കുന്നതിനുവേണ്ടിയാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

കടബാധ്യത ഉണ്ടായത്. ശ്രീമതി ടീച്ചർ പറഞ്ഞു, ലോകായുക്തിന്റെ വിധിപോലും പാലിക്കുന്നില്ല എന്ന് അത് മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയതാണ്. ലോകായുക്തിന് നിയമത്തിന്റെ വരുതിയിൽ നിന്നുകൊണ്ട് ചെയ്യാനുള്ള അധികാരം മാത്രമാണ്. ലോകായുക്തിന്റെ വിധി അല്ല. ശ്രീമതി ടീച്ചർ അത് മനസ്സിലാക്കണം. ആ ഓർഡർ വായിച്ചിരുന്നെങ്കിൽ ലോകായുക്തിന്റെ വിധിയെ മുഖ്യമന്ത്രി തടഞ്ഞു എന്ന് നിങ്ങൾ പറയുകയില്ല. ആ വിധിയിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ലോകായുക്തിന്റെ മുമ്പിലുള്ള വിഷയം ആരോ ഇടപെട്ട വിഷയത്തെസംബന്ധിച്ചായിരുന്നു. അതിനെ സംബന്ധിച്ച് അദ്ദേഹം മുഖ്യമന്ത്രിക്ക് ഒരു ലെറ്റർ എഴുതി. അദ്ദേഹം പറഞ്ഞിരിക്കുന്നത് This is not a report. It is only an information for Chief Minister. ഇത് റിപ്പോർട്ട് അല്ല. ലോകായുക്തിന്റെ ആക്ട് അനുസരിച്ച് അന്വേഷണം നടത്തി ഇരുകൂട്ടരും കേട്ട് തീരുമാനം എടുത്ത്, അതിന്റെ അടിസ്ഥാനത്തിൽ എടുത്ത റിപ്പോർട്ട് മാത്രമാണ് ഗവൺമെന്റിലേക്ക് കൊടുക്കാനുള്ളത്. അങ്ങനെ ഒരു റിപ്പോർട്ട് ഇല്ല എന്ന് ലോകായുക്ത തന്നെ സ്വന്തം ഉത്തരവിൽ പറയുകയും This is only for an information എന്ന് പറഞ്ഞ് കൊടുത്തതാണ്. അത് മാത്രമോ ലോകായുക്തിന്റെ സബ്ജക്ട് മാറ്ററിൽ എന്തായിരുന്നു? അദ്ദേഹത്തിന്റെ സ്റ്റാഫിലുള്ളവർ ആരോ പാർട്ട് ടൈം ജീവനക്കാരെ നിയമിക്കുന്നതിന് പേര് കൊടുത്തു എന്ന് പറഞ്ഞ് സബ്ജക്ട് മാറ്റർ തരുമ്പോൾ അദ്ദേഹം പറഞ്ഞത് പിന്നീട് അതിനു വേണ്ടി തെളിവ് കൊടുക്കുന്നതിനെ സംബന്ധിച്ച് ഭീഷണിപ്പെടുത്താൻ ശ്രമിച്ചു എന്നുള്ള പരാതി ലോകായുക്തിന്റെ മുന്നിൽ ആ സമയത്ത് ഇല്ലായിരുന്നു. അതുകൊണ്ട് ലോകായുക്തിന്റെ തീരുമാനത്തെ, സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ അധികാരത്തെ കടന്നുപോകുന്നു എന്ന് പറയുന്നതിൽ കാര്യമില്ല. ഞങ്ങൾ വരും എന്നാണ് ശ്രീമതി ടീച്ചർ ഇവിടെ പറഞ്ഞിരിക്കുന്നത്. ശ്രീമതി ടീച്ചറോട് ഒരു കഥ മാത്രമേ പറയാനുള്ളൂ. അങ്ങനെ മനക്കോട്ട കെട്ടേണ്ട. പണ്ട് ഹാജിയാർ മക്കയിൽ പോയപ്പോൾ പോകുന്ന വഴിക്ക് കള്ളന്മാർ ഉള്ളിടത്ത് ഉറങ്ങേണ്ടിവന്നു. ഹാജിയാരുടെ കൂടെയുള്ള പോക്കരോട് താൻ ഉറങ്ങരുത്, നീ പിടികിട്ടാത്ത കാര്യത്തെക്കുറിച്ച് ചിന്തിച്ചോളണമെന്ന് പറഞ്ഞു. ഹാജിയാർ 12 മണിക്ക് ഉണർന്ന് ചോദിച്ചു. പോക്കരെ നീ എന്താണ് ഇപ്പോൾ ചിന്തിക്കുന്നത് എന്ന്. പോക്കർ പറഞ്ഞു, നമ്മൾ ചിന്തിക്കുന്നത് ആകാശത്ത് വിളക്ക് കൊളുത്തി വച്ചത് ആരാണെന്ന്. വീണ്ടും മുന്നുമണിയായപ്പോൾ പോക്കരെ വിളിച്ച് ചോദിച്ചു. ഇപ്പോൾ എന്താണ് ചിന്തിക്കുന്നത് എന്ന്. അത് തെങ്ങിന്റെ കരിക്കിൻവെള്ളം നിറച്ചത് ആരാണെന്ന്. അപ്പോൾ ഹാജിയാർക്ക് സന്തോഷമായി. കുതിരയെ ആരും കൊണ്ടുപോകാതിരിക്കുന്നതിനാണ് പോക്കരോട് പിടികിട്ടാത്ത കാര്യത്തെക്കുറിച്ച് ചിന്തിക്കണമെന്ന് പറഞ്ഞത്. അവസാനം നേരം വെളുത്ത് ഹാജിയാർ പോക്കരോട് ചോദിച്ചു. പോക്കരെ ഇപ്പോൾ നിങ്ങൾ എന്താണ് ചിന്തിക്കുന്നത്. അപ്പോൾ പോക്കർ പറഞ്ഞു, നിങ്ങളുടെ കുതിരയെ ആര് കൊണ്ടുപോയി എന്നാണ് ചിന്തിക്കുന്നതെന്ന്. ആ അനുഭവമായിരിക്കും വരുന്ന തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഇടതുപക്ഷത്തിന് ഉണ്ടാകുന്നതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[ചെയറിൽ ശ്രീ. പി. കെ. അബ്ദുറബ്ബ്]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. കഴിഞ്ഞ 57 മാസക്കാലം യു. ഡി. എഫ്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളിൽ നിന്നും ഒളിച്ചോട്ടം നടത്തിയതിനുശേഷം, വരുന്ന മൂന്നുമാസംകൊണ്ട്, പത്തു വർഷക്കാലം കൊണ്ട് നടപ്പാക്കാവുന്ന പദ്ധതികൾ ഗവർണ്ണറെ കൊണ്ട് പ്രഖ്യാപനം നടത്തി ജനങ്ങളെ വിഡ്ഢികളാക്കുന്ന ഒരു പ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. ആ നയപ്രഖ്യാപനത്തിന് നന്ദിപ്രമേയം അവതരിപ്പിച്ചാണ് ശ്രീ. കടവൂർ ശിവദാസൻ പ്രമേയം അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് ഈ പ്രമേയത്തെ അതിശക്തിയായി എതിർക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ സ്വൈരജീവിതം അപകടപ്പെടുത്തി, ക്രമസമാധാന രംഗം തകർത്ത് സർവ്വകാല റിക്കാർഡ് കരസ്ഥമാക്കിയ ഒരു ഗവൺമെന്റാണ് യു. ഡി. എഫ്. ഗവൺമെന്റ്. ഇവിടെ എല്ലാ വിധ മാഫിയാ സംഘങ്ങളും ഗുണ്ടാ സംഘങ്ങളും അരങ്ങേറുകയാണ്. ഗുണ്ടാ മാഫിയാ സംഘങ്ങളെ സഹായിക്കാൻ ഇത്തരത്തിൽ തരംതാണ പ്രവർത്തനങ്ങൾക്ക് പോലീസ് സേനയെ ഉപയോഗിച്ച അധഃപതിച്ച ഭരണമാണ് യു. ഡി. എഫ്. ഗവൺമെന്റിന്റേത്. അത് എങ്ങനെ സംഭവിച്ചു എന്ന് പരിശോധിച്ചാൽ പോലീസ് സേനയിൽ സമർത്ഥന്മാരായ ധാരാളം ആളുകളുണ്ട്. സമർത്ഥന്മാരായ ആഫീസർമാരെ ആഫീസിൽ ഇരുത്തുകയും കൈക്കൂലിക്കാരും അഴിമതിക്കാരും ആയിട്ടുള്ള ആളുകളെ പ്രധാന കേന്ദ്രങ്ങളിൽ നിയമിച്ചുകൊണ്ട് അവർവഴി കമ്മീഷൻ ഈടാക്കി കിശ വിർപ്പിക്കുന്ന ഭരണം നടത്തുന്നതിന്റെ ഫലമായിട്ടാണ്

2.00 p.m. നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിൽ ക്രമസമാധാനം അപകടപ്പെട്ടത്. അതിന് ഉത്തർവാദിത്വം യു. ഡി. എഫിന് തന്നെയാണ്. എല്ലാ രംഗത്തും ഇന്ന് മാഫിയാ സംഘങ്ങളുടെ അഴിഞ്ഞാട്ടം നടക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാൻ എന്ന പേരിൽ നടത്തിയ പ്രഖ്യാപനങ്ങളെല്ലാം തന്നെ—മുൻ നയപ്രഖ്യാപന പ്രസംഗത്തിൽ ഫണ്ട് ശേഖരണം അതുപോലെ തന്നെ സഹായിക്കുന്നതിനുവേണ്ടിയുള്ള മറ്റു പദ്ധതികൾ തുടങ്ങിയ പദ്ധതികളെല്ലാം തന്നെ—ഇത്തവണത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവൺമെന്റ് വിഴുങ്ങുകയാണ്. ചെയ്തത്. അങ്ങനെ ഒരിക്കൽക്കൂടി ഈ പരമ്പരാഗത വ്യവസായ തൊഴിലാളികളെ വഞ്ചിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് അഴിമതിക്കാരെ കുത്തിനിറച്ച് മാസപ്പടി വാങ്ങി പൊതുമേഖലാ വ്യവസായങ്ങളെ തകർക്കുന്ന ഒരു നയമാണ് വ്യസായ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ കഴിഞ്ഞ പതിനഞ്ചു കൊല്ലമായി വളരെ ലാഭകരമായി നടന്നു വന്നിരുന്ന എന്റെ നിയോജകമണ്ഡലത്തിലെ മീറ്റർ കമ്പനി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഈ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ട് നഷ്ടപ്പെടുകയാണ്. ഈ ഗവൺമെന്റ് അതിന്റെ തലപ്പത്ത് സ്ഥാപിത താൽപ്പര്യക്കാരെ നിയമിച്ച് കോഴവാങ്ങിയതിന്റെ ഫലമായിട്ടാണ് നമുക്ക് ഇത് നഷ്ടപ്പെടുന്നത്. അതുപോലെതന്നെയാണ് വിദ്യാഭ്യാസരംഗത്തും. ഇപ്പോൾ ഏറ്റവും വലിയ ലാഭം കിട്ടുന്നത് ഏതാണെന്ന് പരിശോധിച്ചാൽ വിദ്യാഭ്യാസരംഗംതന്നെ. വലിയ കൊയ്ത്താണ്. വിദ്യാഭ്യാസവും വ്യവസായവും ഒരു മന്ത്രിയെതന്നെ ഏൽപ്പിച്ചാൽ

നന്നായിരിക്കും. വിദ്യാഭ്യാസം ഇപ്പോൾ വ്യവസായത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിലയ്ക്കുവാങ്ങാൻ പണച്ചാക്കുകളുമായി തിരുവനന്തപുരത്ത് ആളുകൾ കറങ്ങി നടക്കുന്ന ഒരു അവസ്ഥാവിശേഷം ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംജാതമായിട്ടുണ്ട്. തൊഴിൽ മേഖലയെ സംബന്ധിച്ച് ധാരാളം കാര്യങ്ങളാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഫ്ളോർ ലെവൽ മിനിമം വേജസ് സ്ഥാപിക്കും എന്നാണ് തൊഴിൽ വകുപ്പിനുവേണ്ടി ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞത്. ഫ്ളോർ ലെവൽ മിനിമം വേജസ് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. നമ്മുടെ രാജ്യത്ത് തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന ആളാണ് ഇപ്പോൾ മുഖ്യമന്ത്രി സ്ഥാനം വഹിക്കുന്ന ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി. ഏകദേശം 37 വ്യവസായങ്ങളെ ഇന്ന് മിനിമം വേജസ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ രാജ്യത്തിലെ പാവപ്പെട്ട തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനുവേണ്ടി, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അരവയർ നിറക്കുന്നതിനുള്ള കൂലി എന്നാണ് മിനിമം വേജസ് കൊണ്ട് ഉദ്ദേശിക്കുക. മിനിമം വേജസ് നടപ്പാക്കാൻ എൻഫോഴ്സ്മെന്റ് നടത്താത്ത തൊഴിൽ വകുപ്പാണ്. ഇപ്പോൾ പുതിയ ധാരാളം വ്യവസായങ്ങളിൽകൂടി മിനിമംവേജസ് നടപ്പാക്കുമെന്നു പറയുന്നത്-പ്രഖ്യാപിച്ചാൽ മാത്രം പോരാ. പഞ്ചസാര എന്ന് എഴുതി നക്കി നോക്കിയിട്ട് കാര്യമില്ല. മിനിമം വേജസ് ധാരാളം വ്യവസായങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ മിനിമം വേജസ് നടപ്പാക്കാൻ ബാധ്യതയുള്ള തൊഴിൽ വകുപ്പ് ഇന്ന് മുതലാളിമാരുടെയും വ്യവസായികളുടെയും ചട്ടുകമായി മാറിയിരിക്കുകയാണ്. അതിന്റെ ഫലമായി ഇന്ന് കൊല്ലത്ത് കശുവണ്ടി വ്യവസായ മേഖലയിൽ വ്യവസായികൾ കൊള്ള നടത്തുകയാണ്. കശുവണ്ടി വ്യവസായ മേഖലയിൽ നടക്കുന്ന കൊള്ളയെപ്പറ്റി കഴിഞ്ഞ രണ്ടാം തീയതി കേരളകൗമുദി പത്രം ഒരു ലേഖനം തന്നെ പ്രസിദ്ധീകരിച്ചു. അവിടെ ചൂഷണം നടക്കുന്നു. തൊഴിൽ വകുപ്പ് മേനി ചമയുകയാണ്. കശുവണ്ടി വ്യവസായത്തെ സംബന്ധിച്ചാണ് എല്ലാവരും ഊറ്റം കൊള്ളുന്നത്. കശുവണ്ടി വ്യവസായത്തിന് ഒരു പാട് പിൽക്കാല ചരിത്രമുണ്ട്. പത്തുനാൽപ്പത് കൊല്ലക്കാലമായി കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന ഒരു പ്രവർത്തകനാണ് ഞാൻ. കശുവണ്ടി മേഖലയിൽ നിന്ന് വരുന്ന ഒരു എം. എൽ. എ. ആണ് ഞാൻ. 107 കോടി രൂപ ഏറ്റെടുത്തു എന്നാണ് വലിയ വീരസ്യം പറഞ്ഞത് 107 കോടി രൂപയുടെ കഥ കൂടി അറിയണ്ടേ? അപ്പുറത്ത് പറയുമ്പോൾ അത് പറയാൻ ഞാൻ ബാധ്യസ്ഥനല്ലേ?

ഈ ഗവൺമെന്റ് 2001-ൽ അധികാരത്തിൽ വരുമ്പോൾ 45 കോടി രൂപയുടെ ബാധ്യത മാത്രമായിരുന്നു കശുവണ്ടി വികസനകോർപ്പറേഷന് ഉണ്ടായിരുന്നത്. 2001-ൽ ആ 45 കോടി രൂപയുടെ ബാങ്ക് ബാധ്യത ഏറ്റെടുത്തുകൊണ്ട് അന്ന് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമായിരുന്നു. നിങ്ങൾ എന്താ ചെയ്തത്? നിങ്ങൾ കോർപ്പറേഷൻ മൂന്ന് കൊല്ലത്തോളം അടച്ചിട്ടു. 2001-ൽ 11 ദിവസം ജോലി നൽകി, 2002-ൽ 17 ദിവസം ജോലി നൽകി, 2003-ൽ 13 ദിവസം ജോലി നൽകി. 2004-ൽ നിങ്ങൾ 23 ദിവസം ജോലി നൽകി. ഇപ്പോൾ പറയുന്നു ഞങ്ങൾ സർവ്വകാല

LIBRARY ARCHIVES Kerala Legislative Assembly

റിക്കോർഡ് 233 ദിവസം ജോലി കൊടുത്തിരുന്നു. എല്ലാംകൂടി കൂട്ടി സർവ്വകാല റിക്കോർഡ് നിങ്ങൾ എടുത്തോ വാസ്തവത്തിൽ കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് ഇവിടെ ഇരിക്കുന്ന പലർക്കും അറിയില്ല. കൊല്ലം ജില്ലയാണല്ലോ കശുവണ്ടി വ്യവസായത്തിന്റെ ഈറ്റില്ലം. ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷൻ അടച്ചിട്ടിരിക്കുന്നു. കാപ്പെക്സ് അടച്ചിട്ടിരിക്കുന്നു. സഹകാര്യ മേഖലയിലെ ഫാക്ടറികൾ എല്ലാം അടച്ചിട്ടിരിക്കുന്നു. കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി എന്താണെന്ന് വ്യവസായ വകുപ്പു മന്ത്രി മനസ്സിലാക്കുന്നുണ്ടോ? വമ്പിച്ച പ്രതിസന്ധി നേരിടുന്ന ഒരു മേഖലയാണ് കശുവണ്ടി വ്യവസായ മേഖല. അതുകൊണ്ട് മാത്രമാണ് കശുവണ്ടി വികസന കോർപ്പറേഷൻ അടച്ചിട്ടിരിക്കുന്നത്. 2001-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും പിരിച്ചുവിട്ട ആയിരക്കണക്കിന് തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയായി മാത്രം 28 കോടി രൂപ കൊടുക്കാനുണ്ട്. എന്നിട്ടാണ് ഇപ്പോൾ മേനി ചമയുന്നത്. കശുവണ്ടി വ്യവസായം ഏതാണ്ട് രക്ഷപ്പെടുത്തി എന്നാണ്. 2001-ൽ ആ 45 കോടി രൂപയുടെ ബാദ്ധ്യത ഏറ്റെടുത്ത്കൊണ്ട് ബാങ്കിന് ഗ്യാരണ്ടി കൊടുത്തുകൊണ്ട് പ്രവർത്തനം ആരംഭിച്ചിരുന്നു എങ്കിൽ 107 കോടി രൂപ അവസാനം പഞ്ചായത്ത് തിരഞ്ഞെടുപ്പിന് മുമ്പ് കൊടുക്കേണ്ടി വരുമായിരുന്നോ? നാല് കൊല്ലം അടച്ചിട്ട് അവസാനം പലിശയും പിനൽ പലിശയുമായി 107 കോടി രൂപ പെറ്റുപെരികിയപ്പോഴാണ് 107 കോടി രൂപ ഞങ്ങൾ കൊടുത്തു, ഞങ്ങൾ ഗ്യാരണ്ടി കൊടുത്തു എന്ന് പറയുന്നത്. ആ ഫയലൊക്കെ എടുത്താൽ അറിയാവുന്നതാണ്. 1977-ൽ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന, ഇപ്പോൾ മുഖ്യമന്ത്രിയുടെ സ്ഥാനം വഹിക്കുന്ന ശ്രീ. വക്കം പുരുഷോത്തമൻ അന്ന് തൊഴിൽ വകുപ്പുമന്ത്രിയായിരുന്നു. അന്ന് വ്യവസായ വകുപ്പ് മന്ത്രിയായിരുന്നത്അന്തരിച്ചുപോയ പി. കെ. വാസുദേവൻ നായരാണ് അന്ന് കേരളത്തിലെ മുഴുവൻ കശുവണ്ടി ആപ്പീസുകളും ഏറ്റെടുത്ത് നടത്തുന്നതിന് ഇന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ ഉൾപ്പെടെ അന്ന് ആ സ്ഥാപനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി 22 കോടി രൂപ നഷ്ടം വന്നു. പക്ഷെ അത് പരമ്പരാഗത വ്യവസായ മേഖലയിലെ പാവപ്പെട്ട തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ഏറ്റെടുത്ത ഒരു പദ്ധതിയായിരുന്നു, ഒരു പ്രഖ്യാപനമായിരുന്നു. അതാണ് ഞാൻ രാവിലെ ചോദിച്ചത്, പാവപ്പെട്ടവരെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് കശുവണ്ടി തൊഴിലാളികൾ 40ശതമാനം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. അത് തൊഴിൽവകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല. തൊഴിൽ വകുപ്പിന് അറിയില്ല. വേറെ മേഖകൾ ഉണ്ട്. ആ മേഖലയെ സംരക്ഷിക്കാൻ വേണ്ടി ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 23,000 കോടി രൂപയുടെ കടക്കെണിമൂലം ഈ ഖജനാവ് കാലിയാക്കി കളഞ്ഞവർ, ദുഷ്ടന്മാർ ഇടതുപക്ഷ ജനാധിപത്യമുന്നണി എന്ന് പറഞ്ഞ് ആ കടം തീർക്കാൻ വന്ന ആളുകളാണ് ഇപ്പോൾ 55,000 കോടി രൂപയായി കടം വർദ്ധിപ്പിച്ചത്. ഒരു പഴഞ്ചൊല്ലുണ്ട്, പ്രസവം എടുക്കാൻ വന്ന പതിച്ചി ഇരട്ട പ്രസവിച്ചു എന്ന്. അതുപോലെയാണ് വാസ്തവത്തിൽ 23,000 കോടി രൂപയുടെ കടം തീർക്കാൻ വന്ന പതിച്ചി ഇപ്പോൾ 55,000 കോടിയായി പെരുക്കിയത്. ഇതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ ഈ ഗവൺമെന്റിന്റെ സ്ഥിതി. ഈ നയപ്രഖ്യാപനത്തെ എങ്ങനെ പിൻതാങ്ങാൻ കഴിയും. മൂന്ന് മാസം അവശേഷിക്കുന്ന, ഭരിക്കുവാൻ അവകാശം നഷ്ടപ്പെട്ട എല്ലാ തത്തിലും ജനവിധി നഷ്ടപ്പെട്ട ഒരു കൂറുമുന്നണിയായിട്ട് സാങ്കേതിക ന്യായം പറഞ്ഞ് കണക്കുകൾ കൊണ്ടുമാത്രം കടിച്ചു തൂങ്ങുന്ന ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെ അതിശക്തമായി ഞാൻ എതിർക്കുന്നു.

ശ്രീ. എം. മുരളി : സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഗവർണ്ണർ നടത്തിയ പ്രസംഗം വികസന പദ്ധതികളുടെയും സാമൂഹ്യ സുരക്ഷാ പദ്ധതികളുടെയും ഒരു പ്രവാഹംതന്നെ കേരളത്തിൽ, കഴിഞ്ഞ അഞ്ചു വർഷക്കാലംകൊണ്ട് സൃഷ്ടിച്ച യു. ഡി. എഫ് ഗവൺമെന്റിന്റെ ഒരു ട്രാക്ക് റിക്കോർഡായിരുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം ശ്രീ. എ. കെ. ആന്റണിയുടെയും, ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നേതൃത്വത്തിൽ യു. ഡി. എഫ്. ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ വികസനവും പരിരക്ഷയും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളായിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി മാറിക്കൊണ്ടിരിക്കുന്ന ലോകത്തിന് ഉതകുന്ന ഒരു ഡെവലപ്മെന്റൽ ട്രാക്കാണ് ഈ ഗവൺമെന്റ് വെട്ടിത്തുറന്നത്. അതിൽ കുറ്റങ്ങളും കുറവുകളും ഉണ്ടാകും. ഓരോ വികസന പദ്ധതികളും നടപ്പിലാക്കിയ രീതിയോ അല്ലെങ്കിൽ നടപ്പിലാക്കിയ ശൈലിയോ നടപ്പിലാക്കുമ്പോൾ ഉണ്ടായ പ്രശ്നങ്ങളോ ഭാവിയിൽ വിലയിരുത്തപ്പെടേണ്ടതാണ്. അതിൽ അപാകതകളോ, കുറ്റങ്ങളോ, തെറ്റുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തിരുത്തിക്കൊണ്ടുവേണം ആ വികസനപാതയിലൂടെ തന്നെ കേരളം മുന്നേറാൻ. കഴിഞ്ഞ കാലങ്ങളിൽ നമുക്ക് സംഭവിച്ചുപോയ അമിതമായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ, നമുക്ക് സംഭവിച്ചുപോയ തെറ്റുകൾ ആ തെറ്റുകൾ തിരുത്തിക്കൊണ്ടാണ് പുതിയ വികസനപാത ഈ ഗവൺമെന്റ് വെട്ടിത്തുറന്നത്. സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ച ഓരോ കാര്യങ്ങളെക്കുറിച്ചും ഞങ്ങൾക്ക് ധാരാളം വിശദീകരിക്കാൻ കഴിയും. വികസനപ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങൾ, ഗവർണ്ണർതന്നെ പ്രസംഗിച്ച കാര്യങ്ങൾ ഇന്നത്തെ ചർച്ചയിൽ ഉയർത്തിപ്പിടിച്ച കാര്യങ്ങൾ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു പക്ഷെ കേരളത്തിന്റെ ചരിത്രത്തിൽ ഒരു കാലഘട്ടത്തിലും നടന്നിട്ടില്ലാത്ത വികസന പദ്ധതികൾക്കാണ് രൂപം നൽകാനും നടപ്പിലാക്കാനും ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞത്. അതിന്റെ രാഷ്ട്രീയ പ്രയോജനം ഞങ്ങൾക്ക് നേടിയെടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് തിരഞ്ഞെടുപ്പുകളിൽ ഞങ്ങൾക്ക് പരാജയം ഏറ്റുവാങ്ങേണ്ടിവന്നത്. ഞങ്ങൾ ആ രാഷ്ട്രീയ യാഥാർത്ഥ്യം അംഗീകരിക്കുകയാണ്. കാരണം ഇന്നലെകളിൽ ഉണ്ടായിരുന്ന ഞങ്ങളുടേതായ രാഷ്ട്രീയ പ്രശ്നങ്ങളാണ് നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ലാത്ത സാമൂഹ്യ സുരക്ഷാ പദ്ധതികളും വികസന പ്രോജക്ടുകളും നടപ്പിലാക്കിയ ഗവൺമെന്റിന് അതിന്റെതായ തിരഞ്ഞെടുപ്പ് വിജയങ്ങൾ നൽകാതെ പോയത് എന്ന് മറ്റു വാക്കിൽ ഞാൻ പറയുകയാണ്. ഇവിടെ ഇക്കാര്യം വിസ്മരിക്കരുത്. രാഷ്ട്രീയത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നൂലാമാലകളിൽ കിടന്ന് നട്ടം തിരിഞ്ഞ ഒരു സന്ദർഭത്തിലും വികസന അജണ്ട മാറ്റി വെക്കാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകതന്നെ ചെയ്തു എന്നുള്ള യാഥാർത്ഥ്യം വിസ്മരിക്കരുത്. ഉപതിരഞ്ഞെടുപ്പിന്റെയും പാർലമെന്റ് തിരഞ്ഞെടുപ്പിന്റെയും കാര്യം പറഞ്ഞു, അടിക്കടി ഉണ്ടായ രണ്ടുമൂന്നു പരാജയങ്ങൾ ഏറ്റുവാങ്ങിയ സന്ദർഭത്തിൽപ്പോലും ആത്മവിശ്വാസം നഷ്ടപ്പെടാതെ അഞ്ചുവർഷങ്ങൾക്കുമുമ്പ് തുടക്കം കുറിച്ച വികസനപാത ആ ഡെവലപ്മെന്റൽ ട്രാക്കിലൂടെതന്നെ ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നു. ഞാൻ ഈ വികസന പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം ചെയ്യുമ്പോൾ വിദ്യാഭ്യാസ രംഗത്ത് പ്രൊഫഷണൽ കോളേജുകൾ, സെൽഫ് ഫിനാൻസിംഗ് കോളേജുകൾ കേരളത്തിനകത്തും ഇന്ത്യക്കകത്തും ലോകത്തിന്റെ എല്ലാ മൂക്കിലും മൂലയിലുമുള്ള മലയാളിക്ക് ലഭിക്കേണ്ട, നമ്മുടെ കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ട ഞാഴിലവസരങ്ങൾ വെട്ടിപ്പിടിക്കാൻവേണ്ടി കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് ആരംഭിച്ച പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഫീസ് സ്ട്രക്ച്ചറിനെക്കുറിച്ച് സാധാരണക്കാരായ രക്ഷാകർത്താക്കൾക്ക് ഒരു ആശങ്കയുണ്ടായിരുന്നു. ഇപ്പോഴും ആ ആശങ്കയുണ്ട്. ആ വിഷയം ഇന്ത്യൻ പാർലമെന്റിന്റെയും സുപ്രീം കോടതിയുടെയും മുമ്പിലേക്ക് പോയി. അത് കേരളത്തിൽ ഉണ്ടായ തർക്കങ്ങൾകൊണ്ട് മാത്രമല്ല, മറ്റ് പല സംസ്ഥാനങ്ങളിലും അത്തരം പ്രശ്നങ്ങൾ ഉണ്ടായി. കോടതിയിൽ പരമാധികാര നീതിപീഠത്തിന്റെ മുമ്പിൽ പോയി പാർലമെന്റ് തന്നെ നിയമം പാസ്സാക്കേണ്ട സാഹചര്യം ഉണ്ടായി. ഞാൻ അതിലേക്ക് വിശദമായി കടക്കുന്നില്ല. പക്ഷെ ആ പ്രൊഫഷണൽ കോളേജുകൾ, ആ സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്തെ ഒരു പുതിയ ചുവടുവയ്പായിരുന്നു എന്നുള്ള യാഥാർത്ഥ്യം വിസ്മരിക്കാൻ കഴിയില്ല. നാളെ ഏത് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നാലും ഈ സ്ഥാപനങ്ങൾക്ക് ഒരു പക്ഷെ ജനങ്ങൾ ആഗ്രഹിക്കുന്ന പോലുള്ള സാമൂഹ്യമായ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുതന്നെ ആ സ്ഥാപനങ്ങളെ പരിരക്ഷിച്ചുകൊണ്ട് മുന്നോട്ട് പോകേണ്ടിവരും. അതാണ് യു. ഡി. എഫ്. ഗവൺമെന്റും ആഗ്രഹിക്കുന്നത്. കാരണം കേരളത്തിലെ പുതിയ തലമുറയിൽപ്പെട്ട ആയിരക്കണക്കിന് കുട്ടികൾക്ക് ലോകത്തെ കീഴടക്കാൻ കഴിയുന്ന, വെട്ടിപ്പിടിക്കാൻ കഴിയുന്ന അവസരങ്ങൾ പ്രദാനം ചെയ്തത് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടി തന്നെയാണ്. വ്യാവസായിക മേഖലയിൽ ഉള്ള വികസന പ്രവർത്തനങ്ങൾ, ജിം കോൺഫറൻസ് കൊച്ചിയിൽ നടക്കുമ്പോൾ പ്രായോഗികമായി നമുക്ക് എന്തെല്ലാം നേടിയെടുക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് കേരളം ഉറ്റുനോക്കിയിരുന്നു, ജനങ്ങൾ ഉറ്റുനോക്കിയിരുന്നു. ഒരുപക്ഷെ ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പിൻതുണയോടുകൂടിതന്നെ ഇൻഡ്യാ രാജ്യത്ത് അധികാരത്തിൽ വന്ന ഡോ. മൻമോഹൻസിംഗിന്റെ ഗവൺമെന്റ്, ആ ഗവൺമെന്റിന്റെ പ്രത്യേകമായ പരിഗണനകൊണ്ടുതന്നെ 22,000 കോടി രൂപയുടെ പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കുവാൻ കഴിഞ്ഞിരിക്കുന്നു എന്നുള്ളത് അഭിമാനകരമായ ഒരു കാര്യമായി ഗവർണ്ണർ ചൂണ്ടിക്കാണിച്ചു. അത് ഈ സഭയിൽ ഞാനും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ 22,000

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ കേന്ദ്ര നിക്ഷേപം വരുത്തിക്കൊണ്ട് ആരംഭിച്ചിരിക്കുന്ന വൻകിട പ്രോജക്ടുകൾ അതിന്റെ പേരുകളൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ അത് പ്രത്യേകം ഉയർത്തിപ്പിടിക്കുകയുണ്ടായി. ആ വികസന പ്രവർത്തനങ്ങൾ നമുക്ക് അനുസൂതം മുന്നോട്ട് കൊണ്ടു പോകണം. ആ വികസന പ്രവർത്തനങ്ങൾ അനുസൂതം മുന്നോട്ട് കൊണ്ടുപോകുമെങ്കിൽ മാത്രമേ കഴിഞ്ഞ കാലത്ത് വികസന രംഗത്ത് കേരളത്തിന് സംഭവിച്ച നഷ്ടം നമുക്ക് അനന്ത വിദൂരഭാവിയിലെങ്കിലും വീണ്ടെടുക്കാൻ കഴിയുകയുള്ളു. വ്യാവസായിക വികസന രംഗത്ത് കിൻഫ്രാ നമ്മുടെ ഒരു പ്രസ്റ്റീജായി മാറിയിരിക്കുന്നു. കിൻഫ്രാ ആരംഭിച്ചിരിക്കുന്ന വ്യാവസായിക സ്ഥാപനങ്ങൾ, അവരുടെ പുതിയ സംരംഭങ്ങൾ. അത് ഐ. റ്റി.യുൾപ്പെടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഓരോ മേഖലയിലും ആരംഭിച്ചിരിക്കുന്ന സംരംഭങ്ങൾ അതിനെ എല്ലാ ജനവിഭാഗങ്ങളും അപ്രീഷിയേറ്റ് ചെയ്യുകയാണ്. അവർ സ്വാഗതം ചെയ്യുകയാണ്. ഒരു പക്ഷെ വ്യവസായ വികസനം കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു മരീചികയാണെന്ന് കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മെളെല്ലാം കരുതിയിരുന്നെങ്കിൽ നമ്മുടെ വ്യാവസായിക വികസനം യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യാവസായിക മേഖലയിലെ സമീപകാല പദ്ധതികൾ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു എന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. ഈ ഗവൺമെന്റിന് ഓരോ രംഗത്തും വികസനത്തിന്റെ പുതിയ പാതകൾ തുറക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമാണ്. വൈദ്യുത പദ്ധതികളെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ശ്രീ. ടി. കെ. ദേവകുമാർ: സർ, നമ്മുടെ രണ്ടുപേരുടെയും നിയോജകമണ്ഡലം ഉൾപ്പെടുന്നതാണ് അപ്പർ കുട്ടനാടൻ മേഖല. അവിടുത്തെ വേനൽവിള നശിച്ചുപോയി. കൃഷി നശിച്ചപ്പോൾ രണ്ടു വർഷത്തിനുമുമ്പ് 1200 രൂപ കൊടുത്തത്, ഇപ്പോൾ വിള നശിച്ചപ്പോൾ 600 രൂപയേ കൊടുക്കുന്നുള്ളു എന്നത് അങ്ങയുടെ ശ്രദ്ധയിൽപെടുകാണുമല്ലോ.

ശ്രീ. എം. മുരളി: അങ്ങ് എന്റെ പ്രസംഗത്തിന്റെ ട്രാക്ക് മാറ്റാനായി പറയുന്നതാണെന്നെനിക്കറിയാം. അങ്ങ് പറഞ്ഞ ആവശ്യം പ്രസക്തമായ കാര്യമാണ്. വേനൽമഴയിലും പ്രകൃതി ക്ഷോഭത്തിലും കൃഷി നശിച്ചുപോയ കുട്ടനാട് മേഖലയിലുൾപ്പെടെ, അപ്പർ കുട്ടനാടൻ മേഖലയിലുൾപ്പെടെ നമ്മൾ പ്രതിനിധാനം ചെയ്യുന്ന മേഖലകളിലെ കർഷകർക്ക് മതിയായ നഷ്ടപരിഹാരം കിട്ടിയിട്ടില്ല. അത് അടിയന്തിരമായി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം അങ്ങും ഞാനും ഉൾപ്പെടെയുള്ള മെമ്പർമാർ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തികവർഷം അതു കൊടുക്കുമെന്നാണ് ഞാനും പ്രത്യാശിക്കുന്നത്. റോഡ് വികസനത്തെക്കുറിച്ച് ബഹുമാനപ്പെട്ട നന്നി പ്രമേയാവതാരകൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കെ. എസ്. ടി. പി. യിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടത്തികൊണ്ടിരിക്കുന്ന റോഡ് വികസന പ്രവർത്തനങ്ങൾ കേരളത്തിന്റെ ചരിത്രത്തിൽ ഒരു കാലഘട്ടത്തിലും നടത്തിയിട്ടില്ലാത്ത വികസന പ്രവർത്തനങ്ങളാണ്. കണക്ടിവിറ്റിയുടെ പ്രശ്നമായ പാലങ്ങൾ, 100 പാലങ്ങളുടെ നിർമ്മാണ ജോലികൾ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഒരു കാലഘട്ടത്തിലും നടത്തിയിട്ടില്ലാത്ത വികസന പ്രവർത്തനമെന്നുള്ള നിലയിലാണ് എടുത്തുപറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മുരളി കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ചാണല്ലോ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. കേരളീയ സമൂഹത്തിൽ വലിയ ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്ന മേഖലയാണ് കാർഷിക മേഖലയും പരമ്പരാഗത വ്യവസായ മേഖലയും. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾ ആശ്രയിക്കുന്ന മേഖലയാണ്. ഈ മേഖലക്ക് ഗവൺമെന്റ് വല്ല മുൻഗണനയും നൽകിയിട്ടുണ്ടോ? മാത്രമല്ല ഈ മേഖലയുടെ തകർച്ച ത്വരിതപ്പെടുത്തുന്നതിന് സഹായകമായ നിലപാടല്ല ഇവിടെ ഉണ്ടായത്, വസ്തുത അതല്ലേ?

ശ്രീ. എം. മുരളി: ശ്രീ. ടി. പി. രാമകൃഷ്ണന്റെ വികാരത്തോട് ഞാൻ യോജിക്കുകയാണ്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ആദ്യത്തെ ക്വസ്റ്റ്യനായിട്ടുവന്നതും പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചുള്ള ചർച്ചയായിരുന്നു. തീർച്ചയായിട്ടും പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തിയില്ലായെങ്കിൽ ഗ്രാമങ്ങളിലെ പാവങ്ങൾക്ക് അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയില്ല. ആ രംഗത്ത് ഈ ഗവൺമെന്റ് കൂടുതൽ ശ്രദ്ധ ഊന്നുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. യാതൊരു സംശയവുമില്ല. കാർഷിക രംഗത്ത് റബ്ബറിന് വിലകൂടി. കാർഷിക മേഖലകളിൽ കർഷകർക്ക് വരുമാനം കൂടിയിട്ടുണ്ട്. പക്ഷെ ചില മേഖലകളിൽ അവർക്ക് ചെലവിന് അനുസരിച്ചുള്ള വരുമാനം കിട്ടുന്നില്ല എന്നുള്ള പരിദേവനമാണ് ഇവിടെ ഉന്നയിച്ചത്. അപ്പോൾ കാർഷിക മേഖലയുടെയും പരമ്പരാഗത വ്യവസായമേഖലയുടെയും സുരക്ഷ ഉറപ്പുവരുത്തേണ്ടതുണ്ട് എന്നുള്ള കാര്യത്തിൽ സംശയമില്ല. ഞാൻ ഷറഞ്ഞുവന്നത് റോഡ് വികസനമുൾപ്പെടെ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി പുതിയതായി കേരളത്തിൽ നിർമ്മിച്ച പാലങ്ങളുടെ നിർമ്മാണമുൾപ്പെടെ ടൂറിസം രംഗത്ത് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുമായി നമുക്ക് അനുസൃതം മുന്നോട്ട് പോകണം. യാതൊരു സംശയവുമില്ല. കഴിഞ്ഞ അഞ്ചു വർഷക്കാലമായി നിങ്ങൾ ഇതിന്റെ നയങ്ങളെയും സമീപനങ്ങളെയും എതിർത്തുകൊണ്ടിരിന്നു. ശ്രീ. കടവൂർ ശിവദാസൻ ചൂണ്ടി കാണിച്ചതുപോലെ ഏറ്റവും ഒടുവിൽ സി. പി. ഐ. (എം.) സംഘടിപ്പിച്ച പഠന കോൺഗ്രസ്സിൽ ഞങ്ങൾ വെട്ടിത്തുറന്ന വികസനപാത അംഗീകരിച്ചുകൊണ്ടാണ് നിങ്ങൾ വികസന പരിപാടികൾക്ക് രൂപം നൽകിയിരിക്കുന്നത്. നിങ്ങൾ ഇന്നലെകളിൽ എതിർത്ത, രാഷ്ട്രീയ സമരങ്ങളിലൂടെ തടസ്സം നിൽക്കാൻ ശ്രമിച്ച ആ വികസന പ്രവർത്തനങ്ങൾ, ഞങ്ങൾ വെട്ടിത്തുറന്ന ഡെവലപ്പ്മെന്റൽ ട്രാക്ക് അംഗീകരിക്കുന്ന സംഭവമായിരുന്നു നിങ്ങളുടെ പഠന കോൺഗ്രസ് എന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കട്ടെ. എക്സ്പ്രസ്സ് ഹൈവേയുടെ കാര്യത്തിൽ നമ്മുടെ വൻകിട കോർപ്പറേഷനുകൾ എ. ഡി. ബി. വായ്പ സ്വീകരിക്കാൻ എറ്റവും ഒടുവിൽ എടുത്ത തീരുമാനമുൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിച്ചു. ഒരുപക്ഷെ ഞങ്ങൾ ശരിയുടെ പാതയിലൂടെയാണ് ഞങ്ങളുടെ യാത്ര മുന്നോട്ട് കൊണ്ടുപോയത് എന്നത് വൈകിയവേളയിലെങ്കിലും നിങ്ങൾ അംഗീകരിച്ചിരിക്കുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവുകളാണ് ഇത്. ഈ ഗവൺമെന്റ് ആവിഷ്കരിച്ച സാമൂഹ്യ സുരക്ഷാ പദ്ധതികളായ കുടുംബശ്രീ, ആശ്രയ പ്രത്യാശ എന്നീ പദ്ധതികളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണർതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭംകുറിച്ച 'സുഭിക്ഷ' പ്രോജക്ട് വളരെയേറെ സ്വാഗതം ചെയ്യപ്പെട്ട പദ്ധതിയായിരുന്നു. സമഗ്ര പദ്ധതി കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്യക്കുപോലും മാതൃകയാണ്. ആശ്രയ പദ്ധതി പോലെ ആവിഷ്ക്കരിച്ചതാണ് 'സമഗ്ര' പദ്ധതി. സുഭിക്ഷയും സമഗ്രയും ഭാവിയിൽ കേരളത്തിലെ മുഴുവൻ .വികസന ബ്ലോക്കുകളിലും ആവിഷ്കരിച്ചു കഴിഞ്ഞാൽ ഏതാനും വർഷക്കാലംകൊണ്ട് ഗ്രാമീണമേഖലയിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയുന്ന വിധത്തിൽ ദാരിദ്യ നിർമ്മാർജ്ജന പദ്ധതികൾ പൂർണ്ണമായി വിജയത്തിൽ എത്തിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ കാലഘട്ടങ്ങളിൽ അവഗണിച്ചിരുന്ന വിഭാഗത്തിൽപ്പെട്ട നമ്മുടെ സഹോദരിമാർ, വിധവകളുൾപ്പെടെയുള്ള സ്ത്രീകൾ, സമൂഹത്തിൽനിന്ന് ഒഴിവാക്കപ്പെട്ടവർ, കരുതൽ ലഭിക്കാതെ പോയവർ ഈ വിഭാഗങ്ങളെ ഒന്നൊന്നായി കണ്ടെത്തിക്കൊണ്ട് അവർക്കുവേണ്ട സാമൂഹിക സുരക്ഷ ഉറപ്പുവരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ആർക്കും അത് നിഷേധിക്കാൻ കഴിയുകയില്ല. ഏറ്റവും ഒടുവിൽ പ്രിയങ്കരനായ മുഖ്യമന്ത്രി മുൻകൈ എടുത്തുകൊണ്ട് ആവിഷ്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി ഗ്രാമങ്ങളിൽ ആവേശകരമായിട്ടുള്ള മുന്നേറ്റം നടക്കുകയാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നിയന്ത്രിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരബുദ്ധിയോടുകൂടി ഈ ഇൻഷ്വറൻസ് പദ്ധതിയിലേക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ, ഒരു പക്ഷെ 25 ലക്ഷം കുടുംബങ്ങളെ ഇതിൽ അംഗങ്ങളാക്കാനും അവർക്ക് പരിരക്ഷ കൊടുക്കാനുമാണ് ഉദ്ദേശിച്ചതെങ്കിൽ അതിനപ്പുറത്ത് ഈ പദ്ധതി എത്താൻ പോകുന്നു എന്ന് ഞാൻ ചൂണ്ടിക്കാണിക്കട്ടെ. കഴിഞ്ഞകാലഘട്ടങ്ങളിൽ അത്തരം വലിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഒരു ഗവൺമെന്റിനും കഴിഞ്ഞിട്ടില്ല. ഒരുപക്ഷെ സമൂഹത്തിൽ നിസ്സഹായരായി കഴിയുന്നവർ, പരിരക്ഷ ലഭിക്കാതിരിക്കുന്നവർ, പരിഗണന ലഭിക്കാതെ പോയവർ, സർക്കാർ ഫണ്ടുകൊണ്ട് അവശതകൾ പരിഹരിക്കാൻ കഴിയാതെ പോയവർ എന്നിവർക്ക് ഈ കഴിഞ്ഞ ദിവസങ്ങളിൽ ആവിഷ്കരിച്ചിരിക്കുന്ന ഈ ഇൻഷ്വറൻസ് പദ്ധതി വലിയ ഒരു ജീവിതം നൽകും, പരിരക്ഷ നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ പാവപ്പെട്ട കുടുംബങ്ങൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റ് ഒരു നയസമീപനം സ്വീകരിച്ചപ്പോൾ കേരളം ഒറ്റക്കെട്ടായി പറഞ്ഞു, ഈ കാര്യത്തിൽ വിട്ടുവീഴ്ച പാടില്ല. നമ്മുടെ സമൂഹത്തിന്റെ പ്രത്യേകമായ സാഹചര്യം പരിഗണിച്ചുകൊണ്ട് ദാരിദ്ര്യം അനുഭവിക്കുന്ന ജനങ്ങളെ പരിരക്ഷിക്കാൻവേണ്ടി കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്തുകൊണ്ടുള്ള പരിപാടി മുന്നോട്ടു കൊണ്ടുപോകണമെന്നുള്ള നിലപാട് കേരളം ഒറ്റക്കെട്ടായി സ്വീകരിച്ചു. കേന്ദ്ര ഗവൺമെന്റ് അത് തത്വത്തിൽ അംഗീകരിച്ചിരിക്കുന്നു. അപ്പോൾ ഈ ഗവൺമെന്റ് ആവിഷ്കരിച്ച സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഈ ഗവൺമെന്റിന്റെ അതുല്യ നേട്ടങ്ങളാണ് എന്ന് ഒറ്റവാക്കിൽ ചൂണ്ടിക്കാണിക്കട്ടെ. ഇവിടെ ഇന്ന് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പ്രസംഗിച്ചപ്പോൾ പൊതുകടത്തെക്കുറിച്ചു പറഞ്ഞു. പൊതുകടത്തിന്റെ വർദ്ധനവ് സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടത്തിയ പത്ര സമ്മേളനത്തിലും ഇന്ന് ശ്രീമതി ടീച്ചർ നടത്തിയ പ്രസംഗത്തിലും അത് ഇരുപത്തിമൂവായിരം കോടി രൂപയിൽ നിന്നും അൻപത്തിയോരായിരം കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുക യുണ്ടായി.

സർ, അതൊരു സാങ്കൽപ്പിക കണക്ക് മാത്രമാണ്. എ. ജി. അത്തരം ഒരു കണക്ക് അവതരിപ്പിച്ചിട്ടില്ല. അത് ഭാവനയിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന കണക്ക് മാത്രമാണ്. ഇൻഫ്രാസ്ട്രക്ചർ കണ്ടില്ലെന്ന് നടിക്കാൻ പറ്റില്ല. നമ്മുടെ പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരവികേന്ദ്രീകരണം വന്നതിനുശേഷം, നിങ്ങളുടെ കലഘട്ടത്തിൽ നിങ്ങൾ നൽകിയ പദ്ധതി വിഹിതം, ആ പദ്ധതി വിഹിതത്തിന്റെ ഇരട്ടിയാണ് ഈ ഗവൺമെന്റ് പിന്നിട്ട അഞ്ചു വർഷങ്ങളിൽ നൽകിയതെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. പ്ലാൻ സൈസ്, അത് പ്രാദേശിക ഗവൺമെന്റുകൾക്ക് നൽകിയ പ്ലാൻ അലോക്കേഷനാണെ കിലും സംസ്ഥാനത്തിന്റെ പ്ലാനാണെങ്കിലും പ്ലാൻ സൈസ് ഈ ഗവൺമെന്റിന്റെ കാല ഘട്ടത്തിൽ ഒരു ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഉണ്ടായിട്ടില്ലാത്ത നിലയിൽ വർദ്ധി പ്പിച്ചു എന്നത് വിസ്മരിക്കരുത്. പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചയ്ക്കു പോയപ്പോൾ ആവിഷ്കരിച്ചതിൽ നിന്നും ചില പരിമിതികൾ വന്നിട്ടുണ്ടാകാം. പക്ഷെ, ഓരോ സാമ്പ ത്തിക വർഷവും പ്ലാൻ സൈസ് വർദ്ധിക്കുകയാണ്. ആ കണക്കുകൾ നമ്മുടെ മുമ്പി ലുണ്ട്. സംസാരിക്കുന്ന കണക്കുകൾ വിസ്മരിക്കാൻ കഴിയില്ല.

<u>ശ്രീ. ബിനോയ് വിശ്വം:</u> ഇത് ധവളപത്രമാണ്. നിങ്ങൾ പണ്ടിറക്കിയത്. നിങ്ങൾ പറയുന്ന സാമ്പത്തിക മാനദണ്ഡങ്ങളൊന്നും അന്ന് ബാധകമല്ലായിരുന്നോ? ഇൻഫ്രാ സ്ട്രക്ചർ, ഈ പറയുന്ന കാര്യങ്ങളൊന്നും അന്നില്ലായിരുന്നോ? ഞങ്ങളെ ആക്രമിക്കാൻ വേണ്ടി പറഞ്ഞ കാര്യങ്ങളെല്ലാം ഇപ്പോൾ വിഴുങ്ങുകയാണോ? എല്ലാം മറന്നോ?

<u>ശ്രീ. എം. മുരളി:</u> ഈ വികസന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ നമ്മൾ പണം കടമെടുത്തു. ആ വികസന പ്രവർത്തനങ്ങളെ അനുസ്യൂതം മുന്നോട്ടു കൊണ്ടുപോകുന്നു. സംസ്ഥാനത്തിന്റെ പ്ലാൻ ആണെങ്കിലും പ്രാദേശിക ഗവൺമെന്റു കൾക്ക് കൊടുക്കുന്ന പ്ലാൻ അലോക്കേഷൻ ആണെങ്കിലും പദ്ധതി നടത്തിപ്പിനുവേണ്ടി യുള്ള വിഹിതമാണെങ്കിലും അതിൽ ഗണ്യമായ വർദ്ധനവുണ്ടായി. അതാണ് വികസന പ്രവർത്തനങ്ങളിൽ ബഹുദൂരം മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിനെ സഹായിച്ചത്. അതാണ് ഈ ഗവൺമെന്റിന്റെ അതുല്യമായ നേട്ടം. ഏത് ഗവൺമെന്റ് അധികാര ത്തിൽ വന്നാലും വികസനം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. അതാണ് കഴിഞ്ഞ അഞ്ചു വർഷക്കാലംകൊണ്ട് ഈ ഗവൺമെന്റ് നടത്തിയത്.

<u>ശ്രീ. മത്തായി ചാക്കോ:</u> ശ്രീ. എം. മുരളി ഇവിടെ പറഞ്ഞത്, ഓരോ വർഷവും വികസനത്തിനുവേണ്ടി തുക ചെലവഴിച്ചു എന്നുള്ളതാണ്. ബഡ്ജറ്റ് ഇൻ ബ്രീഫ്: എ-18-ൽ ടേബിൾ എ-22-ൽ, ആരോഗ്യരംഗത്ത് 2001-ലുണ്ടായിരുന്ന പെർസെന്റേജ് 14 ആയിരുന്നു. അത് 12 ആയി കുറഞ്ഞു. പിന്നെ 11 ആയി കുറഞ്ഞു. അങ്ങനെ ഓരോ വകുപ്പിലും കുറഞ്ഞതിന്റെ ചിത്രം ഇവിടെ നിങ്ങൾതന്നെ പ്രസിദ്ധീകരിച്ച രേഖയിലുണ്ട്. അത് അംഗീകരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: പ്ലാൻ സൈസ് ഓരോ വർഷവും, ഈ ഗവൺമെന്റിന്റെ അഞ്ചു വർഷക്കാലവും വർദ്ധിച്ചിരിക്കുകയല്ലേ? ഒരു സെക്ടറിലെ മാത്രം കണക്കെടുത്തു പറഞ്ഞുകൊണ്ട് എന്റെ ഭാഗത്തെ ഖണ്ഡിക്കാൻ ശ്രമിക്കരുത്. പ്ലാൻ സൈസ് വർദ്ധിച്ചു. കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നൽകിയ പ്ലാൻ അലോക്കേഷൻ, അത് ഓരോ വർഷവും വർദ്ധിക്കുകയായിരുന്നു. നിങ്ങളുടെ ഗവൺമെന്റ് കൊടുത്തതിനെക്കാൾ ഇരട്ടിയാണ് ഈ ഗവൺമെന്റ് കൊടുത്തത്. (.....ബഹളം.....) അതിന്റെ മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി പറയും. ഈ ഗവൺമെന്റിന്റെ കാലത്ത് ആ രംഗത്ത് അതുല്യമായ നേട്ടമാണ് കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞത്. പൊതുകടം വർദ്ധിച്ചു എന്ന സാങ്കൽപ്പികമായ ഒരു കണക്ക്. അതിന്റെ എ. ജി. യുടെ റിപ്പോർട്ട് വന്നിട്ടില്ല. സാങ്കൽപ്പികമായ കണക്ക് വെച്ചുകൊണ്ട് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ, അത് കടക്കെണിയിൽ കുടുങ്ങിപ്പോയെന്ന് പറഞ്ഞുകൊണ്ട് തമസ്ക്കരിക്കാൻ ശ്രമിച്ചാൽ അത് വിജയിക്കാൻ പോകുന്നില്ല. വികസന പ്രവർത്തനങ്ങളും സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങളും ഈ കൊച്ചു കേരളത്തിന്റെ ചരിത്രത്തിൽ ഒരു കാലഘട്ടത്തിലും നടത്തിയിട്ടില്ലാത്ത രീതിയിൽ നടത്തിക്കൊണ്ട് മുന്നോട്ട് പോകാനും അവശരും അശരണരുമായ ജനവിഭാഗങ്ങളെ ഇന്നലെകളിൽ ഭരണകർത്താക്കൾ കണ്ടില്ലെന്ന് നടിച്ച ജനവിഭാഗങ്ങളെ കണ്ടെത്താനും അവർക്ക് പരിഗണനയും സുരക്ഷയും നൽകാനും കഴിഞ്ഞ ഈ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭയിൽ നടത്തിയ രണ്ടാമത്തെ പ്രസംഗമാണ് കഴിഞ്ഞ മൂന്നാം തീയതി ഇവിടെ നടന്നത്. ആദ്യത്തെ അദ്ദേഹത്തിന്റെ പ്രസംഗം 2005 ജനുവരി 27-ാം തീയതിയായിരുന്നു. ഈ പ്രാവശ്യത്തെ ഗവർണ്ണറുടെ പ്രസംഗം കേട്ടപ്പോഴും പിന്നീട് വായിച്ച് നോക്കിയപ്പോഴും, ഭരണ രംഗത്ത് ചെയ്ത കുറെ കാര്യങ്ങളുടെ ഭരണ റിപ്പോർട്ടുമാതിരി അവതരിപ്പിക്കുകയല്ലാതെ നയപരമായിട്ടുള്ള എന്തെങ്കിലും ഒരു കാര്യം ഈ ഗവൺമെന്റിനുവേണ്ടി പുതിയതായി പറയാൻ ഗവർണ്ണർക്ക് സാധിച്ചിട്ടില്ല. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി 2004 ആഗസ്റ്റുമാസം 31-ാം തീയതി അധികാരം ഏറ്റെടുത്തശേഷം, അദ്ദേഹത്തിന്റെ പൂർണ്ണമായ ഗവൺമെന്റ് സെപ്തംബർ അഞ്ചാം തീയതി അധികാരത്തിൽ വന്നു. ആദ്യം അവർ ഒരു നൂറുദിവസത്തെ പ്രോഗ്രാം പ്രഖ്യാപിച്ചു. പിന്നെ ഒരു വർഷത്തെ പ്രോഗ്രാം പ്രഖ്യാപിച്ചു. ഈ നൂറുദിവസത്തെ പ്രോഗ്രാം കഴിഞ്ഞ് ഒരു വർഷത്തെ പ്രോഗ്രാം നടപ്പിലാക്കിയതു സംബന്ധിച്ച് നിങ്ങൾക്കൊരു അസസ്മെന്റ് നടത്താൻ കഴിഞ്ഞാൽ പറഞ്ഞ കാര്യങ്ങൾ ഒട്ടുമിക്കവയും നടപ്പിലാക്കിയിട്ടില്ല; അല്ലെങ്കിൽ മുഖ്യമന്ത്രിയുടെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി മറുപടി പറയുമ്പോൾ പറയട്ടെ! അതിനുശേഷമാണ് ഇന്ത്യൻ പ്രസിഡണ്ട് ഇവിടെ വന്നത്. അദ്ദേഹത്തിന്റെ പത്തിന പരിപാടി.

10+3+3 അങ്ങനെ പതിനാറിന പരിപാടികൾ പ്രഖ്യാപിച്ചു. ഇപ്പോൾ അത് 'വിഷൻ 2010' എന്ന നിലയിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. അത് എത്രയാണ്? 13495 കോടി രൂപയുടെ പദ്ധതി 5 വർഷം കൊണ്ട് നടപ്പിലാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇനി വരാൻ പോകുന്ന 5 വർഷം ആ ഭരണം എങ്ങനെ വരുമെന്നും ആരുടേതായിരിക്കുമെന്നും ഇപ്പോൾ ഇവർക്ക് പറയാൻ കഴിയില്ല. സ്വാഭാവികമായും ഭാവനയിൽ സൃഷ്ടിച്ചെടുത്തിരിക്കുന്ന ഒരു സംഗതി ഈ ഗവൺമെന്റിനുവേണ്ടി പറഞ്ഞിരിക്കുകയാണ്. ഇവിടെ ലോകായുക്തയെക്കുറിച്ച് പല പരാമർശങ്ങളും വന്നു. ലോകായുക്തയെ നിയമിച്ചത് ആരാണ്? ഈ ഗവൺമെന്റാണ്. നേരത്തെയുണ്ടായിരുന്ന പൊതു പ്രവർത്തക അഴിമതി നിരോധന നിയമം മാറ്റി. അതിനുശേഷം നമ്മുടെ നിയമസഭ പാസ്സാക്കിയതാണ് കേരളത്തിലെ ലോകായുക്ത നിയമം. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ലോകായുക്ത രൂപീകരിച്ചത്. അതിൽ വന്നിരിക്കുന്നത് ജസ്റ്റിസ് ശ്രീധരൻ. അദ്ദേഹം കേരള ഹൈക്കോടതിയിൽ ജഡ്ജിയായിരുന്നതിനുശേഷം മറ്റൊരു ഹൈക്കോടതിയിൽനിന്ന് ചീഫ് ജസ്റ്റിസായി റിട്ടയർ ചെയ്ത ആളാണ്. നിയമത്തിൽ എന്താണ് പറയുന്നത്? ഒന്നുകിൽ സുപ്രീംകോടതി റിട്ടയേർഡ് ജഡ്ജി അല്ലെങ്കിൽ ഹൈക്കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ചീഫ് ജസ്റ്റിസ്. അതാണ് ലോകായുക്ത. ഉപലോകായുക്തയിൽ രണ്ടുപേരെ വയ്ക്കാം. ഒരുമെമ്പർ ഒന്നുകിൽ ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജി ആകാം. അല്ലെങ്കിൽ ഒരു റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജി. അത് ഈ നിയമസഭയിൽ ചർച്ച ചെയ്ത അവസരത്തിൽ അതിന്റെ ചർച്ചയിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. അന്ന് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹം പൈലറ്റ് ചെയ്ത ഒരു നിയമമാണ്. ആ നിയമത്തിൽ ഒരുപാട് അധികാരങ്ങൾ കൊടുത്തു. അന്ന് ഞാനും യു. ഡി. എഫി-ന്റെ ഭാഗമാണ്. ഞങ്ങൾ എല്ലാപേരുംകൂടി ആവശ്യപ്പെട്ട പലതും അന്നത്തെ ആ നിയമത്തിൽ ഇൻകോർപ്പറേറ്റ് ചെയ്തിരുന്നു. ഒരു സിവിൽ കോടതിയുടെ മുഴുവൻ റൈറ്റും കൊടുത്ത് വലിയ ഒരു സമിതിയായി നമ്മൾ അതിനെ നിയമിച്ചു. ആ സമിതിയോടുള്ള ഗവൺമെന്റിന്റെ സമീപനം എന്താണ്? ഈ ഗവൺമെന്റാണ് വെച്ചത്. വയ്ക്കണമെങ്കിൽ ഗവർണ്ണറാണ് അപ്പോയിന്റ് ചെയ്യേണ്ടത്. പ്രതിപക്ഷനേതാവും സ്പീക്കറുമായി ചർച്ച നടത്തി കൊടുക്കുന്ന പേരാണ് ഗവർണ്ണർ അപ്പോയിന്റ് ചെയ്യേണ്ടത്. വേണമെങ്കിൽ അദ്ദേഹത്തിന് മടക്കി അയക്കാമായിരുന്നു. പക്ഷെ, ഈ കൊടുത്ത പേരുകൾ അദ്ദേഹം ഉൾക്കൊള്ളുകയും അപ്പോയിന്റ് ചെയ്യുകയും ചെയ്തു. ആ ലോകായുക്തയോടുള്ള നിങ്ങളുടെ സമീപനം എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇല്ല. അദ്ദേഹത്തിന് സുഖമില്ലാതിരിക്കുന്നു. അതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല. രണ്ടാമത് ലോകായുക്തയുടെ വിധി, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്കെതിരായി പരാമർശം വന്നപ്പോൾ അദ്ദേഹം പറഞ്ഞു, സുനാമിയെക്കുറിച്ച് പറഞ്ഞവരല്ലേ? സുനാമിയെക്കുറിച്ച് അവർക്ക് കിട്ടിയ പരാതി അനുസരിച്ച് പരാമർശം നടത്തിയാൽ, അതിനകത്ത് കഴമ്പുണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുകയല്ലേ വേണ്ടത്? അതല്ലാതെ ലോകായുക്തയെ ആക്ഷേപിക്കാമോ? നിങ്ങളെന്തിനാ പരമപുച്ഛത്തിൽ ഇതിനെ കാണുന്നത്? ഇങ്ങനെ ഒരു സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയെങ്കിൽ ആ സ്ഥാപനത്തെ പൂച്ചിക്കാൻ തയ്യാറായ ഗവൺമെന്റിന്റെ സമീപനം എന്താണ്? മെറ്റല്ലേ അത്. അതുപോലെതന്നെ ഇന്നിവിടെ ചർച്ച തുടങ്ങിയിരിക്കുകയാണ്. ഞാനും ശ്രീ. ജോണിനെല്ലൂരും കൂടി ഒരു ചോദ്യം ചോദിച്ചു. ഈ ചോദ്യം കഴിഞ്ഞ സെഷനിലും ചോദിച്ചു. മന്ത്രിമാരുടെ വിദേശയാത്രയെക്കുറിച്ച്. ഞാനും വിദേശയാത്ര നടത്തിയ ആളാണ്. അതിനകത്ത് അറിയേണ്ട പ്രസക്തമായ ഒരു കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളു. ഉത്തരം കിട്ടിയിട്ടില്ല. ഇന്ന് ആൻസർ കിട്ടേണ്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിദേശ യാത്രകൾ നടത്തിയ മന്ത്രിമാർ ആരെല്ലാം; ഓരോ മന്ത്രിയും ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചു; മന്ത്രിമാർ വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങണം എന്ന നിബന്ധന നിലവിലുണ്ടോ; വിദേശ യാത്ര നടത്തിയ മന്ത്രിമാർ കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയോ തുടങ്ങിയകാര്യങ്ങളാണ്. ഇതിനകത്ത് നിലവിലുള്ള നിയമനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ ഒരു മന്ത്രിക്കും വിദേശത്ത് പോകാൻ സാധ്യമല്ല. പക്ഷെ ഞാൻ പറയുന്നു, മുഖ്യമന്ത്രിയുടെ ചുമതലവഹിക്കുന്ന ധനകാര്യമന്ത്രി മറുപടി പറയുമ്പോൾ ഇത് പറയണം. സെക്രട്ടറിയേറ്റിൽ നിന്ന് കളക്ട് ചെയ്യാവുന്ന വിവരമാണ്. വേറെ എവിടെയും പോയി വിവരം ശേഖരിക്കേണ്ട ആവശ്യമില്ല. വിദേശ യാത്ര നടത്തിയ എല്ലാ മന്ത്രിമാരും കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങിയിട്ടുണ്ടോ? ആ കാര്യമെങ്കിലും നിങ്ങൾ സഭയോട് പറയണം. ഇതേ ചോദ്യം കഴിഞ്ഞ സെഷനിലും ഞങ്ങൾ ചോദിച്ചു. ഇതുവരെ മറുപടി തന്നിട്ടില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ മറച്ചുവെക്കാനുള്ള ശ്രമം എന്തിനാണ് നടത്തുന്നത്. അത് സഭയോട് പറയാൻ പാടില്ലേ? വിദേശ യാത്രകൾ മന്ത്രിമാർക്ക് നടത്താം, നടത്താൻ പാടില്ലെന്ന് ഞാൻ പറയുന്നില്ല.

<u>ശ്രീ. എം. വി. ജയരാജൻ:</u> അനുമതി വാങ്ങാത്തതാണെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> മറച്ചുവയ്ക്കണമെങ്കിൽ എന്തെങ്കിലും കാര്യമുണ്ടാകണമല്ലോ? ഇല്ലെങ്കിൽ പറയാതിരിക്കില്ലല്ലോ? ഇക്കാര്യത്തെ സംബന്ധിച്ച് എന്താണ് ഗവൺമെന്റിന് പറയാനുള്ളത്. പ്രസംഗത്തിന്റെ 36, 37, 38 എന്നീ പേജുകളിൽ പോലീസിനെയും ജയിലുകളെയും കുറിച്ചാണ് പറയുന്നത്. ഇവിടെ ക്രമസമാധാനനില ഭദ്രമാണെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കണമായിരുന്നോ? ക്രമസമാധാന നിലയുടെ സ്ഥിതിയെന്താണ്? തിരുവനന്തപുരം പട്ടണത്തിൽ ഞാറടക്കം ഒരുപാട് പേർ താമസിക്കുന്നുണ്ടല്ലോ? എന്താണ് ഇവിടുത്തെ സ്ഥിതി? വീടുകളിൽ മോഷണം നിത്യ സംഭവം, ഗുണ്ടാവിളയാട്ടം നിത്യസംഭവം. ഇത് നിരോധിക്കാൻ വേണ്ടിയല്ലേ 'കേരള അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ തടയൽ ബിൽ' ഗുണ്ടാനിയമം കൊണ്ടുവന്നത്. ഈ നിയമത്തിന്റെ റൂൾസായിട്ടില്ല. സെക്ഷൻ 10 പ്രകാരം ഇതിനൊരു ഉപദേശക ബോർഡ് ഉണ്ടാകണം. ഉണ്ടാക്കിയിട്ടില്ല. പിന്നെ എങ്ങനെ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാകും. ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരാളെ ഉരുട്ടിക്കൊന്നു. ആ ഉരുട്ടിക്കൊന്ന പോലീസുകാരുടെ പേരിൽ കേസ്സെടുത്തു. അവർക്ക് ജാമ്യം കൊടുത്തത് ആരാണ്? ജാമ്യം കിട്ടാനുള്ള അവസരം ഒരുക്കിക്കൊടുത്തത് ഗവൺമെന്റാണ്. സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ കാര്യങ്ങൾ കോടതിയിൽ കൊടുത്തിട്ടില്ല. അതുകൊണ്ട് അവർക്ക് ജാമ്യം കിട്ടി. ഇതുസംബന്ധിച്ച് ഇന്ന് 67-മത്തെ ചോദ്യമായി ലോക്കപ്പ് കൊലപാതകം എത്രയുണ്ടായി, ലോക്കപ്പ് മർദ്ദനങ്ങൾ എത്രയുണ്ടായി എന്ന് ചോദിച്ചു. ഈ വിവരം തരാൻ എന്തെങ്കിലും വിഷമമുണ്ടോ? 12 ദിവസം ക്ലിയർ നോട്ടീസുള്ളതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): എല്ലാ പോലീസ് സ്റ്റേഷനിൽ നിന്നും ശേഖരിക്കണ്ടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എല്ലാ പോലീസ് സ്റ്റേഷനിൽ നിന്നും ശേഖരിക്കണ്ടേ എന്നുപറഞ്ഞാൽ എല്ലാ പോലീസ് സ്റ്റേഷനിലും നടക്കുന്നുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. വക്കം പുരുഷോത്തമൻ: ഉണ്ടെങ്കിലും ഇല്ലെങ്കിലും അവിടെയും ചോദിക്കണ്ടേ?

ശ്രീ. ടി. എം. ജേക്കബ്: എന്തെങ്കിലുമാകട്ടെ, വിവരം ഞങ്ങൾക്ക് തരണ്ടേ?

ശ്രീ. എം. വി. ജയരാജൻ: ഇത്തരം സംഭവങ്ങളുണ്ടായാൽ നമ്മുടെ ഡിസ്ട്രിക്റ്റ് ആസ്ഥാനത്ത് ഇതുസംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. സ്പെഷ്യൽ ബ്രാഞ്ചുകാർ സ്റ്റേറ്റ് പോലീസ് ആസ്ഥാനത്തേക്ക് വിവരം നൽകേണ്ടതുമാണ്. അത് കമ്പ്യൂട്ടറിന്റെ സഹായത്തോടുകൂടി ഇപ്പോൾ മന്ത്രിക്ക് ചോദിച്ചാൽ കിട്ടാവുന്ന വിവരമാണ് എന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങേയ്ക്കതറിയാം, ഇപ്പോൾ ഒരുപാട് സൗകര്യങ്ങൾ നമ്മൾ പോലീസിന് ചെയ്തുകൊടുത്തില്ലേ? അതുവച്ച് കളക്റ്റ് ചെയ്യാൻ വിഷമമുള്ള കാര്യമല്ല. ഗവൺമെന്റിൽ നിന്ന് മന്ത്രിക്ക് ഉത്തരം സബ്മിറ്റ് ചെയ്യാത്തതാണെങ്കിൽ ആ പോലീസ് മേധാവിയുടെ പേരിൽ നടപടിയെടുക്കണം. ഡി. ജി. പി. യുടെ പേരിൽ നടപടിയെടുക്കണം. വിവരം സഭയിൽ തരണ്ടേ? അതുപോലെ പരോൾ അനുവദിക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതി വളരെ നിശിതമായ രീതിയിലാണ് ഗവൺമെന്റിനെ വിമർശിച്ചത്. ഞങ്ങളൊക്കെ പറയുന്നത് പോട്ടെ, ഞങ്ങളൊക്കെ പ്രതിപക്ഷത്തിരിക്കുന്നവരാണ്. അതുകൊണ്ട് ഞങ്ങൾ പറഞ്ഞുവെന്ന് പറയാം. കേരള ഹൈക്കോടതി എത്ര നിശിതമായ ഭാഷയിലാണ് ഗവൺമെന്റിനെ വിമർശിച്ചത്. അതുപോലെതന്നെ അങ്ങ് കൈകാര്യം ചെയ്യുന്ന വകുപ്പല്ലേ ലോട്ടറി. ഇതിൽ 61-ാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡികയിൽ ലോട്ടറിയുടെ കാര്യം പറയിപ്പിച്ചിട്ടുണ്ട്. വ്യാജ ലോട്ടറി അത് ശരിയാണോ? കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണനിയമം സെക്ഷൻ നാല് അനുസരിച്ച് ഇത് ലംഘിക്കുന്ന ലോട്ടറികൾക്കെതിരെ നമുക്ക് നടപടി സ്വീകരിക്കാം. അതനുസരിച്ച് കുയിൽ, കരുടി, എന്നീ ഭാഗ്യക്കുറികളുടക്കം 180 കോടി രൂപയുടെ ടിക്കറ്റുകൾ നേരത്തെ അങ്ങ് മന്ത്രിയായിരിക്കുമ്പോൾ തന്നെ പിടിച്ചെടുത്തതാണ്. അതേ ലോട്ടറികൾ ഒരു വ്യവസ്ഥയും മാറ്റാതെ, ഇപ്പോഴും മാർക്കറ്റിലുണ്ട്, എന്തുകൊണ്ടാണ് അവരുടെ പേരിൽ നടപടിയെടുക്കാത്തത്? വ്യാജ ലോട്ടറികൾ നിരോധിക്കുമെന്നാണ് അങ്ങ് പറഞ്ഞത്. ഇഷ്ടംപോലെ ടിക്കറ്റുകൾ കുയിലും കരടിയും ഒരേ നമ്പറിലുള്ളവ വിതരണം നടത്തി കൊണ്ടിരിക്കുകയാണ്. യാതൊരു ആക്ഷനും ഉണ്ടാകുന്നില്ല ശ്രീ. എം. വി. ജയരാജന്റെ കയ്യിൽ ആ ലോട്ടറി ടിക്കറ്റുണ്ട്. ജയരാജൻ അതു കൊണ്ടുവന്നത് ഭാഗ്യം. ഞാൻ പറഞ്ഞപ്പോൾ സാധനം കയ്യിലുണ്ടല്ലോ? (ശ്രീ. എം. വി. ജയരാജൻ രണ്ട് ലോട്ടറി ടിക്കറ്റുകൾ സഭയിൽ ഉയർത്തിക്കാണിച്ചു.) അതുപോലെ തന്നെ playwin-ന്റെ കാര്യം, 895 കോടി രൂപയുടെ നികുതി കുടിശ്ശികയുണ്ട്, പിരിക്കാമെന്ന് പറഞ്ഞു. അത് ചെയ്തിട്ടില്ല. 2001 ജൂൺ മാസത്തിൽ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് നമ്മുടെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾക്ക് അനുസൃതമായി നമ്മൾ ഒരു ധവള പത്രം ഇറക്കി. അതിന്റെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. ഇതിനകത്ത് നമ്മൾ രണ്ടു കാര്യം പറഞ്ഞു. 2,045 കോടി രൂപ കമ്മിയായി വന്നിരിക്കുന്നു, സാമ്പത്തിക പ്രതിസന്ധിയാണ് പ്രധാനകാരണം. പൊതുകടം 27,000 കോടി രൂപയാണ്. ഇതൊരു പ്രശ്നം. രണ്ട് കാര്യങ്ങളാണ് നമ്മൾ പറഞ്ഞത്, നമ്മുടെ ഗവൺമെന്റ് യു. ഡി. എഫ്.-ന് വേണ്ടി പറഞ്ഞതാണ്. അതു കഴിഞ്ഞ് അങ്ങ് നിയമസഭയിൽ 2005 ഫിബ്രുവരി 4-ാം തീയതി നടത്തിയ പ്രസംഗത്തിൽ അങ്ങ് തന്നെ പറഞ്ഞിരിക്കുന്നു, പൊതുകടം 37,452, കോടി രൂപയായി വർദ്ധിച്ചു. അതുപോലെതന്നെ റവന്യു കമ്മി 4707.13 കോടി രൂപ. അപ്പോൾ 2,045 കോടി രൂപ കമ്മിയും 27,000 കോടി രൂപ പൊതുകടവും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാണെന്ന് പറഞ്ഞ നമ്മൾ, അപ്പോൾ ഞങ്ങൾ അതിന്റെ ഭാഗമായിരുന്നല്ലോ; ഞങ്ങൾ പ്രതിപക്ഷത്തായിട്ട് കുറച്ച് നാളുകളല്ലേ ആയിട്ടുള്ളൂ. അങ്ങ് സഭയിൽ പറഞ്ഞ രേഖയനുസരിച്ച് പൊതുകടം 37,452 കോടി രൂപയും കമ്മി 4707.13 കോടി രൂപയും ആയാപ്പാൾ കേരളത്തിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടോ? വളരെ ദയനീയമായ ഒരു അവസ്ഥയിലേക്ക് വന്നില്ലേ? ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തല്ലേ പറ്റൂ. അതുപോലെതന്നെ മറ്റൊരു സംഗതി, നമ്മൾ പ്രകടന പത്രിക ഇറക്കി. കഴിഞ്ഞ പ്രാവശ്യം ഞാൻ പ്രസംഗിക്കുമ്പോൾ ഞാൻ പ്രതിപക്ഷത്തേക്ക് മാറിയിട്ടില്ല. അന്ന് ഞാൻ ഭരണകക്ഷിയിൽ ഇരുന്നുകൊണ്ട് പറഞ്ഞു. നമ്മൾ ഇറക്കിയ പ്രകടന പത്രികയെക്കുറിച്ച് ഒരു തീരുമാനമുണ്ടാക്കണം. അവശേഷിക്കുന്ന കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കണം. ഇത് എഴുതാൻ വേണ്ടി നിയോഗിക്കപ്പെട്ട നാല് പേരിൽ ഞാൻ മാത്രമേ ഇങ്ങോട്ട് മാറിയിട്ടുള്ളൂ. ബാക്കി മൂന്നുപേരും ഭരണ പക്ഷത്തുണ്ട്. ശ്രീ. എം. എം. ഹസ്സൻ, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ എന്നിവരുണ്ട്. ഇതിനകത്ത് അവസാനം നമ്മൾ പറഞ്ഞിരിക്കുന്നു, അഞ്ച് വർഷത്തെ നിഷ്ക്രിയമായ ഇടതുഭരണം കേരളത്തിലെ സാമ്പത്തിക സാമൂഹിക മേഖലകളെ നിശ്ചലമാക്കിയിരിക്കുന്നു. ഈ തകർച്ചയിൽ നിന്ന് കേരളത്തെ മോചിപ്പിക്കാനുള്ള ശ്രമകരമായ ദൗത്യമാണ് യു. ഡി. എഫ്-ന് ഏറ്റെടുക്കാനുള്ളത്. അധികാരം കിട്ടുമ്പോൾ പ്രകടനപത്രികയും വാഗ്ദാനങ്ങളും വിസ്മരിക്കില്ല എന്ന് യു. ഡി. എഫ്. ഉറപ്പുതരുന്നു. നമ്മൾ ഉറപ്പുകൊടുത്തതാണ്. ഇത് നമ്മൾ വിസ്മരിച്ചോ അതോ നടപ്പിലാക്കുന്നുണ്ടോ? ഇതിനകത്ത് പറയുന്ന ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുകയാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിലെ കുറേ കാര്യങ്ങളെങ്കിലും പറയിപ്പിക്കണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ പ്രസവത്തോടനുബന്ധിച്ച് ഭർത്താവിന് 15 ദിവസത്തെ പെറ്റേണിറ്റി ലീവ് കൂടി അനുവദിക്കുമെന്ന് പറഞ്ഞിരുന്നു. അതെങ്കിലും കൊടുക്കണം. വലിയ വിഷമമുള്ള കാര്യമല്ല. അതുപോലെ തന്നെ നമ്മുടെ ഇപ്പോഴത്തെ വനം മന്ത്രിയും പഴയ മന്ത്രിയുമുണ്ട്.

കാർഡമം ഹിൽ റിസർവ്വിനെക്കുറിച്ച് നിങ്ങൾ എന്താണ് നയപ്രഖ്യാപനത്തിൽ പറയാത്തത്. വലിയ വിവാദം ഉണ്ടായല്ലോ ഏലമല കാടുകൾ റിസർവ് വനം അല്ല, റവന്യൂ ഭൂമിയാണെന്നു റവന്യൂ മന്ത്രി പറയുന്നു. ഇത് റവന്യൂ ഭൂമി അല്ല വനഭൂമിയാണെന്നാണ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തെ ആവർത്തിച്ചു പറഞ്ഞത്. ഇപ്പോഴത്തെ വനം മന്ത്രി അവിടെ ഇരിപ്പുണ്ട്. ഈ സി. എച്ച്. ആർ.-നെ സംബന്ധിച്ച് നിങ്ങൾ ഈ നയപ്രഖ്യാപനത്തിൽ പറയേണ്ടതല്ലേ? തർക്കം നിൽക്കുകയാണ്. ഇത് റവന്യൂ ഭൂമിയാണെന്നു പറഞ്ഞാൽ, കേരളത്തിലെ ഒരുപാട് വനമേഖല ഇഷ്ടക്കാർക്ക് വീതിച്ചു കൊടുക്കാൻ അവസരം ഉണ്ടാകും. സ്വന്തക്കാർക്കുതന്നെ ഇതെക്കുറിച്ച് വളരെ വ്യക്തമായിട്ട് 1997-ലെ അന്നത്തെ നിയമം അനുസരിച്ചുള്ള വിജ്ഞാപനം ഉണ്ട്. അതുപോലെതന്നെ 1958-ൽ ഇതു സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഹൈക്കോടതിയിൽ നമ്മൾ കൊടുത്ത സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുണ്ട്. സർക്കാർ അംഗീകരിച്ച ചില രേഖകളിൽ ഇത് പറഞ്ഞിട്ടുണ്ട്. നമ്മൾ മതികെട്ടാൻ മലയെക്കുറിച്ചുണ്ടായ ആക്ഷേപത്തെ തുടർന്നു നടത്തിയ അന്വേഷണത്തിൽ പറഞ്ഞിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അക്കാര്യത്തിൽ ഒരു പോസിറ്റീവ് സ്റ്റാന്റ് എടുത്തുവെന്ന അഭിപ്രായക്കാരനാണ് ഞാൻ. എനിക്ക് ശ്രീ. എ. സുജനപാലിനോട് പറയാനുള്ളത് അങ്ങ് കുറച്ച് കാലത്തേയ്ക്ക് മന്ത്രിയായ ആളാണ്. ദയവായി അങ്ങ് അപകടത്തിൽ പോയി ചാടില്ലായെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതേക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പ്രസംഗത്തിൽ പറയണമെന്നു കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. ഈ സർക്കാരിനെക്കുറിച്ച് ഞങ്ങൾ എന്തെങ്കിലും പറഞ്ഞാൽ നിങ്ങൾ പറയും അത് പ്രതിപക്ഷം ആയതുകൊണ്ട് പറയുകയാണെന്ന്. നമ്മുടെ സ്ഥാനം ഒഴിഞ്ഞ ചീഫ് സെക്രട്ടറി ശ്രീ. വിജയനുണ്ണി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നത് എന്താണ്? മന്ത്രിമാരും ചില ഉന്നത ഉദ്യോഗസ്ഥന്മാരും ചേർന്നു ഇവിടെ പങ്കു കച്ചവടം നടത്തുകയാണ്. ഇത് സ്ഥാനം ഒഴിഞ്ഞ ചീഫ് സെക്രട്ടറി കേരള സംസ്ഥാനത്തെ ജനങ്ങളോട് പറഞ്ഞ വാക്കാണ്. അദ്ദേഹം ഇത് പറയണമെങ്കിൽ, ഈ പങ്കുകച്ചവടം നടക്കുന്നുയെന്ന് അദ്ദേഹത്തെപ്പോലെ ഒരാൾ ചീഫ് സെക്രട്ടറി സ്ഥാനം ഒഴിഞ്ഞതിനുശേഷം പറയണമെങ്കിൽ, അതേക്കുറിച്ച് മറുപടി പറയാൻ മന്ത്രി ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് ആകെക്കൂടി പരിശോധിച്ചാൽ ഈ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള നീക്കത്തിൽ ഒരു നിലയിലും നീതീകരിക്കാൻ കഴിയുന്ന സമീപനം അല്ല നിങ്ങൾ സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പറഞ്ഞുകൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദി പ്രമേയത്തിന് സന്തോഷത്തോടുകൂടി ഞാൻ പിന്തുണ പ്രഖ്യാപിക്കുന്നു. തികഞ്ഞ ആത്മ വിശ്വാസത്തോടുകൂടി അടുത്ത അഞ്ചു വർഷം കൊണ്ട് 13,495 കോടി രൂപയുടെ വികസനം അഞ്ച് കാര്യ നിർവ്വാഹക ടാക്സ് ഫോഴ്സുകളിലൂടെ "10+3+3" മിഷൻ മോഡ് പദ്ധതികൾ ആവിഷ്കരിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതി പറഞ്ഞ 10 മിഷൻമോഡ് പദ്ധതികൾക്ക് പകരം 16 മിഷൻമോഡ് പദ്ധതികളിലൂടെ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നു. ശ്രീമതി ശ്രീമതി ടീച്ചർ പറഞ്ഞ, അവർക്കും കൂട്ടുകാർക്കും ഒക്കെ നല്ല ക്ഷമയുണ്ട്. ദയവായി ക്ഷമയോടുകൂടി ഒന്നു കേൾക്കുക. സെൻട്രൽ ഗവൺമെന്റിന്റെ 2159.2 കോടി രൂപയും സ്റ്റേറ്റ് ഗവൺമെന്റിന്റെ 809.7 കോടി രൂപയും ബാക്കി സ്വകാര്യ മേഖലയുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടിയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. അതുകൊണ്ട് ശ്രീ. എം. വി. ജയരാജൻ അദ്ദേഹത്തിന്റെ 31-ാമത്തെ ഭേദഗതിയിലൂടെ ഇങ്ങനെ 'എന്നാൽ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ഒരു രൂപപോലും ചെലവഴിക്കാതെ അടുത്ത അഞ്ചുവർഷക്കാലത്തേക്ക് 13,495 കോടി രൂപ 10+3+3 മിഷൻ മോഡ് പദ്ധതിയായി ചെലവഴിക്കുമെന്ന് പ്രസംഗത്തിൽ ചേർത്തതിൽ ഖേദിക്കുന്നുയെന്നു പറഞ്ഞു, ഖേദിക്കണ്ട. ഈ സ്ഥാപനങ്ങളുടെയൊക്കെ സാഹായത്തോടുകൂടി 2006—2011 കാലഘട്ടത്തിൽ ഞങ്ങൾതന്നെ ഇത് നടപ്പിലാക്കും അപ്പോൾ ഖേദം വെറുതെകളഞ്ഞാൽ മതി. അതുപോലെ ശ്രീ. ടി. എം. ജേക്കബും ഖേദിക്കണ്ട. അദ്ദേഹം പറയുകയുണ്ടായി. ആ 'ഭരണത്തെക്കുറിച്ചൊന്നും' ആ ഭരണമാണോ ഈ ഭരണമാണോ എന്നൊന്നും പറയണ്ട. ആ പറഞ്ഞത് സാറിന് ഓർമ്മയില്ലെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല. 2006—2011-ലെ ഭരണത്തെക്കുറിച്ചാണ് ആ ഭരണമെന്ന് പറഞ്ഞത്. എനിക്ക് പറയാനുള്ളത് ആ ഭരണം ഉണ്ടല്ലോ. 2006-2011-ലെ ഭരണം, വരാൻ പോകുന്ന ഭരണം ഈ ഭരണത്തിന് ആ ഭരണമായി ജനങ്ങൾക്ക് സമ്മാനിക്കാൻ പോകുന്നുയെന്നുള്ളതിന് യാതൊരു തർക്കവും വേണ്ട. 13,495 കോടി രൂപയുടെ ഈ വികസന പദ്ധതികൾ ഞങ്ങൾ തന്നെ നടപ്പിലാക്കും. അതിന് സ്വകാര്യമേഖലയെയും ധനകാര്യ സ്ഥാപനങ്ങളെയും ആശ്രയിക്കും. പക്ഷെ അങ്ങനെ ആശ്രയിക്കുമ്പോൾ പാവപ്പെട്ട ഡി. വൈ. എഫ്. ഐ. ക്കാരനെയും എസ്. എഫ്. ഐ. ക്കാരനെയും

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും വഴിയിൽ കിടത്തരുത്. വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ദയവ് ചെയ്ത് ഈ ചെറുപ്പക്കാരെ വഴിയിൽ കിടത്തിക്കൊണ്ട് നിങ്ങൾ സമരം ഒന്നും നടത്തരുത്. 1996-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ എൽ. ഡി. എഫ്. ഗവൺമെന്റ് 10 കൊല്ലങ്ങൾക്ക് മുമ്പേ ഈ നാടിനെ അറിയിച്ചു. ഞാനത് വായിച്ചു കേൾപ്പിക്കാം. 'വ്യാവസായിക സംഘടനകളുടെയും മാനേജുമെന്റ് സ്ഥാപനങ്ങളുടെയും അവയുമായി ബന്ധപ്പെട്ട് മറ്റ് ഏജൻസികളുടെയും സഹായത്തോടെ നമ്മുടെ സംസ്ഥാനത്ത് പുതിയ മാനേജ്മെന്റ് സംസ്ക്കാരം വികസിപ്പിച്ചെടുക്കുന്നതിന് സർക്കാർ കഴിയുന്നതെല്ലാം ചെയ്യുന്നതാണ്'. സഹായം എങ്ങനെ വരുന്നുയെന്നുള്ള സർക്കാരിന്റെ സങ്കൽപ്പം 10 കൊല്ലം മുമ്പ് 1996-ൽ എൽ. ഡി. എഫ്. ഗവൺമെന്റ് ഈ നിയമസഭയിൽ അവതരിപ്പിച്ചതാണ്. ഇനി മലയാളം പോരെങ്കിൽ ഇംഗ്ലീഷ് പറയാം. 1997-ലെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗം 25, 26 പാരഗ്രാഫാണ്. Projects of KINFRA and KSIDC will be completed expeditiously and efforts to market the plots will be intensified. The Techno-park is continuing its several projects involving foreign investments with employment potential. അപ്പോൾ പിന്നെ 36-ാം ഭേദഗതിയിലൂടെ ബഹുമാനപ്പെട്ട പ്രകാശൻമാസ്റ്റർ എന്തിനാണ് ഭേദിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ കോടിക്കണക്കിന് രൂപ മുതൽമുടക്കി പണിതീർത്ത കെട്ടിടങ്ങൾ സ്മാർട്ട്സിറ്റിയുടെ പേരിൽ വിദേശീയർക്ക് നൽകിയതായി പറയപ്പെടുന്ന നടപടിയെ പറ്റി പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ market the plots, involving foreign investments തുടങ്ങിയ വാക്കുകളുടെയൊക്കെ അർത്ഥം പാർട്ടി വേദികളിൽ തർജ്ജമക്കാരനായി തിളങ്ങുന്ന ശ്രീ. പ്രകാശൻമാസ്റ്റർക്ക് അറിയില്ലേ? ആ സ്ഥിതിക്ക് ഞാൻ പറഞ്ഞുകൊണ്ടു വരുന്നത് സർവ്വശ്രീ എം. വി. ജയരാജനും പ്രകാശൻമാസ്റ്ററും മറ്റ് സുഹൃത്തുക്കളുമൊക്കെ ഈ ഭേദഗതികളിലൂടെ കുറെ ഭേദഗതികളുണ്ട്. ഇങ്ങനെ ഭേദിക്കുന്നത് എന്തിനാണ്? പാവപ്പെട്ട പിള്ളാരെ നടുറോഡിൽ മലർത്തി കിടത്താനാണോ, ഇന്നലത്തെ ഇന്ത്യൻ എക്സ്പ്രസ്സ് പത്രവും ഞാൻ കണ്ടു. ഇന്നലെയും ഇന്നുമൊക്കെയായിട്ട് ചില ടി. വി. ചാനലുകളുടെ മറ്റൊരു സമരത്തിന്റെ ദൃശ്യവും ഞാൻ കണ്ടു. ഒരു അമ്മ എന്ന രീതിയിൽ എനിക്ക് വേദനയുണ്ട് ..... (ബഹളം) ..... സർ അങ്ങയുടെ പരിരക്ഷ എനിക്ക് വേണം.....

[ചെയറിൽ മി. സ്പീക്കർ]

ശ്രീ. ടി. കെ. ദേവകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. ടി. കെ. ദേവകുമാർ: സർ, മലയാള ഭാഷയിൽ വാച്യാർത്ഥവും വ്യംഗ്യാർത്ഥവും അറിയാവുന്ന പ്രൊഫസർ സാവിത്രി ലക്ഷ്മണൻ ഇവിടെ നടത്തിയെന്നു പറയുന്ന പ്രസംഗം പെൺകുട്ടികളെ മലർത്തിക്കിടത്തി സമരം നടത്തരുതെന്ന് പറഞ്ഞതിന്റെ അർത്ഥം എന്താണ്. അത് പിൻവലിക്കണം സഭാരേഖയിൽ നിന്നും നീക്കം ചെയ്യണം, ദുരുദ്ദേശ പരാമർശം സഭാരേഖയിൽ ഉണ്ടാകരുത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ ഇരിക്കണം. ശ്രീ. ടി. കെ. ദേവകുമാർ വ്യാഖ്യാനിച്ച് പറയാത്ത കാര്യങ്ങൾ പറയരുത്. ഇതിൽ ഒരു പോയിന്റും ഓർഡറും ഇല്ല. പറഞ്ഞതിൽ യാതൊരു തെറ്റും ഉണ്ടായിരുന്നില്ല. നിങ്ങൾ പറയുന്ന മാതിരി ഒന്നും പറഞ്ഞിട്ടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: കഴിഞ്ഞ തവണത്തെ നടുറോഡ് സമരത്തെക്കാളും ഇപ്രാവശ്യത്തെ നടപ്പുറം റോഡ് സമരങ്ങൾ എനിക്ക് അസഹനീയമായി തോന്നി. അതുകൊണ്ട് ഞാൻ ആ വേദന പറഞ്ഞതാണ്. എനിക്ക് ചോദിക്കുവാനുള്ളത് അവരോടാണ്. ഇവരുടെയൊക്കെ കുടുംബാംഗങ്ങളും ഇതെല്ലാം എങ്ങനെ സഹിക്കുന്നു എന്നുള്ളതാണ്. ഞാൻ കൂടുതൽ പറയുന്നില്ല. എനിക്കു പിന്നാലെ ശ്രീ. മത്തായി ചാക്കോ സംസാരിക്കുവാനുണ്ട് എന്നുള്ളതുകൊണ്ട് കഴിഞ്ഞ തവണത്തെ പ്രതികരണം എനിക്ക് ഓർമ്മയുണ്ട്. ഞാൻ കൂടുതലൊന്നും പറയുന്നില്ല. പക്ഷേ ..... (ബഹളം) ..... പണ്ട് ..... (ബഹളം) ..... രാധാകൃഷ്ണൻ മന്ത്രിയാകുന്നതിനും എം. എൽ. എ. ആകുന്നതിനുമൊക്കെ മുമ്പ് ..... (ബഹളം) .....

3.00 p.m.

മി. സ്പീക്കർ: സ്ത്രീകളോട് വേണമോ പരാക്രമം അവർ പറയട്ടെ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: നമ്മുടെ ബഹുമാനപ്പെട്ട എം. എൽ. എ. രാധാകൃഷ്ണൻ, മുൻ മന്ത്രിയാണ് അദ്ദേഹം. അന്നത്തെ വിദ്യാഭ്യാസ മന്ത്രിയോട്, അദ്ദേഹവും ഇവിടെ പ്രതിപക്ഷ മുൻ മന്ത്രിയായി ഇരിപ്പുണ്ട്; ശ്രീ. ടി. എം. ജേക്കബ് അദ്ദേഹത്തിന്റെ കാറിന്റെ മുൻപിൽ പ്രീ-ഡിഗ്രി അടർത്തുന്നതിന് സമ്മതിക്കുകയില്ല എന്നും പറഞ്ഞ് ചാടി വീണില്ലേ? അന്നും പാർട്ടി ഈ പിള്ളേരെക്കൊണ്ട് സമരം ചെയ്യിച്ചില്ലേ? നേതാക്കന്മാർ അല്ലല്ലോ കാറിന്റെ മുന്നിൽ ചാടിവീണത്. എന്നിട്ട് എന്തുണ്ടായി? അദ്ദേഹം മന്ത്രിയായിരുന്ന മന്ത്രിസഭ പിന്നീട് പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യാനായിട്ട് തീരുമാനിക്കുകയും ചെയ്തു. എന്റെ കയ്യിൽ 1996 തൊട്ടുള്ള എല്ലാ നയപ്രഖ്യാപന പ്രസംഗങ്ങളും ഉണ്ട്. 1996-ലെ നയപ്രഖ്യാപനത്തിൽ 55-ാം ഖണ്ഡികയിൽ പ്രീ-ഡിഗ്രി കോഴ്സുകളെ വേർപെടുത്താൻ ഉദ്ദേശിക്കുന്ന കാര്യം സ്വല്പം ശാന്തമായ സമ്പ്രദായത്തിലും പിന്നെ 1997-ലെ നയ പ്രഖ്യാപനത്തിൽ 35-ാം ഖണ്ഡികയിൽ Considerable progress has been made in the rather complex operation of delinking the Pre-degree classes from the Universities ..... എന്ന് കൂടുതൽ ശക്തമായ ഭാഷയിലും ഉറച്ച പ്രഖ്യാപനങ്ങൾ നടത്തുകയും യു. ഡി. എഫ്. ഗവൺമെന്റിനെക്കൊണ്ട് നടത്തുകയില്ല എന്ന് അന്നത്തെ പ്രതിപക്ഷം തീരുമാനിച്ച കാര്യം അവർ ഭരണപക്ഷം ആയപ്പോൾ സുന്ദരമായി നടത്തുകയും ചെയ്തു. ഇത് മറക്കുവാൻ പറ്റുകയില്ല. മറക്കുകയില്ല. അരിവെന്തോ എന്ന് നോക്കുവാൻ അതിൽ ഒന്നെടുത്ത് ഒന്നു തൊട്ടുനോക്കിയാൽമതി. ഇഷ്ടംപോലെ അനുഭവമുണ്ട്. ഈ നിയമസഭയിൽ അനുവദിക്കപ്പെട്ട സമയപരിധിക്കകത്തുനിന്ന് മുഴുവൻ വിസ്തരിക്കുവാൻ

പറ്റാത്തതുകൊണ്ട് ഞാൻ പറയുന്നില്ല എന്നു മാത്രമേയുള്ളു. ഈ ഇരട്ടത്താപ്പിന് എന്താണ് പേരിടേണ്ടത് എന്ന് നിങ്ങൾതന്നെ തീരുമാനിക്കുക. എ. ഡി. ബി. യും ലോക ബാങ്ക് വായ്പയുമൊക്കെ എന്തെന്ത് പ്രകമ്പനങ്ങൾക്കാണ് വഴിവച്ചത് എന്നുള്ളതും ഞാൻ ഓർക്കുന്നുണ്ട്. പ്രതിപക്ഷത്തെ രണ്ട് പ്രമുഖ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ഇപ്പോൾ പുതിയ തർക്കമുണ്ട്. മിനിഞ്ഞാന്ന് തൃശ്ശൂരിൽ ഒരു സമരം. ഇന്നലത്തെ പത്രങ്ങളിലെ വാർത്ത വായിക്കേണ്ടതാണ്. മാതൃഭൂമിയിൽ, എ. ഡി. ബി, സി. പി. എം-നെതിരെ തുറന്നടിച്ച് സി. പി. ഐ. താഴെ കോളം ന്യൂസ്; കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചില്ല. ഇന്നലത്തെ മലയാള മനോരമ, ആളില്ലാ പാർട്ടി എന്ന സംശയം തീർക്കാം. സി. പി. ഐ. നേതാവ് എ. ഡി. ബി. വിരുദ്ധ കൺവെൻഷനിൽ; കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചില്ല. ഇന്നലത്തെ ദീപിക, സി. പി. എം. സഹയാത്രികരെ കൂടെ കൂട്ടി എ. ഡി. ബി. വിരുദ്ധ സമരത്തിന് സി. പി. ഐ. അതിൽത്തന്നെ എ. ഡി. ബി. വായ്പാ വ്യവസ്ഥകളിൽ ഇളവു വരുത്തിയെന്ന സി. പി. എം. വാദം പൊള്ള. ഞാൻ അത് സംബന്ധിച്ച് കൂടുതൽ വിസ്തരിക്കുന്നില്ല. ഇവിടെ കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളും എ. ഡി. ബി. വായ്പ വാങ്ങാൻ നിശ്ചയിച്ചു കഴിഞ്ഞു. ചർദ്ദിച്ചത് വാരി വിഴുങ്ങുന്നുവെന്ന് ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞപ്പോൾ എന്താണ് ചർദ്ദിച്ചത് എന്ന് ചോദ്യമുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: ഇവിടെ വാക്കുമാറ്റുന്നത് ഈ കാര്യത്തിൽ മാത്രമല്ല. പ്ലാച്ചിമടയിലെ മയിലമ്മക്ക് ഐകൃദാർഢ്യം പ്രഖ്യാപിച്ച് പശ്ചിമബംഗാൾ ഗവൺമെന്റ് ഇപ്പോൾ പരിസ്ഥിതി പ്രവർത്തനത്തിനുള്ള അവാർഡ് കൊടുത്തിരിക്കുന്നത് കൊക്കക്കോള കമ്പനിക്കാണ്. അതിനെക്കുറിച്ച് ടീച്ചർക്കുള്ള അഭിപ്രായം എന്താണ്?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഞാൻ ഇപ്പോൾ പറഞ്ഞ അഭിപ്രായംതന്നെ ആവർത്തിക്കുകയാണ്. ഒന്ന് ഒരിടത്ത് പറയും; മറ്റൊരിടത്ത് വേറൊന്ന് കാണിക്കും; വേറൊന്ന് ചെയ്യും. എ. ഡി. ബി. ക്കെതിരെ ചാടിവീണു തല്ലുകൊണ്ട് ജനങ്ങളോട് മസ്തിഷ്ക പ്രക്ഷാളനം നടത്തി വോട്ടുതേടി കൗൺസിലർമാരായി അഞ്ചു കോർപ്പറേഷനിലും ഇരിക്കുന്ന ഇപ്പോഴുള്ള ഭരണകക്ഷി കൗൺസിലർമാരുണ്ടല്ലോ; അവരാരും ഒന്നും പറഞ്ഞില്ല. എ. ഡി. ബി. വായ്പ വാങ്ങി വിഴുങ്ങുമെന്ന് തന്നെ തീരുമാനിക്കുകയാണുണ്ടായത്. അപ്പോൾ പിന്നെ അവരെയൊക്കെ എന്തിനാണ് ചർദ്ദിച്ചതുതന്നെ തീറ്റിച്ചത്. കഷ്ടം ..... കഷ്ടം ..... നിങ്ങൾക്ക് എന്തിനാണ് തല്ലുകൊണ്ടത് എന്നാണ് എന്റെ ചോദ്യം. ഇപ്പോൾ തല്ലുകൊള്ളുക മാത്രമല്ല സമരത്തിന്റെ സമ്പ്രദായം കൂടി മാറിപ്പോകുന്നു എന്നുള്ളതിനാലാണ് എനിക്ക് ഒരു വിഷാദമുള്ളത്. എ. ഡി. ബി. വായ്പയെപ്പറ്റി എനിക്ക് ഒന്നുംകൂടി പറയാനുണ്ട്. എ. ഡി. ബി. എപ്പോഴും നിങ്ങൾ പറയുന്നതാണ് 1997-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ അന്നത്തെ ഗവർണ്ണറെക്കൊണ്ട് ഇന്നത്തെ പ്രതിപക്ഷം, അന്നത്തെ ഭരണപക്ഷം പ്രസംഗിപ്പിച്ചു. The World Bank has been approved for assistance to implement a Kerala Forestry Development Project to improve the productivity of Forests. An echo-development programme through the World Bank and global environment facility in the

Periyar Tiger Reserve are in progress. വേൾഡ് ബാങ്കിന്റെ സഹായമാണ്. എന്നിട്ട് പുറത്തിറങ്ങിനിന്നു സഖാക്കന്മാരോടു പറയും. വേൾഡ് ബാങ്ക് പാടില്ല; എ.ഡി.ബി. പാടില്ല; സമരം ചെയ്യുക; യുദ്ധം ചെയ്യുക. ഈ ഇരട്ടത്താപ്പ് എന്തിനാണ് സുഹൃത്തുക്കളെ? എനിക്ക് മനസ്സിലാക്കുവാൻ വയ്യാത്തതുകൊണ്ടാണ്. സ്വാശ്രയ കോളേജിനെതിരെ സമരം സംബന്ധമായിട്ട് ശ്രീ. അസീസ്സിനെ രോഷം കൊണ്ടു. രാജ്യാന്തര വിദ്യാഭ്യാസ സംഗമത്തിനെതിരെയായിരുന്നു കഴിഞ്ഞ ദിവസത്തെ പ്രക്ഷോഭം. അത് ഇനിയും തുടരുമെന്നാണ് പറയുന്നത്. രക്തസാക്ഷികളെ സൃഷ്ടിക്കുവാനാണോ ഈ സമരത്തിന് ആളെ കൂട്ടുന്നത്? ഇങ്ങനെയൊക്കെ സമരം ചെയ്യാൻ യുവതലമുറയ്ക്ക് പ്രേരണ നൽകുന്നതിലെനിക്കു വിഷമമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളിയിൽ ഒന്നാന്തരം ജലവൈദ്യുത പദ്ധതി നടപ്പിലാക്കുവാൻ പോകുന്നുവെന്ന് കേട്ട കാലം തുടങ്ങിയ സമരമാണ്. ശ്രീമതിമാർ മേധാപട്കറേയും സുഗതകുമാരിയെയുമൊക്കെ ക്ഷണിച്ചുവരുത്തി ഓരോരോ സ്ഥലത്ത് പ്രസംഗിപ്പിക്കുന്നുണ്ട്. 1997-ൽ അന്തരിച്ചുപോയ ഇ. കെ. നായനാരുടെ മന്ത്രിസഭ അംഗത്തെ ഗവർണ്ണറെക്കൊണ്ട് ഇവിടെ പ്രസംഗിപ്പിച്ചത് എന്താണ്? My Government is taking active steps to get the enviromental clearance for Athirappalli and Kuriarkutty-Karappara Hydro-electric projects from Government of India. 1997-ൽ പറയാം. ഇപ്പോൾ ചെയ്യാൻ പറ്റില്ല. അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി നയാഗ്ര വെള്ളച്ചാട്ടം കാണാൻ പോയത് എന്തിനാണ്? ജല വൈദ്യുത പദ്ധതികളുടെ സാധ്യതകളെക്കുറിച്ച് പഠിക്കുവാനാണോ അതോ വിനോദ സഞ്ചാരം നടത്തിയതോ? അറിയേണ്ട കാര്യമാണ്. അന്തരിച്ചുപോയ നേതാവിനെപ്പറ്റി ഇതരത്തിൽ നിയമസഭയ്ക്ക് അകത്ത് സംസാരിക്കുവാൻ തോന്നുന്നല്ലോ എന്ന വിഷമമേ എനിക്കുള്ളൂ. ഞാൻ അദ്ദേഹത്തെക്കുറിച്ച് ഒന്നും പറഞ്ഞില്ല. എൽ. ഡി. എഫ്. ഗവൺമെന്റിന് കൃത്യമാക്കാൻ വേണ്ടിയാണ് പറഞ്ഞത്. അതിനുപകരം നായനാരോട് പോയി ചോദിക്കെന്ന് സ്വന്തം സീറ്റിൽ ഇരുന്നുതന്നെ ചുവന്ന ഷർട്ടിട്ട് വിളിച്ചുപറയുന്ന ഏർപ്പാട് ശരിയല്ല. ..... ശരിയല്ല എന്നു ഞാൻ പറയൂ. ഞാൻ ഇത് വായിക്കണമെന്ന് വിചാരിച്ചതല്ല. വായിക്കുവാൻ വേറെയുണ്ട്. A grant of 13.8 Million Canadian Dollars from Canadian International Development Agency has been received for studying the power sector in Kerala in detail. എന്ന ശബ്ദം മുഴങ്ങിയത് ഈ നിയമസഭയിലാണ്. ഇപ്പോഴല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ എൽ. ഡി. എഫിന്റെ കാലത്ത് അന്തരിച്ചുപോയ മുഖ്യമന്ത്രിയുടെ പേര് പറയുന്നത് കേൾക്കുവാൻ വിഷമമുണ്ടെങ്കിൽ ഞാനായിട്ട് അത് പറഞ്ഞ് നിങ്ങൾക്ക് വിഷമമുണ്ടാക്കുന്നില്ല. കഴിഞ്ഞ എൽ. ഡി. എഫ്.-ന്റെ തന്നെ കാലത്ത് ഈ സഭയിൽ മുഴങ്ങിയ ശബ്ദമാണ്. A grant of 13.8 Million Canadian Dollars from Canadian International Development Agency has been received from studying the power sector in Kerala in detail. അന്ന് ആകാം. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ക്ലീയറൻസോടുകൂടി വന്നതുവരെ കെ. എസ്. ഇ. ബി.-ക്ക് കൈമാറ്റം ചെയ്യപ്പെട്ടുകഴിഞ്ഞ സാഹചര്യത്തിൽ ഞങ്ങളുടെ കാലത്ത് ഈ പദ്ധതി നടപ്പിലാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുകയില്ല എന്ന ഒരു ദുശ്ശാഠ്യം മാത്രമല്ലേ സമരത്തിനുവേണ്ടി, സമരമുഖത്തേക്ക് എത്തിച്ചുകൊടുക്കുന്നതിന്റെ പിന്നിലുള്ളത്. അതിരപ്പള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കേണ്ട എന്ന് അവർക്ക് ആർക്കും വിചാരമില്ല. അത് ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കേണ്ട എന്നുള്ള സമരക്കാരുടെ സ്വപ്നമൊക്കെ കൊള്ളാം. പക്ഷെ 2006-ൽ അധികാരത്തിൽ തുടരാൻ പോകുന്ന ഞങ്ങൾതന്നെ ഈ പദ്ധതികളൊക്കെ നടപ്പാക്കും എന്നുള്ളത് ഉറപ്പാണ്. ആ.....ക്കും ..... എന്നുള്ളത് ഇതിലും ശക്തമായിട്ട് ഇതിലും ഉച്ചത്തിൽ പറയാൻ സാധിക്കുമായിരുന്നെങ്കിൽ ഞാൻ പറഞ്ഞേനെ ..... നടപ്പാക്കും. ഇത് വെറുതെയൊന്നുമല്ല.

നൂറുദിന പരിപാടികളിലൂടെയും ഒരു വർഷത്തെ കർമ്മ പദ്ധതിയിലൂടെയും പൊതുജന സമ്പർക്ക പരിപാടിയിലൂടെയും സുതാര്യ കേരളത്തിലൂടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അതിവേഗം ബഹുദൂരം മുന്നോട്ട് പോയിക്കഴിഞ്ഞു. ഇനിയുള്ള ദിവസങ്ങളിലും ഈ ഗതിവേഗത്തിന്റെ സൗന്ദര്യം അത്യാകർഷണീയമായിരിക്കും. പരിണത പ്രജ്ഞനായ ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി ശ്രീ. വക്കം പുരുഷോത്തമന്റെ ധനമന്ത്രി എന്ന നിലയിലുള്ള കലവറയില്ലാത്ത സഹകരണം ഈ മനോഹാരിതയുടെ മാറ്റ് വർദ്ധിപ്പിക്കുകയും ചെയ്യും.

<u>ശ്രീ. സാജുപോൾ:</u> സർ, ബഹുമാന്യയായ ടീച്ചർ ഇവിടെ ഏറ്റവും ഉച്ചസ്ഥായിയിൽ സംസാരിച്ചല്ലോ. ഈ നാലേമുക്കാൽ വർഷത്തിനിടയിൽ മൂന്നു വർഷക്കാലവും മൗനം പാലിച്ചുകൊണ്ട് ഈ സഭയിൽ ഇരുന്ന ടീച്ചർ അന്ന് ഛർദ്ദിച്ചിതിനെ ഇപ്പോൾ വിഴുങ്ങിക്കൊണ്ടല്ലേ അപ്പുറത്ത് ഈ പുരപ്പുറത്ത് കയറിയിരുന്ന് വിളിച്ചുകൂവുന്നത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ:</u> പാൽപ്പായസം കുടിക്കുന്ന സൗഭാഗ്യത്തോടുകൂടി നിങ്ങളുടെ ആളുകളാണ് എന്ന് നിങ്ങൾ പറഞ്ഞുകൊണ്ടു നടക്കുന്ന കുടുംബശ്രീ ഉൾപ്പെടെ ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായ നേട്ടങ്ങൾ സാജുപോളിന് കേൾക്കണമോ? ഞാൻ പറയാം. ..... (ബഹളം) ..... കുടുംബശ്രീയിലൂടെ പാവപ്പെട്ട സ്ത്രീകൾ കൈവരിച്ച അത്ഭുതപൂർവ്വമായ സാമ്പത്തിക ഭദ്രത.....

<u>മി. സ്പീക്കർ:</u> പ്ലീസ് ..... ശ്രീ. സാജുപോൾ, ഇരിക്കൂ. Saju Take your seat .....I..... ഓവർ സ്മാർട്ട് ആകരുത്. ഇരിക്കൂ ..... ചെയറിനെ അനുസരിക്കൂ.

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ:</u> സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കാതെ എന്നാൽ എണ്ണിയെണ്ണി പറയാം. കുടുംബശ്രീയിലൂടെ പാവപ്പെട്ട സ്ത്രീകൾ കൈവരിച്ച അഭൂത പൂർവ്വമായ സാമ്പത്തിക ഭദ്രത, ആശ്രയ പദ്ധതിയിലൂടെ സുസ്ഥാപിതമായ സാമൂഹ്യ സുരക്ഷ, പ്രത്യാശയിലൂടെ പ്രോജ്ജ്വലിക്കപ്പെട്ട ആത്മവിശ്വാസം, 99 രൂപ

LIBRARY ARCHIVES Kerala Legislative Assembly

പ്രീമിയം ആവശ്യപ്പെടുന്ന വെറും 33 രൂപ മാത്രം സ്വന്തം വിഹിതമായി ഉപഭോക്താവ് അടക്കേണ്ട 25 ലക്ഷം കുടുംബങ്ങൾക്ക് അത്താണിയാവുമെന്ന് ഉറപ്പുള്ള സമഗ്ര ഇൻഷുറൻസ് പദ്ധതി, വർഗ്ഗീയം പറഞ്ഞു നടക്കുന്നവർക്ക് അസഹിഷ്ണുത സൃഷ്ടിച്ച് വിജയകരമായി നടപ്പാക്കാൻ പോകുന്ന ശബരിമല, ഗുരുവായൂർ തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്രവികസനം, അറിയുവാനുള്ള അവകാശത്തിന്റെ നിയമപ്രാബല്യം, ക്ഷീര കർഷകർക്ക് ക്ഷേമനിധി. കേട്ടോ സാജുപോൾ, അറിഞ്ഞില്ല എങ്കിൽ മനസ്സിലാക്കിക്കോളൂ. ഇനിയുമുണ്ട്. 50 വയസ്സിനുമുകളിലുള്ള കന്യകമാർക്കും വിധവകൾക്കും ഭക്ഷ്യധാന്യം സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി, ഗ്രാമപ്രദേശങ്ങളിൽ നഗരത്തിന്റെ സൗകര്യം ലഭ്യമാക്കാനുള്ള "പുര" പദ്ധതി (Providence of Urban Committees in Rural Area), 59 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് 3 രൂപവച്ച് 25 കിലോ അരി കൊടുക്കാനുള്ള ധീരമായ തീരുമാനം, 14.5 ലക്ഷം കുടുംബങ്ങൾക്കുകൂടി ആനുകൂല്യം ലഭ്യമാക്കാനുള്ള അഭിനന്ദനീയമായ കാൽവയ്പ്പ്, എല്ലാ ജില്ലകളിലും ഡിസാസ്റ്റർ മാനേജ്മെന്റ് യൂണിറ്റുകൾ തുടങ്ങാനുള്ള ദൃഢനിശ്ചയം ..... (ബഹളം) ..... വിവാഹ നിശ്ചയമല്ല. അതിനെക്കുറിച്ച് ആലോചിച്ച് മനപ്പായസം ഉണ്ണേണ്ട. ഇത് വേറെ നിശ്ചയമാണ്. എല്ലാ ജില്ലകളിലും ഡിസാസ്റ്റർ മാനേജ്മെന്റ് നടപ്പാക്കാനുള്ള ദൃഢനിശ്ചയം തന്നെയാണിത്. തടവുപുള്ളികളുടെ റിമാന്റ് നീട്ടാൻ കോടതികളും ജയിലുകളും തമ്മിൽ ബന്ധപ്പെടുത്തി വീഡിയോ കോൺഫറൻസുകൾ നടത്താനുള്ള സൗകര്യം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 5.43 ലക്ഷം വായ്പക്കാർക്ക് 199 കോടി രൂപയുടെ സഹായത്തിന്റെ സമ്മാനം, കാർഷിക വായ്പയുടെ പലിശ 8.5 ശതമാനമാക്കി, 2587 സ്ഥാപനങ്ങളിൽ സേവനാ പ്രധാന പദ്ധതി നടപ്പിലാക്കിയതിന്റെ പിന്നിലെ ഇച്ഛാശക്തി, എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരുടെ മാനേജുമെന്റിൽ ഒരു നഴ്സിംഗ് കോളേജ് തുടങ്ങാൻ പോകുന്നതിന്റെ ആത്മധൈര്യം. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മുഴുവൻ എസ്.സി./എസ്.ടി. വിദ്യാർത്ഥികളും ഒ. ഇ. സി. വിഭാഗത്തിലെ വിദ്യാർത്ഥികളും കൊടുക്കേണ്ടിവരുന്ന അധിക ഫീസ് സർക്കാരാണ് നൽകുന്നത്. നിലവിലുള്ള ഒരൊറ്റ എൻജിനീയറിംഗ് കോളേജിലോ, മെഡിക്കൽ കോളേജിലോ ഒരു സീറ്റുപോലും ഒരു വിഭാഗത്തിൽപ്പെട്ടവർക്കും കുറവില്ല. മറിച്ച് സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി./ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ ഫീസ് കൊടുക്കണം. പക്ഷെ ആ കാൾ ഒരു നയാപൈസപോലും കുറവില്ലാതെ കൊടുക്കുന്നത് ഗവൺമെന്റാണ്. അത് സഹിക്കുന്നില്ല. സ്വാശ്രയ കോളേജുകൾക്കെതിരെ സമരമാണ്. അറുപതും, എഴുപതും ലക്ഷം രൂപയൊക്കെ പുറത്ത് കൊടുക്കുന്നവർ ഇവിടെ പത്തോ, പതിനഞ്ചോ ലക്ഷം രൂപ കൊടുത്ത്, ഉള്ളവൻ പഠിക്കുന്നു. അത് പോകട്ടെ. ഇല്ലാത്തവൻ, എസ്.സി./എസ്.ടി.ക്കാരൻ പഠിക്കുന്നത് ഇങ്ങനെയൊക്കെതന്നെയാണ്. സംസ്ഥാന സ്പോർട്സ് ക്ഷേമനിധി രൂപീകരിക്കാനും, സ്പോർട്സ് സയൻസ് സെന്റർ സ്ഥാപിക്കാനുമുള്ള ദീർഘവീക്ഷണം, കടകളിലും വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലും ഫ്ളോർ ലെവൽ മിനിമം വേജസ് നൽകാനുള്ള ക്ഷേമനിധി പദ്ധതി രൂപീകരിക്കാനുള്ള ചങ്കൂറ്റം, 1566 ഗ്രാമങ്ങളിൽ റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

അദാലത്ത് നടത്തി 2,11,087 ആവലാതികൾ തീർത്ത ആശ്വാസം, സുരക്ഷ ഭവന നിർമ്മാണ പദ്ധതിയുടെ ആവിഷ്ക്കാരം, Wonderful wilderness, പരിസ്ഥിതി നയം, മലയോര വികസന ഏജൻസി, ട്രഷറികളുടെ കമ്പ്യൂട്ടർ വൽക്കരണം, Teller system, എണ്ണമില്ലാത്തത്ര കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ തുടങ്ങിയവയുടെ കൃത്യവും വ്യക്തവുമായ നടത്തിപ്പ്, ഇതെല്ലാം ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ള വിജയഗാഥകളാണ്. നാലേമുക്കാൽകൊല്ലം ഒന്നും ചെയ്തില്ലായെന്ന് ഒരാളും പറഞ്ഞുനടക്കേണ്ടാ. ഇവിടെ ശ്രീ. ബിനോയ് വിശ്വം പ്രസംഗിച്ചു. ശ്രീ. കെ. എൻ. എ. ഖാദറുടെ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ പോലും ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചില്ലായെന്ന്. ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ. ഗവൺമെന്റിന്റെ പദ്ധതികളായി ഇവിടെ പറഞ്ഞ മുഴുവൻ കാര്യങ്ങളും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളതാണ്. അതുപോലും ഒന്ന് വായിച്ച് വരാതെ വന്ന് ഇവിടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ നന്ദിപ്രമേയ ചർച്ച എന്ന രീതിയിൽ ഓരോരുത്തരും ഓരോന്നു പറയുന്നതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. 401 ജലവിതരണ പദ്ധതികളിലൂടെ 1,30,635 ആളുകൾക്ക് ജലനിധി പദ്ധതിയിലൂടെ കുടിവെള്ളം കൊടുത്തത് നിങ്ങൾക്ക് എതിർക്കുവാൻ പറ്റുമോ? ജലസാക്ഷരതാ പദ്ധതിക്കെതിരെ ശബ്ദമുയർത്തുന്നത് ശരിയാണോ? 1612.8 കോടി രൂപ ചെലവഴിച്ച് കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്ട് നടപ്പിലാക്കുന്നതിൽ അസൂയയാണല്ലേ? 23 ലക്ഷം വിദ്യാർത്ഥികൾക്ക് ഒരു പഴവും ഒരു മുട്ടയും വീതം കൊടുത്താൽ ഇവർ ദഹനക്കേടിന്റെ അസ്വസ്ഥത കാണിക്കും. രാവിലെ ശ്രീമതി ടീച്ചർ പ്രസംഗിച്ചു, എന്റെ കയ്യിൽ ലേറ്റസ്റ്റായിട്ടുള്ള ജനപഥമുണ്ട്. ജനപഥത്തിൽ നാല് വയസ്സുകാരി കത്തെഴുതിയെന്നു പറഞ്ഞ് പ്രീ-പ്രൈമറി ക്ലാസ്സിലെ കുട്ടികൾക്കുംകൂടി ഈ കത്ത് കിട്ടിയ ഉടൻ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറേ ഏറെ കോടി രൂപയും കൂടി സഹിച്ച് ഈ ഒരു പഴവും ഒരു മുട്ടയും കൊടുക്കാൻ എടുത്ത തീരുമാനം എല്ലാ എം. എൽ. എ. മാരും വായിച്ചു നോക്കട്ടെ. എനിക്കുമാത്രമായി സ്വകാര്യമായി ആരും തന്നതല്ല. എല്ലാ എം. എൽ. എ. മാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. 1,52,134 ബി. പി. എൽ.കാരുൾപ്പെടെ 7,76,678 പേർക്ക് പുതുതായി വൈദ്യുതി കണക്ഷൻ കൊടുത്തതിന്റെ ഷോക്ക് ഇവർക്ക് തീരുന്നില്ല. വൈദ്യുതി ചാർജ്ജ് യൂണിറ്റിന് 20 പൈസ വീതം കുറച്ചത് വെച്ച് ചാർജ്ജ് ഷീറ്റ് തയ്യാറാക്കുകയാണ് ഇവർ. അത് വ്യത്തികേടാണ്. റോഡ് നന്നാക്കുന്നതും ഓവർ ബ്രിഡ്ജ് പണിയുന്നതും ടൂറിസ്റ്റ് കേന്ദ്രങ്ങൾ മനോഹരമാക്കുന്നതും സഹിക്കാതെപ്പോകുന്നു. ഈ വികാരത്തിന് മലയാളത്തിൽ പറയേണ്ട പേര് എന്താണെന്ന് എല്ലാവർക്കും അറിയാമെന്നുള്ളതുകൊണ്ട് ഞാൻ അത് പറയുന്നില്ല. ഈ ഗവൺമെന്റിന്റേത് സമന്വയത്തിലൂടെയുള്ള സഹവർത്തിത്തമാണ്. നമ്പ്രേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയ സന്ദർഭത്തിൽ ചിലർക്കൊക്കെ വയറുവേദനയുണ്ടാക്കിയിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാനത് പറയുന്നില്ല. പെൻഷൻകാർക്ക് ഒന്നാം തീയതിതന്നെ പെൻഷൻ കിട്ടുന്ന അവസ്ഥയുണ്ടാക്കിയതിൽ പാട്ട കിലുക്കി പിരിവ് നടത്തുന്നവർക്ക് വിഷമമുണ്ട്. സുനാമി ദുരന്തത്തിൽപ്പെട്ടവരെപ്പോലും സമരത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണങ്ങളാക്കി മാറ്റുന്നത് ദുഃഖകരമാണ്. മലയാളികൾക്കും പ്രവാസി മലയാളികൾക്കും വേണ്ടി വഴിയിലെ മുള്ളുകളൊക്കെ ചവിട്ടി മെതിച്ച് പിന്നാലെ വന്നിരുന്ന പിഞ്ചു പദങ്ങൾക്ക് വിന്യാസവേളയിൽ വേദന അനുഭവപ്പെടാതിരിക്കാൻ മുന്നോട്ടു തന്നെ നടക്കുന്ന സർക്കാർ എത്തേണ്ടിടത്ത് എത്തുമെന്നുള്ള ഉറപ്പോടെ 3802 ഗോത്ര വർഗ്ഗ കുടുംബങ്ങൾക്ക് 5902.92 ഏക്കർ ഭൂമി വിതരണം ചെയ്തു കഴിഞ്ഞു എന്ന അഭിമാനത്തോടെ 66,500 പട്ടയങ്ങളും പതിനായിരം അവകാശരേഖകളും പാവപ്പെട്ടവർക്ക് കൊടുത്തു കഴിഞ്ഞു എന്നുള്ള ആഹ്ലാദത്തോടെ ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന ഓരോ പദ്ധതികളുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽ വികസനത്തിന്റെ സൗന്ദര്യം പീലി വിടർത്തി ആടുന്നു എന്നുള്ളത് നന്ദിയോടെ പറയുകയാണ്.

ദുർഗ്ഗമങ്ങളായ വനങ്ങളിലൂടെ കുറേ ഗിരി വർഗ്ഗ കോളനികളിൽ പോലും ജലനിധിയിൽകൂടി കുടിവെള്ളം എത്തിക്കാൻ സാധിച്ച ഒരു സർക്കാരാണ് നാട് ഭരിക്കുന്നത്. ബഹുമാന്യനായ ശ്രീ. കടവൂർ ശിവദാസൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ കേരളത്തിലെ അങ്ങോളം ഇങ്ങോളം ഉള്ള ജനങ്ങൾ പൂർണ്ണമായി അംഗീകരിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ പിൻതാങ്ങുന്നത്. എനിക്ക് പത്ത് കോടി രൂപയുടെ ടൂറിസം റോഡുണ്ട്. 5 കോടിയുടെ അതിരപ്പള്ളി വികസന പദ്ധതിയുണ്ട്. പാലം ഉണ്ട്, ഓവർ ബ്രിഡ്ജുണ്ട്. ഒന്നും ഞാൻ സമയക്കുറവ് കാരണം വിശദീകരിക്കുന്നില്ല. അല്ലെങ്കിൽ ബോധ്യപ്പെടുത്തി തരാമായിരുന്നു. പിന്നീട് തുറമുഖ വികസനം ഇല്ലാത്തത് എന്റെ മണ്ഡലത്തിൽ കടലില്ലാത്തതുകൊണ്ടാണ്. എങ്കിലും ഇനി വരാനിരിക്കുന്ന ദിവസങ്ങളിൽ തീർച്ചയായിട്ടും ചാലക്കുടി താലൂക്ക് മുപീകരണം, ചാലക്കുടി പുഴയിൽ തടയണ പൂർത്തീകരണം ഉൾപ്പെടെ ലിഫ്റ്റ് ഇറിഗേഷനും ഒക്കെ നടത്തിത്തരും എന്റെ സർക്കാർ എന്ന പ്രതീക്ഷയോടുകൂടി ഇനി വരാൻ പോകുന്ന ദിവസങ്ങളിൽ സാർത്ഥകമാകാൻ പോകുന്ന മറ്റ് കാര്യങ്ങളെക്കുറിച്ചുകൂടി ശുഭ പ്രതീക്ഷയോടെ നന്ദിയോടുകൂടി ഓർത്തുകൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച ഈ നന്ദിപ്രമേയ ചർച്ചയ്ക്ക് ഞാൻ സർവ്വാത്മനാ സഹകരണം പ്രഖ്യാപിച്ചുകൊണ്ട് നിർത്തുന്നു. നന്ദി.

<u>ശ്രീ. സ്റ്റീഫൻ ജോർജ്ജ്</u> : ബഹുമാന്യനായ ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച പ്രമേയം നമ്മുടെ സംസ്ഥാനത്തിന്റെ അങ്ങോളം ഇങ്ങോളം ജനങ്ങൾ പൂർണ്ണമായി അംഗീകരിക്കും എന്നുള്ളതുകൊണ്ടാണ് ഞാൻ പിൻതാങ്ങുന്നത്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ബഹുമാന്യനായ രാഷ്ട്രപതി നമ്മുടെ നിയമസഭയെ അഭിസംബോധന ചെയ്ത് സംസാരിച്ചപ്പോൾ നൽകിയ പത്ത് വിഷൻ മോഡുകളും കേരളത്തിന്റെ പ്രത്യേക സാഹചര്യം മനസ്സിലാക്കി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ആറ് വിഷൻ കൂടി കൂട്ടിച്ചേർത്ത് 16

LIBRARY ARCHIVES Kerala Legislative Assembly

മിഷൻമോഡ് പദ്ധതിയായി വിപുലീകരിച്ച് ഈ ഗവൺമെന്റ് 'Vision 2010' പുറത്തിറക്കുകയുണ്ടായി. ഏതാണ്ട് 13,495 കോടി രൂപ മുതൽമുടക്ക് 5 വർഷംകൊണ്ട് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് സംസാരിച്ച ഒരു കാര്യം ഞാൻ പറയുകയാണ്. കൃഷിക്കാരുടെ പ്രശ്നം ആയതുകൊണ്ടാണ് ഞാൻ ഈ വിഷയം സംസാരിക്കുന്നത്. ഇവിടെ, ഇടുക്കിയിലെ പാവപ്പെട്ട കൃഷിക്കാർക്ക് സി. എച്ച്. ആർ. ലാന്റ് ആണ് പ്രശ്നം; ഫോറസ്റ്റും റവന്യൂവും തമ്മിൽ തർക്കമുണ്ടെന്ന് അദ്ദേഹം ആരോപിച്ചു. പക്ഷേ, അങ്ങനെ ഒരു തർക്കമേ അവിടെയില്ല. 1-1-1977-ന് മുമ്പ് കുടിയേറിയിട്ടുള്ള മുഴുവൻ ആളുകൾക്കും പട്ടയം കൊടുക്കാൻ കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ—അത് ഇടുപക്ഷ ഗവൺമെന്റായാലും യു. ഡി. എഫ്. ഗവൺമെന്റായാലും—ശ്രമിച്ചിട്ടുണ്ട്; നൽകിയിട്ടുമുണ്ട്. ആ നിലയ്ക്ക് ഒരു നിലപാട് സ്വീകരിച്ചപ്പോൾ ശ്രീ. ടി. എം. ജേക്കബ് ഇത്തരം പരാമർശം നടത്തിയത് ദുഃഖകരമായിപ്പോയി എന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ടി. എം. ജേക്കബും ഡോ. കെ. സി. ജോസഫും ഒക്കെ ഇടുക്കിയിൽ പോയി പാവപ്പെട്ട കൃഷിക്കാരെ ഇറക്കിവിടണമെന്ന് പറയാനുള്ള ധൈര്യമുണ്ടോ, ചങ്കൂറ്റമുണ്ടോ എന്ന് കാണിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. യഥാർത്ഥത്തിൽ പത്ത് സെന്റും അര ഏക്കറും ഒരേക്കറും ഒക്കെയുള്ള പാവപ്പെട്ട കൃഷിക്കാർ .....

ശ്രീ. ടി. എം. ജേക്കബ് : ഞങ്ങൾ ആരും കൃഷിക്കാർക്ക് എതിരല്ല. ബഹുമാനപ്പെട്ട സ്റ്റീഫൻ ജോർജ്ജ് അങ്ങനെ തെറ്റിദ്ധരിക്കരുത്. ചെറുകിട കർഷകർക്ക് ആനുകൂല്യം കൊടുക്കുന്നതിനും എതിരല്ല. സി. എച്ച്. ആർ.-നെ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ട്. തർക്കം ഇല്ലെന്നുണ്ടെങ്കിൽ മന്ത്രി മറുപടി പറയുമ്പോൾ പറയട്ടെ.

ശ്രീ. സ്റ്റീഫൻ ജോർജ്ജ് : ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഇല്ല. പാവപ്പെട്ട കൃഷിക്കാർക്ക് വേണ്ടിയാണ് ഈ ഗവൺമെന്റ് നിലകൊള്ളുന്നത് എന്നേ പറഞ്ഞുള്ളൂ. കൂട്ടത്തിൽ അദ്ദേഹം ഒരു കാര്യംകൂടി പറഞ്ഞു ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരുപാട് വിഷയങ്ങൾ സംസാരിക്കുകയുണ്ടായി. അദ്ദേഹം അത് ഒന്നും ടച്ച് ചെയ്യാതെ ഒരു കാര്യം പറഞ്ഞത് പെട്രോണിറ്റി ലീവിനെക്കുറിച്ചാണ്. ഒരു മുതച്ഛനായ അദ്ദേഹം പെട്രോണിറ്റി ലീവിനെക്കുറിച്ച് ആധികാരികമായി ആവേശകരമായി പ്രസംഗിച്ചതിന്റെ രഹസ്യം ഇനി അദ്ദേഹത്തിന് അത് എടുക്കാൻ പ്ലാൻ ഉണ്ടെങ്കിൽ എനിക്ക് ഗവണൺമെന്റിനോട് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത് അത് എത്രയും വേഗം നടപ്പാക്കിക്കൊടുക്കണമെന്നാണ്. ഇല്ലെങ്കിൽ അദ്ദേഹം ഇങ്ങനെ ആവേശപൂർവ്വം സംസാരിക്കുമായിരുന്നില്ല. ഈ സംസ്ഥാനം ഭരിക്കുന്ന സർക്കാർ നൂറ് ദിവസങ്ങൾ ദിവസ പരിപാടി ആവിഷ്കരിച്ച് ധാരാളം കാര്യങ്ങൾ ഈ സംസ്ഥാനത്ത് ചെയ്യുകയുണ്ടായി. അത് വിജയകരമായി നടപ്പിലാക്കിയതിനുശേഷം ഒരു വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

കർമ്മ പരിപാടി നടപ്പാക്കി. അതിനുശേഷം പൊതുജനസമ്പർക്ക പരിപാടി നടപ്പാക്കി. ബഹുമാന്യനായ മുഖ്യമന്ത്രി കേരളം ഒട്ടാകെസഞ്ചരിച്ച് ജനകീയ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ വേണ്ടി തയ്യാറായി. സുതാര്യ കേരളത്തിലൂടെയും വില്ലേജ് തലത്തിലൂടെയും എല്ലാം നിരവധി കാര്യങ്ങളാണ് ഈ ഗവൺമെന്റ് സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ ചെയ്തിട്ടുള്ളത് എന്നത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. സമൂഹത്തിലെ ദരിദ്രരുടേയും അഗതികളുടേയും അധഃസ്ഥിതരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും ഉന്നമനത്തിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിച്ച ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഇതേ സഭയിൽവച്ച് പ്രഖ്യാപിച്ചു, കേരളത്തിലെ പാവപ്പെട്ട അഗതികളുടെ പെൻഷൻ അവർ കൈപ്പറ്റിയ ശേഷം മാത്രമേ ഞാൻ എന്റെ ശമ്പളം കൈപ്പറ്റുകയുള്ളൂ എന്ന്. അങ്ങനെ പ്രഖ്യാപിക്കാൻ ആർജ്ജവം കാണിച്ച കേരളത്തിലെ ഏക മുഖ്യമന്ത്രിയു. ഡി. എഫ്.-ലെ ശ്രീ. ഉമ്മൻചാണ്ടിയാണെന്ന് പറയാൻ എനിക്ക് സന്തോഷമുണ്ട്. ആ നിലയിൽ പാവപ്പെട്ടവരോട് ഏറ്റവും കൂടുതൽ അനുഭാവം പ്രകടിപ്പിക്കുന്ന, അവരുടെ കാര്യങ്ങൾക്കുവേണ്ടി മുൻഗണന കൊടുക്കുന്ന ഗവൺമെന്റാണ് ഇവിടെ ഭരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണല്ലോ ഇപ്പോൾ നിങ്ങൾക്കെല്ലാം അയച്ചു തന്നില്ലേ മുഖ്യമന്ത്രിയുടെ ഒരു കത്ത്. എനിക്കും കിട്ടി ആ കത്ത്. വളരെ വിശദമായി പറഞ്ഞിരിക്കുന്നത് സമഗ്രമായ ഇൻഷ്വറൻസ് പദ്ധതി, കുടുംബ സുരക്ഷാ പദ്ധതി. എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത് അമേരിക്കപോലുള്ള വികസിത രാജ്യങ്ങളിൽ മാത്രം നിലനിന്നിരുന്ന പദ്ധതിയാണ്. ഇത്. പാവപ്പെട്ട തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ചികിത്സിക്കാൻ അവസരം ഉണ്ടാക്കുന്ന ഒരു ചെറിയ പദ്ധതിയെങ്കിലും കേരളത്തിൽ നടത്തിയിട്ടുള്ള, പാവങ്ങളെ സമുദ്ധരിക്കുന്നതിന് നടത്തിയിട്ടുള്ള പദ്ധതിയായി ഞാൻ ഇതിനെ കാണുകയാണ്. 1:1:1 എന്ന അനുപാതത്തിൽ സംസ്ഥാന ഗവൺമെന്റും പഞ്ചായത്തും ഗുണഭോക്താക്കളും ഉൾപ്പെടെ 99 രൂപ അടച്ചാൽ പ്രതിവർഷം മുപ്പതിനായിരം രൂപ ചികിത്സാ സഹായം ലഭിക്കുന്ന ഒരു ബൃഹത്തായ പദ്ധതിയാണ്. ഇതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇത് ഒരു വലിയ മാറ്റത്തിനുവേണ്ടിയുള്ള തുടക്കമാണ്. ഇത് ഒരു കാലത്തും നടപ്പാക്കാൻ കഴിയാത്ത, ബൃഹത്തായ, 25 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന വലിയ പദ്ധതിയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് എല്ലാവരും ചർച്ച ചെയ്തു. ഞാൻ ഒരു കാര്യം മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട കോടിയേരി ഉൾപ്പെടെയുള്ള സി. പി. ഐ. (എം)-ന്റെ എം. എൻ. എ.-മാർ അന്ന് പ്രസംഗിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം ഗവൺമെന്റ് ആക്ഷൻ എടുക്കാൻ വരട്ടെ, അപ്പോൾ ഞങ്ങൾ മറുപടി പറയാമെന്നാണ്. അത് മാത്രമാണോ അന്ന് ആ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ഇടതുപക്ഷത്തുള്ള എല്ലാ മെമ്പർമാരും പറഞ്ഞു. ഇതാ ഗവൺമെന്റ് തീരുമാനം എടുത്തിരിക്കുന്നു. എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സമുദായങ്ങളേയും ഒരുമിപ്പിച്ച് ഐകൃത്തോടുകൂടി സമാധാനപരമായി സങ്കീർണ്ണമായ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ തയ്യാറായപ്പോൾ നിങ്ങൾക്ക് അതിന് മറുപടി പറയാൻ കഴിയില്ല എന്നുള്ളത് ഖേദകരമാണെന്നുള്ളത് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുയാണ്. ഈ സംസ്ഥാനത്തെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ബഹുമാന്യനായ സീനിയറായിട്ടുള്ള ശ്രീ. നാണു മാസ്റ്റർ ഒരു കാര്യം സൂചിപ്പിച്ചു. അദ്ദേഹം പറഞ്ഞു 5 ലക്ഷം ജീവനക്കാരാണ് ഞങ്ങളുടെ കാലത്ത് ഉണ്ടായിരുന്നത്. ഇപ്പോൾ അതില്ല. ജീവനക്കാർ കുറഞ്ഞു എന്നാണ്. തെറ്റായിട്ടുള്ള കണക്കാണ് ഇവിടെ അദ്ദേഹം അവതരിപ്പിച്ചത്. ഇവിടെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പാർട്ട് 1-ൽ പേജ് നമ്പർ 34-ൽ പാരഗ്രാഫ് 5-ൽ വളരെ ക്ലിയറായിട്ട് പറഞ്ഞിരിക്കുന്നു 1-8-2000-ൽ കേരള സർക്കാർ കൊടുത്ത കണക്ക് പ്രകാരം സർക്കാർ സർവ്വീസിൽ 3,25,554 ജീവനക്കാരാണ് ഉള്ളത്. ഒന്നുകിൽ നാണു മാസ്റ്റർ സഭയെ തെറ്റിദ്ധരിപ്പിച്ചു. അല്ലെങ്കിൽ അന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് നരേന്ദ്രൻ കമ്മീഷന് കൊടുത്ത കണക്ക് തെറ്റാണ്. അതൊക്കെ മറച്ചുവച്ചുകൊണ്ട് ഇത്രയും സീനിയറായിട്ടുള്ള മെമ്പർമാർ ഇങ്ങനെ സംസാരിക്കുന്നത് ശരിയല്ലെന്നുള്ള അഭിപ്രായം എനിക്കുണ്ട്. ഈ ഗവൺമെന്റിന്റെ കണക്കനുസരിച്ച് കേരളത്തിൽ 4,86,131 ജീവനക്കാരാണ് നിലവിലുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഒരു നിക്ഷേപ അനുകൂല അന്തരീക്ഷം ഉണ്ടാകുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതുകൊണ്ട് ഏകദേശം 22,000 കോടി രൂപയുടെ നിക്ഷേപ നിർദ്ദേശങ്ങൾ ഇവിടെ ഉണ്ടായി. എൽ. എൻ. ജി. ടെർമിനൽ, പ്രകൃതി വാതക പൈപ്പ് ലൈൻ, പെട്രോ കെമിക്കൽ കോംപ്ലക്സ്, സ്മാർട്ട് സിറ്റി, ടെക്നോ സിറ്റി അതുപോലെ വല്ലാർപാടം ഐ. സി. ടി. ടി., വിഴിഞ്ഞം ആഴക്കടൽ കണ്ടെയിനർ ടെർമിനൽ ഉൾപ്പെടെ നിരവധി വൻകിട പ്രോജക്ടുകൾ ഒരു കാലഘട്ടത്തിലും നടപ്പാക്കാൻ കഴിയാത്ത വിധത്തിലുള്ളവയ്ക്ക് തുടക്കമിടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ഏറ്റവും വലിയ ശ്രേഷ്ഠകരമായ കാര്യമായി ഞാൻ കാണുകയാണ്. ഈ ഗവൺമെന്റിനെ പ്രത്യേകം അനുമോദിക്കുന്നു. പലരും സൂചിപ്പിച്ചതുപോലെ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് രണ്ടാഴ്ചകൊണ്ട് ഇത്രയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായ ഒരു അദാലത്ത് നടന്നിട്ടുള്ളത്. 2,44,537 പരിഹാരമുണ്ടായ ഒരു അദാലത്ത് നടന്നിട്ടുള്ളത്. 2,44,537 പരാതികളാണ് ഈ അദാലത്തുവഴി ലഭിച്ചിട്ടുള്ളത്. ഇത്രയും അപേക്ഷകൾ ലഭിച്ചപ്പോൾ 2,11,087 അപേക്ഷകൾക്കും തീർപ്പുകൽപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ഏറ്റവും വലിയ കാര്യമാണ്. അതിന് ഉദാഹരണം പറഞ്ഞാൽ ഈ അദാലത്ത് പദ്ധതി ആവിഷ്കരിച്ചില്ലായിരുന്നെങ്കിൽ സാധാരണക്കാരുടെ കാര്യം നടക്കണമെങ്കിൽ എത്ര രൂപ കൈക്കൂലി കൊടുക്കേണ്ടിവരുമായിരുന്നു എന്നുള്ളത് നിങ്ങൾക്കും നമുക്കും അറിയാം. ആ കൈക്കൂലി അവനാനിപ്പിക്കാൻ ഗവൺമെന്റെടുത്ത ഏറ്റവും നല്ല നടപടിയാണ് അദാലത്ത് എന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് വൈദ്യുതി നിരക്ക് കുറയ്ക്കുന്നത്. അതു പോലെ ഇന്ത്യയിൽ ആദ്യമായി ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കൃഷിക്കാർക്ക് പ്രതിവർഷം ആയിരം രൂപ വീതം പെൻഷൻ കൊടുക്കാൻ ഈ ഗവൺമെന്റ് ആലോചിച്ചുവരുന്നു.അത് ഒരു വലിയ മാറ്റം ഈ സംസ്ഥാനത്ത് ഉണ്ടാക്കാൻ വേണ്ടിയുള്ള ബ്രഹത്തായ പദ്ധതിയാണ് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ശ്രീമതി ടീച്ചർ സംസാരിച്ചപ്പോൾ ഇടതുപക്ഷ മുന്നണി അധികാരത്തിൽ വന്നു എന്നുള്ള അർത്ഥത്തിലാണ് സംസാരിച്ചത്. അങ്ങനെയാണല്ലോ പ്രിയപ്പെട്ട പിണറായി യാത്ര നടത്തിയപ്പോൾ അദ്ദേഹം ജനങ്ങളിൽനിന്നും നിവേദനം സ്വീകരിച്ചത് മുഖ്യമന്ത്രി എന്ന നിലയിലാണ്. എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് പ്രിയപ്പെട്ട ബിനോയ് വിശ്വം അദ്ദേഹത്തിന് കിട്ടിയ പരാതി രാവിലെ മേശപ്പുറത്ത് വയ്ക്കാൻ ശ്രമിച്ചു. ശ്രീ. പിണറായി നയിച്ച കേരള മാർച്ചിൽ ഉടനീളം നിങ്ങൾ സഖാക്കന്മാരെക്കൊണ്ട് നൽകിയിട്ടുള്ള പൊതുവായ നിവേദനങ്ങൾ ഇപ്പോൾ എവിടെയാണെന്ന് അറിയാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ട്. അതിവിടെ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ എന്തെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട ടീച്ചർ പറഞ്ഞതുപോലെ മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയായിരിക്കും എന്ന് സൂചിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. കേരള മാർച്ചിനെക്കുറിച്ച് എല്ലാവരും വിശദമായി സംസാരിക്കുകയുണ്ടായി. 1937-ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി കണ്ണൂരിൽനിന്നും മദ്രാസിലേക്ക് ഒരു യാത്ര നടത്തി. പട്ടിണി ജാഥ. അത് നയിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം അറിയുന്ന നിങ്ങൾക്കെല്ലാവർക്കും അറിയാം. ആ ജാഥയുടെ ഡയറക്ടർ ആയിരുന്നത് കുറ്റ്യാരി ഗോപാലൻ നമ്പ്യാർ ആയിരുന്നു. എ. കെ. ജി. എന്ന് അറിയപ്പെടുന്ന, നമ്മളെല്ലാവരും ആദരിക്കപ്പെടുന്ന മഹാനായ നേതാവ്, അദ്ദേഹത്തിന്റെ കൂടെ അന്ന് ഉണ്ടായിരുന്നത് ശ്രീ. കെ. പി. ആർ. ഗോപാലൻ, ശ്രീ. എം. കെ. കേളു, ശ്രീ. കെ. എ. കേരളീയൻ, ശ്രീ. പി. എൻ. ഗോപാലൻ എന്നിവരൊക്കെ ആയിരുന്നു. അദ്ദേഹം നടത്തിയ പട്ടിണി ജാഥ കണ്ണൂരിൽനിന്നും മദ്രാസിലേക്ക് നടത്തിയത് 750 മൈൽ താണ്ടിയാണ്. നടന്ന യാത്രയായിരുന്നു. പാവപ്പെട്ടവർക്കുവേണ്ടിയുള്ള സമരമായിരുന്നു അത്. പക്ഷെ അതിനുശേഷം 1939-ൽ ശ്രീ. പിണറായി വിജയൻ ഒരു രഹസ്യയോഗം ചേർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരികയും ചെയ്തു. ആ യാത്രയ്ക്കു ശേഷം 70 വർഷം കഴിഞ്ഞു. 70 വർഷം കഴിഞ്ഞ ശേഷം ഇപ്പോൾ ശ്രീ. പിണറായി വിജയൻ നടത്തിയ യാത്രയുടെ പ്രത്യേകത പറയണമെങ്കിൽ സമയം കൂടുതൽ തരണം. മണിക്കൂറുകളെടുക്കും അതിന്റെ പ്രത്യേകത പറയാൻ. ജനുവരി 1-ന് (ഒന്നംഘട്ടിയിൽ) നിന്ന് ആരംഭിച്ച യാത്ര 3-ാം തീയതിയിലെ ദീപിക പത്രത്തിൽ ശ്രീ. പിണറായിയുടെ കേരള മാർച്ചിൽ പ്രകടമായത് പണക്കൊഴുപ്പ് വെളിയം ഭാർഗ്ഗവൻ. എന്റെ അഭിപ്രായമല്ല. അദ്ദേഹത്തിന്റെ അഭിപ്രായമാണ്. വെളിയം ഭാർഗ്ഗവൻ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് പറയാമല്ലോ. വെളിയം ഭാർഗ്ഗവൻ അത്

LIBRARY ARCHIVES Kerala Legislative Assembly

പറയാമെങ്കിൽ എനിക്ക് പറയാൻ ബുദ്ധിമുട്ടില്ല. ഈ യാത്ര ജനുവരി 12-ാം തീയതി വ്യാഴാഴ്ച തൃശ്ശൂർ രാമനിലയത്തിൽ വന്നു. രാവിലെ അദ്ദേഹം സുഹൃത് സംഗമം നടത്തി. ഞങ്ങളുടെ നാട്ടിലൊക്കെ വൈകുന്നേരമാണ് നടത്തിയത്. രാവിലെ നടത്തിയ സുഹൃത് സംഗമത്തിൽ അദ്ദേഹം പ്രഭാത ഭക്ഷണത്തിനുവേണ്ടിയാണ് എല്ലാവരെയും ക്ഷണിച്ചത്. സർ, കേൾക്കണം. അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിച്ചവരായ ആളുകളുടെ ലിസ്റ്റ് ഞാൻ ചുരുക്കി വായിക്കാം. അധികം പേരില്ല. പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ട് ഞാൻ വായിക്കുകയാണ്. അബ്കാരി മുതലാളി ശ്രീ. വി. കെ. അശോകൻ, ജൂബിലി മെഡിക്കൽ മിഷൻ, സ്വാശ്രയ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാദർ ഡോ. ഫ്രാൻസിസ് ആലപ്പാട്, സ്വാശ്രയ മെഡിക്കൽ കോളേജിനെക്കുറിച്ച് നടത്തിയ സമരത്തിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഇവിടെ നടത്തിയത്. സ്വാശ്രയ മെഡിക്കൽ കോളേജിനെതിരെ മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും നടത്തിയ സമരം. ആ സ്വാശ്രയ മെഡിക്കൽ കോളേജിന്റെ ഡയറക്ടർ ഫാദർ ഡോ. ഫ്രാൻസിസ് ആലപ്പാട് പ്രഭാത ഭക്ഷണത്തിൽ പങ്കെടുത്തു. കല്യാൺ സിൽക്സിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. എസ്. പട്ടാഭിരാമൻ, കർഷക തൊഴിലാളിയാണ്. ആലുക്കാസ് ജുവലറി ഉടമ ശ്രീ. ജോസ് ആലുക്ക, ചിരിയങ്ങണ്ടത്ത് ജുവലറി ഉടമ ശ്രീ. ജോസ് ചിരിയങ്കണ്ടത്ത്, വിദേശ വ്യവസായി ശ്രീ. സുന്ദര മേനോൻ, എലൈറ്റ് ഗ്രൂപ്പിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. ആർ. വിജയകുമാർ, അശ്വനി ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. പരമേശ്വരൻ, ചാർട്ടേഡ് അക്കൗണ്ടന്റും ധനാഢ്യനുമായ ശ്രീ. ജോസ് പോട്ടോക്കാരൻ, എൻട്രൻസ് കോച്ചിംഗ് പ്രൊഫസറായ ശ്രീ. പി. സി. തോമസ്, ഡി. ഐ. സി.-യുടെ നേതാവും ഡെപ്യൂട്ടി മേയറുമായ ശ്രീ. എം. കെ. സൂര്യപ്രകാശ് എന്നിവരാണ്. അദ്ദേഹം രാമനിലയത്തിൽ പാവപ്പെട്ടവർക്കുവേണ്ടി പട പൊരുതാൻ ഇറങ്ങുന്നതിനുമുമ്പായി അദ്ദേഹത്തോടൊപ്പം പ്രഭാത ഭക്ഷണം കഴിച്ചത്. രാമനിലയത്തിന് പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ നിറം മാറി, ഭാവം മാറി, രൂപം മാറി. അധ്വാനിക്കുന്ന വർഗ്ഗത്തിന്റെയും ഭാരം ചുമക്കുന്നവരുടേയും അപ്പോസ്തലനായി അദ്ദേഹം മാറി. പാവപ്പെട്ടവരുടെ സമഗ്രമായ വികസനത്തിനുവേണ്ടി അദ്ദേഹം പടത്തലവനായി മാറി. സാമൂഹ്യ നീതിക്കുവേണ്ടി അദ്ദേഹം കേരള മാർച്ച് നടത്തി, നിവേദനങ്ങൾ സ്വീകരിച്ചു. ഈ സാമൂഹ്യ നീതിയെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ ചിത്രത്തിൽ കാണുന്ന പടം പഴയ സി. പി. എം.-ന്റെ മാവേലിക്കര കൗൺസിലറായിരുന്ന സഹോദരിയുടേതാണ്. ലീല അഭിലാഷ് എന്നാണ് പേര്. എന്താണ് സംഭവിച്ചത്? എന്ത് വലിയ സാമൂഹ്യ നീതിയാണ് അവിടെ നടത്തിയത്. ലീല അഭിലാഷിനെ സി. പി. എം. പ്രവർത്തകർ കരിഓയിൽകൊണ്ട് നടുറോഡിൽ അഭിഷേകം ചെയ്തു. സി. പി. എം. മാവേലിക്കര ടൗൺ ബ്രാഞ്ച് സെക്രട്ടറി പ്രദീപിന്റെ നേതൃത്വത്തിലാണ് ഇത് ചെയ്തത്. കരിയോയിൽ ഒഴിച്ചാൽ ആർക്കെങ്കിലും പൊള്ളലേൽക്കുമോ? ഈ ലീലയ്ക്ക് പൊള്ളലേറ്റു. സുന്ദരിയായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

യുവതി രൂപഭാവം മാറി ആകെ വികൃതമായി. ഇവരുടെ സാമൂഹ്യ സേവനം, ഇവരുടെ സാമൂഹ്യ നീതി എന്താണ്? കരിഓയിലിനകത്ത് ആസിഡ് ചേർത്താണ് ഒഴിച്ചത്. എന്ത് നീതിയാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്? കരിഓയിലിനകത്ത് രഹസ്യമായി ആസിഡ് ചേർത്ത് സി. പി. എം.-ന്റെ ഏരിയ സെക്രട്ടറി അഭിഷേകം ചെയ്തു. ഒരു സുന്ദരിയായ, കൗൺസിലറായ സഹോദരിയെ വികൃത രൂപത്തിലാക്കി മാറ്റാൻ മാർക്സിസ്റ്റ് പാർട്ടി തയ്യാറായെങ്കിൽ എന്ത് നീതിക്കുവേണ്ടിയാണ് ശ്രീ. പിണറായി വിജയൻ കേരളമൊട്ടാകെ യാത്ര നടത്തിയതെന്ന് നിങ്ങൾ വ്യക്തമാക്കണം. ഇതാണോ പാവപ്പെട്ടവരുടെ പാർട്ടി? അതുകൊണ്ട് ഈ സംവിധാനം അവസാനിപ്പിക്കണം. ഞാൻ കൂടുതൽ പറയുന്നില്ല. ഇവിടുത്തെ നേതാക്കന്മാരുടെ നാട്ടിൽ, പിണറായി വിജയന്റെ നാട്ടിൽ ഒരു സഖാവ് ആത്മഹത്യ ചെയ്തു. അദ്ദേഹം കുറിപ്പെഴുതിവച്ചു. ഇവിടുത്തെ സമുന്നതരായ നേതാക്കന്മാരുടെ നാട്ടിലാണ് പ്രിയപ്പെട്ട സഖാവ് ആത്മഹത്യ ചെയ്തത്. തന്റെ ജീവിതം മുഴുവൻ പാർട്ടിക്കുവേണ്ടി മാറ്റിവച്ച അദ്ദേഹം ആത്മഹത്യ ചെയ്തപ്പോൾ ഒരു കുറിപ്പെഴുതിവച്ചു. ആ കുറിപ്പിൽ മറ്റൊന്നുമല്ല എഴുതിയത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി എന്നോട് പറഞ്ഞിരിക്കുന്നത് നീ ഇങ്ങനെ മുന്നോട്ട് പോയാൽ നിന്റെ കാലും കൈയും വെട്ടുമെന്നാണ്. കാലും കയ്യുമില്ലാതെ ജീവിക്കാൻ എനിക്ക് ആഗ്രഹമില്ലാത്തതുകൊണ്ട് ഞാൻ സ്വയം മരിക്കുന്നു എന്ന് പറഞ്ഞാണ് ആത്മഹത്യ ചെയ്തത്. ഇത്തരം സാമൂഹ്യ നീതിക്കുവേണ്ടിയാണോ പ്രിയപ്പെട്ട പിണറായി രാജ്യവ്യാപകമായി 14 ജില്ലകളിലും പര്യടനം നടത്തിയത്... അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ പങ്കെടുക്കണമെങ്കിൽ ഒരു മിനിമം യോഗ്യത വേണമായിരുന്നു. 50,000 രൂപയെങ്കിലും ഫണ്ട് കൊടുക്കാൻ കഴിയുന്നവർ മാത്രം പങ്കെടുത്താൽ മതിയെന്നായിരുന്നു നിബന്ധന. എന്റെ നാട്ടിലൊക്കെ അങ്ങനെയാണ് ഉണ്ടായത്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഇതിനൊക്കെ മറുപടി പറയാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്. ആ നിലയിൽ ഈ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. യു. സി. രാമൻ : സർ, കേരള നിയമസഭയിൽ ഗവർണ്ണർ ചെയ്ത പ്രസംഗത്തിന് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഈ സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് ആശ്വാസം എത്തിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും ഈ സർക്കാർ കൈക്കൊണ്ട നടപടി ഒരു ദേശീയ മാതൃകയാണ്. കുടുംബശ്രീ, ആശ്രയ, പ്രത്യാശ എന്നിങ്ങനെ ലക്ഷക്കണക്കിന് ആളുകൾക്ക് ആശ്വാസമരുളുന്ന ഒട്ടേറെ പദ്ധതികളാണ് ഈ നാലര വർഷംകൊണ്ട് ഐക്യ ജനാധിപത്യ മുന്നണി സർക്കാർ നടത്തിയിരിക്കുന്നത്. അതുപോലെ പെൻഷൻ രംഗത്ത് ദേശീയ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, കർഷക പെൻഷൻ തുടങ്ങിയുള്ള ഒട്ടനവധി പെൻഷനുകൾ ഈ സർക്കാരിന്റെ പ്രാരംഭ കാലത്ത് വർഷങ്ങളുടെ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക മുഴുവൻ തീർത്ത് ഇന്ന് എല്ലാ മാസവും ഒന്നാം

LIBRARY ARCHIVES Kerala Legislative Assembly

തീയതി തന്നെ പെൻഷൻ വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കിയിട്ടുള്ളത് ഈ സർക്കാരാണ്. സമൂഹത്തിലുള്ള ഏതാണ്ട് 25 ലക്ഷം കുടുംബങ്ങളെ മുന്നിൽകണ്ടു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാക്കിയിട്ടുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി. അപകട മരണം സംഭവിക്കുന്ന ആളുകൾക്കും അവശതയുണ്ടാകുന്ന ആളുകൾക്കും ഒരു ലക്ഷം രൂപനഷ്ടപരിഹാരം. അതുപോലെ ശാരീരിക വൈകല്യം ഉണ്ടാകുന്ന ആളുകൾക്ക് അര ലക്ഷം രൂപ നഷ്ട പരിഹാരം, പ്രസവ ചികിത്സയ്ക്ക്, മാനസിക രോഗത്തിന്. രോഗിയോടൊപ്പം കൂട്ടിരിക്കുന്ന ആളുകൾക്ക് എന്നിങ്ങനെ വലിയ, ബൃഹത്തായ ഒരു ഇൻഷ്വറൻസ് പദ്ധതിക്കാണ് ഈ സമൂഹത്തിലെ 25 ലക്ഷം കുടുംബങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപ്പിലാക്കുന്നതിന് തയ്യാറായിട്ടുള്ളത്. എല്ലാ ശബരിമല സീസണിലും തീർത്ഥാടന സന്ദർഭങ്ങളിൽ തീർത്ഥാടകരുടെ ഭാഗത്തുനിന്നും ഒട്ടേറെ പരാതികളുണ്ടാകുന്നത് പതിവാണ്. പക്ഷേ ഇത്തവണ ആ രൂപത്തിലുള്ള ഒരു പരാതിയും ഒരു ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടില്ല എന്നുള്ളത് ഒരു വലിയ ആശ്വാസമാണ്. ശബരിമലയിൽ എത്തുന്ന ഭക്തർക്ക് പൊതു സൗകര്യമുണ്ടാക്കുന്നതിന് വനഭൂമി ലഭ്യമാക്കുകവഴി ഒട്ടേറെ മാറ്റം ആ ഭാഗത്ത് ഉണ്ടായിട്ടുണ്ട്. ഒരു പരാതിയും ഇല്ലാത്ത രൂപത്തിലുള്ള ശബരിമല തീർത്ഥാടനമാണ് ഇപ്പോൾ കഴിഞ്ഞുപോയിട്ടുള്ളത്. അത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. അതു പോലെതന്നെ നമ്മുടെ നാട്ടിലെ റോഡുകൾ അഞ്ച് വർഷംമുമ്പ് കുണ്ടും കുഴിയും ഗട്ടറുമായി സഞ്ചരിക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയിലുള്ള റോഡുകളാണ് നേരത്തെ ഉണ്ടായിരുന്നത്. ആ അവസ്ഥ ഇന്ന് മാറി. ഇന്ന് ഗൾഫിൽ കാണുന്നതിന് സമാനമായ റോഡുകളായി മാറിയിട്ടുണ്ട്. ഇടതുപക്ഷ ഭരണ കാലത്ത് റോഡിന് കുണ്ടും കുഴിയും ഗർത്തവും ആയതുകൊണ്ട് നടന്നുപോകാൻ നിവൃത്തിയില്ലാത്ത അവസ്ഥ ആയിരുന്നെങ്കിൽ ഇന്ന് മുഴുവൻ റോഡുകളും പണി നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് നടക്കാൻ പറ്റാത്ത അവസ്ഥയാണ്. എല്ലാ ഭാഗത്തും സമഗ്രമായ പ്രവർത്തനമാണ് നടന്നു കൊണ്ടിരിക്കുന്നത്. പണി പൂർത്തിയായ റോഡുകൾ നല്ല നിലയിൽ ഗൾഫിന് സമാന മായ റോഡുകളാണ് ഇന്ന് നമ്മുടെ നാട്ടിൽ കാണുന്നത്. അതുപോലെ ഗ്രാമീണ റോഡുകൾ റിപ്പെയർ ചെയ്യുന്നതിന് ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ കാര്യക്ഷമ മായിനടക്കാത്ത അവസ്ഥയാണ് ഉണ്ടായിരുന്നത്. അത്തരത്തിലുള്ള 10,772 ഗ്രാമീണ റോഡുകളാണ് മേജർ ജില്ലാ റോഡുകളായി ഇന്ന് സർക്കാർ ഏറ്റെടുത്ത് പ്രഖ്യാപിച്ചിരി ക്കുന്നത്. ഇത് വലിയ ആശ്വാസംതന്നെയാണ്. കെ. എസ്. ആർ. ടി. സി. ബസ്സുകൾ ..... കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് നേരത്തെ ഉണ്ടായിരുന്ന പേരുതന്നെ കരിവണ്ടി എന്നാണ്. അത് ചെളി പുരണ്ട്. കരി പിടിച്ച് അതിൽ കയറാനൊക്കാത്ത അവസ്ഥയാണ് മുമ്പത്തെ കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് ഉണ്ടായിരുന്നത്. ഇന്നത്തെ കെ. എസ്. ആർ. ടി. സി. വളരെ മനോഹരമായ ബസ്സുകൾ. ഇഷ്ടംപോലെ മിനി ബസ്സുകൾ ഉൾപ്പെടെയുള്ള ബസ്സുകൾ എന്റെയൊക്കെ നിയോജകമണ്ഡലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടേറെ ആശ്വാസം ഉണ്ടാക്കിയിട്ടുണ്ട്. മനോഹരമായ ബസ്സുകൾ ഇറക്കി ഇവിടെയുള്ള ആളുകൾക്ക് ഗതാഗത സഞ്ചാര സൗകര്യത്തിനായി ഒട്ടേറെ മാറ്റങ്ങൾ ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. വ്യവസായ മേഖലയിലും അടിസ്ഥാന സൗകര്യ മേഖലയിലും വളർച്ചയ്ക്ക് നിക്ഷേപം ആവശ്യമാണ്. നിക്ഷേപകരെ ആകർഷിക്കാൻ ഒട്ടേറെ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. മുൻകാലങ്ങളിൽ ഒന്നും ഫലവത്തായിട്ടില്ല. ഈ ഐക്യ ജനാധിപത്യ മുന്നണിയുടെ ഭരണം വന്നതിനു ശേഷം വളരെ ചങ്കുറപ്പോടുകൂടിയുള്ള പ്രവർത്തനവുമായി മുന്നോട്ടുപോയതിന്റെ പരിണിതഫലമായി ഒട്ടേറെ ആളുകൾ നമ്മുടെ സംസ്ഥാനത്ത് നിക്ഷേപവുമായി വന്നിട്ടുണ്ട്. അടിസ്ഥാന സൗകര്യ പദ്ധതിയിൽത്തന്നെ 22,000 കോടി രൂപയുടെ നിക്ഷേപ നിർദ്ദേശം നേടിയെടുക്കുന്നതിന് സാധിച്ചു. 33,000 ആളുകൾക്ക് തൊഴിൽ നൽകുന്ന സ്മാർട്ട്സിറ്റി പദ്ധതിക്ക് 15,000 കോടി രൂപയുടെ നിക്ഷേപ പദ്ധതിയുമായിട്ടാണ് ആളുകൾ മുമ്പോട്ട് വന്നത്. ഏതാണ്ട് 20000-ത്തോളമാളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന ടെക്നോ സിറ്റി 1000 കോടി രൂപയുടെ നിക്ഷേപ പദ്ധതിയാണ്. അങ്ങനെ ഒട്ടേറെ പദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ട് കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഈ സംസ്ഥാനത്ത് ചെലവഴിക്കുന്നതിനായി ആളുകൾ മുമ്പോട്ട് വരുന്ന മനോഹരമായ കാഴ്ച്ചയാണ് ഇന്ന് കാണുന്നത്. നിക്ഷേപ സൗഹാർദ്ദ സംസ്ഥാനമായി ഈ കൊച്ചു കേരളത്തെ മാറ്റി എടുക്കാൻ ഐക്യ ജനാധിപത്യ മുന്നണി ഭരണംകൊണ്ട് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഏവരും സമ്മതിക്കുന്ന വസ്തുതയാണ്. ഇവിടെയുള്ള കുരുന്നു കുഞ്ഞുങ്ങളേയും അതുപോലെതന്നെ കൗമാരപ്രായമായ പെൺകുട്ടികളേയും, ഗർഭിണികളായ സ്ത്രീകളേയും മുൻനിർത്തി അവർക്ക് പോഷകാഹാരവിതരണം ഉൾപ്പെടെയുള്ള പദ്ധതികളെ മുൻനിർത്തിക്കൊണ്ട് 3,258 അംഗൻവാടികൾ ഈ സംസ്ഥാനത്ത് ഇനിയും പുതുതായി ആരംഭിക്കാൻ പോകുകയാണ്. ഇപ്പോൾത്തന്നെ ഒന്നുരണ്ട് അംഗൻവാടികളുള്ള വാർഡുകൾ ധാരാളമുണ്ട്. ഇനിയും അംഗനവാടികൾ ഇല്ലാത്ത വാർഡുകളിൽ ഇത്തരത്തിലുള്ളവരെ ലക്ഷ്യംവച്ചുകൊണ്ട് മതിയായ അംഗൻവാടികൾ ഉണ്ടാക്കും. ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരവുമായി ആരുംതന്നെ ചർച്ചയിൽ സൂചിപ്പിച്ചില്ല. അരി മൂന്ന് രൂപയ്ക്ക് കൊടുക്കുന്ന ഒരു പദ്ധതിയാണ് ഈ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചത്. 2002-നു ശേഷം കറണ്ട് ചാർജ് വർദ്ധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല അപേക്ഷിച്ച എല്ലാപേർക്കും കണക്ഷൻ ലഭ്യമാക്കുന്ന രീതിയിലുള്ള ഒരു ഉണർന്ന പ്രവർത്തനം വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നും നടക്കുകയാണ്. അതോടൊപ്പം കറണ്ട് ചാർജ് കുറച്ചുകൊണ്ട് ഈ സർക്കാരിന് മുമ്പോട്ടുപോകാൻ കഴിഞ്ഞു. ഇത് ഇവിടെ സാധാരണക്കാർക്ക് വലിയൊരു ആശ്വാസമാണെന്നതിൽ യാതൊരു സംശയവുമില്ല.. നേരത്തെ സംസാരിച്ച ആളുകൾ സൂചിപ്പിച്ച, റവന്യൂ വകുപ്പ് ഏതാണ്ട് 21,000-ൽപ്പരം ആളുകൾക്ക് പട്ടയം നൽകിയതും പതിനായിരക്കണക്കിനാളുകൾക്ക് കൈവശരേഖ നൽകിയതുമുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നേരത്തെ സംസാരിച്ചവർ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഒരു പട്ടികജാതി കോളനിയിൽ താമസിച്ചിരുന്ന ഒരാളായതുകൊണ്ട് പട്ടയം ഇല്ലാത്തതിന്റെ പേരിൽ ഒരുപാട് ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിച്ചിട്ടുണ്ട്. പട്ടയം ലഭ്യമായ ആളുകളുടെ നിറഞ്ഞ മനസ്സിന്റെ പ്രാർത്ഥന ഐക്യ ജനാധിപത്യ ഗവൺമെന്റിന് ഉണ്ടാകുമെന്നതിൽ യാതൊരു തർക്കവുമില്ല. സഹരണ മേഖലയിൽ പെൻഷൻ പദ്ധതിയും വൺടൈം സെറ്റിൽമെന്റ് സ്കീമും ഗഹാൻ പദ്ധതിയുമൊക്കെ നടപ്പാക്കിയതിലൂടെ സമൂഹത്തിലെ സഹകാരികൾക്ക് വളരെയേറെ പ്രയോജനവും, ആശ്വാസവും ലഭിച്ചിട്ടുണ്ട്. ഇവിടെ 600-ൽപ്പരം വികലാംഗർക്ക് സ്ഥിരമായ നിയമനം നൽകി. 4 വർഷംകൊണ്ട് പി. എസ്. സി. വഴി 1,22,000 പേർക്ക് സ്ഥിരനിയമനം ലഭിച്ചു. കണ്ണൂരിൽ വിമാന ത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ പോകുകയാണ്. അതു പോലെ ഗൾഫ് മലയാളികൾക്ക് വളരെ ആശ്വാസമായിട്ടുള്ള എയർ ഇന്ത്യയുടെ ബജറ്റ് എക്സ്പ്രസ്സിൽ എനിക്കും കന്നി യാത്ര ചെയ്യാൻ അവസരം ഉണ്ടായിട്ടുണ്ട്. അപ്പോൾ എനിക്ക് കാണാൻ കഴിഞ്ഞത് ഗൾഫിലുള്ള മുഴുവൻ മലയാളികളും അതിമറ്റ ആഹ്ലാദത്തോടെയാണ് ബജറ്റ് എക്സ്പ്രസ്സിനെ വരവേറ്റത്. അന്ന് ആ സ്വീകരണ യോഗത്തിൽ പങ്കെടുത്ത പ്രഗൽഭർ വളരെയേറെ ഈ സർക്കാരിനെ പുകഴ്ത്തി സംസാരിക്കുന്നത് കേട്ടു. വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1569 പ്ലസ് ടു സ്കൂളുകൾ നമ്മുടെ സംസ്ഥാനത്ത് അനുവദിച്ചതിലൂടെ 2,82,000 കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടായി. മലബാർപോലുള്ള പ്രദേശ ങ്ങളിൽ കൂടുതൽ മാർക്ക് ലഭിച്ച കുട്ടികൾക്കുപോലും അവിടെ പ്ലസ് ടുവിന് അഡ്മിഷൻ കിട്ടാത്ത സാഹചര്യം ഇന്ന് ഏറെക്കുറെ പരിഹരിക്കപ്പെട്ടു എന്ന് സൂചിപ്പി ക്കുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. അതോടൊപ്പം എല്ലാ സ്കൂളുകളിലും വൈദ്യുതി വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടായി. അതൊരു വലിയ നേട്ടമായി ത്തന്നെ ഞാൻ കാണുന്നു. വലിയ പരാതിക്കിടയില്ലാതെ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഗ്രേഡിംഗ് സംവിധാനം നപ്പിലാക്കുകയും സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ് ഉൾപ്പെടെ 12,000 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ആ രംഗത്ത് വലിയ മാറ്റം ഉണ്ടാക്കുകയും ചെയ്തത് എടുത്തുപറയത്തക്ക നേട്ടമാണ്. എഡ്യൂസാറ്റ് വഴി ആധുനിക വിദ്യാഭ്യാസ പരിപാടി ഇവിടെ മറ്റൊരു മേഖലയിൽ നിന്നുള്ള എതിർപ്പു മില്ലാതെ നടപ്പാക്കാൻ സാധിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്താണ് നമുക്ക് കുറച്ച് പോരായ്മകൾ ഉണ്ടായിരുന്നത്. അവിടെയും കൂടുതൽ സാധ്യതകൾ ഉണ്ടാക്കുന്നതിനായി 53 എഞ്ചിനീയറിംഗ് കോളേജുകൾ, 8 മെഡിക്കൽ കോളേജുകൾ, 6 ബി. ഡി. എസ്. കോളേജുകൾ, 18 ഫാർമസി കോളേജുകൾ, 40 നേഴ്സിംഗ് കോളേജുകൾ, 44 സാശ്രയ എം. സി. എ. കോഴ്സുകൾ, എന്നിങ്ങനെ ഒട്ടേറെ സ്ഥാപനങ്ങളിൽ നമ്മുടെ കുട്ടികൾക്ക് പഠിക്കാനുള്ള സാധ്യത ഒരുക്കിക്കൊടുത്തത് ഈ ഐക്യ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി ഗവൺമെന്റ് വന്നതിനുശേഷമാണെന്ന് ഞാൻ അടിവരയിട്ട് സൂചിപ്പിക്കുകയാണ്. ഇവിടെ സി. പി. എം. ഇന്ന് പിച്ചും പേയും പറയുന്ന അവസ്ഥയിൽ എത്തിനിൽക്കുകയാണ്. കാലാകാലങ്ങളിലായി ഇവിടെയുള്ള മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജോലിയിലുണ്ടായിരുന്ന പിന്നോക്കാവസ്ഥ പരിഹരിക്കണമെന്ന ആവശ്യത്തിന് മുറവിളി കൂട്ടിയിട്ട് അതുമായി ബന്ധപ്പെട്ടുവന്നതാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവിടെ സാമുദായിക സംഘർഷവും കലാപങ്ങളുമൊക്കെയുണ്ടാകും, അതിൽനിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്നാണ് സി. പി. എം.-കാർ വിചാരിച്ചിരുന്നത്. എന്നാൽ യാതൊരു വിധ പ്രശ്നങ്ങളുമില്ലാതെ സമന്വയത്തിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടേയും നേതൃത്വത്തിലുള്ള യു. ഡി. എഫ്. സർക്കാർ നരേന്ദ്രൻ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിയത്. ഒരു ചരിത്രപരമായ സംഭവമാണെന്ന് അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടുചെന്ന് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുകയും അതിന് പരിഹാരം ഉണ്ടാക്കുകയും ചെയ്തു. എന്റെ ജില്ലയായ കോഴിക്കോട് ജില്ലയിൽ കാലത്ത് പരാതി സ്വീകരിക്കുന്ന ചടങ്ങ് പിറ്റേന്ന് 5.30 വരെ നീണ്ടുനിൽക്കുന്ന രൂപത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിന്ന് പരാതി സ്വീകരിച്ച് ആളുകളെ സമാധാനിപ്പിച്ച കാര്യം ഞാനിന്നും ഓർക്കുകയാണ്. 1,50,000 ആളുകളിൽനിന്നും മുഖ്യമന്ത്രി നേരിട്ട് പരാതി സ്വീകരിക്കുകയും അവരുടെ പരാതി പരിഹരിക്കാൻ ശ്രമം നടത്തുകയും ചെയ്തു. നേരത്തെ ശ്രീ. സ്റ്റീഫൻ ജോർജ് സംസാരിച്ച സമയത്ത് സൂചിപ്പിച്ച ഒരു കാര്യമുണ്ട്. സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ട ഓഫീസിലെത്തുമ്പോൾ അത് സംബന്ധിച്ചുള്ള ഫയലുകൾ പരിഹരിക്കാതെ അവിടെ കെട്ടിക്കിടക്കുന്ന അവസ്ഥ അംഗീകരിക്കാനാവാത്തതാണ്. അത്തരം അവസ്ഥ പരിഹരിക്കുന്നതിന് റവന്യൂ അദാലത്ത് വഴി സാധിച്ചു എന്നതിൽ യാതൊരു തർക്കവുമില്ല. എന്റെ നിയോജക മണ്ഡലത്തിൽ 7 പഞ്ചായത്തുകളിൽ നടന്ന അദാലത്തുകൾ അവിടങ്ങളിലാകെ പാവപ്പെട്ടവരുടെ കൈവശരേഖയും അതുപോലെ പട്ടയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാലാകാലങ്ങളായി പറഞ്ഞിട്ട് നടക്കാത്ത കാര്യങ്ങൾ ഒക്കെ പരിഹരിക്കാൻ റവന്യൂ അദാലത്ത് വഴി സാധിച്ചു. അതുപോലെ ടൂറിസം രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് 10-ഓളം ദേശീയ അവാർഡുകൾ നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് എട്ട് ലക്ഷത്തിൽപ്പരം ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിലൂടെ സാധിച്ചിട്ടുണ്ട്. അക്ഷയ പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയതും ജനങ്ങൾ വളരെയധികം സന്തോഷത്തോടെയാണ് എതിരേറ്റത്. നേരത്തെ ശ്രീ. ബിനോയ് വിശ്വം സംസാരിച്ച സമയത്ത് ഇറാൻ പ്രശ്നത്തിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നിലപാടിനെപ്പറ്റി അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചു. ആദർശവും ആശയവും എല്ലാം റഷ്യയിൽനിന്നും ചൈനയിൽനിന്നും കടമെടുത്ത അവരുടെ പാർട്ടി ഇവിടെ മുസ്ലീം ലീഗിന്റെ നിലപാട് ആരായുകയാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത് ഇറാൻ നിലപാടിൽ റഷ്യയും ചൈനയും സ്വീകരിച്ച നിലപാടിനെ സംബന്ധിച്ച് സി. പി. ഐ.-ക്ക് എന്താണ് പറയാനുള്ളത്? നേരത്തെ ശ്രീമതി ശ്രീമതി ടീച്ചറിന്റെ പ്രസംഗം മുൻകാലത്തെ അപേക്ഷിച്ച് വളരെ നല്ലതായിരുന്നു. പ്രസംഗത്തിനകത്ത് കാമ്പൊന്നുമില്ലെങ്കിലും ശൈലി വളരെ നന്നായിട്ടുണ്ട്. ടീച്ചർ സൂര്യനെല്ലി മുതൽ ഇങ്ങോട്ടുള്ള സംഭവങ്ങൾ എടുത്തെടുത്താണ് സംസാരിച്ചു പോന്നത്. പക്ഷേ കിളിരൂർ സംഭവത്തിൽ അനഘ എന്ന പെൺകുട്ടിയെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ടിട്ടുള്ള വി. ഐ. പി. ആരാണെന്ന് പരാമർശിച്ചിട്ടില്ല. അക്കാര്യംകൂടി ഏതെങ്കിലും സമയത്ത് വേദിയിൽ പറയുമ്പോൾ വ്യക്തമാക്കണം എന്നാണ് എനിക്ക് ടീച്ചറിനോട് സൂചിപ്പിക്കാനുള്ളത്. അതുപോലെ കുട്ടികൾക്ക് മുട്ടയും പാലും നൽകാത്ത ഒരു പരിഷവം ടീച്ചർ സൂചിപ്പിക്കുയുണ്ടായി. പക്ഷേ കുഞ്ഞുങ്ങൾക്ക് മുട്ടയും പഴവും കൊടുക്കുന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ടെന്ന് ടീച്ചർക്ക് അറിയുമോയെന്നറിയില്ല. ഇവിടെ പട്ടികജാതി വിഭാഗത്തിന് ധാരാളം ഗുണകരമായ നിലപാട് സ്വീകരിച്ചത് യു. ഡി. എഫ്. സർക്കാരാണ്. സാധാരണ എസ്. സി./എസ്. റ്റി. വിഭാഗങ്ങൾ താമസിക്കുന്നത് കുന്നുകളിലും മലയുടെ മുകളിലുമാണ്. അവിടങ്ങളിലൊക്കെ ലഭ്യമാകുന്ന ആനുകൂല്യം ഉപയോഗിച്ചുകൊണ്ട് വീടുനിർമ്മാണം വളരെ ശ്രമകരമാണ്. കാരണം അവിടെ വണ്ടിപോകില്ല. ഒട്ടുമുക്കാൽ ഭാഗങ്ങളിലും തലച്ചുമടായാണ് വീട് നിർമ്മിക്കുന്നതിനാവശ്യമായ സാധനസാമഗ്രികൾ കൊണ്ടുപോകുന്നത്. അത്തരം ഘട്ടങ്ങളിൽ ലഭ്യമാകുന്ന 35,000 രൂപ അപര്യാപ്തമാണ്. അതുകൊണ്ട് വീടിന്റെ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടതിന്റെ ഫലമായി നേരത്തെ ലഭ്യമായിരുന്ന 35,000 രൂപയിൽനിന്ന് 70,000 രൂപയായി ഐക്യ ജനാധിപത്യ മുന്നണി സർക്കാർ വർദ്ധിപ്പിച്ചു. ഏതാണ്ട് 22,000 വീടുകളാണ് ഈ പദ്ധതി പ്രകാരം ഇന്ന് ലഭ്യമായിട്ടുള്ളത്. സ്വന്തമായി വീടില്ലാത്ത, ബന്ധുവീടുകളിലും അതുപോലെ പീടികത്തിണ്ണകളിലും കഴിഞ്ഞുപോകുന്ന എത്രയോ ആളുകൾ ഈ സമൂഹത്തിൽ എസ്. സി./എസ്. ടി. മേഖലകളിലുണ്ട്. ഏതാണ്ട് 20,000-ൽപ്പരം ആളുകൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സ്ഥലം നൽകുന്ന പദ്ധതി നടപ്പിലാക്കിയത് യു. ഡി.എഫ്. സർക്കാരാണ്. അതുപോലെ ലക്ഷം വീട് നവീകരണ പദ്ധതി നടപ്പിലാക്കിയതും യു.ഡി.എഫ്. സർക്കാരാണ്. 35,000-ൽപ്പരം വരുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഏതാണ്ട് 5,500 ഏക്കർ ഭൂമി നൽകിയ സർക്കാരാണ് ഇന്ന് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ പിഞ്ചുകുട്ടികൾ മുതൽ വൃദ്ധന്മാർ വരെയുള്ള ഈ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും സമാശ്വാസമേകുന്ന, അവരെയൊക്കെ സംരക്ഷിക്കുന്ന ഒട്ടേറെ പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഐക്യ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയ പ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയത്. അതുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ് : സർ, ഇവിടെ ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഈ സഭയിൽ ഇന്ന് രാവിലെ മുതൽ ആരംഭിച്ച ചർച്ചയിൽ അന്തർദേശീയവും ദേശീയവും സംസ്ഥാനത്തിന്റേതുമായ പ്രശ്നങ്ങൾ രണ്ട് ഭാഗത്തുനിന്നും കടന്നുവരികയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് 120 വർഷക്കാലത്തെ പ്രവർത്തന പാരമ്പര്യമുള്ള ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പ്രസ്ഥാനമാണ്. അതുകൊണ്ട് സ്വാതന്ത്ര്യസമര കാലഘട്ടത്തിലും അതിനു ശേഷവും വളരെ വ്യക്തമായ അന്തർദേശീയ–ദേശീയ കാഴ്ചപ്പാടുകളുണ്ട്. ഇവിടെ ഇന്ന് ഇറാൻ പ്രശ്നം എന്റെ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ചില സുഹൃത്തുക്കൾ എടുത്തു പറയുകയുണ്ടായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇത്തരം അന്തർദേശീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, ഈ സംസ്ഥാനത്ത് വോട്ട് കിട്ടാൻ എന്തൊക്കെ ചെപ്പടിവിദ്യകൾ കാണിക്കണം. അതിന് ഇറാൻ കിട്ടുമെങ്കിൽ ഇറാൻ, ഇറാക്കെങ്കിൽ ഇറാക്ക്. സദ്ദാം ഹുസൈൻ കുവൈറ്റ് ആക്രമിച്ചപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എടുത്ത സമീപനം നമ്മൾ കണ്ടതാണ്. പക്ഷേ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ചെറിയൊരു ലാഭത്തിനുവേണ്ടി അന്തർദേശീയ തീരുമാനങ്ങളെടുക്കാൻ കഴിയില്ല. അതുകൊണ്ട് കോൺഗ്രസ്സിന്റെ എല്ലാ ദേശീയ സമ്മേളനങ്ങളിലും നാല് പ്രമേയങ്ങൾ ചർച്ച ചെയ്യാറുണ്ട്. ഒന്ന്, സാമ്പത്തിക പ്രമേയം, മറ്റൊന്ന് രാഷ്ട്രീയ പ്രമേയം, മറ്റൊന്ന് വിദേശ പ്രമേയം. ഇപ്രാവശ്യം ഞങ്ങൾ ഇക്കണോമിക് കാർഷിക മേഖലയെക്കുറിച്ചും ചർച്ച ചെയ്തു. ഹൈദ്രാബാദിൽ നടന്ന പ്ലീനറി സെഷനിൽ ഞങ്ങൾ എല്ലാ രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ വളരെ വ്യക്തമായി വിശകലനം ചെയ്യുകയും ഞങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇറാനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടുത്തിരിക്കുന്ന തീരുമാനം The Indian National Congress knows that the matter came to vote, despite strenuous efforts made by India to avoid the eventuality. The Indian National Congress hopes that the impasse will be resolved through a mutually acceptable solution in the interest of world peace and keeping in mind, Iran's concern for freedom to be used nuclear research for peaceful purposes ഇപ്രാവശ്യം വിദേശ നയത്തെക്കുറിച്ചുള്ള ചർച്ചയുടെ ഹെഡ്ഡിംഗ്തന്നെ External Security and Internal Affairs എന്നാണ്. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോ ഇടതുപക്ഷ പ്രസ്ഥാനങ്ങളോ കാണുന്നതുപോലെ വളരെ ലാഘവബുദ്ധിയോടുകൂടി കാണാൻ കഴിയില്ല. അന്തർദേശീയ തലത്തിൽ ദീർഘ പ്രസ്ഥാനങ്ങളൊക്കെയുണ്ടാക്കിയിട്ടുള്ള ദീക്ഷണിയുടെ പശ്ചാത്തലത്തിൽ വേണം നമ്മൾ അന്തർദേശീയ പ്രസ്ഥാനങ്ങളെ കൈകാര്യം ചെയ്യാൻ. ഇവിടെ ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞു, ഞങ്ങൾ വിചാരിച്ചാൽ മൻമോഹൻ സിങ് ഗവൺമെന്റ് 'ധും'

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. ടിച്ചറെ, അങ്ങനെ 'ധും' ഇല്ല. ഞങ്ങൾക്ക് ഇതിലും വ്യക്തമായ കാഴ്ചപ്പാടുണ്ട്. The Indian National Congress is conscious that in some states, its main political opponents of the parties that are supporting it at the centre, as the Congress President has said there is no contradiction National Challenges demand co-operational co-ordination among secular parties. But in states like Kerala, West Bengal and Tripura there is no question of any understanding or compromise. ഞങ്ങൾ നിങ്ങളുമായി യാതൊരു കോംപ്രമൈസിനും ഈ മൂന്ന് സംസ്ഥാനങ്ങളിലും ഇല്ലെന്ന് വളരെ വ്യക്തമായി പറയുന്നു ..... (ബഹളം) ..... നിങ്ങൾക്ക് 'ധും' ആകാം. ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ ചില ധാരണകളുണ്ടെങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് നിങ്ങളുമായി യാതൊരു കോംപ്രമൈസുമില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്ലീനറി സെഷനിൽ ഞങ്ങൾ വളരെ വ്യക്തമായി പറയുന്നു നിങ്ങളുമായി വെസ്റ്റ് ബംഗാളിലും കേരളത്തിലും ത്രിപുരയിലും യാതൊരു കോംപ്രമൈസുമില്ല. എന്തുകൊണ്ടാണ് കോംപ്രമൈസ് ഇല്ലാത്തത്? ഇവർക്ക് വ്യക്തമായ കാഴ്ചപ്പാടുകളില്ല. ഇവർ രാഷ്ട്രീയ അന്ധകാരത്തിലാണ്. ഇവർ രാഷ്ട്രീയ ബധിരതയിലാണ്, ഇവർ രാഷ്ട്രീയ മൂകതയിലാണ്. ഇത് ഞാൻ പറയുന്ന കാര്യമല്ല, കേരളത്തെ ബാധിക്കുന്ന എത്രയോ പ്രശ്നങ്ങളുണ്ട്, ആ പ്രശ്നങ്ങളോട് നിങ്ങളുടെ സമീപനം എന്താണ്? നിങ്ങൾ തുറന്നുപറയണം. മാതൃഭൂമി പത്രം ഈ കഴിഞ്ഞ ശനിയാഴ്ച വളരെ പ്രധാനപ്പെട്ട ഒരു വിഷയം അവതരിപ്പിച്ചിട്ടുണ്ട്. "വിവിധ വിഷയങ്ങൾക്ക് സി. പി. എം.-ന്റെ ഒളിച്ചുകളി എത്ര തവണ, എത്ര നാൾ? കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സി. പി. എം. അടക്കമുള്ള രാഷ്ട്രീയ പാർട്ടികൾ നയം വ്യക്തമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എ. ഡി. ബി. വായ്പ, എക്സ്പ്രസ് ഹൈവേ തുടങ്ങിയ വിഷയങ്ങളിൽ സി. പി. എം. നേതാക്കൾ വ്യത്യസ്ത സ്വരത്തിൽ സംസാരിക്കുന്നത് ജനങ്ങളെ അന്ധാളിപ്പിക്കുന്നു. ഇടതുമുന്നണിയുടെ വിവിധ കക്ഷികൾക്കും ഈ കാര്യത്തിൽ വ്യത്യസ്ത വീക്ഷണങ്ങളാണുള്ളത്. നിയമസഭാ തെരഞ്ഞെടുപ്പിന് കഷ്ടിച്ച് നാലുമാസം മാത്രം അവശേഷിക്കുമ്പോഴും നിർണ്ണായകമായ വിഷയങ്ങളിൽ എടുത്ത നയത്തെക്കുറിച്ച് വോട്ടർമാർക്ക് വ്യക്തമായ ചിത്രം ലഭിച്ചിട്ടില്ല". ഇവിടെ കാതലായ വളരെയധികം പ്രശ്നങ്ങളുണ്ട്. ഇവിടെ എ. ഡി. ബി.-യെക്കുറിച്ച് പറഞ്ഞു. നിങ്ങളല്ലേ ചർച്ച തുടങ്ങിവച്ചത്? നിങ്ങളല്ലേ ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് വാങ്ങാൻ തീരുമാനമെടുത്തത്? ഞങ്ങൾ വന്നതിനുശേഷം വാങ്ങി. ഇപ്പോൾ ശ്രീ. പിണറായി വിജയൻ പറഞ്ഞിരിക്കുന്നത് ഞങ്ങൾ ചർച്ചചെയ്ത് ചർച്ച ചെയ്ത് എ. ഡി. ബി.-യുടെ മനസ്സുമാറ്റിയെന്നാണ്. എവിടെയാണ് മാറിയത്? എ. ഡി. ബി. എന്നാൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് എന്നാണ്. ഇന്ത്യ ഉൾപ്പെടെയുള്ള നാല്പതോളം അംഗങ്ങളാണ്. അവർക്ക് ഒരു പോളിസിയുണ്ട്. ഇന്ത്യക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പോളിസിയും ചൈനയ്ക്ക് വേറൊരു പോളിസിയുമല്ലല്ലോ, എ. ഡി. ബി.-യിൽ എല്ലാ അംഗങ്ങൾക്കും ഒരേ പോളിസിയാണ്. വെസ്റ്റ് ബംഗാൾ കടം വാങ്ങുന്നതിന് ഒരു പോളിസിയാണ്, അതേ പോളിസിയാണ് ഒറീസ്സയിലും കേരളത്തിലുമുള്ളത്. പെട്ടെന്നൊരു ദിവസം എ. ഡി. ബി. -യുടെ പോളിസി മാറുമോ? നിങ്ങളുടെ പോളിസി മാറുമായിരിക്കും, പക്ഷേ എ. ഡി. ബി.-യുടെ പോളിസി മാറില്ല. കോർപ്പറേഷനുകളിൽ കോമൺ ടാപ് നിർത്തലാക്കുന്നതിന് ഞങ്ങൾ സമ്മതിക്കില്ലെന്ന് ഇവിടെ ശ്രീ. പിണറായി വിജയൻ പറഞ്ഞു. എ. ഡി. ബി. വായ്പ വാങ്ങിയാലും ഇല്ലെങ്കിലും കേരളത്തിന് ഒരു ജലനയം വേണ്ടേ? 44 നദികളുള്ള കേരളത്തിൽ, ഏറ്റവും കൂടുതൽ മഴ പെയ്യുന്ന ഒരു സംസ്ഥാനത്ത്, ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, അതിനുള്ള ഉത്തരവാദിത്തം 57 വർഷക്കാലം ഈ സംസ്ഥാനം ഭരിച്ച നിങ്ങൾക്കും എനിക്കും തന്നെയാണ്. നമ്മുടെ പൊതുടാപ്പുകളിൽ വെള്ളം തുറന്നുകൊടുക്കാൻ എ. ഡി. ബി. പറയണമോ? ഞങ്ങൾ അഭിമാനത്തോടുകൂടി പറയുകയാണ്, ഐ. ടി. രംഗത്ത് കേരളം മുന്നോട്ട് പോയിട്ടുണ്ടെങ്കിൽ, അതിന് ഏറ്റവും വലിയ സംഭാനവ നൽകിയത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണ്. ടൂറിസം രംഗത്ത് നാം വളരെ മുന്നോട്ടുപോകുന്നുണ്ട്. W. T. T. C. (World Travel Tourism Council)-യുടെ അംഗങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അവർ ഇന്ത്യയെ അല്ല കേരളത്തെയാണ് നോക്കുന്നത്. വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് ദുഃഖമുണ്ട്. കഴിഞ്ഞ മൂന്നുനാല് ദിവസം ഞാൻ എറണാകുളത്തുണ്ടായിരുന്നു. ഞാൻ മന്ത്രിയായിരുന്ന കാലത്താണ് സ്വാശ്രയ കോളേജ് പ്രശ്നങ്ങളെ സംബന്ധിച്ച് സമരം നടന്നത്. കോഴിക്കോടു വച്ച് കുറെ പെൺകുട്ടികൾ എന്റെ ദേഹത്ത് കരിഓയിൽ ഒഴിച്ചു. അതിൽ ഒരു പെൺകുട്ടിയെ ഞാൻ കഴിഞ്ഞ ദിവസം കണ്ടു. ഞാൻ എന്തുതെറ്റാണ് ചെയ്തത്. ഇവിടെ നിങ്ങൾ നിയമസമാധാനത്തെക്കുറിച്ച് പറയുന്നുണ്ട്. നമ്മുടെ ദേശീയ പത്രങ്ങൾ ഒരുപാട് അനാലിസിസ് നടത്തിയില്ലേ? ഇന്ന് നിയമസമാധാന രംഗത്ത് ഏറ്റവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. പിന്നെ എവിടെയാണ് പ്രശ്നം? പ്രശ്നം നിങ്ങൾ ഉണ്ടാക്കുന്നതുതന്നെയാണ്. നിങ്ങൾ മനസ്സിലാക്കേണ്ടത്, കേരളത്തിന്റെ ജയിലറകളിൽ കുറ്റവാളികൾ കിടക്കുന്നുണ്ടെങ്കിൽ, അതിൽ ബഹുഭൂരിപക്ഷവും നിങ്ങൾ ജീവൻ കൊടുത്തുവിട്ടവരാണ്. മലപ്പുറം സമ്മേളനത്തിൽ, നിങ്ങൾ ഇവർക്ക് അഭിവാദ്യം ചെയ്തില്ലേ. ഇവിടെ നിയമസമാധാനം പാലിക്കപ്പെടണമെങ്കിൽ നിങ്ങൾക്കും എനിക്കും തുല്യ ഉത്തരവാദിത്വമുണ്ട്. ജനാധിപത്യ രാജ്യത്തിൽ സമരം നടത്താം. നമ്മൾ ടി. വി. എല്ലാ ദിവസവും കാണില്ലേ? നിങ്ങളുടെ സഖാക്കൾ സമരം ചെയ്യാൻ പോകുമ്പോൾ പുറകിൽ ഇരുമ്പ് ധണ്ഡുമായിട്ടാണ് പോകുന്നത്. ഇവിടെ കോടതികളെ ബഹുമാനിക്കണമെന്ന് പറഞ്ഞു. നിങ്ങൾ ബഹുമാനിക്കുന്നുണ്ടോ? ലോകായുക്തയുടെ പരിപാവനതയെക്കുറിച്ച് പറഞ്ഞു. അതുപോലെതന്നെയാണ് എ. ജി.-യുടെ കമന്റ്സും. അത്

4.00 p.m.]

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുന്നുണ്ടോ? ഇവിടെ ഒരു ന്യായവും അവിടെ മറ്റൊരു ന്യായവുമാണോ? ഈ സംസ്ഥാനം അഭിമുഖീകരിക്കുന്ന ധാരാളം പ്രശ്നങ്ങൾ ഉണ്ട്. നരേന്ദ്രൻ കമ്മീഷനെ വച്ചത് നിങ്ങളാണ്. നരേന്ദ്രൻ കമ്മീഷനെവച്ചപ്പോൾ കുറേക്കൂടി ആലോചിച്ച് ടേംസ് ഓഫ് റഫറൻസ് വച്ചിരുന്നുവെങ്കിൽ ഇത്രയും പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നോ? നരേന്ദ്രൻ കമ്മീഷനിൽ എന്താണ് പറയുന്നത്? ഉദ്യോഗ നഷ്ടം ഒഴിവാക്കാൻ എന്ത് ചെയ്യണമെന്നുള്ളത് കമ്മീഷന്റെ പരിഗണനയിലെ വിഷയത്തിൽ ഇല്ലായിരുന്നു. പിന്നെ എന്തായിരുന്നു ഉണ്ടായിരുന്നത്? ഉണ്ടായിരുന്നത് പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ ഇവയുൾപ്പെടെയുള്ള, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ പിന്നാക്ക സമുദായങ്ങളുടെ അപര്യാപ്തതയോ പ്രാതിനിധ്യക്കുറവോ ഉണ്ടോ എന്ന് പഠിച്ച് റിപ്പോർട്ടുചെയ്യുക മാത്രമാണ്. ആ റിപ്പോർട്ട് എന്താണ്? ആ റിപ്പോർട്ടിൽ എൽ. സി. എത്ര കുറവുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. മുസ്ലീം എത്ര കുറവുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അവിടെയാണ് ബാക്ക്‌ലോഗിന്റെ പ്രശ്നം വരുന്നത് ബാക്ക്‌ലോഗ് നികത്തേണ്ടിവരും. ആർക്കും അക്കാര്യത്തിൽ തർക്കമില്ല. എൽ. സി.-ക്ക് രണ്ട് ശതമാനം ബാക്ക്‌ലോഗ് ഉണ്ട്. പോലീസിൽ എത്ര കോൺസ്റ്റബിൾ, എത്ര ഹെഡ് കോൺസ്റ്റബിൾ, എത്ര എസ്. ഐ. എന്ന് പറഞ്ഞിട്ടുണ്ടോ? എല്ലാവരേയും ഹെഡ് കോൺസ്റ്റബിൾമാർ ആക്കാൻ പറ്റുമോ? നിങ്ങൾ ആലോചിച്ച് ടേംസ് ഓഫ് റഫറൻസ് വച്ചിരുന്നെങ്കിൽ കഴിഞ്ഞ നാലര വർഷക്കാലം കേരളത്തിൽ ഇത്രയുമധികം സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നില്ല. നിങ്ങൾ അതാലോചിക്കണ്ടേ? നിങ്ങൾ ആലോചിച്ചില്ലല്ലോ. ഞങ്ങൾ ഇവിടെ നിയമം കൊണ്ടുവന്ന്, ആ നിയമം നടപ്പാക്കുന്ന അന്നുമുതൽ പിന്നാക്ക സമുദായങ്ങൾക്ക് ലഭിക്കേണ്ട സംവരണം ലഭിക്കും. ഞങ്ങൾ ബാക്ക്‌ലോഗിൽ നിന്നും ഓടി ഒളിക്കില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ഞങ്ങളും എത്രയോ പ്രാവശ്യം ചർച്ച ചെയ്തതാണ്. നാം ഒരു കാര്യം ആലോചിക്കണം. കേരളത്തിൽ മത സൗഹാർദ്ദം വളരണം. സാമൂഹ്യനീതി നടപ്പിലാക്കുമെന്നുള്ള പ്രതിജ്ഞ നമുക്കെല്ലാവർക്കുമുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ പ്രഖ്യാപിച്ചുകഴിഞ്ഞപ്പോൾ കേരളത്തിലെ എല്ലാ മാധ്യമങ്ങളും എഡിറ്റോറിയൽ എഴുതി. ഞങ്ങളെ സപ്പോർട്ട് ചെയ്യുന്നവരുമുണ്ട്, എതിർക്കുന്നവരുമുണ്ട്. പക്ഷേ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എടുത്ത തീരുമാനം, നരേന്ദ്രൻ കമ്മീഷൻ എടുത്ത തീരുമാനം മുഴുവൻ ആളുകളും അംഗീകരിച്ചിരിക്കുന്നു. ഇന്നും ശ്രീ. പിണറായി വിജയൻ ഒരു ലേഖനം എഴുതിയിട്ടുണ്ട്. എന്തുചെയ്യണമെന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടില്ല. ഇതൊരു വലിയ സാമൂഹ്യ പ്രശ്നമാണ്. നമുക്ക് എറ്റുമുട്ടാം. ഈ ഇഷ്യൂസിന്റെ പേരിൽ നമുക്ക് ജനങ്ങളെ ഇളക്കി വിടാം. ശ്രീ. ടി. കെ. ദേവകുമാർ ഒരു പെൺകുട്ടിയെക്കുറിച്ച് പറഞ്ഞു. എനിക്ക് ദുഃഖമുണ്ട്. പക്ഷേ നമുക്ക് എല്ലാ ഇഷ്യൂസും പൊളിറ്റിക്കലൈസ് ചെയ്യാൻ പറ്റുമോ? ഞാൻ കടലോരത്ത് ജനിച്ച് വളർന്നവനാണ്. സുനാമി എന്നൊരു പ്രതിഭാസം ഇതുവരെ നമ്മുടെ ജനജീവിതത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ല. ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്തു. മാർക്സിസ്റ്റ് പാർട്ടി യുൾപ്പെടെയുള്ളവരുടെ സഹായം ലഭിച്ചു. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ പലതും വേണ്ട വിധത്തിൽ ചെയ്യാൻ കഴിയാതെ വന്നത് നമ്മൾ പലരുടെയും അമിതമായ ആവേശംകൊണ്ടാണ്. അർഹമായ മുഴുവൻ ആളുകൾക്കും ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. ഞാൻ എറണാകുളത്തുനിന്നാണ് വരുന്നത്. എറണാകുളത്ത് ഒരു തർക്കവും ഉണ്ടായില്ല. അവിടെ ഞങ്ങൾ യോജിച്ചാണ് നിന്നത്. അതിനകത്ത് ഞങ്ങൾ പൊളിറ്റിക്കൽ അഡ്വാന്റേജസ് നോക്കിയില്ല. അവിടത്തെ വികസന പ്രവർത്തനങ്ങളിൽ ഞങ്ങൾ ഒന്നിച്ചാണ് നിന്നത്. മാർക്സിസ്റ്റ് പാർട്ടിയാണ് കൊച്ചിൻ കോർപ്പറേഷനിൽ ഭരിക്കുന്നതെങ്കിലും സുനാമി റീഹാബിലിറ്റേഷൻ നന്നായി നടന്ന ഒരു ജില്ലയാണ് എറണാകുളം ജില്ല. മറ്റുപല സ്ഥലങ്ങളിലും സഹായം എത്തിക്കാൻ താമസംനേരിട്ടിട്ടുണ്ട്. അവിടെ പൊളിറ്റിക്കൽ അഡ്വാന്റേജസ്സിന് ശ്രമിച്ചു എന്നുള്ളതാണ് സത്യം. നമ്മുടെ സംസ്ഥാനത്ത് അനുഭവപ്പെടുന്ന മേജർ ഇഷ്യൂസിനെക്കുറിച്ച് എന്തുകൊണ്ട് നമുക്ക് ആലോചിച്ചുകൂടാ. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കാലത്ത് ജിം കൊണ്ടുവന്നു. അതൊരു നേട്ടമല്ലേ? ഒരു വർഷത്തിൽ 365 ദിവസമുണ്ടെങ്കിൽ നിങ്ങൾ പ്രതിപക്ഷം 125 ദിവസവും സമരത്തിലാണ്. ഞാൻ നിങ്ങളുടെ സമരത്തിന് എതിരല്ല. പക്ഷേ നിങ്ങൾ അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കരുത്. നിങ്ങളുടെ പാർട്ടിയെ നയിക്കേണ്ട യുവജനങ്ങളെ, വിദ്യാർത്ഥികളെ ബോംബുണ്ടാക്കാനും ബോംബെറിയാനും പഠിപ്പിച്ചാൽ, വരുന്ന കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് സമാധാനം ഉണ്ടാകില്ല. അതാണ് പ്രശ്നം. ഞാൻ ജനാധിപത്യപരമായ ഒരു സമരങ്ങൾക്കും എതിരല്ല. പക്ഷേ വികസനത്തെക്കുറിച്ച് പറയുമ്പോൾ, ഞാൻ ഒരു കാര്യം ഓർക്കുകയാണ്, 1990-ലാണ് ഒരു പുതിയ വിമാനത്താവളം കൊച്ചിയിൽ പണി കഴിപ്പിക്കാൻ തീരുമാനിച്ചത്. ശ്രീ. പി. ജെ. ജോയിയുടെ കോൺസ്റ്റിറ്റ്യൂവൻസിയിലാണ്. നിങ്ങളുടെ പ്രതിനിധിയാണ് അവിടത്തെ എം. എൽ. എ. അദ്ദേഹം പറഞ്ഞതെന്താണെന്ന് അറിയാമോ? എന്റെ ശവശരീരത്തിലൂടെ മാത്രമേ വിമാനം ഇറങ്ങൂ എന്നാണ്. ഇ. കെ. നായനാരുടെ കാലത്താണ് ആ വിമാനത്താവളം ഉദ്ഘാടനം ചെയ്തത്. വികസനത്തിന്റെ കാര്യത്തിൽ നമുക്കൊരു കാഴ്ചപ്പാടുണ്ടാകണം. എന്താണ് നിങ്ങൾ ഇങ്ങനെ പറയുന്നതെന്ന് ആലോചിച്ച് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. നിങ്ങൾ പലപ്പോഴും ഉത്തരവാദിത്വത്തിൽനിന്നും ഓടിയൊളിക്കുകയാണ്. അതാണ് നിങ്ങളുടെ കുഴപ്പം. വളരെ പ്രസിദ്ധനായ ഒരു മാനേജ്മെന്റ് വിദഗ്ദ്ധൻ, എഴുത്തുകാരനാണ്. ഗുരുചരൺദാസ്, അദ്ദേഹം കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ചുള്ള ഒരു അനാലിസിസ് കഴിഞ്ഞ ദിവസം നടത്തുകയുണ്ടായി. ചോദ്യം ഇതാണ് കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൻ കീഴിൽ ചൈന വികസന രംഗത്ത് കുതിച്ചുപായുകയാണല്ലോ? കേരളത്തിലെ കമ്മ്യൂണിസ്റ്റുകളും ചൈന യിലെ കമ്മ്യൂണിസ്റ്റുകളും തമ്മിൽ എന്താണ് വ്യത്യാസം? ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ടെൻഡർ കംപാഷൻ ഉള്ളവരാണെങ്കിൽ ചൈനയിലെ കമ്മ്യൂണിസ്റ്റുകൾ ടഫ് കംപാഷൻ ഉള്ളവരാണ് എന്നാണ് എന്റെ അഭിപ്രായം. എങ്ങനെ മീൻ പിടിക്കാമെന്ന് പഠിപ്പിച്ച് കൊടുക്കുന്നതാണ് ചൈനയിലെ കമ്മ്യൂണിസ്റ്റുകളുടെ രീതിയെങ്കിൽ മീൻതന്നെ കൊടുക്കുന്നതാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ രീതി. അവസാനം അദ്ദേഹം തുടരുന്നുണ്ട്. അധികാരത്തിൽ ഇരിക്കുന്നവർക്കാണ് ഉത്തരവാദിത്വമുള്ളത്. അല്ലാത്തവർക്ക് എന്ത് പരിഷ്ക്കാരങ്ങളേയും എതിർക്കാം. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിലിരിക്കുന്ന പശ്ചിമ ബംഗാളിലേക്ക് നോക്കൂ. അവിടെ വികസന രംഗത്ത് മുന്നേറാൻ ആവശ്യമായ നയങ്ങൾ സ്വീകരിക്കുന്നു. ഉൽപ്പാദനക്ഷമമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ബ്രിട്ടീഷ് ഫണ്ട് ഉപയോഗിക്കാൻ അവിടത്തെ കമ്മ്യൂണിസ്റ്റുകാർക്ക് മടിയില്ല. കേന്ദ്രത്തിലായാലും കേരളത്തിലായാലും അധികാരത്തിൽ ഇല്ലാത്തവർക്ക് എന്തിനേയും എതിർക്കുക എന്നുള്ളത് എളുപ്പമാണ്. നിങ്ങൾ അധികാരത്തിൽ ഇല്ല. അതുകൊണ്ട് നിങ്ങൾക്ക് എന്തിനേയും എതിർക്കാം. ഞങ്ങൾക്ക് അതു പറ്റുമോ? ഞങ്ങൾ ഹിമാലയം മുതൽ കന്യാകുമാരി വരെ പരന്നുകിടക്കുന്ന ഒരു വലിയ രാഷ്ട്രീയ പ്രസ്ഥാനമാണ്. ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ഞങ്ങൾക്ക് ദേശീയ കാഴ്ചപ്പാടുണ്ട്. 1962-ൽ ചൈന ഇന്ത്യയെ ആക്രമിച്ചപ്പോൾ ഇ. എം. എസ്. എന്താണ് പറഞ്ഞത്? ചൈന ചൈനയുടേതെന്നും ഇന്ത്യ ഇന്ത്യയുടേതെന്നുമാണ്. ഒരു ഇന്ത്യക്കാരന് ഇങ്ങനെ പറയാൻ കഴിയുമോ? ഞാൻ ഇ. എം. എസ്.-നെ കുറ്റംപറയുന്നില്ല. എന്താണെന്നറിയാമോ? ഇവർക്ക് ഒരു അന്തർദേശീയ കാഴച്പ്പാടില്ല. ഇവർ ഇതുവരെ കണ്ടിരുന്നത് റഷ്യയെയാണ്. പാലും തേനുമൊഴുക്കുന്ന റഷ്യ. ഇവരുടെ സംസ്ഥാന സമ്മേളനങ്ങൾ അടുത്ത കാലത്താണ് നടന്നത്. അവിടെ വളരെ മനോഹരങ്ങളായ മുഖങ്ങളാണ് വരുന്നത്. ഒരു പുതിയ മനുഷ്യമുഖം ഇവർക്ക് ഉണ്ടായിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. മാറ്റം ഉണ്ടായിട്ടുണ്ട്. എറണാകുളത്ത് രണ്ട് ദിവസമായി സമരം നടക്കുകയാണ്. അവിടെ ആഗോള വിദ്യാഭ്യാസ സെമിനാർ നടക്കുന്നു. ഒരു പുതിയ സർവ്വകലാശാലയൊന്നും പുറത്തുനിന്ന് വരുന്നില്ല. നമ്മുടെ വിദ്യാഭ്യാസ മേഖല ലോകത്തിൽ നടക്കുന്ന മാറ്റങ്ങൾക്കനുസൃതമായി എങ്ങനെ മാറണം. ആറ് തട്ടുകളായിട്ടാണ് ചർച്ച. ഉന്നതവിദ്യാഭ്യാസ മേഖലാ സ്വയംഭരണം, സാമ്പത്തിക വികസനങ്ങൾ, അദ്ധ്യാപക മികവ്, സാമൂഹ്യ നീതി, വിജ്ഞാന വിപ്ലവം, വിദ്യാഭ്യാസ നിലവാരം. ഇതിന് എന്തിനുവേണ്ടിയാണ് സമരം നടത്തുന്നത്? വിദേശ സർവ്വകലാശാലകളോട് നിങ്ങൾക്ക് എതിർപ്പുണ്ടോ? പ്രഗൽഭനായ സി. പി. ഐ.-യുടെ നേതാവ് ശ്രീ. ഇന്ദ്രജിത് ഗുപ്ത എവിടെയാണ് പഠിച്ചത്. ഞങ്ങളൊക്കെ ആവേശത്തോടെ പാർലമെന്റിൽ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ പോയിട്ടുണ്ട്. ഇപ്പോഴത്തെ സ്പീക്കർ ശ്രീ. സോമനാഥ് ചാറ്റർജി പ്രഗൽഭനായ അഡ്വക്കേറ്റാണ്. അദ്ദേഹം പഠിച്ചത് എവിടെയാണ്. ഞാൻ മന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കട്ടെ കേരളത്തിലെ നിങ്ങളുടെ സഖാക്കളുടെ കുട്ടികൾ പഠിക്കുന്നത് കേരളത്തിനകത്താണോ ഇന്ത്യക്ക് പുറത്താണോ. നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് വിദേശത്തുപോയി പഠിക്കാം പാവപ്പെട്ട ആളുകളുടെ മക്കൾക്കുടി പഠിച്ചോട്ടെ. അതിൽ എന്താണ് കുഴപ്പം. നമ്മൾ ഇപ്പോൾ സ്വാശ്രയ കോളേജുകൾ കൊണ്ടുവന്നു.. ഞാൻ ഇപ്പോഴും പറയുന്നു. ശ്രീ. എ. കെ. ആന്റണി കേരളത്തിന് നൽകിയ ഏറ്റവും വലിയ സംഭാനവയെന്ന് പറയുന്നത് സ്വാശ്രയ കോളേജുകൾ തന്നെയാണ്. അതിൽ ചില അപാകതകൾ വന്നു. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. പക്ഷേ സുപ്രീം കോടതി ഇടപെട്ടു. നമ്മൾ കോടതികളെ ബഹുമാനിക്കണമെന്ന് പറയുന്നുണ്ടല്ലോ. സുപ്രീം കോടതി വിധി വന്നു. അവസാനം നമ്മൾ ശ്രീ. എ. കെ. ആന്റണി തുടങ്ങിയ സ്ഥാനത്തുതന്നെ നിൽക്കുന്നു. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള നിയമനിർമ്മാണം ഈ സഭയിൽ വരുമല്ലോ. സ്വാശ്രയ കോളേജുകളെ എതിർക്കുന്ന ആളുകൾ ഓർക്കണം, ഈ സ്വാശ്രയ കോളേജുകൾ കേരളത്തിൽ വന്നില്ലെങ്കിൽ നിങ്ങളുടെ പല സഖാക്കളുടേയും മക്കൾ പഠിച്ചിരുന്നത് ബാംഗ്ലൂരിലും കർണ്ണാടകയിലും മഹാരാഷ്ട്രയിലുമൊക്കെയായിരുന്നില്ലേ. ഇപ്പോൾ അവർ കേരളത്തിലെ സ്വാശ്രയ കോളേജുകളിലല്ലേ പഠിക്കുന്നത്. അതുകൊണ്ട് എനിക്ക് നിങ്ങളോട് വിനീതമായ ഒരഭ്യർത്ഥനയുള്ളത് നിങ്ങൾ ഈ രാഷ്ട്രീയ അന്ധകാരത്തിൽനിന്നും മാറണം. രാഷ്ട്രീയ അന്ധകാരത്തിൽനിന്നും മാറിയാൽ നിങ്ങൾക്കും ഈ രാജ്യത്ത് ചില സംഭാവനകൾ ചെയ്യാൻ കഴിയും. ലോകം മാറുന്നതിനനുസരിച്ച് മാറാനുള്ള നല്ല മനസ്സ് നിങ്ങൾക്കുണ്ടാകണം. ഇവിടെ ബഹുമാനപ്പെട്ട പി. കെ. ശ്രമതി ടീച്ചർ ഞങ്ങൾ ശക്തരായിരിക്കുന്നു, പാർലമെന്റ് ബൈ ഇലക്ഷനിൽ ഞങ്ങളെ തോൽപ്പിച്ചു, പാർലമെന്റ് ഇലക്ഷനിൽ തൂത്തുവാരി എന്നൊക്കെ പറഞ്ഞു. നിങ്ങൾ ഇത്രയും ശക്തമാണെങ്കിൽ നിങ്ങൾ ഇത്രയും കാലം എതിർത്ത ശ്രീ. കരുണാകരനേയും മകനേയും തോളിലേറ്റാൻ നിങ്ങൾക്ക് എങ്ങനെ തോന്നി. നിങ്ങൾ അതൊന്ന് ആലോചിക്കണ്ടേ? അത് നിങ്ങളുടെ ഘടക കക്ഷികളിൽതന്നെ പ്രശ്നമായിരിക്കുന്നു. നിങ്ങൾ ഇത്രയും ശക്തമാണെങ്കിൽ നിങ്ങൾ ഏറ്റവും എതിർക്കുന്നത് ശ്രീ. ടി. എം. ജേക്കബിനെയാണ്. ആ ടി. എം. ജേക്കബിനെ കൂട്ടുപിടിക്കുമോ? നിങ്ങൾ ഇതിന് മറുപടി പറയണം. കേരളത്തിലെ ജനങ്ങൾ വളരെ സൂക്ഷ്മതയോടെ നിങ്ങളെ നോക്കുകയാണ്. രാഷ്ട്രീയ സത്യസന്ധതയുള്ള നിങ്ങളെ സ്നേഹിക്കുന്ന ഒരുപാട് ആളുകൾ ഈ രാജ്യത്തുണ്ട്. നിങ്ങളിൽ പ്രതീക്ഷയർപ്പിക്കുന്ന ഒരുപാട് ആളുകളുണ്ട്. അതുകൊണ്ട് നിങ്ങളുടെ കാപട്യമൊന്ന് മാറണം. നിങ്ങൾ കൊക്കോക്കോളയ്ക്കെതിരെ സമരം നടത്തിയല്ലോ. ഇപ്പോൾ എന്താണ്? നിങ്ങൾ അവരുമായി ഡൽഹിയിൽവച്ച് ധാരണയിലെത്തിയില്ലേ. കൊക്കോകോള കേരളത്തിൽ വരാൻ നിങ്ങൾ പിൻതുണ കൊടുക്കുകയാണ്. അതിന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണോ ഉത്തരവാദി?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇൻവെസ്റ്റ്മെന്റ് വരണം. അതിനുള്ള ക്ലൈമറ്റുണ്ടാക്കണം. നിങ്ങളാണ് കൊക്കക്കോള കമ്പനി കൊണ്ടുവന്നത്, ഞങ്ങളല്ല. ഇപ്പോൾ വീണ്ടും നിങ്ങൾതന്നെ കൊണ്ടുവരാൻ പോകുന്നു. ആ കാര്യത്തിൽ തർക്കംവേണ്ട. കൊക്കോകോള കമ്പനി കേരളത്തിൽ വരാൻ പോകുന്നില്ലെന്ന് നിങ്ങൾക്ക് പറയാൻ പറ്റുമോ? ഇല്ല. എനിക്കറിയാം നിങ്ങൾ എഗ്രിമെന്റിൽ എത്തിക്കഴിഞ്ഞു. അത് നിങ്ങൾ ചെയ്യരുതായിരുന്നു. കേരളത്തിലെ ജനങ്ങളോട്, നിങ്ങളുടെ പാർട്ടിയുടെ പതാകയ്ക്ക് ചുവന്ന നിറം നൽകിയ കേരളത്തിലെ ജനങ്ങളോട് ഇത് ചെയ്യരുത്. ഞങ്ങൾ തെരഞ്ഞെടുപ്പിൽ ഏറ്റുമുട്ടാം. ഞങ്ങൾക്ക് ബലഹീനതയുണ്ട്, പ്രശ്നങ്ങളുണ്ട്. പക്ഷേ കേരളത്തിന്റെ മുൻപോട്ടുള്ള പ്രയാണത്തിൽ ഒന്നിച്ച് മുന്നോട്ടുപോകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാന രൂപീകരണത്തിനുശേഷം 52-ാമത്തെ നയപ്രഖ്യാപനമാണ് ഗവർണ്ണർ ഇവിടെ നടത്തിയിട്ടുള്ളത്. ഇതിന്റെ ആമുഖത്തിൽ ഗവർണ്ണർ പറയുന്നത് സർക്കാർ നടത്തിയ വികസന പരിശ്രമങ്ങളും ഉദ്യമങ്ങളും സംഗ്രഹിച്ച് ഉണർത്തിക്കുകയാണ് ഞാൻ എന്നാണ്. അതിന് ഏതെങ്കിലും ഒരു ഭരണ ഡിപ്പാർട്ടുമെന്റിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ഇവിടെ കൊടുത്താൽ മതിയാകും. സാധാരണഗതിയിൽ നയപ്രഖ്യാപനങ്ങളെ സംബന്ധിച്ച് ശക്തർ ആന്റ് കൗളിന്റെ Parliamentary practice-ൽ കമ്മിറ്റിയുടെ ഒരു റിപ്പോർട്ട് ചൂണ്ടിക്കാണിച്ചുകൊണ്ട് പറയുന്നുണ്ട്. The Governor's Address should enumerate with precision all the legislative and other important business that the Government propose to bring before the House during the year. ഈ സഭയുടെ മുൻപിൽ 28 ഓർഡിനൻസുകളുണ്ട്, അതുപോലെ റീ ഇഷ്യൂ ചെയ്തിട്ടുള്ള എട്ട് ഓർഡിനൻസുകളുണ്ട്. അതിനെപ്പറ്റിയുള്ള ഒരു പരാമർശം ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ടോ? കേരള നിയമസഭയുടെ ഒന്നാമത്തെ സഭയിൽ ഡോ. ബി. രാമകൃഷ്ണറാവു അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപന പ്രസംഗത്തിന്റെ കോപ്പി ഞാൻ നോക്കി. ആ നപ്രഖ്യാപന പ്രസംഗത്തിൽ 24 ബില്ലുകളെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ ഓർഡിനൻസിനെ സംബന്ധിച്ചുള്ള ഒരു പരാമർശം ഉണ്ടാകാത്തത് എന്താണ്. അത് യഥാർത്ഥത്തിൽ നയപ്രഖ്യാപനം സംബന്ധിച്ചുള്ള പൊതു നിലപാടുകളെ തള്ളിക്കളയുന്ന ഒരു സമീപനമാണ്. ഈ ഗവൺമെന്റ് 2001 ജൂൺ മാസം 21-ന് ഒരു നയപ്രഖ്യാപനം കൊണ്ടുവന്നു. അതിൽ പത്ത് പേജാണ് ഈ സ്റ്റേറ്റിന്റെ സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നത്. ശ്രീ. വക്കം പുരുഷോത്തമൻ ഇടക്കാലത്ത് വന്നല്ലോ; ദുര്യോധനന് സ്വർഗ്ഗം കിട്ടിയതുപോലെ 13 ദിവസത്തേക്ക് മുഖ്യമന്ത്രി ചാർജ്ജുമായി ഇരിക്കുന്നുണ്ടല്ലോ. അതിൽ മണ്ട് വരി ഈ സ്റ്റേറ്റിന്റെ കടബാദ്ധ്യതകളെ സംബന്ധിച്ച് എന്താണ് പരാമർശിക്കാത്തത്. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ച് പറയണ്ടേ? 51,500 കോടി രൂപയുടെ കടബാദ്ധ്യതയാണുള്ളത്. ഞങ്ങൾ അധികാരത്തിൽനിന്ന് പോകുമ്പോൾ 23,913 കോടി രൂപ. അതിൽ ഞങ്ങൾ വരുമ്പോഴുണ്ടായിരുന്ന 10,000 കോടി രൂപകൂടി കിഴിച്ചാൽ 13,913 കോടി രൂപയാണ് എൽ. ഡി. എഫ്. ഗവൺമെന്റുണ്ടാക്കിയ കടബാദ്ധ്യത. അന്ന് നമ്മൾ വൈദ്യുത പദ്ധതികൾ കൊണ്ടുവന്നു. ബ്രഹ്മപുരം പദ്ധതി, നല്ലളത്തെ ഡീസൽ പ്ലാന്റ്. മാട്ടുപ്പെട്ടിയിലും പേപ്പാറയിലും വൈദ്യുത പദ്ധതികൾ കൊണ്ടുവന്നു. 1086 മെഗാവാട്ട് വൈദ്യുതിയുടെ മുതൽമുടക്ക് നടത്തി. നിങ്ങൾ അഞ്ച് വർഷം ഭരിച്ചപ്പോൾ 71 മെഗാവാട്ട് വൈദ്യുതി. നിങ്ങൾ പൈസ വികസനത്തിനുവേണ്ടി ഉപയോഗിച്ചോ? പിന്നെ എങ്ങനെയാണ് കടബാദ്ധ്യതയുണ്ടായത്? കടബാദ്ധ്യതയായി പതിമൂവായിരത്തി ചില്വാനം കോടി രൂപ പ്ലാൻ ഫണ്ട് ഇതിൽ വച്ചുയെന്ന് വിചാരിക്കുക. ബാക്കി എവിടെപ്പോയി? 27,500 കോടി രൂപയുടെ കടബാദ്ധ്യതയാണ് ഈ സംസ്ഥാനത്ത് വരുത്തിവച്ചത്. അത് എവിടെപ്പോയെന്ന് പറയാനുള്ള ബാദ്ധ്യത നിങ്ങൾക്കില്ലേ? നിങ്ങൾ കർഷകത്തൊഴിലാളികളുടെ പെൻഷൻ കൊടുത്തോ? അവരുടെ 27 മാസത്തെ കുടിശ്ശികയുണ്ടല്ലോ. അവരുടെ ക്ഷേമനിധി പൈസ കൊടുത്തോ? 1200 കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്നത് കൊടുത്തോ? നിങ്ങൾ നാലേമുക്കാൽ വർഷം ഭരിച്ചപ്പോൾ കയർ, കശുവണ്ടി, കൈത്തറി, മത്സ്യത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ ഈ രംഗത്തുള്ള 12 ലക്ഷം ആളുകളെ പടിയിൽ നിന്ന് തൊഴിറിഞ്ഞു. പിന്നെ നിങ്ങൾ ആരെയാണ് സഹായിച്ചത്. നിങ്ങൾ കൃഷിക്കാർക്കുവേണ്ടി 250 കോടി രൂപയുടെ ഒരു പാക്കേജ് പറഞ്ഞില്ലേ. എൻ. ജി. ഒ.-മാരേയും അദ്ധ്യാപകരേയും നിങ്ങൾ ഉപദ്രവിച്ചില്ലേ. ഇവിടെ 1600 ആളുകൾ ആത്മഹത്യ ചെയ്തു. അതിന് നിങ്ങൾ പറഞ്ഞ ന്യായം എന്താണെന്ന് അറിയാമോ? ആത്മഹത്യക്ക് പരിഹാരമായിട്ട് യു. ഡി. എഫ്. ഗവൺമെന്റ് പറഞ്ഞത് ആത്മഹത്യ ചെയ്യാൻ തോന്നുന്നവർ തഹസിൽദാരുടെ ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യണമെന്ന്. കൗൺസിലിംഗ് ഏർപ്പെടുത്തുമെന്ന്. പക്ഷെ ഒരു കാര്യം ചെയ്തു. വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് പറയാത്തത് ഭാഗ്യം. നിങ്ങൾ കർഷകർക്കുവേണ്ടി എന്തെങ്കിലും ചെയ്തോ? നിങ്ങൾ വ്യവസായ വകുപ്പിൽ എന്തെങ്കിലും ചെയ്തോ? ഏതെങ്കിലും ഒരു വ്യവസായം തുടങ്ങിയോ? ഞാൻ വരുന്ന ജില്ല വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറിയില്ലേ? പതിനയ്യായിരത്തോളം തൊഴിലാളികളെ സ്വകാര്യ പൊതുമേഖലയിൽ നിന്ന് ആട്ടിപായിച്ചില്ലേ? എല്ലാ ജില്ലകളിലേയും സ്ഥിതി അതല്ലേ. നിങ്ങൾ തുടങ്ങിയ ഒരു വ്യവസായത്തിന്റെ പേര് പറയാമോ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മൂന്നര വർഷം കഴിഞ്ഞപ്പോൾ പോയി. പോയ കാര്യം ഞാൻ പറയുന്നില്ല. പിന്നാലെ വന്ന മന്ത്രി പറഞ്ഞത് മുൻഗാമിയുടെ ചെരുപ്പിന്റെ ബാർ അഴിക്കാൻ വേണ്ടി ഞാൻ യോഗ്യനല്ല എന്നാണ്. ഏത് കാര്യത്തിലാണെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ ഇവിടെ വ്യവസായം വന്നില്ല. നയപ്രഖ്യാപന പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എൽ. ഭാട്ട്യയെകൊണ്ട് ആരോഗ്യ മേഖലയിൽ വ്യാപകമായ പ്രശസ്തി നേടിക്കൊടുത്തുയെന്ന് പ്രസംഗിപ്പിച്ചു. ഞങ്ങൾ മെഡിക്കൽകോളേജും എഞ്ചിനീയറിംഗ് കോളേജും തുടങ്ങിയില്ലായെന്ന് നിങ്ങൾ പറയുകയുണ്ടായി. നിങ്ങൾ തുടങ്ങി. രണ്ട് സ്വാശ്രയ കോളേജ് കൊടുക്കുമ്പോൾ ഒരു ഗവൺമെന്റ് കോളേജ്. ശ്രീമാൻ എ. കെ. ആന്റണിയാണ് കൊണ്ടുവന്നത്. ഇപ്പോൾ എന്താണ് സംഭവിച്ചത്? അദ്ദേഹത്തിന് മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് പുറത്തുപോകേണ്ടിവന്നു. പുറത്തുപോയപ്പോഴാണ് ഇപ്പോൾ തലയ്ക്കുവെളിവ് ഉണ്ടായത്. അപ്പോൾ പറഞ്ഞു ഞങ്ങൾക്ക് അബദ്ധം പറ്റിയെന്ന്. ബഹുമാനപ്പെട്ട എ. കെ. ആന്റണി പറഞ്ഞു, രണ്ട് സ്വാശ്രയ കോളേജ് കൊടുത്താൽ ഒരു ഗവൺമെന്റ് കോളേജിന് തുല്യമായി അവിടെ പ്രവേശനം കിട്ടുമെന്ന്. ഇപ്പോൾ എന്തായി? നിങ്ങൾ ഇവിടുത്തെ സ്വാശ്രയ മാനേജുമെന്റുകളുമായി ഒത്തുകളിച്ചില്ലേ? ഇപ്പോൾ 25 ലക്ഷം രൂപ കോഴ കൊടുത്താൽ അല്ലേ ഒരു മെഡിക്കൽ സീറ്റ് കിട്ടുകയുള്ളൂ. ശ്രീമാൻ എ. കെ. ആന്റണി ഇപ്പോൾ ഒരു പരുവത്തിലായി. അദ്ദേഹം ചായ പകരുമ്പോൾ ക്ലാസ്സിലുമല്ല, പാട്ടയിലുമല്ലാത്ത അവസ്ഥയിൽ നിൽക്കുകയാണ്. അവിടേയുമില്ല, ഇവിടേയുമില്ല. ഒരു കാര്യം ചെയ്തു. വയലാർ രവിക്ക് ഒരു പാരവച്ചു കൊടുത്തു. ഒരു പേട്ട് വകുപ്പ്. കേരളത്തിന് ഒരു ക്യാബിനറ്റ് മന്ത്രിയെ കിട്ടിയപ്പോൾ കിട്ടിയത് പ്രവാസികാര്യ വകുപ്പ്. ശ്രീ. എം. എം,. ഹസ്സൻ കൈകാര്യം ചെയ്ത വകുപ്പല്ലേ? കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയേയും ഉന്നത വിദ്യാഭ്യാസ മേഖലയേയും നിങ്ങൾ സമ്പൂർണ്ണമായി തകർത്തു. ഇവിടെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് വന്നത് അപകടമായിയെന്ന് ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വന്നതുകൊണ്ടാണ് ശ്രീ. ഖാദറിനെപ്പോലുള്ള ആളുകൾക്ക് ഈ അസംബ്ലിയിൽ വരാൻ സാധിച്ചത്. ഞങ്ങൾ അഭിമാനത്തോടുകൂടി പറയട്ടെ. 1957-ലെ ഇ.എം.എസ്. ഗവൺമെന്റാണ് കേരളത്തിൽ വിദ്യാഭ്യാസ പരിഷ്ക്കരണ നടപടികൾ കൊണ്ടുവന്നത്. മണ്ണിൽ പണിയെടുക്കുന്നവന് ഭൂമിയുടെ അവകാശം കൊടുത്ത ഗവൺമെന്റാണ്. അത് മുസ്ലീം ലീഗുകാരനും കിട്ടിയിട്ടുണ്ട്. 50 കൊല്ലക്കാലത്തേക്ക് കേരളത്തിന്റെ വികസനത്തിന് അടിത്തറ പാകിയത് ആ ഗവൺമെന്റാണ്. ആ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള വികസന പദ്ധതികളുടെ മുകളിലാണ് ഇവിടെ സാമൂഹിക സാമ്പത്തിക വികസനം ഉണ്ടായത്. ഇത് ഇപ്പോൾ മറച്ചുവയ്ക്കുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് മാറി കെട്ട മുട്ടപോലെ ചീഞ്ഞ ചില ആളുകൾ ഇപ്പോഴുണ്ട്. എന്നിട്ട് ആദ്യത്തെ ഗവൺമെന്റിനെ കുറ്റം പറയുകയാണ്. ഇവിടെ പൊതു വിദ്യാഭ്യാസം സംഘടിപ്പിച്ചുകൊണ്ടുവന്നത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളാണ്. കെ. ആർ. നാരായണനെപ്പോലെ പട്ടികജാതിയിൽപ്പെട്ട ഒരാൾക്ക് കുറവിലങ്ങാട് സ്കൂളിലും കോട്ടയം സി.എം.എസ്. കോളേജിലും പഠിച്ചതിനുശേഷം തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിലും പഠിക്കാനുള്ള സംവിധാനം ഉണ്ടാക്കിയത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളാണ് എന്നുള്ള കാര്യം നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മറക്കണ്ട. ഇത്തരം പൊതു വിദ്യാഭ്യാസ ശൃംഖല കേരളത്തിൽ ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം നിങ്ങൾ മറന്നുപോകരുത്. ഇവിടെ അവസാനമായി സംസാരിച്ച മെമ്പർ പറഞ്ഞ കാര്യങ്ങൾക്ക് പശ്ചാത്തലം ഒരുക്കിയത് ഇടതുപക്ഷ ഗവൺമെന്റുകളുടെ പോരാട്ടങ്ങളുടെ ഫലമായിട്ടാണ്. അത് നിങ്ങൾ മറന്നുപോകണ്ട.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : കെ. ആർ. നാരായണൻ 1957-ന് മുമ്പാണ് യൂണിവേഴ്സിറ്റി കോളേജിൽനിന്ന് പഠിച്ചു പോയിട്ടുള്ളതെന്ന് അറിയാമോ?

ശ്രീ. മത്തായി ചാക്കോ : സഹോദരൻ അയ്യപ്പന്റേയും അയ്യൻകാളിയുടെയും ശ്രീനാരായണഗുരുവിന്റേയും നേതൃത്വത്തിൽ തുടങ്ങിയ നവോത്ഥാന പ്രസ്ഥാനങ്ങളെ മുന്നോട്ടുകൊണ്ടുപോയത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളാണ്. അതിന്റെ പശ്ചാത്തലമുള്ളതുകൊണ്ടാണ് കെ. ആർ നാരായണന് പഠിക്കാൻ കഴിഞ്ഞത് എന്നാണ് പറഞ്ഞത്. ഇത് അതിന്റെ തുടർച്ചയാണ്. ഇവിടെ എറണാകുളത്ത് നടക്കുന്ന ഇന്റർ നാഷണൽ എഡ്യൂക്കേഷൻ മീറ്റിനെക്കുറിച്ച് പറഞ്ഞു. അത് പഞ്ചനക്ഷത്ര വിദ്യാഭ്യാസ കച്ചവടമാണ്. അവിടെ പ്രവേശനത്തിന് 3000 ഡോളർ കൊടുക്കേണ്ടത് രണ്ട് ലക്ഷം ഡോളർ കേരളത്തിൽ സാധാരണക്കാരന് എന്ത് പ്രയോജനമാണ് ഉള്ളത്? നിങ്ങളുടെ നാലേമുക്കാൽ വർഷത്തെ ഭരണത്തിൽ ഹോസ്റ്റൽ ഫീസ് കൊടുക്കാൻ പാടില്ലാതെ ഒരു പാവപ്പെട്ട പെൺകുട്ടി തിരുവനന്തപുരത്തെ ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽനിന്ന് താഴേക്ക് ചാടി ആത്മഹത്യ ചെയ്തില്ലേ? എന്നിട്ട് നിങ്ങൾ ഒരു ചായയ്ക്ക് 50 രൂപ കൊടുക്കേണ്ട പഞ്ചനക്ഷത്ര ഹോട്ടലിൽ കൊണ്ടുപോയി രണ്ടര കോടി രൂപ മുടക്കി സെമിനാർ നടത്തി. എന്ത് പ്രയോജനം ഉണ്ടായി? 400 കോടിയുടെ തല പോയി. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവിടെ പോയിരിക്കുകയാണ്. നിങ്ങൾ ഇവിടെ അമേരിക്കൻ യൂണിവേഴ്സിറ്റികളെ കൊണ്ടുവന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ലാഭം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. കച്ചവട താൽപ്പര്യം മാത്രമാണ് നിങ്ങൾക്കുള്ളത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായി തകർത്തവരാണ് നിങ്ങൾ. ആരോഗ്യ മേഖലയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇപ്പോൾ ലോകപ്രശസ്തമായോ? മന്ത്രി ഇപ്പോൾ എവിടെയാണ് പോയത്? പാവ[illegible] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് വെള്ളത്തിന്റെ കാര്യം നോക്കാൻ സമയമില്ല. വെള്ളം തമിഴ്നാട്ടുകാർ കൊണ്ടുപോകുകയാണ്. 'വിഴുങ്ങസ്യ ഗുണം ദേവസ്യ' എന്ന് പറഞ്ഞ് മന്ത്രി നിൽക്കുകയാണ്. കാരണം അദ്ദേഹത്തിന് വേറെ ജോലിയുണ്ട്. നേരത്തേ വനത്തിന്റെ ജോലിയായിരുന്നു. ഇപ്പോൾ ആരോഗ്യത്തിന്റെ ജോലി. ഇവിടെ ലോകായുക്ത പറഞ്ഞില്ലേ? അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി കൽപ്പറ്റയിലേക്കും കണ്ണൂരിലേക്കും വിളിച്ചുപറയുകയാണ്. താൽക്കാലിക നിയമത്തിനുവേണ്ടി തുപ്പുകാരുടെ കയ്യിൽനിന്ന് 15,000 രൂപ മുതൽ 25,000 രൂപവരെ കോഴ വാങ്ങുന്ന നാണംകെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റായി ഇവർ മാറിയില്ലേ? ഈ ആഡിയോ ടേപ്പിൽ പറയുകയാണ്, ഡി. വൈ. എഫ്. ഐ.-ക്കാരുടെ സമരം കാരണം നിന്നുപോയി, പോലീസിനെ ഇടപെടുവിച്ചുകൂടേയെന്ന് ചോദിച്ചു. അപ്പോൾ ഡി. എം. ഒ. പറയുകയാണ്. പോലീസിനെ ഇടപെടുവിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഒരു ലിസ്റ്റ് നിങ്ങൾ തയ്യാറാക്കൂ. അപ്പോൾ ഇങ്ങേ ഭാഗത്തു നിന്ന് രാധാകൃഷ്ണൻ ചോദിക്കുകയാണ് മിനിസ്റ്ററുടെ മറ്റേ കാര്യത്തിന് ചന്ദ്രനെ ലൊക്കേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല - ഡി. എം. ഒ. പറഞ്ഞ മറ്റേ കാര്യം എന്താണ്? ചന്ദ്രൻ പോയിട്ടുണ്ടാകും. സ്ഥലം കിട്ടിക്കാണുകയില്ല. അതുതന്നെ കാര്യം - രാധാകൃഷ്ണൻ. ഇങ്ങനെ പോകുകയാണ്. എന്ത് ഇടപാടാണ് ഇവിടെ നടക്കുന്നത്? പാവപ്പെട്ടവരെ ചികിത്സിക്കാൻ ഈ ഗവൺമെന്റ് ഒരു സംവിധാനം ഉണ്ടാക്കിയോ? മെഡിക്കൽ കോളേജുകളേയും പ്രൈമറി ഹോസ്പിറ്റലുകളേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളേയും നിങ്ങൾ തകർത്തില്ലേ? നിങ്ങൾ ഇപ്പോൾ ഇൻഷ്വറൻസിനെക്കുറിച്ച് പറയുകയാണ്. ആ ഇൻഷ്വറൻസ് പദ്ധതിയിൽ ഒളിഞ്ഞിരിക്കുന്നത് പൊതുമേഖലയിലെ ആരോഗ്യം മാത്രമാണ്. എന്നിട്ട് സ്വകാര്യ മുതലാളിമാരുടെ ആശുപത്രിയിലേക്ക് ലക്ഷക്കണക്കിന് ഉറുപ്പിക ഒഴുക്കിക്കൊടുക്കാൻ വേണ്ടിയുള്ള ഗൂഢാലോചനയുണ്ടോയെന്ന് ഞങ്ങൾ ശങ്കിക്കുകയാണ്. ആരോഗ്യ മേഖലയെ നിങ്ങൾ തകർത്തു. ഇവിടെ പിൻവാതിൽ നിയമനങ്ങളുടെ പരമ്പരയല്ലേ നടക്കുന്നത്? സംവരണത്തെക്കുറിച്ച് വാചാലരാകുന്നു. എത്ര ആളുകളെ നിശ്ചയിച്ചു? ഞാൻ ഇവിടെ സമയപരിമിധികൊണ്ട് പറയുന്നില്ല. പി. എസ്. സി.-യെ നോക്കുകുത്തിയാക്കിയില്ലേ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് ഇവിടെ വല്ല കാര്യവുമുണ്ടോ? കെ. എസ്. ആർ. ടി. സി.-യിൽ മന്ത്രിയുടെ മണ്ഡലത്തിൽനിന്നും നൂറ് കണക്കിന് ആളുകളെ നിയമിച്ചു. കരിപ്പൂർ എയർപോർട്ടിൽ കുഞ്ഞാലിക്കുട്ടി സാഹിബിന് സ്വീകരണം കൊടുക്കാൻ വന്നിട്ട് ദേശീയ പതാക താഴ്ത്തി പച്ചക്കൊടി ഉയർത്തിയിട്ടുള്ള ഒരു മുഹമ്മദ് സക്കീറിന് മന്ത്രിയുടെ മണ്ഡലത്തിൽപ്പെട്ട വാഴക്കാട് ഐ. എച്ച്. ആർ. ഡി.-യിൽ ലാബ് അറ്റൻഡറായി ജോലി കൊടുത്തു. ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ബിവറേജസ് കോർപ്പറേഷനിൽ മുഴുവൻ മഹാത്മാഗാന്ധിയുടെ ശിഷ്യൻമാരായ ആളുകൾ ഖദറിട്ട് മൊബൈൽ ഫോണുമായി മദ്യവിൽപ്പന നടത്തുന്നു. 786 ഒന്നാംതരം യൂത്ത് കോൺഗ്രസ്സിൽപ്പെട്ട ആളുകൾ ബിവറേജസ് കോർപ്പറേഷനിൽ സെയിൽസ്മാൻമാരായി ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ അത്ഭുതകരമായ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. ഈ നയപ്രഖ്യാപനത്തിൽ പറയുന്നു, പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്നവരെ സഹായിക്കാൻ സൈബർ സ്റ്റേഷൻ. കേരള പോലീസ് 24 ഇഞ്ച് X 7 ഇഞ്ച്. അതുപോലെ മഹിളാ ഡെസ്ക് എന്താണെന്ന് എനിക്ക് പിടികിട്ടിയില്ല. പുരുഷന്മാർ പോലീസ് സ്റ്റേഷനിൽ പോയാൽ തിരിച്ചുവരാൻ പറ്റുന്നില്ല. ഉരുട്ടിക്കൊല്ലുകയാണ്. പോലീസ് സ്റ്റേഷനിൽ പോയാൽ രണ്ട് മണിക്കൂർ കഴിഞ്ഞ് കാണുന്നില്ലെങ്കിൽ ആളുകൾ ഇപ്പോൾ ആംബുലൻസ് പിടിച്ചാണ് പോകുന്നത്. മഹിളാ ഡെസ്ക് എന്തിനാണ്?

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളെ ഉരുട്ടിക്കൊല്ലാനാണോ? പോലീസ് സ്റ്റേഷനിൽ മഹിളാ ഡെസ്ക്. ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? തിരുവനന്തപുരത്തെ സിറ്റി പോലീസ് കമ്മീഷണർ എന്താണ് പറഞ്ഞത്? വീടുകളിൽ ആളുകൾ പൊന്നും പണവും സൂക്ഷിക്കരുത്. പൊന്നും പണവും സൂക്ഷിക്കരുതെന്ന് ഒരു സിറ്റി പോലീസ് കമ്മീഷണർ പറഞ്ഞാൽ ഈ ഗവൺമെന്റ് എന്തിനാണ്? പൗരന്റെ സ്വത്തിനും ജീവനും സംരക്ഷണം കൊടുക്കാത്തവർ ഒരു ഗവൺമെന്റായി നിൽക്കാൻ എന്താണ് അവകാശം? ഏതായാലും അയാൾ വടക്കേ ഇന്ത്യക്കാരനായതുകൊണ്ട് ഒരു കാര്യം പറഞ്ഞു. ഒരു കാര്യം പറഞ്ഞില്ല. പൊന്നും പണവും സൂക്ഷിക്കരുതെന്ന് മാത്രമേ പറഞ്ഞുള്ളൂ. സ്ത്രീകളെ വീടുകളിൽ നിർത്തരുതെന്ന് പറയാത്തത് മലയാളികളുടെ ഭാഗ്യം. ഇവിടെ എന്താണ് നടക്കുന്നത്? പിടിച്ചുപറിയും കൊള്ളയും കൊലപാതകവും ബലാൽസംഗവുമല്ലേ ഇവിടെ നടക്കുന്നത്? എല്ലാ സ്ഥലത്തും ക്രിമിനലുകളെ സംരക്ഷിക്കുകയാണ്. കോഴിക്കോട് നടക്കാവിൽ കോൺസ്റ്റബിൾ എസ്. ഐ.-യെ പോലീസ് സ്റ്റേഷനിൽവച്ച് അടിച്ചു. എടക്കാട് ഡി. വൈ. എസ്. പി.-മർ ഏറ്റുമുട്ടി. കൈകൊണ്ടല്ല. സർവ്വീസ് റിവോൾവർകൊണ്ട്. ഡി. ജി. പി.-മാർ പോരിന് ഇറങ്ങുന്നു. ഇതൊക്കെ ഇവിടെ നടന്നുകൊണ്ടിരിക്കുകയല്ലേ? കേരളത്തിൽ എന്ത് പോലീസ് സംവിധാനം എന്നാണ് പറയുന്നത്. ഇവിടെ ജയിലുകളിൽ വി. ഐ. പി. ട്രീറ്റ്മെന്റ്. ജില്ലാ ജഡ്ജി ജയിലിൽപ്പോയി നോക്കിയപ്പോൾ മണിച്ചന് നെയ്മീൻ കറി, സാധാരണ തടവുകാരന് രണ്ട് വർഷം പഴക്കമുള്ള ഉണക്കമീൻ കറി. ഇത് എന്ത് ന്യായം? ഇവിടെ ഡി. വൈ. എസ്. പി. കൊലപാതക കേസ്സിൽ പ്രതിയായപ്പോൾ മൂപ്പർക്ക് വി. ഐ. പി. ട്രീറ്റ്മെന്റിൽ യാത്ര. ഒരു വിലങ്ങുമില്ല. ഹിമാലയ കേസ്സിലെ പ്രതി 10 ദിവസം ബാംഗ്ലൂരിലും മൈസൂരിലും പോയിട്ട് തിരിച്ച് ജയിലിൽ കയറിയതിന്റെ ഒരു പടം വന്നു. എന്ത് സന്തോഷമാണ്. ഉല്ലാസയാത്രയ്ക്ക് പോയിട്ട് വന്നതുപോലെയല്ലേ വന്നത്? ഇപ്പോൾ എല്ലാ മേഖലയിലും സമ്പന്ന പ്രമാണിമാർക്കുള്ള ഏർപ്പാടുകളാണ് ഉള്ളത്. ഒവണ്ണ കന്യാസ്ത്രീകളുടെ കേസ് നിങ്ങൾ ചാർജ്ജ് ചെയ്തോ? മാറാട് കേസ് നിങ്ങൾ ചാർജ്ജ് ചെയ്തോ? ഇപ്പോൾ സ്ഫോടനം ഉണ്ടായല്ലോ കോഴിക്കോട് പട്ടണം ഒന്നാകെ ചുട്ടുകരിക്കാൻ കഴിയുന്ന ജലാറ്റിൻ സ്റ്റിക്കിനെക്കുറിച്ച് നിങ്ങൾ അന്വേഷണം നടത്തിയോ? കേരളത്തിൽ ഇതൊന്നും നോക്കാൻ ആരുമില്ല എന്ന രീതിയിൽ വളരെ അപകടകരമായ അവസ്ഥയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തെരഞ്ഞെടുപ്പ് വന്നപ്പോൾ ദുർബ്ബലരായ ആളുകളോട് വലിയ പ്രേമം. ഇപ്പോൾ പാവങ്ങളുടെ കാര്യം പറയുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു പാവപ്പെട്ട ആദിവാസിയെ വെടിവച്ചു വീഴ്ത്തിയ ഗവൺമെന്റാണ് ഇപ്പോൾ ഭരണം നടത്തുന്നത്. പാവപ്പെട്ട ഒരു ആദിവാസിയെ ചവുട്ടി ഉരുട്ടി മർദ്ദിച്ച സംഭവം കേരളം മുഴുവൻ കണ്ടതാണ്. എന്നിട്ട് ദുർബ്ബലരായ ആളുകളോട് പ്രേമം തുടങ്ങിയിരിക്കുകയാണ്. വൈദ്യുതിക്ക് 20 പൈസ കൂറച്ചു. എന്ത് തട്ടിപ്പ്. യൂണിറ്റിന് 81 പൈസ ഉണ്ടായിരുന്നത് നാല് വർഷംകൊണ്ട് 171.6

LIBRARY ARCHIVES Kerala Legislative Assembly

ആയി വർദ്ധിപ്പിച്ചു. എന്നിട്ട് നിങ്ങൾ ഇപ്പോൾ അതിൽനിന്ന് 20 പൈസ കറച്ചു. നിങ്ങൾ ഓരോന്നിനും ചാർജ്ജ് വർദ്ധിപ്പിച്ചു. ഇവിടെ അരിയുടെ കാര്യം പറഞ്ഞു. ആർക്കും നേട്ടം ഉണ്ടായില്ലായെന്ന് ഞങ്ങൾ പറയുന്നില്ല. ഇപ്പോൾ റജീനയ്ക്ക് ഒരു മാരുതി കാർ കിട്ടി. വെറും മാരുതി കാർ അല്ല, എ. സി. മാരുതി കാർ. ദുർബ്ബലയാണ്. നല്ല നേട്ടമുണ്ടായി. പക്ഷേ കേരളത്തിൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ ദുർബല ജനവിഭാഗങ്ങളെ പാട്ടിലാക്കാനുള്ള ഏർപ്പാടുമായി വരികയാണ്. നിങ്ങൾ നാലര കൊല്ലക്കാലം മദിച്ച് ഭരിച്ച് ധൂർത്തടിച്ച് പഞ്ചനക്ഷത്ര ഹോട്ടലിൽനിന്ന് തെരുവിലേക്ക് എറിയുന്ന എല്ലിൻ കഷണങ്ങളാണ് ഇവിടെ പറയുന്ന ആനുകൂല്യങ്ങൾ. നിങ്ങളുടെ ധാരണ ഒന്നുമില്ലാത്തവർ അതെടുത്ത് നൊട്ടി നുണയുമെന്നാണ്. അത് നിങ്ങൾ മനസ്സിലാക്കണം. കേരളത്തിലെ ദുർബല ജനവിഭാഗങ്ങൾ, ഇവിടുത്തെ സാധാരണക്കാർ, ഇത്തരം നിലപാടുകൾക്കെതിരെ പൊരുതി സംഘടനാ ശക്തിയായി വളർന്നവരാണ് എന്നുള്ള ധാരണ നിങ്ങൾക്ക് നല്ലവണ്ണം ഉണ്ടാകണം. പാവങ്ങളുടെ മുമ്പിൽ ഓരോന്ന് എറിഞ്ഞുകൊടുത്ത് ആളുകളെ വീഴിക്കാമെന്നുള്ള ധാരണ യു. ഡി. എഫ്.-ന് വേണ്ട. ഇവിടെ വാഗ്ദാനങ്ങളുടെ പെരുവഴ വന്നു. ഇത് നിങ്ങളുടെ ആറാമത്തെ നയപ്രഖ്യാപനമാണ്. നിങ്ങളുടെ വാഗ്ദാന ലംഘനങ്ങളെക്കുറിച്ച് ഞാൻ വായിക്കാം. 7000 കോടി രൂപയുടെ കാസർഗോഡ് പെട്രോ കെമിക്കൽസ് ഫാക്ടറി എവിടെയാണ് ഉള്ളത്? 1500 കോടി രൂപയുടെ കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ എവിടെയാണ് ഉള്ളത്? കൊച്ചി-കരിപ്പൂർ പൈപ്പ്ലൈൻ എവിടെയാണ് ഉള്ളത്? 100 കോടി രൂപയുടെ കൊച്ചി-കരിപ്പൂർ ഹോളിസ്റ്റിക് ഹെൽത്ത് വില്ലേജ് എവിടെയാണ് ഉള്ളത്? 100 കോടി രൂപയുടെ സിറാമിക്സ് സാനിറ്ററി വെയർ പ്രോജക്ട്സ് എവിടെയാണ് ഉള്ളത്? കയർ മേഖലയിൽ 100 ജിയോ ടെക്സ്റ്റൈൽ യൂണിറ്റ് എവിടെയാണ് ഉള്ളത്? സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് ഇൻഫാർമാറ്റിക്സ് സെന്റർ എവിടെയാണ്? എന്ത് മനോഹരമായ പേരാണ്. കോക്കനട്ട് ഡെവലപ്മെന്റ് മിഷൻ എവിടെയാണ്? വിനോദസഞ്ചാര മേഖലയിൽ ഇന്റർ നാഷണൽ ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ് സ്ഥാപിച്ചത്. ഹൈസ്പീഡ് മോട്ടോർ വേ വന്നോ? സ്കൂൾ ഡെവലപ്മെന്റ് പ്രോജക്ട് എവിടെയാണ് വന്നത്? പുഷ്പകൃഷിക്ക് അഗ്രികൾച്ചറൽ എക്സ്പോർട്ട് സോണുകൾ എവിടെ വന്നു? 2500 ഇന്റർനെറ്റ് കിയോസ്കുകൾ എവിടെയാണ്? എന്ത് നല്ല പേരാണ്. 7000 ആളുകൾക്ക് പണി ഉണ്ടായോ? 1000 കോടി രൂപയുടെ സ്കൈ മെട്രോ ബസ് പദ്ധതി വന്നോ? കേന്ദ്ര ആയുർവ്വേദ സർവ്വകലാശാല വന്നോ? തിരുവനന്തപുരം ഹാബിറ്റാറ്റ് സെന്റർ വന്നോ? 17 കോടി രൂപയുടെ അപ്പാരൽ പാർക്ക് എവിടെയാണ്; ആകാശത്താണോ? 40 കോടി രൂപയുടെ ടെക്സ്റ്റൈൽ സെന്റർ എവിടെയാണ് വന്നത്? കൊച്ചിയിൽ എവിടെയാണ് അക്വാ പാർക്ക്? ഇന്റഗ്രേറ്റഡ് ഗവൺമെന്റ് സർവ്വീസ് ഗേറ്റ് വേ നിങ്ങൾ ഇവിടെ എന്താണ് ചെയ്തത്? ഞാൻ 20 എണ്ണം മാത്രമേ പറയുന്നുള്ളൂ. സമയക്കുറവുകൊണ്ട് ബാക്കി പറയുന്നില്ല. നിങ്ങൾ കഴിഞ്ഞ നാല് കൊല്ലം നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

തട്ടിപ്പുകളാണ്. കോൺഗ്രസ്സ് 45 കൊല്ലക്കാലം ഭരിച്ച പാർട്ടിയാണ്. അതിന്റെ അഹങ്കാരം നിങ്ങൾ കുറയ്ക്കണ്ടേ? നിങ്ങൾക്ക് 145 ആളുകളല്ലേ ഉള്ളു. പണ്ട് നിങ്ങൾ കോവിലകത്തെ ആനയാണെന്ന് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ. ഇപ്പോൾ നിങ്ങൾക്ക് പുല്ലും വെള്ളവും കിട്ടുന്നില്ല. നിങ്ങൾ മെലിഞ്ഞിരിക്കുന്നു എന്നുള്ള ധാരണ വേണം. അലഹബാദ് പട്ടണം ജവഹർലാൽ നെഹ്റുവിന്റെ പ്രവർത്തന മണ്ഡലമായിരുന്നു. അവിടെ രണ്ട് മാസം മുമ്പ് ഒരു തെരഞ്ഞെടുപ്പ് നടന്നു. രണ്ട് മണ്ഡലങ്ങളിൽ കോൺഗ്രസ്സിന് കെട്ടിവച്ച കാശ് പോയി നാലാം സ്ഥാനത്ത് വന്നു. ഒരു അസംബ്ലി മണ്ഡലത്തിൽ നിങ്ങൾക്ക് കിട്ടിയ വോട്ട് 660 ആണ്. ഇവിടെ ഏതെങ്കിലും ഒരു മണ്ഡലത്തിൽ കോഴിപ്പൂവൻ ചിഹ്നത്തിൽ ഒരു സ്വതന്ത്രൻ മത്സരിച്ചാൽ 2000 വോട്ട് കിട്ടും. ദേശീയ പാർട്ടിക്ക് 660 വോട്ടാണ് കിട്ടിയത്. ഇവരാണ് ഇപ്പോൾ മാർക്സിസ്റ്റുകാരെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. 6 കോടി തൊഴിലാളികൾ സെപ്റ്റംബർ 29-ലെ പണിമുടക്കിൽ പങ്കെടുത്തു. നിങ്ങളെ പിന്താങ്ങാൻ പുതിയുള്ളതുകൊണ്ടല്ല. ആർ എസ്. എസ്.-കാർ വരുമത് എന്നുള്ളതാണ്. നേരത്തേ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞു. ബോംബെയിൽ, ബി.ജെ. പി. ഹൈദ്രാബാദിൽ നടന്ന എ. ഐ. സി. സി.-യിൽ കോൺഗ്രസ്സ് രണ്ട് കാര്യങ്ങൾ പാസ്സാക്കി. അതല്ലേ തിരുവനന്തപുരത്ത് ചെയ്തത്? തിരുവനന്തപുരത്ത് തെരഞ്ഞെടുപ്പ് ജയിപ്പിക്കാൻവേണ്ടി എന്തെല്ലാമാണ് ഇവിടെ പ്രചരിപ്പിച്ചത്? പന്ന്യൻ രവീന്ദ്രൻ നായരുമല്ല, നാടാരുമല്ല, നാട്ടുകാരനുമല്ലെന്ന് നിങ്ങൾ പറഞ്ഞിട്ടില്ലേ; ഇവിടെയിരിക്കുന്ന ഒരു മന്ത്രി പ്രസംഗിച്ചില്ലേ? 2,28,000 വോട്ടുകൾ ഉണ്ടായിരുന്ന ബി. ജെ. പി.-യുടെ കയ്യിൽനിന്ന് വോട്ടുകൾ വാങ്ങുമെന്ന് സ്ഥാനാർത്ഥി പറഞ്ഞില്ലേ. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ 36,660 ആയി കുറഞ്ഞില്ലേ. എവിടെയാണ് ആ വോട്ട് പോയത്? കിടയ്ക്കക്കരികിൽ മൂർഖൻ ഉണ്ടായിരുന്ന കാര്യം ഞങ്ങൾ അറിഞ്ഞിരുന്നില്ലായെന്ന് ശ്രീ. പി. എസ്. ശ്രീധരൻപിള്ള പറയുകയുണ്ടായി. രണ്ട് ദിവസം കഴിഞ്ഞപ്പോൾ ശ്രീ. ഒ. രാജഗോപാൽ അത് തിരുത്തി. മൂർഖനല്ല, മുകുന്ദനാണ് എന്ന് പറഞ്ഞു. ഞങ്ങൾ വിചാരിച്ചതിനേക്കാൾ സമർത്ഥന്മാരായ കച്ചവടക്കാരാണ് നിങ്ങൾ. വാങ്ങാൻ ആളുണ്ടെങ്കിൽ വിൽക്കുമെന്ന് ബി. ജെ. പി.-ക്കാർ നേരത്തേ പറയുകയുണ്ടായി. കൊടുത്തല്ല, വോട്ട് എന്റെ ജില്ലയിൽ മാനാട് കലാപമുണ്ടായ സ്ഥലത്ത് ലീഗും കോൺഗ്രസ്സും കൂടി ബി. ജെ. പി.-യുടെ കൂടെ പോയില്ലേ? അവിടെ മുന്നണി ഉണ്ടാക്കിയില്ലേ? ബേപ്പൂർ പഞ്ചായത്തിൽ ഞങ്ങൾ ജയിച്ചു. ശ്രീ. ബിനോയ് വിശ്വത്തിന്റെ മണ്ഡലമായ നാദാപുരത്താണ്, കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് നബീസു എന്ന് പറയുന്ന ഒരു മുസ്ലീം സ്ത്രീയെ 15 മാർക്സിസ്റ്റുകാർ ചേർന്ന് ബലാൽസംഗം നടത്തി എന്നൊരു കള്ളപ്രചരണം നടത്തി. അങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ലായെന്ന് ഒരു മാസം കഴിഞ്ഞപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്ന് ഫോറൻസിക് റിപ്പോർട്ട് വന്നു. നാല് മാസം കഴിഞ്ഞപ്പോൾ നബീസുവിന്റെ ഭർത്താവ് പരസ്യമായി പറഞ്ഞു, ഈ പേരും പറഞ്ഞുകൊണ്ട് ലീഗുകാർ ഗൾഫിൽനിന്ന് പണം പിരിച്ചു. അക്ക് നയാ പൈസ ഞങ്ങൾക്ക് കിട്ടിയില്ലായെന്ന്. അങ്ങനെയുള്ള തെരുവമ്പറമ്പിൽ ഇത്തവണ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിന് സ്ഥാനാർത്ഥി ഉണ്ടായോ; ലീഗിന് സ്ഥാനാർത്ഥി ഉണ്ടായോ? അവിടെ സി. പി. ഐ. (എം)-ലെ വനജയ്ക്കെതിരായി മത്സരിച്ചത് താമര ചിഹ്നത്തിൽ ഒരു നാരായണി. ലീഗിന്റെ പഞ്ചായത്ത് പ്രസിഡന്റ് സുപ്പി നാരായണിക്ക് വോട്ട് പിടിക്കാൻ പോയ അനുഭവമുണ്ടായി. ചില സ്ഥലത്ത് അവർ ചിഹ്നങ്ങൾ മാറ്റി. ഒളവണ്ണ പഞ്ചായത്തിൽ കന്യാസ്ത്രീകളെ ആക്രമിച്ച സ്ഥലത്ത് പഞ്ചായത്തിലേക്ക് ലീഗിന്റെ ഒരു മൊയ്തീൻ കോണി ചിഹ്നത്തിൽ മത്സരിച്ചു. ഇത്രവണ മൊയ്തീൻ അമ്പാര ചിഹ്നത്തിലാണ്. തൃശ്ശൂർ ജില്ലയിലെ പരവൂർ പഞ്ചായത്തിൽ കോൺഗ്രസ്സിന് കൈപ്പത്തിയില്ല. ബി.ജെ.പി.-ക്ക് താമരയില്ല. ലീഗിന് കോണിയില്ല. അവിടെ എൽ. ഡി. എഫ്.-നെതിരായി മാങ്ങാ അടയാളത്തിൽ ഒരു മാങ്ങാ മുന്നണി. നിങ്ങൾ തോറ്റു. നിങ്ങൾ ബി. ജെ. പി.-യുമായി പരസ്യമായി കൂട്ടുകെട്ട് ഉണ്ടാക്കി മത്സരിച്ചതിന്റെ അനുഭവം നിങ്ങൾക്കുണ്ട്. നിങ്ങൾ ശ്രീ. പിണറായി വിജയന്റെ യാത്രയെകുറിച്ച് പറഞ്ഞല്ലോ. കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ആളുകൾ ഇളകിമറിഞ്ഞു. എല്ലാ വിഭാഗം ആളുകളും അതിൽ പങ്കാളികളായി. ഞങ്ങളുടെ പാർട്ടി ഒരു ഉത്തരവാദപ്പെട്ട പാർട്ടിയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ഞങ്ങളുടെ പാർട്ടി എല്ലാ വിഭാഗം ആളുകളുമായും സംവദിക്കും. ഞങ്ങൾ മതപുരോഹിതന്മാരെ കാണും, വ്യവസായികളെ കാണും, ബിസിനസ്സുകാരെ കാണും, ഈ സമൂഹത്തിലെ നാനാ വിഭാഗത്തിൽപ്പെട്ട ആളുകളുമായി സംവദിക്കുന്നതിൽ എന്താണ് തെറ്റ്? ഞങ്ങളുടെ പാർട്ടി നേതാക്കളെ നിങ്ങൾ എന്തിനാണ് ആക്ഷേപിക്കുന്നത്? കേരളത്തിന്റെ വികാരമാണ് ആ ജാഥയിൽ പ്രകടമായിട്ടുള്ളത്. ഞങ്ങളുടേത് റബ്ബർ എസ്റ്റേറ്റുള്ള നാടാണ്. റബ്ബർ മുറിക്കാറായാൽ സ്ലോട്ടർ ടാപ്പിംഗിന് കൊടുക്കും. കമ്പാർ എടുക്കുന്ന ആള് 15 ദിവസംകൊണ്ട് ഒരു തുള്ളി പാൽ ഇല്ലാതെ അതുംകൂടി കൊണ്ടുപോകും. ഇവിടെ അവശേഷിക്കുന്ന മന്ത്രിമാർ ചേർന്നുകൊണ്ട് കേരളത്തിന്റെ പൊതു ഖജനാവിന് മുന്നിൽ സ്ലോട്ടർ ടാപ്പിംഗ് നടത്തുകയാണ്. അത് പ്രതിരോധിക്കാൻ വേണ്ടിയാണ് ഫെബ്രുവരി മാസം 1-ാം തീയതി കളക്ടറേറ്റിലേക്ക് മാർച്ച് ചെയ്തത്. അത് പ്രതിരോധിക്കണം. കേരളത്തിലെ ജനങ്ങൾ ഇവരെ അടിച്ച് പുറത്താക്കാനുള്ള അവസരം നോക്കിനിൽക്കുകയാണ്. മന്ത്രിയുടെ ആഫീസിൽ പോയിക്കൂടാ. കോൺഗ്രസ്സുകാരൻതന്നെ പറയുന്നു അവിടെ പോയാൽ ഷർട്ടും മുണ്ടും അടക്കംപോകും. അമ്മാവി എർപ്പാട് ആഫീസിൽ നടന്നുകൊണ്ടിരിക്കുമ്പോൾ പോലും ചോദിച്ചു വാങ്ങിക്കൊണ്ടിരിക്കുകയാണ്. അതിനെ പ്രതിരോധിക്കണ്ടേ? കേരളത്തിലെ ജനങ്ങൾ കഴിഞ്ഞ അൻപത്തിയാറര മാസക്കാലത്തെ ഭരണത്തിനെതിരായി സടകുടഞ്ഞ് എഴുന്നേറ്റ് നിൽക്കുകയാണ്. കള്ളപ്രചരണ വേലകൾകൊണ്ട് ഞങ്ങളെ ആക്ഷേപിക്കാൻ നോക്കണ്ട. ഞങ്ങൾക്ക് എല്ലാ കാര്യത്തിലും സുവ്യക്തമായ നിലപാടുണ്ട്. നാളെ മാവിലെ ദേശാഭിമാനിയിൽ ഞങ്ങളുടെ സെക്രട്ടറിയുടെ ലേഖനം മെടുത്ത് വായിക്കണം. എന്തെങ്കിലും അവ്യക്തത ഉണ്ടെങ്കിൽ ഞങ്ങൾ പറഞ്ഞുതരാം. ആ നിലപാടുമായി ഞങ്ങൾ മുന്നോട്ടുപോകും. കേരളത്തിലെ ജനങ്ങൾ പഞ്ചായത്ത് മുതൽ പാർലമെന്റ് വരെയുള്ള ഉപതെരഞ്ഞെടുപ്പുകളിൽ അംഗീകരിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലപാടുകളുണ്ട്. ആ നിലപാടിന് മുന്നിൽ കേരളത്തിലെ ജനങ്ങൾ അണിനിരക്കുമ്പോൾ നിങ്ങൾ പരിഭ്രമിച്ചിട്ട് കാര്യമില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 ഫെബ്രുവരി മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.39-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly